2021 മെയ് 19 ബുധൻ
1196 ഇടവം 5

# മെട്രൊ വാർത്ത

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | മുംബൈ www.metrovaartha.com 12 പേജ് ₹ 7.00 KOZHIKODE

# ശൈലജ പുറത്ത്

## കഴിഞ്ഞ മന്ത്രിസഭയിലെ സിപിഎം മന്ത്രിമാർ ആരുമില്ല



എകെജി സെന്ററിൽ ചേർന്ന സിപിഎം സംസ്ഥാന കമ്മിറ്റി യോഗത്തിനു ശേഷം പുറത്തേക്കു വരുന്ന കെ.കെ. ശൈലജ.

**എം.ബി. സന്തോഷ്**

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയന്റെ രണ്ടാം മന്ത്രിസഭയിൽ നിന്ന് ആരോഗ്യമന്ത്രി കെ.കെ. ശൈലജ ഉൾപ്പെടെ കഴിഞ്ഞ മന്ത്രിസഭയിലെ എല്ലാവരും പുറത്തായി. മുഖ്യമന്ത്രി ഒഴികെ എല്ലാ മന്ത്രിമാരും പുതുമുഖങ്ങളാകണമെന്നും, ആർക്കും ഇളവുവേണ്ടെന്നും സിപിഎം നേതൃയോഗങ്ങൾ തീരുമാനിച്ചതോടെയാണ് കേന്ദ്ര കമ്മിറ്റി അംഗവും കൊവിഡ്, നിപ പ്രതിരോധങ്ങൾക്ക് ആഗോള പ്രശംസ നേടിയ ആരോഗ്യമന്ത്രിയുമായ കെ.കെ. ശൈലജ ഒഴിവാക്കപ്പെട്ടത്. സിപിഐയും പുതുമുഖങ്ങൾ മാത്രം മതിയെന്ന് തീരുമാനിച്ചതോടെ മത്സരിച്ച ഏക മന്ത്രി ഇ. ചന്ദ്രശേഖരനും ഇളവ് കിട്ടിയില്ല.

മുഖ്യമന്ത്രിക്കു പുറമെ സിപിഎമ്മിൽ നിന്ന് കെ. രാധാകൃഷ്ണൻ, ജനതാദൾ എസിലെ കെ. കൃഷ്ണൻകുട്ടി, എൻസിപിയിലെ എ.കെ. ശശീന്ദ്രൻ എന്നിവർ മാത്രമാണ് മന്ത്രിസഭയിലെ പരിചയസമ്പന്നർ. രാധാകൃഷ്ണൻ സ്പീക്കറായും മന്ത്രിയായും തിളങ്ങിയെങ്കിലും അഞ്ചു വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് വീണ്ടും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്കു വന്നത്.

മുഴുവൻ പുതുമുഖങ്ങൾ മതിയെന്ന നിർദേശം സിപിഎം സംസ്ഥാന സമിതിയിൽ വ്യത്യസ്ത പ്രതികരണങ്ങൾക്കിടയാക്കി. പഴയതും പുതിയതുമായ മന്ത്രിമാർ വേണമെന്നും ശൈലജയ്ക്കെങ്കിലും ഇളവ് നൽകണമെന്നും അഭിപ്രായമുയർന്നു. ഒരാളിന് മാത്രം ഇളവ് നൽകുന്നത് ന്യായമല്ലെന്നായിരുന്നു കേരളത്തിലെ പൊളിറ്റ് ബ്യൂറോ അംഗങ്ങളുടെ നിലപാട്. ഇത് സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റും അംഗീകരിക്കുകയായിരുന്നു. സംസ്ഥാന സമിതി തീരുമാനം അംഗീകരിച്ചു. ശൈലജയെ പാർട്ടിയുടെ ചീഫ് വിപ്പായും ടി.പി. രാമകൃഷ്ണനെ പാർലമെന്ററി പാർട്ടി സെക്രട്ടറിയായും തെരഞ്ഞെടുത്തു.

പുതുമുഖങ്ങൾ മാത്രം മന്ത്രിമാരായാൽ മതിയെന്ന തീരുമാനം ഇത്തവണയും തുടരാൻ സിപിഐ സംസ്ഥാന കൗൺസിൽ, എക്സിക്യൂട്ടീവ് തീരുമാനിച്ചു. ഇ. ചന്ദ്രശേഖരനാണ് പാർട്ടി നിയമസഭാ കക്ഷി നേതാവ്. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പിളർപ്പിനു ശേഷം ഇതാദ്യമായി ഒരു വനിതാ മന്ത്രിയെ ജെ. ചിഞ്ചുറാണിയിലൂടെ സിപിഐ നിയോഗിച്ചു. കെ.ആർ. ഗൗരിയമ്മയ്ക്കുശേഷം സിപിഐ നിയോഗിക്കുന്ന മന്ത്രിയാണ് ചിഞ്ചുറാണി.

### മരുമകൻ ഇതാദ്യം

അമ്മായിയച്ഛനും മരുമകനും ഇതാദ്യമായി ഒരു മന്ത്രിസഭയിൽ അംഗമാവുന്നു എന്ന പ്രത്യേകതയുമുണ്ട്. മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണയാണ് മന്ത്രിയാവുന്ന ഡിവൈഎഫ്ഐ പ്രസിഡന്റ് മുഹമ്മദ് റിയാസിന്റെ ഭാര്യ. ഡിവൈഎഫ്ഐയുടെ മുൻ പ്രസിഡന്റും മുൻ എംപിയുമായ എം.ബി. രാജേഷാണ് സ്പീക്കർ. 'ദേശാഭിമാനി' ചീഫ് എഡിറ്റർ പി. രാജീവ് മന്ത്രിയാവുമ്പോൾ ഇതേ ചുമതല നേരത്തേ വഹിച്ചയാളാണ് എം.വി. ഗോവിന്ദൻ. പി. പ്രസാദ് 'ജനയുഗ'ത്തിന്റെ തിരുവനന്തപുരം യൂണിറ്റ് മാനെജരായിരുന്നു.

### വനിതകൾ മൂന്നു പേർ

സംസ്ഥാനത്ത് മൂന്ന് വനിതാ മന്ത്രിമാർ എന്നതും ചരിത്രമാണ്. ഒരു മന്ത്രി എന്നത് കഴിഞ്ഞ പിണറായി സർക്കാർ കെ.കെ. ശൈലജയെയും ജെ. മെഴ്സിക്കുട്ടിയമ്മയെയും നിയോഗിച്ച് തിരുത്തിയിരുന്നു. ജെ. ചിഞ്ചുറാണി, വീണ ജോർജ്, സിപിഎം ആക്റ്റിങ് സെക്രട്ടറി എ. വിജയരാഘവന്റെ ഭാര്യ പ്രൊഫ. ആർ. ബിന്ദു എന്നിവരാണ് ഇക്കുറി വനിതാ മന്ത്രിമാർ.

### പകുതിയും മുൻ ജില്ലാ സെക്രട്ടറിമാർ

സിപിഎം മന്ത്രിമാരിൽ കൂടുതലും ജില്ലാ സെക്രട്ടറിമാരായിരുന്നവർ. എം.വി. ഗോവിന്ദൻ, കെ. രാധാകൃഷ്ണൻ, കെ.എൻ. ബാലഗോപാൽ, പി. രാജീവ്, സജി ചെറിയാൻ, വി.എൻ. വാസവൻ എന്നിവരാണ് ജില്ലാ സെക്രട്ടറമാരായിരുന്നവർ. ടി.പി. രാമകൃഷ്ണൻ, എം.എം. മണി, കടകംപള്ളി സുരേന്ദ്രൻ, എ.സി. മൊയ്തീൻ എന്നീ മുൻ ജില്ലാ സെക്രട്ടറിമാർ കഴിഞ്ഞ മന്ത്രിസഭയിൽ അംഗങ്ങളായിരുന്നതിനാൽ ഇത്തവണ ഒഴിവായി.



മന്ത്രിസഭാ രൂപീകരണത്തിനു മുന്നോടിയായി ഇടതുമുന്നണി നിയമസഭാ കക്ഷി നേതാവായി തന്നെ തെരഞ്ഞെടുത്തു എന്നറിയിക്കുന്ന കത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നലെ രാജ്ഭവനിലെത്തി ഗവർണർ ആരിഫ് മുഹമ്മദ് ഖാന് കൈമാറിയപ്പോൾ.

# 17 പിണറായി 2.0 പുതുമുഖങ്ങൾ

## ഗവർണർ ക്ഷണിച്ചു നാളെ സത്യപ്രതിജ്ഞ

തിരുവനന്തപുരം: മന്ത്രിസഭാ രൂപീകരണത്തിന് മുഖ്യമന്ത്രി പിണറായി വിജയനെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഔദ്യോഗികമായി ക്ഷണിച്ചു. എൽഡിഎഫ് നിയമസഭാ കക്ഷി നേതാവായി തെരഞ്ഞെടുത്തതിന്റെ കത്ത് ഇന്നലെ ഗവർണറെ രാജ്ഭവനിൽ സന്ദർശിച്ച് പിണറായി കൈമാറിയതിന് പിന്നാലെയായിരുന്നു ഇത്. സത്യപ്രതിജ്ഞയ്ക്കുശേഷം ഗവർണർ മന്ത്രിസഭ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കും.

നേരത്തെ, എൽഡിഎഫ് പാർലമെന്ററി പാർട്ടി യോഗം ചേർന്ന് പിണറായി വിജയനെ നേതാവായി തെരഞ്ഞെടുത്തിരുന്നു. യോഗത്തിൽ സിപിഐ നിയമസഭാ കക്ഷി നേതാവ് ഇ. ചന്ദ്രശേഖരൻ അധ്യക്ഷത വഹിച്ചു.

21 അംഗ മന്ത്രിസഭയിൽ 17 പുതുമുഖങ്ങളുമായി രണ്ടാം പിണറായി മന്ത്രിസഭയുടെ സത്യപ്രതിജ്ഞ നാളെ ഉച്ചയ്ക്ക് 3.30ന് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കും. 500 പേർക്കാണ് ക്ഷണം. പൊതുജനങ്ങളെ പങ്കെടുപ്പിക്കാനാണ് സത്യപ്രതിജ്ഞ വൈകിപ്പിച്ചതെന്ന് മുഖ്യമന്ത്രി വിശദീകരിച്ചിരുന്നു. എന്നാൽ, കൊവിഡ് സാഹചര്യം രൂക്ഷമായി തുടരുന്നതിനാൽ ക്ഷണിതാക്കളുടെ എണ്ണം 500 ആയി പരിമിതപ്പെടുത്തി.

ട്രിപ്പിൾ ലോക് ഡൗണിൽ ഇത്രയും പേരെ പങ്കെടുപ്പിക്കാൻ മാനദണ്ഡങ്ങളിൽ ഇളവു നൽകി പ്രത്യേക ഉത്തരവുമിറക്കി. ട്രിപ്പിൾ ലോക് ഡൗണിൽ ഇത്രയും പേരെ പങ്കെടുപ്പിച്ച് സത്യപ്രതിജ്ഞ നടത്തുന്നതിനെതിരെ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഹർജികൾ എത്തിയിട്ടുണ്ട്.

## ഇവർ മന്ത്രിമാർ

### സിപിഎം

1. പിണറായി വിജയൻ (ധർമടം)
2. എം.വി.ഗോവിന്ദൻ (തളിപ്പറമ്പ്)
3. കെ. രാധാകൃഷ്ണൻ (ചേലക്കര)
4. പി.രാജീവ് (കളമശേരി)
5. കെ.എൻ. ബാലഗോപാൽ (കൊട്ടാരക്കര)
6. സജി ചെറിയാൻ (ചെങ്ങന്നൂർ)
7. വി.എൻ. വാസവൻ (ഏറ്റുമാനൂർ)
8. പി.എ. മുഹമ്മദ് റിയാസ് (ബേപ്പൂർ)
9. വി. ശിവൻകുട്ടി (നേമം)
10. ഡോ. ആർ. ബിന്ദു (ഇരിങ്ങാലക്കുട)
11. വീണാ ജോർജ് (ആറന്മുള )
12. വി. അബ്ദുൾ റഹ്മാൻ (താനൂർ)

### സിപിഐ

13. പി. പ്രസാദ് (ചേർത്തല)
14. കെ. രാജൻ (ഒല്ലൂർ)
15. ജി.ആർ. അനിൽ (നെടുമങ്ങാട്)
16. ജെ. ചിഞ്ചുറാണി (ചടയമംഗലം)

### കേരള കോൺഗ്രസ് (എം)

17. റോഷി അഗസ്റ്റിൻ (ഇടുക്കി)

### ജനതാദൾ (എസ്)

18. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

### എൻസിപി

19. എ.കെ. ശശീന്ദ്രൻ (ഏലത്തൂർ)

### ജനാധിപത്യ കേരള കോൺഗ്രസ്

20. ആന്റണി രാജു (തിരുവനന്തപുരം)

### ഐഎൻഎൽ

21. അഹമ്മദ് ദേവർകോവിൽ (കോഴിക്കോട് സൗത്ത്)

### സ്പീക്കർ

എം.ബി. രാജേഷ് (തൃത്താല) സിപിഎം

### ഡെപ്യൂട്ടി സ്പീക്കർ

ചിറ്റയം ഗോപകുമാർ (അടൂർ) സിപിഐ

### ചീഫ് വിപ്പ്

ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി) കേരള കോൺ. (എം)



*ഇനി ഞാനല്ലാ... ഇദ്ദേഹം..!*
*തിരുവനന്തപുരത്ത് എകെജി സെന്ററിൽ ചേർന്ന സിപിഎം സംസ്ഥാന കമ്മറ്റി യോഗത്തിൽ നിന്നു പുറത്തിറങ്ങിയ നിലവിലെ നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണനും പുതിയ സ്പീക്കർ സ്ഥാനാർഥി എം.ബി. രാജേഷും.*
കെ.ബി. ജയചന്ദ്രൻ



## ആറുനിലക്കെട്ടിടം തകർത്ത് ഇസ്രയേൽ

### ഹമാസ് ആക്രമണങ്ങളിൽ 2 പേർ മരിച്ചു

ഗാസ സിറ്റി: ഇസ്രയേലും ഗാസയിലെ ഹമാസ് ഭരണാധികാരികളും തമ്മിലുള്ള പോരാട്ടത്തിനു ശമനമില്ലാതെ ചൊവ്വാഴ്ചയും. ഹമാസിന്റെ ഗാസയിൽ നിന്നുള്ള റോക്കറ്റാക്രമണത്തിൽ ഇസ്രയേലിൽ രണ്ടുപേർ കൊല്ലപ്പെട്ടു. ദക്ഷിണ ഇസ്രയേലിലെ പാക്കെജിങ് പ്ലാന്റിലുണ്ടായിരുന്ന തായ്‌ലൻഡുകാരായ ജോലിക്കാരാണു മരിച്ചത്. പരുക്കേറ്റ ഏഴു പേരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും ഇസ്രേലി പൊലീസ്.

ഇസ്രയേലിന്റെ ഗാസയിലെ വ്യോമാക്രമണങ്ങളിൽ പ്രതിഷേധിച്ച് പലസ്തീനികൾ ഇന്നലെ സമരത്തിലായിരുന്നു. ഇസ്രയേലിന്റെ അവസാന വ്യോമാക്രമണത്തിൽ ബുക്ക് സ്റ്റോറുകളും വിദ്യാഭ്യാസ സെന്ററുകളും പ്രവർത്തിക്കുന്ന ആറുനിലക്കെട്ടിടം തകർന്നു. പുലർച്ചെ ആക്രമണത്തിനു മുൻപ് ജനങ്ങൾക്കു മുന്നറിയിപ്പു നൽകിയതിനാൽ ആളുകൾ കെട്ടിടത്തിൽ നിന്ന് ഓടിരക്ഷപെട്ടു. ഇന്നലെ അറുപതിലേറെ യുദ്ധവിമാനങ്ങൾ ഹമാസ് തീവ്രവാദികളുടെ 65 താവളങ്ങളിൽ ആക്രമണം നടത്തിയെന്ന് ഇസ്രയേൽ വ്യോമസേന അവകാശപ്പെട്ടു.

ഇതുവരെ 213 പലസ്തീനികൾ ഇസ്രയേലിന്റെ ആക്രമണങ്ങളിൽ മരിച്ചിട്ടുണ്ട്. ഇതിൽ 61 കുട്ടികളും 36 സ്ത്രീകളും ഉൾപ്പെടുന്നു. 1,440 പേർക്കു പരുക്കേറ്റു. അഞ്ചു വയസുള്ള കുട്ടിയും സൈനികനും അടക്കം 12 പേരാണ് ഇസ്രയേലിൽ ഹമാസിന്റെ റോക്കറ്റാക്രമണങ്ങളിൽ ഇതുവരെ മരിച്ചത്.

ഇതിനിടെ, വെടിനിർത്തൽ ശ്രമങ്ങൾക്കായി യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ പലസ്തീനിയൻ, അറബ് നേതാക്കളെ ബന്ധപ്പെട്ടിട്ടുണ്ട്. വെടിനിർത്തലിന് യുഎസ് നേരിട്ടു സമ്മർദം ചെലുത്തുന്നില്ല. സാധാരണ ജനങ്ങളുടെ ജീവനെടുക്കുന്ന ആക്രമണങ്ങൾക്കെതിരേ ഐക്യരാഷ്ട്ര രക്ഷാസമിതിയുടെ പ്രസ്താവന യുഎസ് തടയുകയും ചെയ്തിട്ടുണ്ട്.

പ്രസിഡന്റ് ജോ ബൈഡൻ ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനെ ഫോണിൽ വിളിച്ച് സ്വയം പ്രതിരോധിക്കാനുള്ള അവരുടെ അവകാശത്തിനു പിന്തുണയും പ്രഖ്യാപിച്ചു. ഇതിനൊപ്പമാണ് അക്രമം അവസാനിപ്പിക്കാനുള്ള വഴികൾ തേടി അറബ് നേതാക്കളെ ബന്ധപ്പെടുന്നതും.

### സ്വർണം

| | |
|---|---|
| ഗ്രാം | - 4,545 |
| പവൻ | - 36,360 |

### മെട്രൊ മാഡം

മന്ത്രിമാരുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ യുഡിഎഫ് നേതാക്കൾ വിർച്വലായി പങ്കെടുക്കും: എം.എം. ഹസൻ.




അങ്കോം കാണാം, താളീം ഒടിക്കാം....!

www.facebook.com/metrovaarthaofficial

# ഒപ്പമുണ്ടാകും, ഇനിയെന്നും

## സൗമ്യയുടെ കുടുംബാംഗങ്ങളെ ഫോണിൽ വിളിച്ച് ഇസ്രേലി പ്രസിഡന്റ്




ഇടുക്കി: "സൗമ്യയുടെ മരണം കൊണ്ട് നമ്മുടെ ബന്ധം അവസാനിക്കുകയല്ല. തുടങ്ങുകയാണ്. ഇനിയെന്നും നിങ്ങൾക്കൊപ്പമുണ്ടാകും ഞങ്ങൾ"-കരുതലും ദുഃഖവും നിറയുന്ന ഇസ്രേലി പ്രസിഡന്റ് റൂവൻ റിവ്‌ലിന്റെ വാക്കുകളിൽ സന്തോഷിന്റെ കണ്ണു നിറഞ്ഞു. സൗമ്യയുടെ ജീവൻ നഷ്ടമായ അഷ്കെലോണിലെ വീടിരുന്ന സ്ഥലം കാണണമെന്ന ആഗ്രഹമറിയിച്ചപ്പോൾ സൗകര്യമൊരുക്കുമെന്നും ഇസ്രയേലിൽ വരുമ്പോൾ നേരിട്ടുകാണാമെന്നും സന്തോഷിന് റിവ്‌ലിന്റെ മറുപടി.

ഹമാസിന്റെ റോക്കറ്റ് ആക്രമണത്തിൽ കൊല്ലപ്പെട്ട കീരിത്തോട് സ്വദേശി സൗമ്യയുടെ കുടുംബാംഗങ്ങളെ ഇസ്രേലി പ്രസിഡന്റ് നേരിട്ടു വിളിച്ച് ആശ്വസിപ്പിച്ചപ്പോഴായിരുന്നു വൈകാരിക രംഗങ്ങൾ. ഇന്നലെ രാവിലെയാണു റിവ്‌ലിൻ സൗമ്യയുടെ ഭർത്താവ് സന്തോഷുമായി ട്രാൻസ്‌ലേറ്ററുടെ സഹായത്തോടെ സംസാരിച്ചത്.

സൗമ്യയുടെ മരണത്തിൽ ഇസ്രയേലിന്റെ ദുഃഖം ആവർത്തിച്ച് അറിയിച്ച റിവ്‌ലിൻ തങ്ങളുടെ രാജ്യവും ജനതയും സന്തോഷിനും കുടുംബത്തിനുമൊപ്പമുണ്ടാകുമെന്ന് ഉറപ്പുനൽകി.. സന്തോഷിന്റെയും കുട്ടിയുടെയും എല്ലാ കാര്യങ്ങളും അറിയാമെന്നു തുടക്കത്തിൽ തന്നെ റിവ്‌ലിൻ പറഞ്ഞത് സൗമ്യയുടെ മരണം ഇസ്രയേലിനെ എത്ര മാത്രം ഉലച്ചുവെന്നതിന്റെ തെളിവായി. ബന്ധം അവസാനിക്കുകയല്ല, ഇതൊരു തുടക്കം മാത്രമാണെന്നും ഇനിയെല്ലാ കാര്യങ്ങൾക്കും ഒപ്പമുണ്ടാകുമെന്നും റിവ്‌ലിൻ അറിയിച്ചതായി സന്തോഷിന്റെ കുടുംബം.

പ്രസിഡന്റ് വിളിക്കുമെന്നു നേരത്തേ കോൺസുലേറ്റിൽ നിന്ന് കുടുംബത്തെ അറിയിച്ചിരുന്നു. ഇന്നലെ രാവിലെ വീണ്ടും വിളിച്ച് ഉദ്യോഗസ്ഥർ ഇക്കാര്യം അറിയിച്ചു. അതേസമയം, സംസ്ഥാന സർക്കാർ തങ്ങളെ അവഗണിച്ചതിൽ വിഷമമുണ്ടെന്ന് സന്തോഷും കുടുംബാംഗങ്ങളും പറഞ്ഞു. ഇസ്രയേലി ജനതയുടെ മാലാഖയാണ് സൗമ്യയെന്ന് സംസ്കാര ചടങ്ങിനെത്തിയ കോൺസുലേറ്റ് ജനറൽ ജൊനാഥൻ സെഡ്ക പറഞ്ഞിരുന്നു.

# 31,337 പേർക്ക് കൊവിഡ്



തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ 31,337 പേർക്ക് കൊവിഡ്-19 സ്ഥിരീകരിച്ചു. ചികിത്സയിലായിരുന്ന 45,926 പേർ രോഗമുക്തി നേടി. 24 മണിക്കൂറിനിടെ 1,34,553 സാംപിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 23.29 ആണ്. 97 മരണം സ്ഥിരീകരിച്ചതോടെ കേരളത്തിലെ ആകെ കൊവിഡ് മരണം 6,612 ആയി.

മലപ്പുറം 4320, എറണാകുളം 3517, തിരുവനന്തപുരം 3355, കൊല്ലം 3323, പാലക്കാട് 3105, കോഴിക്കോട് 2474, ആലപ്പുഴ 2353, തൃശൂർ 2312, കോട്ടയം 1855, കണ്ണൂർ 1374, പത്തനംതിട്ട 1149, ഇടുക്കി 830, കാസർഗോഡ് 739, വയനാട് 631 എന്നിങ്ങനെയാണ് ജില്ലാതല കൊവിഡ് കണക്ക്.

3,47,626 പേർ രോഗം സ്ഥിരീകരിച്ച് ചികിത്സയിലാണ്. 5,225 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ 856 ഹോട്ട് സ്പോട്ടുകൾ.



# അബുദാബി ശക്തി ടി.കെ അവാർഡ് ടി. പദ്മനാഭന്

● കഥയ്ക്ക് ജോൺ സാമുവൽ ● നോവലിന് എൽ. ഗോപീകൃഷ്ണൻ

അബുദാബി: മലയാളത്തിലെ സർഗധനരായ എഴുത്തുകാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ശക്തി തിയെറ്റേഴ്സ് അബുദാബി ഏർപ്പെടുത്തിയ അബുദാബി ശക്തി തായാട്ട് അവാർഡുകൾ പ്രഖ്യാപിച്ചു.

മുൻ സാംസ്കാരിക മന്ത്രി ടി.കെ. രാമകൃഷ്ണന്റെ സ്മരണയ്ക്കായുള്ള ശക്തി ടി.കെ. രാമകൃഷ്ണൻ പുരസ്കാരത്തിന് പ്രമുഖ സാഹിത്യകാരൻ ടി. പദ്മനാഭൻ അർഹനായി. അരലക്ഷം രൂപയും ശില്പവും പ്രശസ്തിപത്രവും ഉൾപ്പെടുന്നതാണ് പുരസ്കാരം.

അബുദാബി ശക്തി അവാർഡുകൾ ഇവർക്കാണ്.

വിജ്ഞാന സാഹിത്യം: ഡോ. അനിൽ വള്ളത്തോൾ (എഴുത്തച്ഛൻ എന്ന പാഠപുസ്തകം).

കഥ: ജോൺ സാമുവൽ (തഥാസ്തു).

നോവൽ: എൽ. ഗോപീകൃഷ്ണൻ (ഞാൻ എന്റെ ശത്രു).

കവിതാ പുരസ്കാരം: ഡോ. ദേശമംഗലം രാമകൃഷ്ണൻ (എന്നെ കണ്ടുമുട്ടാനെനിക്കാവുമോ), ഇ. സന്ധ്യ (അമ്മയുള്ളതിനാൽ).

ബാലസാഹിത്യം: കലവൂർ രവികുമാർ (ചൈനീസ് ബോയ്).

നാടകം: ടി. പവിത്രൻ (പ്രാപ്പിടിയൻ), ചേരാമംഗലം ചാമുണ്ണി (ജീവിതത്തിന്റെ ഏടുകൾ).

നിരൂപണ സാഹിത്യത്തിനുള്ള ശക്തി തായാട്ട് അവാർഡ്: ഡോ. സന്തോഷ് പള്ളിക്കാട് (പുരാവൃത്തവും കവിതയും), ടി. നാരായണൻ (കൃതികൾ മനുഷ്യകഥാനുഗായികൾ).





ടി. പദ്മനാഭൻ,ജോൺ സാമുവൽ

ഇതര സാഹിത്യത്തിനുള്ള ശക്തി- എരുമേലി അവാർഡ്: ഭാസുരാദേവി (പി.കെ. കുഞ്ഞച്ചന്റെ ഭാസുര ഓർമകൾ), ഡോ. ഗീനാകുമാരി (സുശീല ഗോപാലൻ ജീവിതകഥ).

25,000 രൂപയും ശില്പവും പ്രശസ്തിപത്രവും ഉൾപ്പെട്ടതാണ് ഈ അവാർഡുകൾ. രണ്ടുപേരുള്ള ഇനങ്ങളിൽ തുക തുല്യമായി വീതിച്ചു നൽകും.

പുരസ്കാര സമിതി ചെയർമാൻ പി. കരുണാകരൻ, അംഗം എം.വി. ഗോവിന്ദൻ, കൺവീനർ എ.കെ. മൂസ എന്നിവർ പത്രക്കുറിപ്പിലൂടെയാണ് അവാർഡുകൾ പ്രഖ്യാപിച്ചത്. കൊവിഡ് മാനദങ്ങൾ നിലനിൽക്കുന്നതുകൊണ്ട് വാർത്താസമ്മേളനം ഒഴിവാക്കുകയായിരുന്നു.

## സുനിൽ കുമാറിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു

തൃശൂർ: രണ്ടു തവണ കൊവിഡ് ബാധിതതനായ മുൻമന്ത്രി വി.എസ്. സുനിൽകുമാറിനെ വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കൊവിഡനന്തര ചികിത്സയ്ക്കിടെ കടുത്ത ചുമയെത്തുടർന്നാണ് ഇന്നലെ രാത്രി അദ്ദേഹം മെഡിക്കൽ കോളെജിൽ ചികിത്സയ്ക്കെത്തിയത്.

സുനിൽകുമാറിനു മറ്റ് ആരോഗ്യപ്രശ്നങ്ങളുമുണ്ട്. അലർജിയുടെ പ്രശ്നമുണ്ടായിരുന്നതിനാൽ വാക്സിൻ സ്വീകരിക്കാൻ സാധിച്ചിച്ചില്ല. പ്രതിരോധ പ്രവർത്തനങ്ങളിൽ എറണാകുളം ജില്ലയുടെ ചുമതല വഹിച്ചിരുന്ന അദ്ദേഹത്തിന് ഔദ്യോഗിക കൃത്യനിർവഹണത്തിനിടെയായിരുന്നു ആദ്യം രോഗം ബാധിച്ചത്. തുടർന്ന് നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനുശേഷം വീണ്ടും കൊവിഡ് ബാധിച്ചിരുന്നു. ശ്വാസകോശ രോഗത്തിന് ഇൻഹേലർ ഉപയോഗിക്കുന്നു. രക്താതിമർദവും പ്രമേഹവുമുണ്ട്.

# 'ടൗട്ടെ' ഇന്ന് ദുർബലമാകും, കേരളത്തിനും ആശ്വാസം

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം: മുന്നൂറ് കിലോമീറ്ററോളം വേഗതയിൽ അറബിക്കടലിൽ നിന്നും ഇന്നലെ രാത്രിയോടെ ഗുജറാത്തിൽ പ്രവേശിച്ച് വ്യാപക നാശമുണ്ടാക്കിയ 'ടൗട്ടെ' ചുഴലിക്കാറ്റ് വേഗത കുറഞ്ഞ് ദുർബലമായിത്തുടങ്ങി. നിലവിൽ 10 കിലോമീറ്റർ വേഗതയിൽ അഹമ്മദാബാദിനും വേദ് നഗറിനും ഇടയിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്ന ടൗട്ടെ ഇന്ന് സൗരാഷ്ട്രയ്ക്ക് സമീപം കൂടുതൽ ദുർബലമായി പൂർണമായി ഇല്ലാതാകുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ വിലയിരുത്തൽ.

ഗുജറാത്തിൽ നിന്നു ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം ചുഴലിക്കാറ്റിനെ തുടർന്ന് ഏഴ് പേർ മരിച്ചു. നേരത്തെ കർണാടകയിൽ അഞ്ചു മരണം റിപ്പോർട്ട് ചെയ്തിരുന്നു. മഹാരാഷ്ട്രയിൽ ഇതുവരെ ചുഴലിക്കാറ്റിൽ മരിച്ചവരുടെ എണ്ണം 16 ആയി. വിവിധ ബാർജുകളിലായി മുംബൈ കടലിൽ കുടുങ്ങിയ 261 പേരിൽ 182 പേരെ രക്ഷപ്പെടുത്തി. കാണാതായ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി കോസ്റ്റ് ഗാർഡ് തെരച്ചിൽ നടത്തുന്നുണ്ട്.

മഹാരാഷ്ട്രയ്ക്കൊപ്പം ഇന്നലെയും ഗുജറാത്തിൽ 80-90 കി.മി വേഗതയിൽ കാറ്റുണ്ടായി. സുരേന്ദ്ര നഗറിൽ 70-80 കി.മി വേഗത്തിൽ കാറ്റടിച്ചു. രാജ്കോട്ട്, ആനന്ദി, സൗത്ത് അഹമ്മദാബാദ്, ദിയു എന്നിവിടങ്ങളിൽ 55-65 കി.മി വേഗതയിൽ കാറ്റുവീശി. വീടുകളും കൃഷി സ്ഥലങ്ങളും നശിച്ചതിനൊപ്പം മരം കടപുഴകി വീണും അപകടമുണ്ടായി. ഗുജറാത്തിൽ ഇന്ന് മഴയും കാറ്റും കുറയും.

തീരത്തോട് 150 നും 200 നും കിമി അടുത്താണ് ടൗട്ടെ മഹാരാഷ്ട്ര തീരത്തുകൂടെ കടന്നുപോയത്. ആ സമയം അതിതീവ്ര ചുഴലിക്കാറ്റ് എന്ന നിലയിലേക്ക് മാറിയിരുന്നതാണ് അപകടങ്ങൾക്ക് കാരണമായത്. പലപ്പോഴും ചുഴലിക്കാറ്റിന്റെ പ്രഭാവം മഹാരാഷ്ട്രയുടെ തീരജില്ലകൾക്കു പുറത്തെത്തി. മുംബൈയിൽ ഒറ്റപ്പെട്ട മഴ ഇന്ന് കൂടി പ്രതീക്ഷിക്കാം.

കടൽ നാളെ മുതൽ ശാന്തമാകുമെങ്കിലും ഇന്നും ഉയർന്ന തിരമാലയ്ക്ക് സാധ്യതയുള്ളതിനാൽ കേരളത്തിലടക്കം മത്സ്യത്തൊഴിലാളികൾക്ക് ജാഗ്രത നിർദേശമുണ്ട്. തീരവാസികളും കടലിലിറങ്ങരുത്. ഇനിയൊരറിയിപ്പുണ്ടാകുന്നത് വരെ മത്സ്യത്തൊഴിലാളികൾ കടലിലിൽ പോകരുത്.

ചുഴലിക്കാറ്റ് ദുർബലമാകുന്നത് കേരളത്തിന് പൂർണമായും ആശ്വസിക്കാമെങ്കിലും വരും ദിവസങ്ങളിൽ ബംഗാൾ ഉൾക്കടലിൽ മറ്റൊരു ന്യൂനമർദ സാധ്യതയുള്ളത് വെല്ലുവിളിയാണ്. ഇത് കൂടുതൽ നിരീക്ഷിക്കുകയാണെന്നും വരും ദിവസങ്ങളിൽ ഇത് ന്യൂനമർദമാകുമോ എന്നത് വ്യക്തമാകുമെന്നും കാലാവസ്ഥാ വിദ്ഗധർ അറിയിച്ചു.

## കൊവിഡ് വ്യാപനം: ലക്ഷദ്വീപിലെ നാല് ദ്വീപുകൾ അടച്ചുപൂട്ടി

**കെ.ബി. സലാം**

മട്ടാഞ്ചേരി: കൊവിഡ് വ്യാപനം രൂക്ഷമായതിനെത്തുടർന്നു ലക്ഷദ്വീപിലെ നാല് ദ്വീപുകളിൽ അടച്ചുപൂട്ടൽ (ലോക്ക് ഡൗൺ)പ്രഖ്യാപിച്ചു. കവരത്തി, ആന്ത്രോത്ത്, ആമിനി, കൽപ്പേനി ദ്വീപുകളാണ് പൂട്ടിയത്. ദ്വീപസമൂഹത്തിൽ ജനവാസമുള്ള പത്തു ദ്വീപുകളിലും കൊവിഡ് രോഗികളുണ്ട്. എന്നാൽ അതിരൂക്ഷമായ വ്യാപനത്തിന്റെ പശ്ചാത്തലത്തിലാണു ഒരാഴ്ച നീളുന്ന ലോക്ക് ഡൗൺ നടപടി.

രോഗനിയന്ത്രണം പാളിയാൽ ശക്തമായ നടപടികളുമായി അടച്ചുപൂട്ടലും നീളുമെന്നാണ് അധികൃതരുടെ മുന്നറിയിപ്പ്. ദ്വീപിലെ വിവിധ മേഖലകളിലായി 26ഓളം കണ്ടെയ്മെന്റ് സോണുകളാണുള്ളത്. 65,000 ജനസംഖ്യയുള്ള ദ്വീപുകളിൽ ഇതിനകം 1,200ൽ ഏറെ കൊവിഡ് രോഗികളാണുള്ളത്. 12ഓളം പേർ ഓക്സിജൻ സഹായ ചികിത്സയിലുള്ളവരാണ്. വാരാന്ത്യത്തിൽ കവരത്തി 453, ആന്ത്രോത്ത് 223, ആമിനി 156, കൽപ്പേനി 112 എന്നിങ്ങനെയാണു രോഗികളുടെ എണ്ണം.

ചെറിയ പെരുന്നാൾ ആഘോഷം നിയന്ത്രിതമായാണ് നടന്നതെങ്കിലും അതിന്റെ തുടർഫലങ്ങൾ കൂടി കാത്തിരിക്കുകയാണ് അധികൃതർ. രാജ്യത്ത് ഒന്നാം ഘട്ട കൊവിഡ് വ്യാപനത്തിൽ ഒരു കേസ് പോലും റിപ്പോർട്ട് ചെയ്യാത്ത പ്രദേശമായിരുന്നു ലക്ഷദ്വീപ്. ജനുവരിയിലാണ് ആദ്യ കേസ് റിപ്പോർട്ട് ചെയ്തത്. ഉന്നതപഠനം, ശ്രുശ്രൂഷ തുടങ്ങിയവയ്ക്ക് കൊച്ചി, കോഴിക്കോട്, മംഗലാപുരം കരകളിലെത്തുന്ന ദ്വീപുകാർക്ക് കൊവിഡ് രണ്ടാംഘട്ടം വ്യാപനം വൻ ആശങ്കയാണുണ്ടാക്കിയത്.

## കൈറ്റിന് 'എംബില്ല്യൻത്ത്' സൗത്ത് ഏഷ്യ അവാർഡ്

തിരുവനന്തപുരം: കൊവിഡ് കാലത്ത് കേരളത്തിൽ ഫസ്റ്റ് ബെൽ പ്രോഗ്രാമിലൂടെ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയതിന് പൊതുവിദ്യാഭ്യാസ വകുപ്പിലെ കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന് (കൈറ്റ്) എംബില്ല്യൻത്ത് സൗത്ത് ഏഷ്യ അവാർഡ് ലഭിച്ചു. ദക്ഷിണേഷ്യയിലെ മികച്ച ഐടി സംരംഭങ്ങൾക്ക് ഡിജിറ്റൽ എംപവർമെന്റ് ഫൗണ്ടേഷനും വേൾഡ് സമ്മിറ്റ് അവാർഡും കൂടി ഏർപ്പെടുത്തിയതാണ് എംബില്ല്യൻത്ത് അവാർഡ്.

അവാർഡിനുള്ള പ്രാഥമിക തെരഞ്ഞെടുപ്പിനു ശേഷം ഫൈനലിസ്റ്റുകളുടെ പ്രസന്റേഷനിൽ മാർച്ച് മാസം കൈറ്റ് സിഇഒ കെ. അൻവർ സാദത്ത് പങ്കെടുത്തിരുന്നു. ഫസ്റ്റ് ബെല്ലിലെ സാങ്കേതിക മികവിന് ഫെബ്രുവരിയിൽ കൈറ്റിന് ഡിജിറ്റൽ ടെക്നോളജി സഭാ അവാർഡും ലഭിച്ചിരുന്നു.പത്തു വിഭാഗങ്ങളിലായി ദക്ഷിണേഷ്യയിലെ വിവിധ രാജ്യങ്ങളിൽ നിന്നും ലഭിച്ച 185 നോമിനേഷനുകളിൽ 'ലേണിങ് ആൻഡ് എഡ്യൂക്കേഷൻ' വിഭാഗത്തിലാണ് കൈറ്റിന് അവാർഡ് ലഭിച്ചത്.

## മന്ത്രിയായിട്ടല്ല ജനിച്ചത്: എം.എം. മണി

തിരുവനന്തപുരം: മന്ത്രിയായി ജനിച്ചതല്ലെന്നും മന്ത്രിയായി മരിച്ചോളാമെന്ന് ഗ്യാരണ്ടിയില്ലെന്നും എം.എം മണി. സിപിഎമ്മിൽ പ്രവർത്തിച്ചു. പാർട്ടി തന്നെ മന്ത്രിയും എംഎൽഎയുമാക്കി. അപ്രതീക്ഷിതമായാണ് മന്ത്രിയായത്. ചെയ്യാൻ കഴിഞ്ഞ സേവനം ചെയ്തു.

സ്ഥാനാർഥി നിർണയം മുതൽ പാർട്ടിയാണ് തീരുമാനിക്കുന്നത്. ഇനിയും പാർട്ടിയിൽ ആൾക്കാർ ഉണ്ട്. എന്നും പഴയ ആൾക്കാർ തുടർന്നാൽ പോരല്ലോ. പഴയ ആരും ഇത്തവണ മന്ത്രിസഭയിലില്ല. സ്ഥാനാർഥി നിർണയം മുതൽ ഇത്തരത്തിലാണ് തീരുമാനമെടുത്തത്. ധനകാര്യമന്ത്രിയെ പോലും ഒഴിവാക്കി.

ജനങ്ങൾ വിചാരിക്കുന്നത് പോലെയല്ല കാര്യങ്ങൾ നടക്കുന്നത്. പാർട്ടിയുടെ തീരുമാനത്തോടെ നൂറ് ശതമാനവും യോജിക്കുന്നു. തീരുമാനത്തിൽ സന്തോഷം. ഇതോടെ ലോകം അവസാനിക്കില്ല. താൻ ജനങ്ങൾക്കൊപ്പം ഉണ്ടാകുമെന്നും മണി വ്യക്തമാക്കി.

## എൻസിപി മന്ത്രിസ്ഥാനം പങ്കിടില്ല, ശശീന്ദ്രൻ തന്നെ അഞ്ചുവർഷവും തുടരും



തിരുവനന്തപുരം: രണ്ടാം പിണറായി മന്ത്രിസഭയിൽ പാർട്ടിക്ക് ലഭിച്ച മന്ത്രിസ്ഥാനം പങ്കിടേണ്ടതില്ലെന്ന് എൻസിപി നേതൃയോഗം തീരുമാനിച്ചു. എലത്തൂർ എംഎൽഎയും കഴിഞ്ഞ സർക്കാരിൽ ഗതാഗത മന്ത്രിയുമായിരുന്ന എ.കെ. ശശീന്ദ്രനെ തന്നെ അഞ്ചു വർഷവും മന്ത്രിയാക്കും.

എൻസിപി ദേശീയ ജനറൽ സെക്രട്ടറി പ്രഫുൽ പട്ടേലിന്റെ സാന്നിധ്യത്തിൽ ചേർന്ന സംസ്ഥാന സമിതി യോഗത്തിലാണ് ശശീന്ദ്രനെ വീണ്ടും മന്ത്രിയാക്കാൻ തീരുമാനിച്ചത്. കുട്ടനാട് എംഎൽഎയും മുൻ മന്ത്രി തോമസ് ചാണ്ടിയുടെ സഹോദരനുമായ തോമസ് കെ. തോമസ് നിയമസഭാകക്ഷി നേതാവാകുമെന്ന് പ്രഫുൽ പട്ടേൽ മാധ്യമങ്ങളോട് പറഞ്ഞു.

ശശീന്ദ്രനും തോമസ് കെ. തോമസിനും രണ്ടര വർഷം വീതം മന്ത്രിസ്ഥാനം നൽകണമെന്ന അഭിപ്രായം നേരത്തെ ഉയർന്നിരുന്നു. സംസ്ഥാന പ്രസിഡന്റ് ടി.പി. പീതാംബരൻ അടക്കമുള്ളവർ തോമസ് കെ. തോമസിനു വേണ്ടി രംഗത്തെത്തി. എന്നാൽ, ശശീന്ദ്രൻ മുഴുവൻ കാലാവധിയും മന്ത്രിസ്ഥാനത്ത് തുടരട്ടെ എന്ന അഭിപ്രായമാണ് സംസ്ഥാന സമിതിയിലെ ഭൂരിപക്ഷം പേരും അഭിപ്രായപ്പെട്ടത്.

തോമസ് കെ. തോമസിന് രാഷ്ട്രീയ പരിചയസമ്പത്തില്ല, ആദ്യമായി എംഎൽഎയാകുന്ന വ്യക്തി എന്നീ കാരണങ്ങളാണ് അവർ ചൂണ്ടിക്കാട്ടിയത്. ഇതോടെയാണ് മന്ത്രിസ്ഥാനം പങ്കിടേണ്ടതില്ലെന്ന തീരുമാനത്തിൽ എൻസിപി എത്തിച്ചേർന്നത്.

## ഗണേശിന് പദവി നഷ്ടമായതിന് പിന്നിൽ കുടുംബത്തർക്കം



തിരുവനന്തപുരം: മന്ത്രിസ്ഥാനത്തേക്ക് കേരള കോൺഗ്രസ് ബി നേതാവും നടനുമായ കെ.ബി. ഗണേശ് കുമാറിന് ആദ്യ ടേം നഷ്ടമായതിന് പിന്നിൽ കുടുംബത്തർക്കം. എന്നാൽ, ഇക്കാര്യം നിഷേധിച്ച ഗണേശ് കുമാർ, രാഷ്ട്രീയ കാരണങ്ങളാലാണ് ആദ്യ ടേം നഷ്ടമായതെന്ന് വ്യക്തമാക്കി.

കുടുംബസ്വത്ത് സംബന്ധിച്ച് ഗണേശിന്റെ സഹോദരി ഉഷ മോഹൻദാസ് മുഖ്യമന്ത്രിക്കും സിപിഎം പൊളിറ്റ്ബ്യൂറോ അംഗം കോടിയേരി ബാലകൃഷ്ണനും പരാതി നൽകിയതായാണ് വിവരം. ഇതോടെയാണ് ഗണേശിനെ ആദ്യ ടേമിൽ മാറ്റി നിർത്താൻ തീരുമാനമായത്. അടുത്തിടെ അന്തരിച്ച പിതാവ് ആർ. ബാലകൃഷ്ണപിള്ളയുടെ വിൽപ്പത്രത്തെച്ചൊല്ലിയാണ് തർക്കം. ഇതിന് പിന്നിൽ ഗണേശ്കുമാറിന് പങ്കുണ്ടെന്നാണ് സഹോദരിയുടെ ആക്ഷേപം.

കഴിഞ്ഞയാഴ്ച ഉഷയും ഭർത്താവും റിട്ട. ഐഎഎസ് ഉദ്യോഗസ്ഥനുമായ മോഹൻദാസും മുഖ്യമന്ത്രിയെ കണ്ടതായാണ് സൂചന. ശമ്പള പരിഷ്കരണ കമ്മിഷൻ അധ്യക്ഷനും മോഹൻദാസായിരുന്നു. ആദ്യം കുടുംബപ്രശ്നം പരിഹരിച്ചിട്ട് മന്ത്രിയാകാമെന്ന് മുഖ്യമന്ത്രി ഗണേശ് കുമാറിനോട് നിർദേശിച്ചതായാണ് വിവരം.

ചില കുടുംബപ്രശ്നങ്ങളുണ്ടെന്നും അത് കുടുംബത്തിനുള്ളിൽ പരിഹരിക്കാനാവുമെന്ന് കരുതുന്നതായുമാണ് ഉഷ മോഹൻദാസിന്റെ പ്രതികരണം. അരോടും ഇത് സംബന്ധിച്ച് പരാതിപ്പെട്ടിട്ടില്ലെന്ന് പറഞ്ഞ അവർ, ഇതു സംബന്ധിച്ച് മുഖ്യമന്ത്രിയെ കണ്ടോ എന്ന് വ്യക്തമാക്കാൻ തയാറായില്ല.

യുഡിഎഫ് മന്ത്രിസഭയിലും കുടുംബപ്രശ്നങ്ങൾ കാരണമാണു ഗണേശിന് മന്ത്രിസ്ഥാനം ഒഴിയേണ്ടിവന്നത്. ബാലകൃഷ്ണപിള്ളയ്ക്ക് എതിരായ കോടതി ഇടപെടലിനെ തുടർന്നാണ് യുഡിഎഫ് കാലത്ത് ഗണേശ് മന്ത്രിയായത്. അച്ഛൻ കുറ്റവിമുക്തനായതോടെ ഗണേശ് മന്ത്രിസ്ഥാനം ഒഴിഞ്ഞു. ഉമ്മൻ ചാണ്ടി അധികാരത്തിലെത്തിയപ്പോഴും മന്ത്രിയായി. എന്നാൽ, ഭാര്യ ഡോ. യാമിനി തങ്കച്ചിയുടെയും പിള്ളയുടെയും പരാതികൾ വിനയായി. അതോടെ മന്ത്രിസ്ഥാനം നഷ്ടപ്പെടുകയായിരുന്നു.

## സത്യപ്രതിജ്ഞ വെർച്വലായി കാണുമെന്ന് യുഡിഎഫ്

● മുഖ്യമന്ത്രിയുടെ നിർദേശം പാലിക്കുമെന്ന് എം.എം ഹസൻ

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം: രണ്ടാം പിണറായി സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ നേരിട്ട് പങ്കെടുക്കില്ലെങ്കിലും വെർച്ചലായി പങ്കെടുക്കുമെന്ന് യുഡിഎഫ് കൺവീനർ എം.എം. ഹസൻ. കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങളെ വീടുകളിൽ ബന്ദിയാക്കി ട്രിപ്പിൾ ലോക്ഡൗൺ പ്രഖ്യാപിച്ച ശേഷം സത്യപ്രതിജ്ഞ മാമാങ്കം നടത്തുന്നത് ശരിയല്ല.

പശ്ചിമ ബംഗാളിലും ചെന്നൈയിലും മുഖ്യമന്ത്രിമാർ സത്യപ്രതിജ്ഞ അധികാരമേറ്റത് പോലെ ലളിതമായി പരിപാടി സംഘടിപ്പിച്ച് കേരള മുഖ്യമന്ത്രിയും മാതൃക കാട്ടണമായിരുന്നു. വീടുകളിൽ കുടുംബാംഗങ്ങൾ പോലും സമൂഹിക അകലം പാലിക്കണമെന്നും മാസ്ക് ധരിക്കണമെന്നും ഉപദേശിക്കുന്ന മുഖ്യമന്ത്രി സത്യപ്രതിജ്ഞ മാമാങ്കം നടത്തുന്നതെന്നത് പരിഹാസ്യമാണ്.



വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി പ്രത്യേകം പറഞ്ഞിട്ടുണ്ട് എല്ലാവരും ടിവിയിലിരുന്ന് സത്യപ്രതിജ്ഞ കാണണമെന്ന്. മുഖ്യമന്ത്രിയുടെ നിർദേശാനുസരണം എംപിമാരും എംഎൽഎമാരും ഉൾപ്പെടെ എല്ലാവരും വീട്ടിലിരുന്ന് ടിവിയിൽ സത്യാപ്രതിജ്ഞ ചടങ്ങ് കാണുമെന്നും ഹസൻ പറഞ്ഞു.

## സത്യപ്രതിജ്ഞയ്ക്ക് 500 പേർ: വിലക്കണമെന്ന് ഹർജി

കൊച്ചി: അഞ്ഞൂറ് പേരെ പങ്കെടുപ്പിച്ചുള്ള പിണറായി വിജയൻ സർക്കാരിന്റെ സത്യപ്രതിജ്ഞക്കെതിരെ ഹൈക്കോടതിയിൽ ഹർജി. ചടങ്ങ് കൊവിഡ് മാനദണ്ഡങ്ങളുടെ ലംഘനമാണെന്നും 500 പേരെ പങ്കെടുപ്പിച്ചുള്ള സത്യപ്രതിജ്ഞ നിയമവിരുദ്ധമെന്ന് പ്രഖ്യാപിക്കണമെന്നും ഹർജിയിൽ പറയുന്നു. തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ചികിത്സാ നീതി എന്ന സംഘടനയാണ് കോടതിയെ സമീപിച്ചത്. ഹർജി ഹൈക്കോടതി ഇന്നു പരിഗണിച്ചേക്കും.

കൊവിഡ് പ്രോട്ടോകോൾ ലംഘിച്ചുള്ള സത്യപ്രതിജ്ഞയ്ക്കെതിരെ കോടതി സ്വമേധയാ കേസ് എടുക്കണമെന്ന് ആവശ്യപ്പെട്ട് അഭിഭാഷകനായ അനിൽ തോമസ്, ഡെമോക്രാറ്റിക് പാർട്ടി പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യൻ എന്നിവർ ഹൈക്കോടതി ചീഫ് ജസ്റ്റിസിന് പരാതി നൽകി.

ട്രിപ്പിൾ ലോക്ഡൗൺ ഏർപ്പെടുത്തിയ തിരുവനന്തപുരത്ത് 500 ലേറെ പേരെ പങ്കെടുപ്പിച്ചുള്ള സത്യപ്രതിജ്ഞ നിയമലംഘനമാണെന്ന് പരാതിക്കാർ പറയുന്നു. ഹൈക്കോടതി സ്വമേധയാ കേസെടുത്ത് സത്യപ്രതിജ്ഞ രാജ്ഭവനിൽ നടത്താൻ നിർദേശം നൽകണമെന്നും 50ൽ കൂടുതൽ പേരെ പങ്കെടുക്കാൻ അനുവദിക്കരുതെന്നും പരാതിക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

## കെ. രാജന് റവന്യൂ, പി. പ്രസാദിന് കൃഷി

തിരുവനന്തപുരം: സിപിഐയിലെ മന്ത്രിമാരുടെ വകുപ്പുകൾ സംബന്ധിച്ച സൂചനകൾ പുറത്തുവന്നു. കെ. രാജൻ റവന്യൂ വകുപ്പ് മന്ത്രിയായേക്കുമെന്നാണ് വിവരം. പി. പ്രസാദിന് കൃഷിവകുപ്പ് നൽകുന്ന കാര്യം പരിഗണനയിലുണ്ട്. ജി.ആർ. അനിൽ ഭക്ഷ്യമന്ത്രി ആയേക്കും. വനം വകുപ്പ് വിട്ടുനൽകിയാൽ പകരം ഏതു വകുപ്പായിരിക്കും ജെ. ചിഞ്ചുറാണിക്ക് ലഭിക്കുക എന്നത് വ്യക്തമല്ല.

## വിവിഐപി പദവിക്ക് മങ്ങലേറ്റ് ആലപ്പുഴ

**എം.എം. സലാം**

ആലപ്പുഴ: വലിപ്പത്തിൽ ചെറിയ ജില്ലയെങ്കിലും മന്ത്രിസഭകളിൽ വിഐപി പദവിയായിരുന്നു ആലപ്പുഴയ്ക്കുണ്ടായിരുന്നത്. ഇക്കുറി അതിന് മങ്ങലേറ്റെങ്കിലും ജില്ലയിൽ നിന്നു രണ്ടു മന്ത്രിമാരാണ് രണ്ടാം പിണറായി മന്ത്രിസഭയിലേക്കെത്തിയിരിക്കുന്നത്.

കഴിഞ്ഞ മന്ത്രിസഭയുടെ തുടക്കത്തിൽ നാലു മന്ത്രിമാരുണ്ടായിരുന്ന കണ്ണൂരിനെ ഒപ്പം പിടിച്ച് മന്ത്രിമാരുടെ എണ്ണത്തിൽ ആലപ്പുഴ ഒന്നാമതെത്തിയിരുന്നു. ഡോ. ടി.എം. തോമസ് ഐസക്, ജി. സുധാകരൻ, പി. തിലോത്തമൻ, തോമസ് ചാണ്ടി എന്നിവരായിരുന്നു കഴിഞ്ഞ മന്ത്രിസഭയിൽ ജില്ലയിൽ നിന്നുള്ള മന്ത്രിമാർ. ജില്ലാ രൂപീകരണത്തിനുശേഷം ഏറ്റവും കൂടുതൽ മന്ത്രിമാരെ ഒരേ മന്ത്രിസഭയിൽ ലഭിക്കുന്നുവെന്ന പ്രത്യേകതയും കഴിഞ്ഞ തവണയുണ്ടായിരുന്നു. കോൺഗ്രസിന് ഒരേസമയം മൂന്ന് കേന്ദ്രമന്ത്രിമാരുണ്ടായിരുന്ന ജില്ല കൂടിയാണ് ആലപ്പുഴ.കോൺഗ്രസ് കോട്ടയായി അറിയപ്പെടുന്ന ചെങ്ങന്നൂരിനെ വീണ്ടും ചുവപ്പിച്ച സിപിഎം നേതാവ് സജി ചെറിയാനാണ് രണ്ടാം പിണറായി സർക്കാരിൽ ജില്ലയിൽ നിന്നുള്ള ഒരു മന്ത്രി. പരിസ്ഥിതി പ്രവർത്തകനും മികച്ച വാഗ്മിയുമായ സിപിഐ നേതാവ് പി. പ്രസാദാണ് രണ്ടാമത്തെയാൾ.

## സൈബർ വിദഗ്ധൻ ബിനോഷ് അലക്സ് ബ്രൂസ് അന്തരിച്ചു

കൊച്ചി: സൈബർ വിദഗ്ധൻ ബിനോഷ് അലക്സ് ബ്രൂസ് (40) അന്തരിച്ചു. കൊവിഡ് ന്യുമോണിയ ബാധിച്ച് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ തുടർ ചികിത്സയിലിരിക്കേയാണ് മരണം. വൃക്കരോഗം ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങൾ ബിനോഷിനെ അലട്ടിയിരുന്നു.

ഏപ്രിൽ 24നാണ് കൊവിഡ് ബാധിതനായി ഐസിയുവിൽ പ്രവേശിപ്പിച്ചത്. കൊവിഡ് ഭേദമായെങ്കിലും തുടർ ചികിത്സയ്ക്കിടെയാണ് മരണം സംഭവിച്ചത്. പത്തനംതിട്ട ആയിരൂർ സ്വദേശിയാണ്. മൃതദേഹം വ്യാഴാഴ്ച പത്തനംതിട്ടയിലേക്ക് കൊണ്ടുപോകും.

കൊവിഡ് രോഗികളുടെ ഡാറ്റ ശേഖരണത്തിൽ സ്പ്രിംക്ലർ കമ്പനിയെ ഉൾപ്പെടുത്തിയത് ചോദ്യം ചെയ്ത് ഹൈക്കോടതിയിൽ പൊതുതാത്പര്യ ഹർജിയുമായി എത്തിയതോടെയാണ് ബിനോഷ് ശ്രദ്ധേയനാകുന്നത്. സ്പ്രിംക്ലറിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ ഒരു ഘട്ടത്തിൽ ദുരുപയോഗം ചെയ്യപ്പെടാമെന്നും അതിനാൽ തടയണമെന്നുമായിരുന്നു ആവശ്യം. ഈ വിഷയത്തിൽ ചാനൽ ചർച്ചകളിലും സജീവമായിരുന്നു.

സൈബർ സുരക്ഷാ വിദഗ്ധനും എത്തിക്കൽ ഹാക്കറുമായിരുന്നു ബിനോഷ്. മദ്രാസ് ക്രിസ്ത്യൻ കോളെജിൽ നിന്ന് ബിരുദവും ബിസിനസ് ലോയിൽ ബിരുദാനന്തര ബിരുദവും നേടി. തുടർന്നാണ് എത്തിക്കൽ ഹാക്കിങ് രംഗത്തെത്തുന്നത്.



## ഇ.കെ. മാജി കൊവിഡ് ബാധിച്ചു മരിച്ചു

തിരുവനന്തപുരം: മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥനും സംസ്ഥാന അഡീഷണൽ ചീഫ് സെക്രട്ടറിയുമായ ഇ.കെ. മാജി കൊവിഡ് ബാധിച്ച് മരിച്ചു. 1989 ബാച്ച് കേരള കേഡർ ഐഎഎസ് ഉദ്യോഗസ്ഥനാണ്. ചീഫ് ഇലക്ടറൽ ഓഫിസർ, കൃഷി വകുപ്പ് സെക്രട്ടറി, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, കാർഷിക സർവകലാശാല വിസി എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇ. അഹമ്മദ് കേന്ദ്രമന്ത്രി ആയിരിക്കെ ഒഫിസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആയിരുന്നു.

മാജി കേന്ദ്ര ഡെപ്യൂട്ടേഷനിലായിരുന്നു. കേന്ദ്ര ഭക്ഷ്യ- സിവിൽ സപ്ലൈസ് മന്ത്രാലയത്തിലായിരുന്നു സേവനമനുഷ്ഠിച്ചിരുന്നത്. ഇതിനിടെ കൊവിഡ് സ്ഥിരീകരിച്ച ശേഷം ഗാസിയബാദിലെ യശോദ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. കഴിഞ്ഞ ദിവസങ്ങളിൽ ആരോഗ്യനിലയിൽ പുരോഗതിയുണ്ടായിരുന്നെങ്കിലും ഇന്നലെ രാത്രി മരണം സംഭവിക്കുകയായിരുന്നു.

ആലപ്പുഴ സബ് കലക്റ്ററായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. തിരുവനന്തപുരം ജില്ലാ കലക്റ്ററായി.രണ്ടര വർഷം കൂടി സർവ്വീസ് ബാക്കി നിൽക്കെയാണ് വിയോഗം.


കേന്ദ്ര ഭക്ഷ്യമന്ത്രാലയം അഡീഷണൽ സെക്രട്ടറിയും കേരള കേഡർ ഐഎഎസ് ഉദ്യോഗസ്ഥനുമായ ഇ കെ മാജിയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

# മുംബൈ ബാർജ് അപകടം: 317 പേരെ രക്ഷിച്ചു

മുംബൈ: ടൗട്ടെ ചുഴലിക്കാറ്റിനെത്തുടർന്ന് മുംബൈ തീരത്ത് അറബിക്കടലിൽ നിയന്ത്രണം നഷ്ടമായ രണ്ടു ബാർജുകളിൽ നിന്ന് 317 പേരെ നാവിക, തീരസംരക്ഷണ സേനകൾ രക്ഷിച്ചു. എന്നാൽ, 390 പേരെക്കുറിച്ച് ഇനിയും വിവരം ലഭിച്ചിട്ടില്ല. ഇവർക്കായി തെരച്ചിൽ തുടരുന്നു.

താമസ സൗകര്യമുള്ള ബാർജുകളായ പി 305, എസ്എസ്- 3, കാർഗോ ബാർജ് ജിഎഎൽ കൺസ്ട്രക്റ്റർ, എണ്ണക്കിണർ സാഗർ ഭൂഷൺ എന്നിവയിലായി 707 പേരാണ് ചുഴലിക്കാറ്റിനെത്തുടർന്നുണ്ടായ കടൽക്ഷോഭത്തിൽ അകപ്പെട്ടത്. പി 305ൽ 273 പേരും ജിഎഎൽ കൺസ്ട്രക്റ്ററിൽ 137 പേരും എസ്എസ് 3ൽ 196 പേരും സാഗർ ഭൂഷണിൽ 101 പേരുമാണ് ഉണ്ടായിരുന്നതെന്നു നാവികസേനാ അധികൃതർ. ജിഎഎൽ കൺസ്ട്രക്റ്ററിലെ 137 പേരെയും പി 305ലെ 180 പേരെയുമാണു രക്ഷപെടുത്തിയത്. തീരസംരക്ഷണ സേനയുടെ രണ്ടു ചേതക് ഹെലികോപ്റ്ററുകൾ രക്ഷാ ദൗത്യത്തിനുണ്ട്. ദാമനിലെ തീരസംരക്ഷണ സേനാ വ്യോമതാവളത്തിൽ നിന്നു മൂന്നാമതൊരു കോപ്റ്റർ കൂടി രാത്രിയോടെ രക്ഷാദൗത്യത്തിൽ പങ്കുചേർന്നു

നാവികസേനയുടെ ഐഎൻഎസ് ബിയാസ്, ഐഎൻഎസ് ബെത്വ, ഐഎൻഎസ് തേഗ്, ഐഎൻഎസ് കൊച്ചി, ഐഎൻഎസ് കോൽക്കത്ത എന്നീ കപ്പലുകളും തെരച്ചിൽ ദൗത്യത്തിനുണ്ട്. കൂടാതെ പി8ഐ നാവികസേനാ കോപ്റ്ററും രംഗത്തുണ്ട്. രക്ഷാ ദൗത്യം ഏകോപിപ്പിക്കാൻ നാവികസേനയുടെ ഐഎൻഎസ് തൽവാറും ഇവിടെയെത്തിച്ചതായി സേനാ വൃത്തങ്ങൾ അറിയിച്ചു. കടൽ ഇപ്പോഴും പ്രക്ഷുബ്ധമാണെന്നതാണ് രക്ഷാ പ്രവർത്തനത്തിനു വെല്ലുവിളി.




# കരുതലിന്റെ പര്യായം; കേരളത്തിന്റെ ക്യാപ്റ്റൻ

ഓഖിയും നിപ്പയും കൊവിഡും ഉയർത്തിയ വെല്ലുവിളികൾ അതിജീവിച്ച് 'കേരളത്തിന്റെ കരുതൽ' എന്ന 'ബ്രാൻഡായി' വളർന്ന പിണറായി വിജയന് ഇത് ചരിത്രനിയോഗം. നാല്പതിറ്റാണ്ടിനു ശേഷം കേരളത്തിന്റെ ഒരു മുഖ്യമന്ത്രിക്ക് ഇതാദ്യമായി ഭരണത്തുടർച്ച. ഇരുപത്താറാം വയസിൽ ആദ്യമായി നിയമസഭയിലെത്തിയ പിണറായി വിജയൻ അഞ്ചാമതു വിജയത്തിലാണ് ആദ്യമായി മന്ത്രിസ്ഥാനത്തെത്തിയത്. കാലാവധി പൂർത്തിയാക്കും മുമ്പ് രാജിവച്ച് സിപിഎം സംസ്ഥാന സെക്രട്ടറിയുടെ പദവിയിൽ. അതിനുശേഷം കൈവന്ന മുഖ്യമന്ത്രി പദം തുടർഭരണത്തിലേക്ക് പ്രവേശിക്കുമ്പോൾ അത് ചരിത്രമാകുന്നു.

ആദ്യം കൂത്തുപറമ്പിലും പിന്നീട് പയ്യന്നൂരിലും നിന്ന് നിയമസഭയിലെത്തിയ പിണറായിയെ മുഖ്യമന്ത്രിയാക്കിയത് ധർമടത്തുനിന്നുള്ള ജനവിധിയാണ്. അടിയന്തരാവസ്ഥയിൽ ജനപ്രതിനിധിയായിട്ടും പൊലീസുകാരുടെ ക്രൂരമർദനത്തിനിരയായി. ചോദ്യം ചെയ്യാത്ത ആഭ്യന്തരമന്ത്രിയായി വിരാജിച്ച കെ. കരുണാകരനോട് ചോരപുരണ്ട വസ്ത്രങ്ങൾ ഉയർത്തിക്കാട്ടി നിയമസഭയിൽ ചോദ്യശരമുതിർത്ത പിണറായി അക്കാലത്തെ യുവാക്കളുടെ ആവേശമായി. ഇതേ കെ.കരുണാകരൻ പിന്നീട് പിണറായിയുടെ ആശ്രയം തേടി എന്നത് കൗതുകം.

ചെത്തുതൊഴിലാളിയായ മുണ്ടയിൽ കോരന്റെയും കല്യാണിയുടെയും മകനായി 1945 മെയ് 24ൻ ജനനം. വിദ്യാർഥി പ്രസ്ഥാനത്തിലൂടെ പൊതുരംഗത്തെത്തി. കെഎസ്എഫ് സംസ്ഥാന പ്രസിഡന്റ്, സെക്രട്ടറി, കെഎസ്‌വൈഎഫ് സംസ്ഥാന പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. 1968ൽ സിപിഎം കണ്ണൂർ ജില്ലാ കമ്മിറ്റി അംഗമായി.1972ൽ ജില്ലാ സെക്രട്ടറിയറ്റ് അംഗവും 1978ൽ സംസ്ഥാന കമ്മിറ്റി അംഗവുമായി. 1986ൽ കണ്ണൂർ ജില്ലാ സെക്രട്ടറി. രണ്ടുവർഷത്തിനുശേഷം സംസ്ഥാന സെക്രട്ടറിയറ്റ് അംഗം. 1996ൽ ഇ.കെ നായനാർ മന്ത്രിസഭയിൽ വൈദ്യുതി-സഹകരണ മന്ത്രിയായിരുന്നു. 1998ൽ ചടയൻ ഗോവിന്ദന്റെ നിര്യാണത്തെതുടർന്ന് മന്ത്രിസഭയിൽനിന്ന് രാജിവച്ച് സിപിഎം സംസ്ഥാന സെക്രട്ടറിയായി. സിപിഎമ്മിൽ ഏറ്റവും കൂടുതൽ കാലം സംസ്ഥാന സെക്രട്ടറിയായിരുന്നു.ആ വർഷം കൊൽക്കത്തയിൽനടന്ന പതിനാറാം പാർട്ടി കോൺഗ്രസിൽ സിപിഎം കേന്ദ്രക്കമ്മിറ്റി, പോളിറ്റ് ബ്യൂറോ അംഗമായി.

റിട്ട. അധ്യാപിക കമലയാണ് ഭാര്യ. മക്കൾ: വിവേക്, വീണ. മരുമക്കൾ: ദീപ, നിയുക്ത മന്ത്രി മുഹമ്മദ് റിയാസ്.






**എം.വി. ഗോവിന്ദൻ**
**സിപിഎം**

തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ നിന്ന് 22,689 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 92,870 വോട്ടുകൾ നേടി വിജയിച്ചു. സിപിഎം കേന്ദ്ര കമ്മിറ്റി അംഗം. കണ്ണൂർ ജില്ലയിലെ മൊറാഴ സ്വദേശി. 1996 മുതൽ 2006 വരെ തളിപ്പറമ്പ് എംഎൽഎ. അധ്യാപക ജോലി രാജിവച്ചാണ് പാർട്ടിയുടെ മുഴുവൻസമയ പ്രവർത്തകനായത്. ഭാര്യ: തളിപ്പറമ്പ് ആന്തൂർ നഗരസഭാ മുൻ ചെയർപേഴ്സൺ പി.കെ. ശ്യാമള. മക്കൾ: ശ്യാംജിത്ത്, രംഗീത്.



**കെ. രാധാകൃഷ്ണൻ**
**സിപിഎം**

തൃശൂർ ചേലക്കര നിയോജക മണ്ഡലത്തിൽ നിന്നും 39,400 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 83,415 വോട്ടുകൾ നേടി വിജയിച്ചു. ചേലക്കര സ്വദേശിയാണ്. സിപിഎം കേന്ദ്രകമ്മിറ്റി അംഗം. നിയമസഭാ മുൻ സ്പീക്കർ. മുൻ മന്ത്രി. മുൻ തൃശൂർ ജില്ലാ സെക്രട്ടറി. അഞ്ചാം വട്ടമാണ് എംഎൽഎയാകുന്നത്. സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം. അവിവാഹിതൻ, അച്ഛൻ: പരേതനായ കൊച്ചുണ്ണി. അമ്മ: ചിന്ന.



**കെ.എൻ. ബാലഗോപാൽ**
**സിപിഎം**

കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നിന്ന് 10,814 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 68,770 വോട്ടുകൾ നേടി വിജയിച്ചു. പത്തനംതിട്ട കലഞ്ഞൂർ സ്വദേശി. മുൻ രാജ്യസഭാംഗം. സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റംഗം. കർഷക സംഘം സംസ്ഥാന സെക്രട്ടറി. എസ്എഫ്ഐ, ഡിവൈഎഫ്ഐ അഖിലേന്ത്യാ പ്രസിഡന്റായിരുന്നു. 2016ൽ മികച്ച പാർലമെന്റേറിയനുള്ള സൻസദ് രത്ന പുരസ്കാരം നേടി. നിയമത്തിൽ ബിരുദാനന്തര ബിരുദം. ഭാര്യ: ആശ പ്രഭാകരൻ. മക്കൾ: കല്യാണി, ശ്രീഹ.



**പി. രാജീവ്**
**സിപിഎം**

കളമശേരി നിയോജക മണ്ഡലത്തിൽ നിന്നും 15,336 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 77,141 വോട്ടുകൾ നേടി വിജയിച്ചു. തൃശൂർ മേലഡൂർ സ്വദേശിയാണ്. നിലവിൽ സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം. മുൻ രാജ്യസഭാംഗം. ബിഎ, എൽഎൽബി, ഡിപ്ലോമ ഇൻ കെമിക്കൽ എൻജിനിയറിങ്, ഭാര്യ: ഡോ. വാണി കേസരി. മക്കൾ: ഹൃദ്യ, ഹരിത.



**വി.എൻ. വാസവൻ**
**സിപിഎം**

ഏറ്റുമാനൂർ നിയോജകമണ്ഡലത്തിൽ നിന്നും 14,303 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 58,289 വോട്ടുകൾ നേടി വിജയിച്ചു. കോട്ടയം പാമ്പാടി സ്വദേശി. സിപിഎം മുൻ കോട്ടയം ജില്ലാ സെക്രട്ടറി. മുൻ എംഎൽഎ. സിഐടിയു ദേശീയ കൗൺസിൽ അംഗം. റബ്കോ മുൻ ചെയർമാൻ. വിദ്യാഭ്യാസം ഐടിഐ ഡിപ്ലോമ. ഭാര്യ: ഗീത. മക്കൾ: ഡോ. ഹിമ, ഗ്രീഷ്മ.



**സജി ചെറിയാൻ**
**സിപിഎം**

ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും 31,984 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 71,293 വോട്ടുകൾ നേടി വിജയിച്ചു. ആലപ്പുഴജില്ലയിലെ ചെങ്ങന്നൂർ കൊഴുവല്ലൂർ സ്വദേശി. സിപിഎം സംസ്ഥാന കമ്മിറ്റി അംഗം, ആലപ്പുഴ ജില്ലാ മുൻ സെക്രട്ടറി, മുൻ എംഎൽഎ. നിയമത്തിൽ ബിരുദം. ഭാര്യ: ക്രിസ്റ്റീന. മക്കൾ: ഡോ. നിത്യ, ഡോ. ദൃശ്യ, ശ്രവ്യ.



**വി. ശിവൻകുട്ടി**
**സിപിഎം**

നേമം നിയോജകമണ്ഡലത്തിൽ നിന്ന് 3,949 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 55,837 വോട്ടുകൾ നേടി വിജയിച്ചു. തിരുവനന്തപുരം സ്വദേശി. സിപിഎം സംസ്ഥാന കമ്മിറ്റി അംഗം. തിരുവനന്തപുരം മുൻ മേയർ. മുൻ എംഎൽഎ. 2011ൽ നേമത്ത് നിന്ന് വിജയിച്ചു. നിലവിൽ സിഐടിയു സംസ്ഥാന സെക്രട്ടറി. ബിരുദധാരി. എൽഎൽബി പൂർത്തിയാക്കി. ഭാര്യ: ആർ. പാർവതി ദേവി. മകൻ: ഗോവിന്ദ് ശിവൻ.



**പി.എ. മുഹമ്മദ് റിയാസ്**
**സിപിഎം**

ബേപ്പൂർ നിയോജക മണ്ഡലത്തിൽ നിന്ന് 28,747 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 82,165 വോട്ടുകൾ നേടി വിജയിച്ചു. കോഴിക്കോട് കോട്ടൂളി സ്വദേശി. ഡിവൈഎഫ്ഐ അഖിലേന്ത്യാ പ്രസിഡന്റ്, സിപിഎം സംസ്ഥാന കമ്മിറ്റി അംഗം. 2014ൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ കോഴിക്കോട് മണ്ഡലത്തിൽ നിന്ന് മത്സരിച്ചെങ്കിലും എം.കെ. രാഘവനോട് പരാജപ്പെട്ടു, നിയമ ബിരുദം. ഭാര്യ: മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണ.



**ഡോ. ആർ. ബിന്ദു**
**സിപിഎം**

ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ നിന്ന് 5,949 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 62,493 വോട്ടുകൾ നേടി വിജയിച്ചു. ഇരിങ്ങാലക്കുട സ്വദേശി. സിപിഎം ജില്ലാ കമ്മിറ്റി അംഗം. ജനാധിപത്യ മഹിളാ അസോസിയേഷൻ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം. കേരളവർമ കോളെജ് റിട്ട. വൈസ് പ്രിൻസിപ്പൽ. തൃശൂർ കോർപ്പറേഷൻ മുൻ മേയർ. ഇംഗ്ലീഷ് സാഹിത്യത്തിൽ പിഎച്ച്ഡി. സിപിഎം സംസ്ഥാന സെക്രട്ടറി എ. വിജയരാഘവനാണ് ഭർത്താവ്. മകൻ: അഡ്വ. ഹരികൃഷ്ണൻ.



**വീണാ ജോർജ്**
**സിപിഎം**

ആറന്മുള നിയോജക മണ്ഡലത്തിൽ നിന്നും 19,003 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 74,950 വോട്ടുകൾ നേടി വിജയിച്ചു. പത്തനംതിട്ട മൈലപ്ര സ്വദേശി. രണ്ടാം തവണയാണ് നിയമസഭയിലേക്കെത്തുന്നത്. സിപിഎം പത്തനംതിട്ട ഏരിയാ കമ്മിറ്റി അംഗം. ഭൗതിക ശാസ്ത്രത്തിൽ ബിരുദാനന്ത ബിരുദവും ബിഎഡും. ടെലിവിഷൻ മാധ്യമപ്രവർത്തകയായിരുന്നു. ഭർത്താവ്: ഡോ. ജോർജ് ജോസഫ്. മക്കൾ: അന്ന, ജോസഫ്.



**വി. അബ്ദുറഹ്മാൻ**
**സിപിഎം**

താനൂർ നിയോജക മണ്ഡലത്തിൽ നിന്ന് 985 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 70,704 വോട്ടുകൾ നേടി വിജയിച്ചു. തിരൂർ പൂക്കയിൽ പൊരൂർ സ്വദേശി. കെപിസിസി അംഗം, തിരൂർ നഗരസഭാ വൈസ് ചെയർമാൻ എന്നീ നിലയിൽ പ്രവർത്തിച്ച ശേഷം 2014ൽ ഇടതുപക്ഷത്തെത്തി. 2016ൽ ലീഗിലെ അബ്ദുറഹ്മാൻ രണ്ടത്താണിയെ സിപിഎം സ്വതന്ത്രനായി നിന്ന് പരാജയപ്പെടുത്തി. ഡിപ്ലോമയാണ് വിദ്യാഭ്യാസ യോഗ്യത. ഭാര്യ: സാജിദ. മക്കൾ: അഹമ്മദ് അമൻ ജഞ്ജീദ്, റിസ്വാന ഷെറിൻ, നിഹാല നവല



**പി. പ്രസാദ്**
**സിപിഐ**

ചേർത്തല മണ്ഡലത്തിൽ നിന്നും 6,148 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 83,702 വോട്ടുകൾ നേടി വിജയിച്ചു. ആലപ്പുഴ നൂറനാട് സ്വദേശി. സംസ്ഥാന ഹൗസിങ് ബോർഡ് ചെയർമാൻ. സിപിഐ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം. ബിനോയ് വിശ്വം വനം മന്ത്രിയായിരിക്കെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായി. 2016ൽ ഹരിപ്പാട് രമേശ് ചെന്നിത്തലയ്ക്കെതിരെ മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. ഗണിത ശാസ്ത്രത്തിൽ ബിരുദം. ഭാര്യ: ലൈന. മക്കൾ: ഭഗത്, അരുണ അൽമിത്ര



**കെ. രാജൻ**
**സിപിഐ**

ഒല്ലൂർ നിയോജക മണ്ഡലത്തിൽ നിന്ന് 21,506 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 76,657 വോട്ടുകൾ നേടി വിജയിച്ചു. അന്തിക്കാട് സ്വദേശി. കഴിഞ്ഞ സഭയിലും ഒല്ലൂർ എംഎൽഎ. ഗവ. ചീഫ് വിപ്പ്. സിപിഐ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം. എഐവൈഎഫ് ദേശീയ ജനറൽ സെക്രട്ടറി. നിയമത്തിൽ ബിരുദം. ഭാര്യ: അനുപമ.



**ജെ. ചിഞ്ചുറാണി**
**സിപിഐ**

ചടയമംഗലത്തുനിന്ന് 13,678 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 67,252 വോട്ടുകൾ നേടി വിജയിച്ചു. കൊല്ലം തൃക്കടവൂർ സ്വദേശിനി. സിപിഐ ദേശിയ കൗൺസിൽ അംഗം. കേരള മഹിളാസംഘം സംസ്ഥാന പ്രസിഡന്റ്. ഇരവിപുരം പഞ്ചായത്തംഗം, കോർപ്പറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ, ജില്ലാ പഞ്ചായത്തംഗം, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. നിയമസഭയിൽ ആദ്യം. എസ്എസ്എൽസിയാണ് വിദ്യാഭ്യാസ യോഗ്യത. ഭർത്താവ്: ഡി. സുകേശൻ. മക്കൾ: നന്ദു സുകേശൻ, നന്ദന റാണി




**ജി.ആർ. അനിൽ**
**സിപിഐ**

നെടുമങ്ങാട് മണ്ഡലത്തിൽ നിന്ന് 23,309 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 72,742 വോട്ടുകൾ നേടി വിജയിച്ചു. കൈമനം സ്വദേശി. സിപിഐ തിരുവനന്തപുരം ജില്ലാ സെക്രട്ടറിയായിരുന്നു. 10 വർഷം തിരുവനന്തപുരം നഗരസഭാ കൗൺസിലറും ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനുമായിരുന്നു. നിയമ ബിദുദം. മുൻ എംഎൽഎ ഡോ. ആർ. ലതാദേവിയാണ് ഭാര്യ. മകൾ: അഡ്വ. എ.എൽ. ദേവിക.



**ആന്റണി രാജു**
**ജനാ. കേരള കോൺ**

തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ നിന്ന് 7,089 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 48,748 വോട്ടുകൾ നേടി വിജയിച്ചു. പൂന്തുറ സ്വദേശി. ജനാധിപത്യ കേരള കോൺഗ്രസ് സംസ്ഥാന വൈസ് ചെയർമാൻ. 1996ൽ തിരുവനന്തപുരം വെസ്റ്റിൽ നിന്നുള്ള നിയമസഭാംഗം. കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗമായിരുന്നു. ഭാര്യ: ഗ്രേസി. മക്കൾ: ഡോ. റോഷ്നി. റോഹൻ.



**കെ. കൃഷ്ണൻകുട്ടി**
**ജനതാദൾ (എസ്)**

ചിറ്റൂർ നിയോജക മണ്ഡലത്തിൽ നിന്ന് 33,878 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 84,672 വോട്ടുകൾ നേടി വിജയിച്ചു. ചിറ്റൂർ എഴുത്താണി സ്വദേശി. ജനതാദൾ (എസ്) മുൻ സംസ്ഥാന പ്രസിഡന്റ്. കഴിഞ്ഞ മന്ത്രിസഭയിൽ ജലവിഭവ വകുപ്പ് മന്ത്രിയായിരുന്നു. 1980, 82, 91 വർഷങ്ങളിലും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഭാര്യ: വിലാസിനി. മക്കൾ: ലത, നാരായണൻകുട്ടി, അജയൻ, കെ. ബിജു ഐഎഎസ്.



**റോഷി അഗസ്റ്റിൻ**
**കേരള കോൺ. (എം)**

ഇടുക്കി നിയോജക മണ്ഡലത്തിൽ നിന്നും 5,573 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 62,368 വോട്ടുകൾ നേടി വിജയിച്ചു. രാമപുരം ചക്കാമ്പുഴ സ്വദേശി. കേരള കോൺഗ്രസ് (എം) ഉന്നതാധികാര സമിതിയംഗം. ഇടുക്കി നിയോജക മണ്ഡലത്തിൽ നിന്ന് തുടർച്ചയായി അഞ്ചാം വട്ടമാണ് തെരഞ്ഞെടുക്കപ്പെടുന്നത്. എൽഎൽബി ബിരുദധാരി. ഭാര്യ: റാണി റോഷി. മക്കൾ: ആൻമരിയ, ഏഞ്ചൽ മരിയ, അഗസ്റ്റിൻ റോഷി.



**അഹ്മദ് ദേവർകോവിൽ**
**ഐഎൻഎൽ**

കോഴിക്കോട് സൗത്തിൽ നിന്നും 12,459 വോട്ടുകളുടെ ഭൂരിപക്ഷത്തോടെ 52,557 വോട്ടുകൾ നേടി വിജയിച്ചു. കുറ്റ്യാടിക്കടുത്ത് ദേവർകോവിൽ സ്വദേശി. ഐഎൻഎൽ ദേശീയ സെക്രട്ടറി, കേരള ഹോട്ടൽ ആൻഡ് റസ്റ്ററന്റ് അസോ. സംസ്ഥാന വൈസ് പ്രസിഡന്റ് തുടങ്ങിയ പദവികൾ വഹിച്ചു. ഭാര്യ: സാബിറ. മക്കൾ: ഷഫി മോനിഷ് അഹമ്മദ്, താജുന ഷർവിൻ, തൻസിഹ ഷെറീൻ.



**എ.കെ. ശശീന്ദ്രൻ**
**എൻസിപി**

എലത്തൂരിൽ നിന്നും 38,502 ന്റെ വോട്ടിന്റെ ഭൂരിപക്ഷത്തോടെ 83,639 വോട്ടുകൾ നേടി വിജയിച്ച എ.കെ. ശശീന്ദ്രൻ എൻസിപി ദേശീയ പ്രവർത്തകസമിതി അംഗവും കഴിഞ്ഞ മന്ത്രിസഭയിൽ ഗതാഗത വകുപ്പ് മന്ത്രിയുമായിരുന്നു. മുൻപ് അഞ്ച് തവണ നിയമസഭയിലെത്തിയിട്ടുണ്ട്. കെഎസ്‌യുവിലൂടെ രാഷ്ട്രീയത്തിലെത്തി.1982 മുതൽ 98 വരെ കോൺഗ്രസ് (എസ്) സംസ്ഥാന ജനറൽ സെക്രട്ടറി. 99 മുതൽ എൻസിപി സംസ്ഥാന നേതാവ്, 2006 മുതൽ നിയമസഭാ കക്ഷി നേതാവ്. ഭാര്യ: അനിത കൃഷ്ണൻ, മകൻ വരുൺ.



**എം.ബി. രാജേഷ്**
**(സ്പീക്കർ സ്ഥാനാർഥി)**

തൃത്താല മണ്ഡലത്തിൽ നിന്നും 3,173 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 69,890 വോട്ടുകൾ നേടി വിജയിച്ചു. പാലക്കാട് കരിങ്കരപ്പുള്ളിയിലാണ് താമസം. രണ്ടുതവണ പാലക്കാട് നിന്നുള്ള ലോക്സഭാംഗം. സിപിഎം സംസ്ഥാന കമ്മിറ്റി അംഗം. എസ്എഫ്ഐ മുൻ സംസ്ഥാന സെക്രട്ടറി. ഡിവൈഎഫ്ഐ മുൻ സംസ്ഥാന പ്രസിഡന്റ്, മുൻ ദേശീയ പ്രസിഡന്റ്. സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം, എൽഎൽബി ബിരുദം ഭാര്യ: ആർ. നിനിത. മക്കൾ: നിരഞ്ജന, പ്രിയദത്ത.



**ചിറ്റയം ഗോപകുമാർ**
**(ഡെപ്യൂട്ടി സ്പീക്കർ സ്ഥാനാർഥി)**

അടൂർ മണ്ഡലത്തിൽ നിന്ന് 2,919 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 66,569 വോട്ടുകൾ നേടി വിജയിച്ചു. കൊല്ലം ജില്ലയിലെ ചിറ്റയം സ്വദേശി. സിപിഐ സംസ്ഥാന കൗൺസിൽ അംഗം. കഴിഞ്ഞ സഭയിലും എംഎൽഎ. എഐഎസ്എഫ്, എഐവൈഎഫ്, എഐടിയുസി എന്നിവയിൽ പ്രവർത്തനം. കർഷക തൊഴിലാളി ഫെഡറേഷൻ (ബികെഎംയു) കൊല്ലം ജില്ലാ സെക്രട്ടറി. ഐടിഐ. ഭാര്യ: സി. ഷേർലി ബായി. മക്കൾ: അമൃത, അനുജ.



**ഡോ. എൻ. ജയരാജ്**
**(ചീഫ് വിപ്പ്)**

കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിൽ നിന്നും 13,703 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 60,299 വോട്ടുകൾ നേടി വിജയിച്ചു. കറുകച്ചാൽ ചമ്പക്കര സ്വദേശി. മുൻ മന്ത്രിയും ഡെപ്യൂട്ടി സ്പീക്കറുമായിരുന്ന കെ. നാരായണക്കുറുപ്പിന്റെ മകൻ. കേരള കോൺഗ്രസ് (എം) ഉന്നതാധികാര സമിതി അംഗം. ബജറ്റുകളെക്കുറിച്ചുള്ള പഠനത്തിൽ പിഎച്ച്ഡി. ഭാര്യ: ഗീത. മകൾ: പാർവതി.

# പഞ്ചവടിപ്പാലം കടന്ന് മന്ത്രി പദവിയിലേക്ക്

**എ.പ്രേമാനന്ദ്**

കൊച്ചി: ഇത്തവണ കണക്കുകൂട്ടൽ പിഴച്ചില്ല, പി.രാജീവിലൂടെ എറണാകുളത്തിന് പിണറായി സർക്കാരിൽ ഇടം കണ്ടെത്താനായി. വി.കെ.ഇബ്രാഹിംകുഞ്ഞിന്റെ കോട്ടയായി കരുതപ്പെട്ട കളമശേരി പിടിക്കാൻ ഇക്കുറി സിപിഎം കളത്തിലിറക്കിയതു പാർട്ടിയുടെ സൈദ്ധാന്തികനും സംസ്ഥാന സെക്രട്ടറിയേറ്റംഗവുമായ പി. രാജീവിനെയായിരുന്നു. തൃപ്പൂണിത്തുറയിൽ എം.സ്വരാജും കളമശേരിയിൽ പി.രാജീവും-എറണാകുളം ജില്ലയിൽ സിപിഎമ്മിന്റെ അഭിമാന പോരാട്ടങ്ങളായിരുന്നു രണ്ടിടത്തും.

കളമശേരിയിൽ രാജീവ് ജയിച്ചു കയറുമോയെന്ന ആശങ്ക പ്രചാരണത്തിന്റെ തുടക്കത്തിൽ പാർട്ടിക്ക് ഉണ്ടായിരുന്നു. അതിനു കാരണം പലതായിരുന്നു. പാർലമെന്റേറിയൻ എന്ന നിലയ്ക്ക് എതിർചേരിയിൽപെട്ട രാഷ്ട്രീയ കക്ഷി നേതാക്കളുടെ പോലും പ്രശംസ പിടിച്ചു പറ്റിയ രാജീവിന് തെരഞ്ഞെടുപ്പുകൾ ബാലികേറാമലയായിരുന്നു. 2019ൽ എറണാകുളം ലോക്സഭാ തെരഞ്ഞെടുപ്പിൽ ഹൈബി ഈഡനോടും 2001ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ വടക്കേക്കരയിൽ കോൺഗ്രസിലെ എം.എ.ചന്ദ്രശേഖരനോടും തോൽവി ഏറ്റുവാങ്ങിയതു ചരിത്രം.

ഇത്തവണ തെരഞ്ഞെടുക്കപ്പെട്ടാൽ ഇടതു സർക്കാരിൽ അദ്ദേഹം മന്ത്രിയാകുമെന്ന കാര്യം ഉറപ്പായിരുന്നു. പ്രചാരണത്തിനെത്തിയ മന്ത്രി ഡോ.തോമസ് ഐസക്ക് അതു സൂചിപ്പിക്കുകയും ചെയ്തു. ഏതായാലും സ്ഥാനാർഥി മന്ത്രിയാകുമോ, ഇല്ലയോ എന്നതു മണ്ഡലത്തിൽ ഏശിയില്ല. യുഡിഎഫിന്റെ ശക്തികേന്ദ്രമെന്നു വിശേഷിപ്പിക്കാവുന്ന കളമശേരിയിൽ രാജീവിന് വിജയം നേടിക്കൊടുത്തത് പഞ്ചവടിപ്പാലമായിരുന്നു. പാലാരിവട്ടം പാലത്തിന്റെ നിർമാണത്തിൽ നടന്നതായി പറയപ്പെടുന്ന അഴിമതി തെരഞ്ഞെടുപ്പിൽ സജീവ ചർച്ചയാക്കുന്നതിൽ ഇടതുമുന്നണി വിജയിച്ചപ്പോൾ 15336 വോട്ടിന്റെ ഭൂരിപക്ഷത്തിന് പി.രാജീവ് തെരഞ്ഞെടുക്കപ്പെട്ടു.

ഇബ്രാഹിംകുഞ്ഞിന്റെ മകൻ അബ്ദുൽ ഗഫൂറിനെയാണ് പരാജയപ്പെടുത്തിയത്. അങ്ങനെ, പഞ്ചവടിപ്പാലത്തിൽ തട്ടി ഇബ്രാഹിംകുഞ്ഞിന് കാലിടറിയപ്പോൾ അതേ പാലം കയറി രാജീവ് പിണറായി മന്ത്രിസഭയിലേക്ക്....



*തെരഞ്ഞെടുപ്പ് വിജയത്തിൽ കുടുംബാംഗങ്ങളുമായി സന്തോഷം പങ്കുവയ്ക്കുന്ന പി.രാജീവ് (ഫയൽ ചിത്രം)*

## “ ഉത്തരവാദിത്വം നല്ല രീതിയിൽ വിനിയോഗിക്കും: പി.രാജീവ്

കൊച്ചി: പാർട്ടി ഏൽപ്പിക്കുന്ന ഉത്തരവാദിത്വം ജനങ്ങൾക്കും സമൂഹത്തിനും വേണ്ടി നല്ല രീതിയിൽ വിനിയോഗിക്കുമെന്ന് നിയുക്ത മന്ത്രി പി. രാജീവ്.പാർട്ടിയും മുന്നണിയും മുന്നോട്ടു വെച്ച കാഴ്ചപ്പാടുകൾക്കനുസൃതമായി പ്രവർത്തിക്കും.പുതുമുഖങ്ങളും ഇന്ന ആളുകളുമെന്നല്ല. തെരഞ്ഞെടുപ്പ് സമയത്തും പാർട്ടി എടുത്ത നിലപാട് അതാണ്.

ആരും ഒന്നിനും അനിവാര്യരല്ല.പൊതുവായി എല്ലാ കാര്യങ്ങളും നിർവഹിക്കാനാണ് സർക്കാർ ശ്രമിക്കുക.പാർട്ടിയും അങ്ങനെതന്നെയാണ്.ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ്. ഒരു കാര്യം ചെയ്യാൻ മാത്രം ഇന്നയാളുകൾ എന്ന കാഴ്ചപ്പാട് പാർട്ടിക്കില്ലെന്നും പി രാജീവ് പറഞ്ഞു. മുഖ്യമന്ത്രി എല്ലാ കാര്യങ്ങളും പരിശോധിച്ച് വകുപ്പുകൾ സംബന്ധിച്ച് ധാരണയുണ്ടാക്കും.കഴിഞ്ഞ സർക്കാരിന്റെ തുടർച്ചയായി പുതിയ കേരളം ശക്തിപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകാനാണ് ഈ സർക്കാരും ശ്രമിക്കുക.

പ്രകടന പത്രികയിൽ പറഞ്ഞ മുഴുവൻ കാര്യങ്ങളും പൂർണമായും പ്രാവർത്തികമാക്കാൻ ഒന്നാം പിണറായി വിജയൻ സർക്കാരിന് സാധിച്ചു.ഒരോ വർഷവും പ്രോഗ്രസ് കാർഡ് പുറത്തിറങ്ങി.അതിന്റെ തുടർച്ചയായി പുതിയ പ്രകടന പത്രികയുമായിട്ടാണ് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിലും ജനങ്ങളെ സമീപിച്ചത്.അത് നിർവഹിക്കുന്നതിനുവേണ്ടിയായിരിക്കും ഇത്തവണയായും ശ്രമിക്കുകയെന്നും പി.രാജീവ് പറഞ്ഞു.

### പ്രായോഗിക രാഷ്ട്രീയവും സൈദ്ധാന്തികതയും ഒത്തു ചേർന്ന നേതാവ്

സിപിഎമ്മിൽ എം.എ.ബേബിയെ പോലെ പാർട്ടിക്ക് സൈദ്ധാന്തികമായ മുഖം നൽകുന്ന ഒട്ടേറെ നേതാക്കളുണ്ട്. പി.രാജീവ് ഒരേ സമയം സൈദ്ധാന്തിക തലത്തിൽ നിലയുറപ്പിക്കുന്നതിനോടൊപ്പം, പ്രായോഗിക രാഷ്ട്രീയത്തിന്റെ വക്താവ് കൂടിയാണ്. സിപിഎം ജില്ലാ സെക്രട്ടറിയായിരുന്ന കാലയളവിൽ എറണാകുളത്ത് പാർട്ടിയെ കെട്ടിപ്പടുക്കുന്നതിൽ ഈ പ്രയോഗികതയ്ക്കാണ് മുൻഗണന നൽകിയത്.

ഏരിയാ സെക്രട്ടറി സാക്കീർ ഹുസൈനെ പോലെയുള്ള വിവാദ കഥാപാത്രങ്ങൾക്കു പിന്നിലെ ശക്തി രാജീവാണെന്ന തരത്തിലുള്ള വിമർശനങ്ങൾ എന്നുമുണ്ടായിരുന്നു. അതേസമയം, ‘എന്തു കൊണ്ട് ഇടതുപക്ഷം’, ‘കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ:സമകാലിക വായന’, ‘ഭരണഘടന, ചരിത്രവും സംസ്കാരവും’ തുടങ്ങി ഒരു ഡസനോളം പുസ്തകങ്ങൾ രചിച്ചതും രാജീവാണെന്നതു മറക്കാനാകില്ല.

പാർട്ടി മുഖപത്രത്തിന്റെ പത്രാധിപരായി അദ്ദേഹത്തെ നിയമിച്ചതും അതുകൊണ്ടു തന്നെ. അതേസമയം, പാർട്ടിക്ക് ആളും അർഥവും വേണമെന്നു കൂടി തിരിച്ചറിഞ്ഞ ബുദ്ധിജീവി!

## ഇടവേളയ്ക്ക് ശേഷം കൊച്ചിക്ക് സ്വന്തം മന്ത്രി

കൊച്ചി: വികസന പ്രവർത്തനങ്ങളിൽ വളരെ വലിയ ഒരു വഴിത്തിരിവിലെത്തി നിൽക്കുന്ന സന്ദർഭത്തിലാണ് എറണാകുളത്തിന് അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം സ്വന്തമായി ഒരു മന്ത്രിയെ ലഭിക്കുന്നത്. കഴിഞ്ഞ (2011) യുഡിഎഫ് മന്ത്രിസഭയിൽ കെ.ബാബു, വി.കെ.ഇബ്രാഹിംകുഞ്ഞ്, അനൂപ് ജേക്കബ് എന്നിങ്ങനെ മൂന്നു മന്ത്രിമാർ ജില്ലയിൽ നിന്നുണ്ടായിരുന്നെങ്കിലും 2016ൽ അധികാരമേറ്റ എൽഡിഎഫ് സർക്കാരിൽ ജില്ലയിൽ നിന്നു മന്ത്രിമാർ ആരുമുണ്ടായിരുന്നില്ല. തൃശൂരുകാരനായ മന്ത്രി വി.എസ്.സുനിൽ കുമാറിന് ജില്ലയുടെ ചുമതല നൽകിക്കൊണ്ടായിരുന്ന കഴിഞ്ഞ അഞ്ചു വർഷവും എൽഡിഎഫ് സർക്കാർ കൊച്ചിയിൽ പ്രവർത്തനങ്ങൾ ഏകോപിച്ചത്.

ജില്ലയുടെ അലകും പിടിയും വികസന വെല്ലുവിളികളും ജനങ്ങളുടെ അഭിലാഷങ്ങളുമൊക്കെ വളരെ അടുത്തറിയാവുന്ന പി.രാജീവ് മന്ത്രിയായെത്തുന്നത് നവകേരള നിർമിതിയിൽ എറണാകുളത്തെ അർഹമായ സ്ഥാനത്തേക്ക് പിടിച്ചുയർത്തുമെന്ന പ്രതീക്ഷയാണ് പൊതുവെ പങ്കുവയ്ക്കപ്പെടുന്നത്. പ്രത്യേകിച്ചും കൊവിഡ് ഉയർത്തിയ വെല്ലുവിളിയിൽ ജില്ലയിലെ സാമ്പത്തിക മേഖലയാകെ പകച്ചുനിൽക്കുന്ന പശ്ചാത്തലത്തിൽ.

വളരെ വലിയ ഒരു ഇന്നവേഷൻ ഹബ് ആയി കൊച്ചിയെ മാറ്റാനുള്ള കുടുതൽ പരഗണനയും കൊച്ചിക്ക് ലഭിക്കാൻ പുതിയ മന്ത്രിപദം വഴിതുറക്കും. കേരള ടൂറിസത്തിന്റെ പ്രധാന ഹബ് ആണ് കൊച്ചി. ഇവിടെയത്തിയശേഷമാണ് ഭൂരിഭാഗം വിനോദസഞ്ചാരികളും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോകുന്നത്. സംസ്ഥാനത്തിന്റെ ടൂറിസം സർക്യൂട്ടിൽ പ്രധാന പങ്ക് വഹിക്കുന്ന കൊച്ചിക്കായി ഭാവനാപൂർണമായ പദ്ധതികളും ആവിഷ്കരിക്കപ്പെടും.

### മികച്ച പാർലമെന്റേറിയൻ

രാജ്യാസഭാംഗമെന്ന നിലയിൽ പി.രാജീവ് കാഴ്ചവച്ച പ്രവർത്തനപാടവമാണു മന്ത്രിയെന്ന നിലയിൽ അദ്ദേഹത്തെ കുറിച്ചു പ്രതീക്ഷകൾ വളർത്തുന്നത്. 2015ൽ രാജ്യാസഭാ കാലാവധി അവസാനിച്ചപ്പോൾ നൽകിയ യാത്രയയപ്പിൽ പ്രസംഗിച്ച കേന്ദ്ര ധനമന്ത്രി അരുൺ ജെയ്റ്റ്ലിയും ഗുലാംനബി ആസാദും മായാവതിയും ഒരേ സ്വരത്തിൽ സിപിഎമ്മിനോട് ആവശ്യപ്പെട്ടതു രാജീവിന് രാജ്യസഭയിലേക്ക് വീണ്ടുമൊരു അവസരം നൽകണമെന്നായിരുന്നു.

പാർലമെന്റിന്റെ വിവിധ സമിതികളിൽ അംഗമായിരുന്നപ്പോഴും സിപിഎമ്മിന്റെ ചീഫ് വിപ്പ് എന്ന നിലയിൽ ഉപരിതലയിൽ നടത്തിയ ഇടപെടലുകളും ഏറെ ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. ഏതായാലും, വീണ്ടുമൊരു ഊഴം നൽകാനായിരുന്നില്ല പാർട്ടി തീരുമാനിച്ചത്. അദ്ദേഹത്തെ കേരളത്തിലേക്ക് തിരിച്ചു കൊണ്ടു വന്നു സംസ്ഥാന രാഷ്ട്രീയത്തിൽ സജീവമാക്കി. അതേ വർഷം സിപിഎം എറണാകുളം ജില്ലാ സെക്രട്ടറിയായി ചുമതലയേറ്റു. 2016ലെ മികച്ച പാർലമെന്റ് അംഗത്തിനുള്ള സൻസദ് രത്ന പുരസ്കാരം അദ്ദേഹത്തിനായിരുന്നു. കൊച്ചി മെട്രോയുടെ നിർമാണം ഡിഎംആർസിയെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്തു സിപിഎം സമരം നടത്തിയത് അദ്ദേഹം ജില്ലാ സെക്രട്ടറിയായി ഇരിക്കുമ്പോഴാണ്. മികച്ച പ്രഭാഷകനായ അദ്ദേഹത്തിന്റെ ശബ്ദം ഐക്യരാഷ്ട്രസഭയിൽ വരെ മുഴങ്ങിയിരുന്നു.

### വിദ്യാഭ്യാസം, കുടുംബം

തൃശൂർ ജില്ലയിൽ മാളയിലെ മേലഡൂരിൽ 1967 ജൂൺ ആറിനാണ് ജനനം. പരേതനായ പി.വാസുദേവനും രാധയുമാണ് മാതാപിതാക്കൾ. വിദ്യാർഥി, യുവജന രാഷ്ട്രീയത്തിലൂടെയാണു രംഗപ്രവേശം. ഗവ. സമിതി ഹൈസ്കൂൾ, ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളെജ്, കളമശേരി സെന്റ് പോൾസ് കോളെജ്, കളമശേരി ഗവ. പോളിടെക്നിക്, എറണാകുളം ഗവ. ലോ കോളെജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം.

എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി, ഡിവൈഎഫ്ഐ എറണാകുളം ജില്ലാ സെക്രട്ടറി, സിഐടിയു എറണാകുളം ജില്ലാ ജോയിന്റ് സെക്രട്ടറി, ദേശാഭിമാനി റസിഡന്റ് എഡിറ്റർ (2001-2010) എന്നീ നിലകളിൽ പാർട്ടിയിൽ വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് ഡയറക്ടർ ഡോ. വാണി കോസരിയാണ് ഭാര്യ, ഹൃദ്യ രാജീവും ഹരിത രാജീവും മക്കൾ.



*ബാബുക്കുട്ടനെ ഒലിപ്പുറം റെയ്ൽവേ ട്രാക്കിൽ കൊണ്ടു വന്നു തെളിവെടുപ്പു നടത്തിയപ്പോൾ.*

## ട്രെയ്ൻ കവർച്ച: ബാബുക്കുട്ടനെ മുളന്തുരുത്തിയിലെത്തിച്ചു തെളിവെടുപ്പ്

പിറവം: മുളന്തുരുത്തിയിൽ ട്രെയ്നിൽ യുവതിയെ ആക്രമിച്ചു സ്വർണ കവർച്ച നടത്തിയ പ്രതി ബാബുക്കുട്ടനെ മുളന്തുരുത്തി റെയിൽവേ സ്റ്റേഷനിലും ഒലിപ്പുറം റെയിൽവേ ട്രാക്കിലും എത്തിച്ച് തെളിവെടുപ്പു നടത്തി.രാവിലെ 11ന് ഡിവൈസ് പി കെ.എസ്. പ്രശാന്തിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം പ്രതിയെ മുളന്തുരുത്തിയിലെത്തിച്ചു. കവർച്ച നടന്ന കഴിഞ്ഞ 28നു ഗുരുവായൂർ-പുനലൂർ എക്സ്പ്രസ് ട്രെയ്ൻ മുളന്തുരുത്തി സ്റ്റേഷനിൽ എത്തിയപ്പോൾ പത്താംനമ്പർ കംപാർട്മെന്റിൽ നിന്നിറങ്ങി ഇയാൾ ഒൻപതാം നമ്പർ കംപാർട്മെന്റിലേക്ക് കയറുന്നതു കണ്ട സ്റ്റേഷൻ ജീവനക്കാരി ബാബുക്കുട്ടനെ തിരിച്ചറിഞ്ഞു.

തുടർന്ന് യുവതിയെ ട്രെയിനിൽ നിന്നും തള്ളിയിട്ട ഒലിപ്പുറം റെയിൽവേ ട്രാക്കിലും തെളിവെടുപ്പ് നടത്തി.സിഐ ക്രിസ്പിൻ സാം, എസ് ഐമാരായ അഭിലാഷ്, അരുൺ നാരായണൻ തുടങ്ങിയവരും ഒപ്പമുണ്ടായിരുന്നു.

ഏപ്രിൽ 28 നു രാവിലെ 8.45നാണു ഗുരുവായൂർ പുനലൂർ പാസഞ്ചറിൽ മുളന്തുരുത്തി സ്വദേശിനിയായ ആശാ മുരളിയെ ആക്രമിച്ച് പ്രതി സ്വർണാഭരണങ്ങളും ബാഗും കവർന്നത്.പിറവം റോഡിൽ ഒലിപ്പുറംഭാഗത്തു യുവതിയെ ട്രെയിനിൽ നിന്നു തള്ളിയിട്ടു കൊലപ്പെടുത്താൻ ശ്രമിച്ചെങ്കിലും നിസാര പരിക്കുകളോടെ യുവതി അത്ഭുതകരമായി രക്ഷപ്പെട്ടു.

സംഭവത്തെ തുടർന്ന് ഒളിവിൽ പോയ പ്രതിയെ ഒരാഴ്ചക്കുള്ളിൽ എസ്പി.എസ് രാജേന്ദ്രന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം പിടികൂടി.

# ജില്ലയിൽ കൊവിഡ് ബാധിതർ ഉയർന്നു

കൊച്ചി: ജില്ലയിൽ ഇന്നലെ 3517 പേർക്കു കൊവിഡ് സ്ഥിരീകരിച്ചു. തിങ്കളാഴ്ച 2,315 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥാനത്താണ് വീണ്ടും വർധനവ്. സമ്പർക്കം വഴി 3377 പേർക്കു രോഗം സ്ഥിരീകരിച്ചു. വിദേശം/ ഇതര സംസ്ഥാനത്ത് നിന്നെത്തിയവർ ഒൻപത്, ഉറവിടമറിയാത്തവർ- 116, ആരോഗ്യ പ്രവർത്തകർ - 15. ജില്ലയിൽ കൊവിഡ് സ്ഥിരീകരിച്ച് ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 52916 ആണ്. അതേസമയം, ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് 24.29 ആയി താഴ്ന്നു. കഴിഞ്ഞ ദിവസം ഇത് 24.75 ആയിരുന്നു. തൃപ്പൂണിത്തുറ 144, തൃക്കാക്കര 116, പള്ളുരുത്തി 101, ചേരാനല്ലൂർ 96, ചൂർണ്ണിക്കര 87, രായമംഗലം 86, ചിറ്റാറ്റുകര 85, വരാപ്പുഴ 69, കോട്ടുവള്ളി 66, വാഴക്കുളം 65, പിറവം 64,കളമശ്ശേരി 61, ഞാറക്കൽ 58, മട്ടാഞ്ചേരി 56, പുത്തൻവേലിക്കര 54, കടുങ്ങല്ലൂർ 53, ഫോർട്ട്കൊച്ചി 53, എളംകുന്നപ്പുഴ 52, കലൂർ 51, നായരമ്പലം 50 എന്നിവയാണ് കൊവിഡ് കൂടുതൽ രൂക്ഷമായ പ്രദേശങ്ങൾ.

ഇന്നലെ 6336 പേർ രോഗ മുക്തി നേടി. 2625 പേരെ കൂടി ജില്ലയിൽ പുതുതായി വീടുകളിൽ നിരീക്ഷണത്തിലാക്കി. നിരീക്ഷണ കാലയളവ് അവസാനിച്ച 4954 പേരെ നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. വീടുകളിൽ നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെ എണ്ണം 108017 ആണ്. 447 പേരെ ആശുപത്രിയിൽ/ എഫ്എൽറ്റിസിയിൽ പ്രവേശിപ്പിച്ചു. വിവിധ ആശുപ്രതികളിൽ/ എഫ് എൽ റ്റിസികളിൽ നിന്ന് 472 പേരെ ഡിസ്ചാർജ് ചെയ്തു. നിലവിൽ രോഗം സ്ഥിരീകരിച്ചു ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 49399 (ഇന്നലെ റിപ്പോർട്ട് ചെയ്ത പോസിറ്റീവ് കേസുകൾ ഉൾപ്പെടാതെ): കളമശേരി മെഡിക്കൽ കോളെജ് 164, പിവിഎസ്79, ജിഎച്ച്മൂവാറ്റുപുഴ- 37, ജിഎച്ച്എറണാകുളം- 50, ഡിഎച്ച് ആലുവ- 72, പള്ളുരുത്തി താലൂക്ക് ആശുപത്രി - 41, തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി- 45, പറവൂർ താലൂക്ക് ആശുപത്രി - 30, ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി - d, പെരുമ്പാവൂർ താലൂക്ക് ആശുപത്രി - 40, കോതമംഗലം താലൂക്ക് ആശുപത്രി - 21, കരുവേലിപ്പടി താലൂക്ക് ആശുപത്രി - 18, അമ്പലമുകൾ കൊവിഡ് ആശുപത്രി -5, സഞ്ജീവനി - 63, സ്വകാര്യ ആശുപത്രികൾ - 2512, എഫ്എൽറ്റിസികൾ 532, എസ്എൽറ്റിസികൾ- 443, ഡോമിസിലറി കെയർ സെന്റർ- 672, വീടുകൾ- 44519.



**കൊവിഡിനെ തുരത്താൻ...** *ട്രിപ്പിൾ ലോക്ഡൗണിനെ തുടർന്ന് എറണാകുളം-തൃശ്ശൂർ ജില്ലാ അതിർത്തിയായ കോട്ടപ്പുറം പാലത്തിനു സമീപം വടക്കേക്കര പൊലീസിന്റെ നേതൃത്വത്തിൽ നടത്തുന്ന വാഹന പരിശോധന.* **-മനു ഷെല്ലി**

## വൈപ്പിൻകരയിലെ കടലാക്രമണ പ്രദേശങ്ങൾ ഉദ്യോഗസ്ഥർ സന്ദർശിച്ചു

വൈപ്പിൻ: രൂക്ഷമായ കടലാക്രമണം നേരിട്ട വൈപ്പിൻകരയിലെ കടൽത്തീരങ്ങൾ ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർ സന്ദർശിച്ചു. നിയുക്ത എംഎൽഎ കെ.എൻ.ഉണ്ണികൃഷ്ണന്റെ അഭ്യർഥന പ്രകാരമാണ് ട്രിപ്പിൾ ലോക്ഡൗൺ ആയിരുന്നിട്ടും സംഘം സന്ദർശനം നടത്തിയത്. എളങ്കുന്നപ്പുഴ കടപ്പുറത്ത് കടൽഭിത്തി പുനർനിർമിക്കും. ചാപ്പക്കടപ്പുറത്ത് ജിയോ ബാഗ് സ്ഥാപിക്കും. ഞാറക്കൽ ആറാട്ടുവഴി, ഐസിഎആർ എന്നിവിടങ്ങളിൽ മണൽവാട നിർമിക്കും. തകർന്നുകിടക്കുന്ന കടൽഭിത്തി പുനർനിർമിക്കും.

തോടുകളിലേക്ക് വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനമുണ്ടാക്കും. നായരമ്പലം വെളിയത്താംപറമ്പ് തീരത്ത് തകർന്ന കടൽഭിത്തി പൂർണമായും പുനർനിർമിക്കേണ്ടിവരും. ഇവിടെ ആവശ്യമുള്ളിടത്ത് മണൽവാട നിർമിക്കും. എടവനക്കാട് അണിയൽ, പഴങ്ങാട് ബീച്ചിൽ കടൽഭിത്തി പുനർനിർമിക്കും.

കുഴുപ്പിള്ളിയിലും ചെറായി രക്തേശ്വരി ബീച്ചിലും ജിയോ ബാഗ് സ്ഥാപിക്കുകയും മണൽവാട നിർമിക്കുകയും ചെയ്യും. മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കും. ഇറിഗേഷൻ വകുപ്പ് എറണാകുളം ഡിവിഷൻ എക്സി. എൻജിനീയർ ടി.പി. സന്ധ്യ, അസി. എക്സി. എൻജിനീയർ ജി. പ്രവീൺലാൽ, അസി.എൻജിനീയർ വി.എസ്. ജയരാജൻ, ഓവർസീയർ കെ.ജെ. ജിത എന്നിവർ സംഘത്തിലുണ്ടായിരുന്നു.

## ട്രിപ്പിൾ ലോക്ഡൗണിനോട് സഹകരിച്ച് ജനങ്ങൾ

പിറവം: ട്രിപ്പിൾ ലോക്ഡൗണുമായി ജനങ്ങൾ സഹകരിച്ച് തുടങ്ങി. പിറവത്ത് പൊലീസ് വാഹന പരിശോദനകൾ കർക്കശമാക്കിയിട്ടുണ്ട്. മതിയായ രേഖകളില്ലാതെ കടന്നുവരുന്ന വാഹനങ്ങളെ തിരിച്ചയക്കുന്നുമുണ്ട്.

പോസ്റ്റ് ഓഫിസ് കവലയിലും കോട്ടയം ജില്ലാ അതിർത്തിയായ മുളക്കുളം വളപ്പിപടിയിലും വാഹനപരിശോധന കർശനമാക്കി. പിറവം നഗരസഭാ പരിധിയിൽ കൊവിഡ് ബാധിതരായി വീടുകളിൽ ഹോം ക്വാറന്റൈനിൽ കഴിയുന്നവർ, ഡൊമിസലറി കെയർ സെന്ററിൽ കഴിയുന്നവർ, പിറവം താലൂക്കാശുപത്രി, പൊലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലും എല്ലാം നഗരസഭയുടെ സമൂഹ അടുക്കളയിൽ നിന്നും പൊതിച്ചോർ നൽകുന്നുണ്ട്.

# മകനില്ലെങ്കിലും മാണിയുടെ ശിഷ്യൻ മന്ത്രിസഭയിൽ

**സൂരജ് സജി**

തൊടുപുഴ: നിയമസഭയിലേക്കുള്ള കന്നിയങ്കത്തിൽ മകന് കാലിടറിയെങ്കിലും രണ്ടാം പിണറായി സർക്കാരിന്റെ മന്ത്രിസഭയിൽ കേരളാ കോൺഗ്രസിന്റെ മുഖമാകാൻ കെ.എം. മാണിയുടെ പ്രിയശിഷ്യൻ. രണ്ട് പതിറ്റാണ്ടു മുൻപ് ഇടുക്കി പിടിക്കാൻ രാഷ്ട്രീയ ചാണക്യൻ കെ.എം.മാണി, റോഷി അഗസ്റ്റിനെന്ന മുപ്പതുകാരനെ കോട്ടയത്ത് നിന്ന് മലകയറ്റിവിടുമ്പോൾ ആരും വിചാരിച്ചു കാണില്ല ആ ചെറുപ്പക്കാരൻ ഇടുക്കിയിൽ മായ്ക്കാനാവാത്ത ചരിത്രം രചിക്കുമെന്ന്. ‘വരത്തനെന്ന്’ സ്വന്തം പാർട്ടിക്കാർ ഉൾപ്പടെ ചൊരിഞ്ഞ ആക്ഷേപങ്ങളെല്ലാം മറികടന്നത് ‘കർമം കൊണ്ടായിരുന്നു’. 2001ലെ ആദ്യ നിയമസഭ പ്രവേശനത്തിന് ശേഷം പ്രിയശിഷ്യന് പിന്നീടങ്ങോട്ട് തിരിഞ്ഞുനോക്കേണ്ടി വന്നിട്ടില്ല.

മുന്നണിസമവാക്യങ്ങൾ മാറി മറിഞ്ഞപ്പോഴും റോഷിയെ ഇടുക്കിക്കാർ ചേർത്തുപിടിച്ചു. അഞ്ചാം തവണ മത്സരത്തിനിറങ്ങിയപ്പോൾ രാഷ്ട്രീയത്തിനതീതമായ വ്യക്തിബന്ധങ്ങളാണ് കടുത്ത മത്സരത്തിലും റോഷി അഗസ്റ്റിന് തിളക്കമാർന്ന വിജയം സമ്മാനിച്ചത്. രാഷ്ട്രീയ എതിരാളികളെ ഞെട്ടിച്ച് യുഡിഎഫ് കോട്ടകളിൽ പോലും മികച്ച ഭൂരിപക്ഷം നേടാനായി. ആ ജനപിന്തുണയ്ക്കുള്ള അംഗീകാരം കൂടിയാകുകയാണ് റോഷി അഗസ്റ്റിന്റെ മന്ത്രിസ്ഥാനം. ഇടുക്കി ജില്ലയുടെ അതേപേരിലുള്ള മണ്ഡലത്തിൽ നിന്ന് ആദ്യമായി ഒരു മന്ത്രിയുണ്ടാവുന്നതും റോഷിയിലൂടെയാണെന്നതും ശ്രദ്ധേയം

### കന്നിയങ്കത്തിൽ പേരാമ്പ്രയിൽ കാലിടറി

ഇരുപത്തിയാറാം വയസിൽ പേരാമ്പ്രയിൽ നിന്നായിരുന്നു നിയമസഭയിലേക്കുള്ള കന്നിയങ്കം. അന്ന് പരാജയം സംഭവിച്ചെങ്കിലും 2001ൽ ഇടുക്കിയിൽ നിന്നും സിറ്റിങ് എംഎൽഎയെ പരാജയപ്പെടുത്തി. തുടർന്നുള്ള അഞ്ച് തെരഞ്ഞെടുപ്പുകളിലും മികച്ച ഭൂരിപക്ഷത്തോടെ വിജയം നേടാനായി. കേരളാ കോൺഗ്രസ് (എം) പാർട്ടി ഉന്നതാധികാര സമിതി അംഗവും സംസ്ഥാന ജനറൽ സെക്രട്ടറിയുമാണ്. കെ.എം.മാണി പൊതുപ്രവർത്തകർക്ക് ഒരു മാതൃക എന്ന പുസ്തകത്തിന്റെ രചയിതാവ് കൂടിയാണ് റോഷി.

### വികസനം തന്നെ നേട്ടം

കെ.എം.മാണി ധനകാര്യ വകുപ്പ് മന്ത്രിയായിരിക്കെയാണ് ഇടുക്കിയിൽ മെഡിക്കൽ കോളെജിന് അനുമതി നൽകി പ്രാരംഭ പ്രവർത്തനം ആരംഭിച്ചത്. ഇടുക്കി മെഡിക്കൽ കോളെജും പുതിയ താലൂക്കും നിരവധിയായ റോഡുകളും പാലങ്ങളും ഹൈടെക് സൗകര്യങ്ങളോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമെല്ലാം റോഷിയുടെ വികസന നേട്ടമാണ്. അതുകൊണ്ട് തന്നെ പ്രിയ എംഎൽഎ മന്ത്രിയാകുമ്പോൾ ഇടുക്കിക്കാർ ഇനിയും ഒത്തിരി പ്രതീക്ഷിക്കുന്നുണ്ട്.

### വിദ്യാർഥി രാഷ്ട്രീയത്തിലൂടെ രംഗപ്രവേശം

പാലാ ചക്കാമ്പുഴയിൽ ചെറുനിലത്തുചാലിൽ വീട്ടിൽ അഗസ്റ്റിൻ ലീലാമ്മ ദമ്പതികളുടെ മകനായി 1969 ജനുവരി 20നാണ് റോഷിയുടെ ജനനം. സ്കൂൾ വിദ്യാഭ്യാസ കാലത്തുതന്നെ ഇടക്കോലി ഗവ. ഹൈസ്കൂൾ ലീഡറായി നേതൃത്വത്തിലേക്ക് തുടക്കം. പിന്നീട് കെഎസ്സി (എം) യൂണിറ്റ് പ്രസിഡന്റായും പാലാ സെന്റ് തോമസ് കോളെജ് യൂണിറ്റ് പ്രസിഡന്റായും യൂണിയൻ ഭാരവാഹിയായും വിദ്യാർഥി രാഷ്ട്രീയത്തിലൂടെ നേതൃനിരയിലേക്കെത്തി. കേരളാ കോൺഗ്രസ് (എം)ന്റെ ഭാരവാഹിയായി. കെഎസ്സി (എം) സംസ്ഥാന പ്രസിഡന്റായിരിക്കെ അഴിമതിക്കും ലഹരിവിപത്തുകൾക്കുമെതിരേ 1995 ൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 43 ദിവസം നീണ്ടുനിൽക്കുന്ന വിമോചന പദയാത്രയും 2001 ൽ വിമോചന യാത്രയും നടത്തി ശ്രദ്ധേയമായി.

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ നേഴ്സ് ആയ റാണിയാണ് റോഷി അഗസ്റ്റിന്റെ ഭാര്യ. മൂത്തമകൾ ആൻമരിയ വാഴത്തോപ്പ് സെന്റ് ജോർജ് ഹയർസെക്കൻഡറി സ്കൂളിൽ പ്ലസ് വൺ വിദ്യാർഥിനിയാണ്.

രണ്ടാമത്തെ മകൾ എയ്ഞ്ചൽ മരിയ എട്ടാം ക്ലാസിലും ഇളയ മകൻ അഗസ്റ്റിൻ രണ്ടാം ക്ലാസിലും തിരുവനന്തപുരത്ത് പഠിക്കുന്നു.




*പാലായിലെ കെ.എം.മാണിയുടെ കല്ലറയിൽ കുടുംബസമേതം പ്രാർഥന നടത്തുന്ന നിയുക്ത മന്ത്രി റോഷി അഗസ്റ്റിൻ.*

# ഇസ്രയേലിനെ പിന്തുണച്ച് ബൈഡൻ, നെതന്യാഹുവിനെ വിളിച്ചു

വാഷിങ്ടൺ: സ്വയം പ്രതിരോധിക്കാനുള്ള ഇസ്രയേലിന്റെ അവകാശത്തെ പിന്തുണച്ച് യുഎസ് പ്രസിഡന്റ് ജോ ബൈഡൻ. ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനെ ഫോണിൽ വിളിച്ചു സംസാരിച്ച ബൈഡൻ പിന്തുണ അറിയിച്ചു. ഹമാസിന്റെ ശക്തമായ റോക്കറ്റ് ആക്രമണങ്ങൾക്കെതിരേ സ്വയം പ്രതിരോധിക്കാൻ ഇസ്രയേലിന് അവകാശമുണ്ട്. നിഷ്കളങ്കരായ ജനങ്ങളുടെ ജീവൻ രക്ഷിക്കാനുള്ള എല്ലാ ശ്രമങ്ങൾക്കും പ്രോത്സാഹനം നൽകുമെന്നു ബൈഡൻ നെതന്യാഹുവിനെ അറിയിച്ചതായി വൈറ്റ്ഹൗസ് വ്യക്തമാക്കി. ജറൂസലമിൽ സാമുദായിക സംഘർഷം അവസാനിപ്പിക്കാനും സ്ഥിതിഗതികൾ ശാന്തമാക്കാനുമുള്ള ശ്രമങ്ങളെ സ്വാഗതം ചെയ്യുന്നതായും ബൈഡൻ പറഞ്ഞു.

ഹമാസിനും മറ്റു തീവ്രവാദി ഗ്രൂപ്പുകൾക്കും എതിരായ ഇസ്രയേലിന്റെ സൈനിക നടപടികളുടെ പുരോഗതിയും ഇരു നേതാക്കളും വിലയിരുത്തി. വെടിനിർത്തലിനെ പിന്തുണയ്ക്കുന്നതായും അദ്ദേഹം ധരിപ്പിച്ചു. ഇതിനായി ഈജിപ്റ്റും മറ്റു പങ്കാളികളുമായി യുഎസ് ഇടപെട്ടു നടത്തുന്ന ശ്രമങ്ങളെക്കുറിച്ചും സംസാരിച്ചതായി വൈറ്റ്ഹൗസ് കൂട്ടിച്ചേർക്കുന്നു.

ഒരാഴ്ചക്കിടെ മൂവായിരത്തിലേറെ റോക്കറ്റാക്രമണങ്ങൾ ഹമാസ് നടത്തിയിട്ടുണ്ട്. ഇസ്രയേലിലെ പകുതിയിലേറെ ജനങ്ങൾ ഷെൽറ്റർ ഹൗസുകളിലാണ്. അതേസമയം, നൂറുകണക്കിനു വ്യോമാക്രമണങ്ങൾ ഗാസയിൽ ഇസ്രയേലും നടത്തി. ഇരുനൂറിലേറെ പലസ്തീനികൾ ഇസ്രയേലിന്റെ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടിട്ടുണ്ടെന്നാണ് ഗാസയിൽ നിന്നുള്ള റിപ്പോർട്ടുകൾ. ഹമാസിന്റെ റോക്കറ്റാക്രമണങ്ങളിൽ ഇസ്രേലികളും മരിച്ചിട്ടുണ്ട്.

ഇതിനിടെ, യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ ഇസ്രേലി വിദേശകാര്യ മന്ത്രി ഗാബി അഷ്കെനാസിയുമായി സംസാരിച്ചു. ആക്രമണങ്ങൾ അവസാനിപ്പിക്കാനുള്ള യുഎസ് ശ്രമങ്ങൾ ഇരുവരും ചർച്ച ചെയ്തു. ഇസ്രയേലും പലസ്തീൻ അഥോറിറ്റിയുമായി യുഎസ് തുടർന്നും ബന്ധപ്പെട്ടു കൊണ്ടിരിക്കുമെന്ന് ബ്ലിങ്കൻ പറയുന്നു.

ഇസ്രയേൽ, പലസ്തീൻ നേതാക്കളുമായി ബൈഡൻ സംസാരിച്ചിട്ടുണ്ടെന്ന് വൈറ്റ്ഹൗസ് പ്രസ് സെക്രട്ടറി ജെൻ സാക്കി വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഹമാസ് ഇസ്രയേലിൽ റോക്കറ്റാക്രമണങ്ങൾ നടത്തുന്നത് അവസാനിപ്പിക്കണം. തീവ്രവാദികളുടെ ആക്രമണങ്ങളെ പ്രതിരോധിക്കാൻ ഇസ്രയേലിന് എല്ലാ അവകാശവുമുണ്ട്- സാക്കി വ്യക്തമാക്കി. മാധ്യമ പ്രവർത്തകർ ആക്രമിക്കുന്നതു തടയണമെന്നും അവരുടെ സുരക്ഷ ഉറപ്പുവരുത്തണമെന്നും ബൈഡൻ നെതന്യാഹുവിനോട് ആവശ്യപ്പെട്ടതായും സാക്കി. അക്രമം കുറയ്ക്കുകയാണ് ബൈഡൻ ഭരണകൂടത്തിന്റെ ലക്ഷ്യമെന്നും അവർ.

# മൃതദേഹ നിമജ്ജനം തടയാൻ യുപി സർക്കാർ മതാചാര്യമാരുടെ സഹായം തേടി



ലക്നൗ: നദികളിൽ മൃതദേഹങ്ങൾ ഉപേക്ഷിക്കുന്നതു തടയാൻ ഉത്തർപ്രദേശ് സർക്കാർ മത നേതാക്കളുടെ സഹായം തേടി. ഗംഗാ, യമുനാ നദികളിലേക്ക് വൻതോതിൽ മൃതദേഹങ്ങൾ ഉപേക്ഷിക്കപ്പെട്ടത് അന്താരാഷ്ട്ര മാധ്യമങ്ങളിലും വാർത്തയായതിനെത്തുടർന്നാണിത്. നദീതീരത്ത് സംസ്കരിക്കുന്നതും മൃതദേഹം നദിയിൽ ഉപേക്ഷിക്കുന്നതും പരിസ്ഥിതിക്കു ദോഷം ചെയ്യുമെന്നു മുഖ്യമന്ത്രി യോഗി ആദിത്യനാഥ് കഴിഞ്ഞദിവസം ചേർന്ന ഉദ്യോഗസ്ഥരുടെ യോഗത്തിൽ വ്യക്തമാക്കിയിരുന്നു.

ഇതു തടയാനും ബോധവത്കരണത്തിനും നടപടിയെടുക്കാനും അദ്ദേഹം നിർദേശിച്ചു. തുടർന്നാണു മതാചാര്യന്മാരുമായി ചർച്ച നടത്താനും അവരുടെ സഹായം തേടാനും തീരുമാനിച്ചത്. സംസ്ഥാന ദുരന്ത നിവാരണ സേനയോടും പ്രവിശ്യാ സായുധ സേനാ വിഭാഗത്തോടും നദിയിൽ നിരന്തരം പട്രോളിങ് നടത്താൻ നിർദേശിച്ചിട്ടുണ്ട് മുഖ്യമന്ത്രി. സംസ്കാരം അന്തസോടെ നടക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും പണമില്ലാത്തവർക്ക് സർക്കാർ സഹായം നൽകണമെന്നും ജില്ലാ കലക്റ്റർമാരോട് മുഖ്യമന്ത്രി നിർദേശിച്ചു. സംസ്കാരത്തിനു പണമില്ലെങ്കിൽ പൊലീസിനെ അറിയിച്ചാൽ സൗകര്യം ഏർപ്പെടുത്തുമെന്നും അടിയന്തരസഹായമായി 5000 രൂപ അനുവദിക്കുമെന്നും പ്രഖ്യാപിച്ചിരുന്നു യോഗി ആദിത്യനാഥ്. എന്നാൽ, ചില വിശ്വാസങ്ങളുടെ ഭാഗമായി ഗംഗയിൽ മൃതദേഹങ്ങൾ ഉപേക്ഷിക്കുന്നത് ഇപ്പോഴും പലരും തുടരുന്നത് കണക്കിലെടുത്താണ് മതനേതാക്കളുടെ സഹായം തേടിയത്.

## ചുഴലി: മുബൈയിൽ റെക്കോഡ് മഴ

മുംബൈ: ടൗട്ടെ ചുഴലിക്കാറ്റിന്റെ ഫലമായി മുംബൈയിൽ പെയ്തത് മേയ് മാസത്തിലെ റെക്കോഡ് മഴ. 230 എംഎം മഴയാണ് ഇന്നലെ രാവിലെ 8.30ന് അവസാനിച്ച 24 മണിക്കൂറിൽ പെയ്തതെന്നു കണക്കുകൾ. മുംബൈയിൽ മേയ് മാസത്തിൽ ഇതിനു മുൻപ് ഇത്രയും മഴ ലഭിച്ചിട്ടില്ലെന്ന് കാലാവസ്ഥാ വിദഗ്ധർ പറയുന്നു.

സാന്താക്രൂസ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ 230.3 എംഎം മഴ രേഖപ്പെടുത്തി; കൊളാബയിൽ 207.6 എംഎം മഴയും. കാലാവസ്ഥാ കേന്ദ്രത്തിന്റെ കണക്കുകൾ പ്രകാരം 204.5 എംഎമ്മിൽ കൂടുതൽ മഴ പെയ്താൽ അത് അതിതീവ്ര മഴയായി കണക്കാക്കും. തിങ്കളാഴ്ച മുംബൈയിലും സമീപ പ്രദേശങ്ങളിലും അതിശക്തമായ കാറ്റും ഉണ്ടായിരുന്നു.

# രോഗബാധിതർ കുറഞ്ഞു, മരണസംഖ്യയിൽ റെക്കോഡ്

ന്യൂഡൽഹി: രാജ്യത്ത് ഒരു ദിവസം രേഖപ്പെടുത്തുന്ന കൊവിഡ് മരണസംഖ്യ ഏറ്റവും ഉയർന്ന നിലയിൽ. ഇന്നലെ കേന്ദ്ര ആരോഗ്യ മന്ത്രാലയം പുതുക്കിയ കണക്കിൽ അവസാന 24 മണിക്കൂറിൽ രേഖപ്പെടുത്തിയത് 4,329 മരണം. അതേസമയം, പ്രതിദിന രോഗബാധ 28 ദിവസത്തെ കുറഞ്ഞ നിലയിലെത്തി. 2.63 ലക്ഷം പേരാണ് അവസാന ദിവസം പോസിറ്റീവായത്. ഏപ്രിൽ 20ന് 2.59 ലക്ഷം കേസുകൾ കണ്ടെത്തിയ ശേഷം ഇതാദ്യമായാണ് പ്രതിദിന രോഗബാധ ഇത്രയും കുറയുന്നത്. അതേസമയം, അവസാന ദിവസം 4.22 ലക്ഷത്തിലേറെ പേർ രോഗമുക്തരായി. ഒരു ദിവസം നാലു ലക്ഷത്തിലേറെ പേർ രോഗമുക്തി നേടുന്നത് രാജ്യത്ത് ഇതാദ്യം.

തുടർച്ചയായി രണ്ടാം ദിവസമാണ് പുതിയ കേസുകൾ മൂന്നു ലക്ഷത്തിൽ താഴെയാവുന്നത്. അവസാന 24 മണിക്കൂറിൽ 2,63,533 പേർക്കാണു പുതുതായി വൈറസ് കണ്ടെത്തിയതെന്ന് ആരോഗ്യ മന്ത്രാലയത്തിന്റെ കണക്കുകൾ. തിങ്കളാഴ്ച 18.69 ലക്ഷത്തിലേറെ സാംപിളുകൾ പരിശോധിച്ചപ്പോഴാണിത്. ഉയർന്ന നിലയിൽ പരിശോധന നടന്നിട്ടും കേസുകൾ കുറഞ്ഞത് രണ്ടാം തരംഗത്തിന്റെ മൂർധന്യാവസ്ഥ പിന്നിട്ടെന്നാണു വ്യക്തമാക്കുന്നത്. ഏറ്റവും കൂടുതൽ പുതിയ കേസുകൾ കർണാടകയിലാണ്- 38,603. തമിഴ്നാട്ടിൽ 33,075 പേർക്കു കൂടി രോഗം സ്ഥിരീകരിച്ചു.

ആക്റ്റിവ് കേസുകൾ വീണ്ടും കുറഞ്ഞ് 33.53 ലക്ഷത്തിലെത്തിയിട്ടുണ്ട്. ഒരു ലക്ഷത്തിലേറെ ആക്റ്റിവ് കേസുകളുള്ള എട്ടു സംസ്ഥാനങ്ങളാണ് ഇപ്പോഴുള്ളത്. കർണാടക, മഹാരാഷ്ട്ര, കേരളം, തമിഴ്നാട്, ഉത്തർപ്രദേശ്, ആന്ധ്രപ്രദേശ്, രാജസ്ഥാൻ, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളിലായാണ് ആക്റ്റിവ് കേസുകളുടെ 69 ശതമാനവും.

റിക്കവറി നിരക്ക് 85.60 ശതമാനമായി ഉയർന്നിട്ടുണ്ട്. 1.10 ശതമാനമാണ് മരണനിരക്ക്. രാജ്യത്തെ ഇതുവരെയുള്ള മരണസംഖ്യ 2,78,719. ഇതുവരെ രോഗം ബാധിച്ചവർ 2.52 കോടി പിന്നിട്ടു. ഇതിൽ 2.16 കോടിയോളം പേർ രോഗമുക്തരായി. കേസുകൾ ക്രമമായി കുറയുമ്പോഴും മരണസംഖ്യയിൽ കുറവു വരുന്നില്ല എന്നതാണ് ആശങ്കാജനകമായി തുടരുന്നത്. മഹാരാഷ്ട്രയിൽ ആയിരം പേരുടെ മരണമാണ് ഒരു ദിവസത്തിനിടെ രേഖപ്പെടുത്തിയത്. കർണാടകയിൽ 476, ഡൽഹിയിൽ 340, തമിഴ്നാട്ടിൽ 335, ഉത്തർപ്രദേശിൽ 271, ഉത്തരഖണ്ഡിൽ 223, പഞ്ചാബിൽ 191, രാജസ്ഥാനിൽ 157, ഛത്തിസ്ഗഡിൽ 149, പശ്ചിമ ബംഗാളിൽ 147, ഹരിയാനയിൽ 114, ആന്ധ്രയിൽ 109 പേർ വീതം മരിച്ചു.

മഹാരാഷ്ട്രയിലെ ഇതുവരെയുള്ള മരണം 82,486 ആയി. കർണാടകയിൽ 22,313, ഡൽഹിയിൽ 21,846, തമിഴ്നാട്ടിൽ 18,005, ഉത്തർപ്രദേശിൽ 17,817, പശ്ചിമ ബംഗാളിൽ 13,431, പഞ്ചാബിൽ 12,086, ഛത്തിസ്ഗഡിൽ 11,883 പേർ വീതം ഇതുവരെ മരിച്ചിട്ടുണ്ട്.

## ഐഎംഎ മുൻ പ്രസിഡന്റ് കൊവിഡ് ബാധിച്ചു മരിച്ചു

ന്യൂഡൽഹി: പത്മശ്രീ പുരസ്കാര ജേതാവും ഐഎംഎ മുൻ പ്രസിഡന്റും പ്രമുഖ കാർഡിയോളജിസ്റ്റുമായ ഡോ. കെ.കെ. അഗർവാൾ (62) കൊവിഡ് ബാധിച്ചു മരിച്ചു. തിങ്കളാഴ്ച രാത്രി ഡൽഹി എയിംസിലായിരുന്നു അന്ത്യം. കുറച്ചുനാളായി ചികിത്സയിലായിരുന്ന ഇദ്ദേഹം ഒരാഴ്ചയായി വെന്റിലേറ്ററിലായിരുന്നു. ജനങ്ങളിൽ ആരോഗ്യ അവബോധം വളർത്തുന്നതിനും പൊതുജനാരോഗ്യ ക്ഷേമത്തിനു വേണ്ടിയും പ്രവർത്തിച്ചിരുന്ന അഗർവാളിന്റെ നിര്യാണത്തിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാൾ അനുശോചനം രേഖപ്പെടുത്തി.

നിരവധി വിഡിയോകളിലൂടെയും വിദ്യാഭ്യാസ പരിപാടികളിലൂടെയും ജനങ്ങളിൽ ആരോഗ്യ അവബോധം വളർത്താൻ യത്നിച്ച അഗർവാൾ കൊവിഡിനെതിരായ പ്രചാരണ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. ഇദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഹാർട്ട് കെയർ ഫൗണ്ടേഷൻ കൊവിഡ് സംബന്ധമായ വിഡിയോകൾ തുടർച്ചയായി അപ് ലോഡ് ചെയ്തിരുന്നു. ഡോ. ബി.സി. റോയ് പുരസ്കാരവും ഇദ്ദേഹം നേടിയിട്ടുണ്ട്.

## ലിവിങ് ടുഗദർ അംഗീകരിക്കാനാവില്ലെന്ന് കോടതി

ചണ്ഡീഗഢ്: വിവാഹം കഴിക്കാതെ ഒരുമിച്ചു താമസിക്കുന്ന ലിവിങ് ടുഗദർ ബന്ധം സാമൂഹികമായും ധാർമികയും അംഗീകരിക്കാനാവില്ലെന്നു പഞ്ചാബ്- ഹരിയാന ഹൈക്കോടതി.

മാതാപിതാക്കളിൽ നിന്നും ബന്ധുക്കളിൽ നിന്നും സംരക്ഷണം ആവശ്യപ്പെട്ട് പത്തൊമ്പതുകാരി ഗുൽസാകുമാരിയും ഇരുപത്തിരണ്ടുകാരൻ ഗുർവീന്ദർ സിങ്ങും സമർപ്പിച്ച ഹർജി തള്ളിക്കൊണ്ടാണ് വിധി.

വൈകാതെ വിവാഹിതരാകാനാണു തങ്ങളുടെ തീരുമാനമെന്നും അതുവരെ ജീവനു സംരക്ഷണം നൽകണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം.

എന്നാൽ, ലിവിങ് ടുഗദറിന് അംഗീകാരം നൽകാനാണ് ഇവർ ആവശ്യപ്പെടുന്നതെന്നും അത് സാമൂഹികമായും ധാർമികമായും അംഗീകരിക്കാനാവില്ലെന്നും ജസ്റ്റിസ് മദൻ വ്യക്തമാക്കുകയായിരുന്നു.

## രണ്ടാം തരംഗത്തിൽ 270 ഡോക്റ്റർമാർ മരിച്ചു

ന്യൂഡൽഹി: കൊവിഡ് രണ്ടാം തരംഗത്തിൽ രോഗം ബാധിച്ച 270 ഡോക്റ്റർമാർ മരിച്ചിട്ടുണ്ടെന്ന് ഐഎംഎ. കഴിഞ്ഞ ദിവസം അന്തരിച്ച ഡോ. കെ.കെ. അഗർവാൾ ഉൾപ്പെടെയാണിത്. ബിഹാറിൽ മാത്രം 78 ഡോക്റ്റർമാരാണ് കൊവിഡ് ബാധിച്ചു മരിച്ചത്. ഉത്തർപ്രദേശിൽ 37, ഡൽഹിയിൽ 29, ആന്ധ്രയിൽ 22 പേർ വീതം മരിച്ചെന്നും ഐഎംഎ കണക്കുകൾ.

കൊവിഡ് ഒന്നാം തരംഗത്തിൽ 748 ഡോക്റ്റർമാർക്കാണ് ജീവൻ നഷ്ടപ്പെട്ടത്. രണ്ടാം തരംഗം കൂടുതൽ അപകടകരമാണെന്നും ഐഎംഎ പ്രസിഡന്റ് ഡോ. ജെ.എ. ജയലാൽ പറഞ്ഞു.

## ഇന്ത്യയിൽ കണ്ടെത്തിയ വകഭേദങ്ങളെയും മോഡേണ ഫൈസർ വാക്സിനുകൾ ചെറുക്കും




വാഷിങ്ടൺ: ഇന്ത്യയിൽ തീവ്രവ്യാപനം തുടരുന്ന കൊറോണ വൈറസ് വകഭേദങ്ങളെയും ഫൈസറിന്റെയും മോഡേണയുടെയും വാക്സിനുകൾ പ്രതിരോധിക്കുമെന്നു യുഎസ് ശാസ്ത്രജ്ഞരുടെ പഠനം. ന്യൂയോർക്ക് സർവകലാശാലയുടെ ഗ്രോസ്മാൻ സ്കൂൾ ഒഫ് മെഡിസിനിലെയും ലാംഗോൺ സെന്ററിലെയും ഗവേഷകർ നടത്തിയ ലബോറട്ടറി പരിശോധനയിലാണ് ഇക്കാര്യം കണ്ടെത്തിയത്. പുതിയ വകഭേദങ്ങളോട് ഈ വാക്സിനുകൾ മൂലം രൂപപ്പെടുന്ന ആന്റിബോഡികൾക്ക് അൽപ്പം കരുത്തു കുറവാണ്. എങ്കിലും ഇവയ്ക്ക് രോഗത്തെ ചെറുക്കാനാകുമെന്നു ഗവേഷകർ.

രണ്ടു ഡോസ് വാക്സിൻ സ്വീകരിച്ചവരുടെ രക്തത്തിൽ നിന്ന് ആന്റിബോഡി വേർതിരിച്ചായിരുന്നു പരീക്ഷണം. B.1.617, B.1.618 എന്നീ വകഭേദങ്ങളാണ് ഇന്ത്യയിൽ കണ്ടെത്തിയിട്ടുള്ളത്.

# നാരദ: അറസ്റ്റിലായ മന്ത്രിമാർ ആശുപത്രിയിൽ

**■ മുകുൾ റോയിക്കെതിരേ തെളിവില്ലെന്നു സിബിഐ**

ന്യൂഡൽഹി, കോൽക്കത്ത: നാരദ വെളിപ്പെടുത്തലുകളുമായി ബന്ധപ്പെട്ട് പശ്ചിമ ബംഗാളിൽ സിബിഐ അറസ്റ്റ് ചെയ്ത മന്ത്രിമാരുൾപ്പെടെ നാലു തൃണമൂൽ കോൺഗ്രസ് നേതാക്കളെയും ആശുപത്രികളിലേക്കു മാറ്റി. മന്ത്രി സുബ്രത മുഖർജി, എംഎൽഎ മദൻ മിത്ര, കോൽക്കത്ത മുൻ മേയർ സോവൻ ചാറ്റർജി എന്നിവരെ സംസ്ഥാന സർക്കാരിനു കീഴിലുള്ള എസ്എസ്കെഎം ആശുപത്രിയിലാണു പ്രവേശിപ്പിച്ചത്. ഫിർഹാദ് ഹക്കീമിന് പനിബാധിച്ചതിനെത്തുടർന്ന് പ്രസിഡൻസി കറക്ഷനൽ ഹോമിലെ ചികിത്സാ കേന്ദ്രത്തിലേക്കു മാറ്റി.

ശ്വാസതടസം നേരിട്ടതിനെത്തുടർന്നാണു ചാറ്റർജിയെയും മിത്രയെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഇരുവർക്കും കൃത്രിമമായി ഓക്സിജൻ നൽകി. മുഖർജിക്ക് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെത്തുടർന്ന് ആശുപത്രിയിൽ പരിശോധന നടത്തിയെങ്കിലും അദ്ദേഹത്തിന്റെ തന്നെ നിർദേശ പ്രകാരം സിബിഐ കസ്റ്റഡിയിലേക്കു മടങ്ങി. എന്നാൽ, വൈകിട്ടു വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

നാരദ ന്യൂസിന്റെ ഒളി ക്യാമറ വെളിപ്പെടുത്തലുകളുമായി ബന്ധപ്പെട്ട് ഞായറാഴ്ച രാവിലെയാണ് തൃണമൂൽ നേതാക്കളെ അറസ്റ്റ് ചെയ്തത്. വൈകിട്ട് പ്രത്യേക സിബിഐ കോടതി ഇവർക്കു ജാമ്യം അനുവദിച്ചിരുന്നു. എന്നാൽ, രാത്രി കൽക്കട്ട ഹൈക്കോടതി ഇവരുടെ ജാമ്യം റദ്ദാക്കി ജുഡീഷ്യൽ കസ്റ്റഡിയിൽ വിടുകയായിരുന്നു.

അതേസമയം, കേസിൽ പ്രതികളായ മുകുൾ റോയ്, ലോക്സഭാംഗം അപാരുപ പൊഡ്ഡാർ എന്നിവർക്കെതിരേ തെളിവു ലഭിച്ചിട്ടില്ലെന്നു സിബിഐ അധികൃതർ പറഞ്ഞു. ആർക്കും ക്ലീൻ ചിറ്റ് നൽകിയിട്ടില്ല. അന്വേഷണം തുടരുകയാണ്. സുവേന്ദു അധികാരി, സൗഗത റോയ്, കകോല് ഘോഷ് ദസ്തിദാർ എന്നിവർ കേസ് രജിസ്റ്റർ ചെയ്യുന്ന കാലത്ത് എംപിമാരായിരുന്നെന്നും അതിനാൽ ലോക്സഭാ സ്പീക്കറുടെ അനുമതിക്ക് കത്തു നൽകിയിട്ടുണ്ടെന്നും സിബിഐ.

## ചിദംബരം ഉൾപ്പെട്ട കേസിന്റെ നടപടികൾക്കു സ്റ്റേ

ന്യൂഡൽഹി: കോൺഗ്രസ് നേതാവ് പി. ചിദംബരവും മകൻ കാർത്തിയും ഉൾപ്പെട്ട ഐഎൻഎക്സ് മീഡിയ അഴിമതിക്കേസിൽ വിചാരണക്കോടതി നടപടികൾ ഡൽഹി ഹൈക്കോടതി സ്റ്റേ ചെയ്തു. കുറ്റാരോപിതർക്ക് രേഖകൾ നൽകാനുള്ള വിചാരണക്കോടതിയുടെ ഉത്തരവിനെതിരേ സിബിഐ സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് സുരേഷ് കുമാർ കെയ്ത്തിന്റെ ഉത്തരവ്. വിഷയത്തിൽ ചിദംബരം അടക്കമുള്ളവരിൽ നിന്ന് കോടതി പ്രതികരണം ആരാഞ്ഞിട്ടുണ്ട്.

ചിദംബരം ധനമന്ത്രിയായിരുന്ന കാലത്ത് (2007ൽ) ഐഎൻഎക്സ് മീഡിയ ഗ്രൂപ്പിന് 305 കോടി രൂപ വിദേശ ഫണ്ടു വാങ്ങാൻ വിദേശ നിക്ഷേപക പ്രോത്സാഹന ബോർഡിന്റെ അനുമതി ലഭ്യമാക്കിയതിൽ ക്രമക്കേടുകൾ നടന്നുവെന്നാണ് സിബിഐ രജിസ്റ്റർ ചെയ്ത കേസ്. 2017 മേയ് 15നാണു കേസ് രജിസ്റ്റർ ചെയ്തത്. ഇതിനു പിന്നാലെ എൻഫോഴ്സ്മെന്റ് ഡയറക്റ്ററേറ്റ് കള്ളപ്പണം വെളുപ്പിച്ചതിനും കേസെടുത്തിരുന്നു. കേസിൽ നേരത്തേ അറസ്റ്റിലായിരുന്ന ചിദംബരവും മറ്റു കുറ്റാരോപിതരും ഇപ്പോൾ ജാമ്യത്തിലാണ്. 2019 ഓഗസ്റ്റിൽ സിബിഐയും അതേവർഷം ഒക്റ്റോബറിൽ ഇഡിയും ചിദംബരത്തെ അറസ്റ്റ് ചെയ്തിരുന്നു.

# കൊവാക്സിൻ കുട്ടികളിൽ പരീക്ഷിക്കുന്നു



ന്യൂഡൽഹി: രണ്ടു മുതൽ 18 വരെ വയസ് പ്രായമുള്ള കുട്ടികളിൽ ഉടൻ കൊവാക്സിൻ

പൂർണമായും ഇന്ത്യൻ നിർമിതമായ കൊവാക്സിൻ ഹൈദരാബാദ് ആസ്ഥാനമായ ഭാരത് ബയോടെക്കും ഇന്ത്യൻ കൗൺസിൽ ഒഫ് മെഡിക്കൽ റിസർച്ചും (ഐസിഎംആർ) ചേർന്നാണു വികസിപ്പിച്ചത്. ഇന്ത്യയിൽ രൂക്ഷമായ രണ്ടാംതരംഗത്തിൽ കണ്ടെത്തിയ പുതിയ വകഭേദങ്ങളെയും കൊവാക്സിൻ പ്രതിരോധിക്കുമെന്നു പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. മൂന്നാംതരംഗം കുട്ടികളെയായിരിക്കും ബാധിക്കുക എന്ന മുന്നറിയിപ്പ് വന്നതിനു പിന്നാലെയാണ് രണ്ടു മുതൽ 18 വരെ വയസ് പ്രായമുള്ളവരിൽ വാക്സിൻ പരീക്ഷിക്കാനുള്ള തീരുമാനം.

സിംഗപ്പൂരിൽ കണ്ടെത്തിയ പുതിയ വകഭേദം കുട്ടികളെ മാരകമായി ബാധിക്കുമെന്നും ഇവിടെ നിന്നുള്ള വിമാനങ്ങൾ അടിയന്തരമായി നിർത്തിവയ്ക്കണമെന്നും ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ ഇന്നലെ ആവശ്യപ്പെട്ടിരുന്നു.

# മുഴുവൻ പേർക്കും വാക്സിൻ നൽകിയാൽ 10 ലക്ഷം സമ്മാനം

**■ പഞ്ചാബിലെ ഗ്രാമത്തലവന്മാർക്ക് മുഖ്യമന്ത്രിയുടെ വാഗ്ദാനം**

ചണ്ഡിഗഡ്: മുഴുവൻ പേർക്കും കൊവിഡ് 19 പ്രതിരോധ കുത്തിവയ്പ്പ് ഉറപ്പാക്കുന്ന ഗ്രാമങ്ങൾക്ക് 10 ലക്ഷം രൂപ സമ്മാനം പ്രഖ്യാപിച്ചു പഞ്ചാബ് മുഖ്യമന്ത്രി ക്യാപ്റ്റൻ അമരീന്ദർ സിങ്. പ്രത്യേക വികസനഗ്രാന്റായാണു തുക നൽകുക. 2000 പഞ്ചായത്ത് അധ്യക്ഷന്മാരും നാലായിരത്തോളം അംഗങ്ങളും പങ്കെടുത്ത വെർചൽ സംവാദത്തിലാണ് കൊവിഡ് പ്രതിരോധ കുത്തിവയ്പ്പിന് പ്രോത്സാഹനം പകരുന്ന പ്രഖ്യാപനം.

ചെറിയ ലക്ഷണങ്ങളുള്ളവരെ പോലും പരിശോധനയ്ക്കു വിധേയരാകാൻ പ്രേരിപ്പിക്കണമെന്ന് പഞ്ചായത്ത് പ്രസിഡന്റുമാരോടു മുഖ്യമന്ത്രി അഭ്യർഥിച്ചു. ഗ്രാമത്തിലുള്ളവരുടെ ചികിത്സാ ആവശ്യങ്ങൾക്കായി പഞ്ചായത്ത് ഫണ്ടിൽ നിന്ന് പ്രസിഡന്റിന് ദിവസം 5000 രൂപ വരെ ചെലവഴിക്കാം. വിമുക്ത ഭടന്മാരുടെ ഉൾപ്പെടെ സേവനം ഉറപ്പാക്കി പ്രത്യേക മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിക്കാനും ബോധവത്കരണം നടത്താനും പ്രസിഡന്റുമാർ നേതൃത്വം നൽകണമെന്നും മുഖ്യമന്ത്രി.

## മുൻ കേന്ദ്രമന്ത്രി ചമൻ ലാൽ ഗുപ്ത അന്തരിച്ചു



ജമ്മു: പ്രമുഖ ബിജെപി നേതാവും മുൻ കേന്ദ്രമന്ത്രിയുമായ ചമൻ ലാൽ ഗുപ്ത (87) അന്തരിച്ചു. ദീർഘകാലമായി അസുഖബാധിതനായിരുന്ന ഇദ്ദേഹം അടുത്തിടെ കൊവിഡ് മുക്തനായിരുന്നു. മേയ് അഞ്ചിന് കൊവിഡ് സ്ഥിരീകരിച്ച ഗുപ്തയെ നാരായണ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചികിത്സ കഴിഞ്ഞ് ഞായറാഴ്ചയാണ് വസതിയിൽ തിരിച്ചെത്തിയത്. ആരോഗ്യ നില പെട്ടെന്നു മോശമാവുകയും ഇന്നലെ പുലർച്ചെ 5.10ന് അന്തരിക്കുകയുമായിരുന്നുവെന്ന് കുടുംബാംഗങ്ങൾ പറഞ്ഞു.

1934 ഏപ്രിൽ 13ന് ജമ്മുവിൽ ജനിച്ച ഗുപ്ത ജമ്മു കശ്മീരിൽ പാർട്ടിയുടെ പ്രധാന നേതാവായിരുന്നു. അഞ്ചു ദശകക്കാലം നീണ്ട രാഷ്ട്രീയ പ്രവർത്തനം. 1972ൽ ആദ്യമായി ജമ്മു കശ്മീർ നിയമസഭയിലെത്തി. 2008 മുതൽ 2014 വരെയും നിയമസഭാംഗമായിരുന്നു. 1996ൽ പതിനൊന്നാം ലോക്സഭയിലേക്ക് ഉധംപുരിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ടു. 1998ലും 1999ലും വീണ്ടും വിജയിച്ചു.

വാജ്പേയി സർക്കാരിൽ വിവിധ വകുപ്പുകളുടെ സഹമന്ത്രിയായിരുന്നു. രണ്ടു തവണ ബിജെപി സംസ്ഥാന അധ്യക്ഷനായിട്ടുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദി അടക്കം സമുന്നത നേതാക്കൾ അനുശോചനം രേഖപ്പെടുത്തി.

## ബംഗ്ലാദേശിലെ ഉന്നത സൈനികന് മിംസിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ



*ഡോ. സജിത്തിനൊപ്പം മേജർ ഷഫീഖ്*

കോഴിക്കോട്: ബംഗ്ലാദേശ് കരസേനാ മേജർ സയ്യിദ് ഷാഫികൽ ഇംദാദ് (51) കോഴിക്കോട് ആസ്റ്റർ മിംസിൽ വിജയകരമായ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു ശേഷം സുഖം പ്രാപിക്കുന്നു. രണ്ടുവർഷത്തോളമായി ഗുരുതര വൃക്കരോഗ ബാധിതനായ ഇദ്ദേഹം 27നാണ് ശസ്ത്രക്രിയയ്ക്കു വിധേയനായത്.

"അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ ഉന്നത നിലവാരമുള്ള സൗകര്യങ്ങൾ ബംഗ്ലാദേശിൽ കുറവായതിനാലാണ് ഇന്ത്യയിൽ ശസ്ത്രക്രിയ നടത്താൻ തീരുമാനിച്ചത്. ബോംബെയിലോ ഡൽഹിയിലോ നിർവഹിക്കാമെന്നായിരുന്നു ആദ്യത്തെ തീരുമാനം. എന്നാൽ കൊവിഡ് വ്യാപനത്തിന്റെ തീവ്രത ആ പ്രദേശങ്ങളെ ബാധിച്ചപ്പോഴാണ് ദക്ഷിണേന്ത്യയിലെ സൗകര്യങ്ങളെക്കുറിച്ച് അന്വേഷിച്ചത്. തുടർന്ന് ആസ്റ്റർ മിംസിനെക്കുറിച്ച് അറിയുകയും, ശസ്ത്രക്രിയ ഇവിടെ ചെയ്യാൻ തീരുമാനിക്കുകയുമായിരുന്നു"- മേജർ ഇംദാദ് പറഞ്ഞു.

യാത്രാസൗകര്യങ്ങൾ പുനഃസ്ഥാപിക്കപ്പെടുകയാണെങ്കിൽ ഈ മാസം അവസാനത്തോടെ തന്നെ അദ്ദേഹത്തിന് ബംഗ്ലാദേശിലേക്ക് തിരികെ പോകാൻ സാധിക്കുമെന്ന് ശസ്ത്രക്രിയയ്ക്കു നേതൃത്വം വഹിച്ച ഡോ. സജിത്ത് നാരായണൻ പറഞ്ഞു. ഡോ. രവികുമാർ കരുണാകരൻ, ഡോ. എൻ.എ. ഇസ്മയിൽ, ഡോ. ഫിറോസ് അസീസ്, ഡോ. അഭയ് ആനന്ദ്, ഡോ. സുർദാസ് എന്നിവരും പങ്കാളിത്തം വഹിച്ചു.

# ഇസ്രയേലിന് ആയുധങ്ങൾ വിൽക്കാൻ യുഎസ്



വാഷിങ്ടൺ: ഇസ്രയേലിന് 735 ദശലക്ഷം ഡോളറിന്റെ സൈനികായുധങ്ങൾ വിൽക്കാൻ ബൈഡൻ ഭരണകൂടം അനുമതി നൽകിയതായി റിപ്പോർട്ടുകൾ. ഇസ്രയേൽ- ഹമാസ് സംഘർഷം രൂക്ഷമായി നിൽക്കുന്നതിനിടെയാണിത്. ആയുധ വിൽപ്പനക്കാര്യം അമെരിക്കൻ പാർലമെന്റിനെ അറിയിച്ചിട്ടുണ്ട്. സംഘർഷ സാഹചര്യത്തിൽ ഇസ്രയേലിന് ആയുധങ്ങൾ നൽകുന്നതിൽ പാർലമെന്റ് അംഗങ്ങൾക്കിടയിൽ എതിർപ്പുയരുന്നുണ്ടെങ്കിലും കോൺഗ്രസ് (പാർലമെന്റ്) ഭരണകൂടത്തിന്റെ തീരുമാനം തള്ളിക്കളയാനിടയില്ലെന്നാണു ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ആയുധ വിൽപ്പന തടയാൻ കോൺഗ്രസിന് നിയമപ്രകാരം കഴിയും. എന്നാൽ, ഇത്തരം ആയുധ വിൽപ്പനകൾ പരിശോധിക്കുന്ന യുഎസ് കോൺഗ്രസിന്റെ വിദേശകാര്യബന്ധ സമിതികൾ എതിർപ്പുയർത്താറില്ലെന്നാണു ചൂണ്ടിക്കാണിക്കുന്നത്. ഡെമൊക്രറ്റുകളായാലും റിപ്പബ്ലിക്കൻമാരായാലും ഇസ്രയേലിനു ശക്തമായ പിന്തുണ നൽകുന്നവരുമാണ്. പുരോഗമനവാദികളായ ചില ഡെമൊക്രറ്റുകളാണ് ഇപ്പോൾ ആയുധവിൽപ്പനക്കെതിരേ രംഗത്തുവരുന്നത്. എന്നാൽ, അതിന് പാർലമെന്റിലെ ബഹുഭൂരിപക്ഷത്തെ സ്വാധീനിക്കാനാവില്ലെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ഏപ്രിലിൽ ആയുധങ്ങൾ നൽകാനുള്ള പദ്ധതിയാണ് കോൺഗ്രസിനു മുന്നിലുള്ളതെന്നാണു റിപ്പോർട്ടുകൾ.

മെട്രോ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1196 എടവം 05 1442ശവ്വാൽ 07
ബുധൻ 19 മേയ് 2021

## പുതുമുഖ മന്ത്രിമാർ പുതിയ പ്രഭാതം

പുത്തൻ യുഗത്തിന് പുതുശോഭ നൽകാൻ പുതുമുഖങ്ങളെ അണിനിരത്തി ഇടതുമുന്നണി നയിക്കുന്ന സിപിഎമ്മും മന്ത്രിസഭയുടെ നായകൻ പിണറായി വിജയനും പുതിയൊരു പരീക്ഷണം കേരളത്തിനു മുന്നിൽ അവതരിപ്പിക്കുകയാണ്. ഈ തീരുമാനത്തെ സന്ദേഹത്തോടെ സമീപിക്കാമെങ്കിലും, സർഗാത്മകമായ ചുവടുവയ്പ്പായി കാണുന്നപക്ഷം ആശങ്കയ്ക്ക് സാംഗത്യമില്ലെന്നു വ്യക്തമാകും. ആരെല്ലാം ഇല്ല എന്ന ഗവേഷണത്തിനപ്പുറം, പുതുതായി വരുന്ന പതിനേഴ് പേർ എന്തുചെയ്യുന്നു എന്ന് കാണാനുള്ള അവസരമാണ് കൈവന്നിരിക്കുന്നത്. തുടർഭരണമെന്നത് പിണറായി വിജയന്റെ മന്ത്രിസഭ തുടരുന്നു എന്ന അർഥത്തിൽ മാത്രമല്ല കാണേണ്ടത് എന്നതാണ് ഈ മന്ത്രിസഭാ രൂപവത്കരണം വ്യക്തമാക്കുന്നത്. വരുംനാളുകളിലും കേരളത്തിൽ സിപിഎം നയിക്കുന്ന ഇടതുമുന്നണി തന്നെ ഭരിക്കണമെന്ന കാഴ്ചപ്പാടുകൂടി ഈ തീരുമാനത്തിനു പിന്നിൽ കാണാം. പാർട്ടിയിലും ഭരണത്തിലുമുള്ള പിണറായി വിജയന്റെ സ്വാധീനശക്തിയാണ് ഇത്തരമൊരു പരീക്ഷണം നടത്താൻ അദ്ദേഹത്തിന് ശക്തിപകർന്നിരിക്കുന്നത്.

ഉദാരവത്കരണ യുഗത്തിൽ പുതിയൊരു കേരളത്തെ മാതൃകയായി അവതരിപ്പിക്കുന്നതിൽ ഒന്നാം പിണറായി വിജയൻ മന്ത്രിസഭ വിജയിച്ചെങ്കിൽ അത് സിപിഎം മുന്നോട്ടുവയ്ക്കുന്ന നയസമീപനങ്ങളിൽ ഉറച്ചു നിന്നുകൊണ്ടായിരുന്നു. കേന്ദ്രത്തിൽ ഭരിക്കുന്നത് എൻഡിഎയായാലും യുപിഎയായാലും അവർ പിന്തുടരുന്ന നയങ്ങളോട് സന്ധി ചെയ്യുന്നത് ഇടതുപക്ഷത്തെ ശിഥിലമാക്കുമെന്ന് സ്വാനുഭവത്തിൽ നിന്ന് സിപിഎമ്മിന് വ്യക്തമായിട്ടുണ്ട്. മൂലധനശക്തികളോട് ചേർന്നു നിന്നുകൊണ്ടുള്ള വികസനമാതൃകകളല്ല, ജനപക്ഷത്തു നിന്നുള്ള വികസന സങ്കൽപ്പങ്ങളാണ് യാഥാർഥ്യമാക്കേണ്ടത് എന്ന ബോധ്യത്തോടെയാണ് ചില ബദൽ മാതൃകകൾ കഴിഞ്ഞ സർക്കാർ പരീക്ഷിച്ചത്. സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസം മുതൽ ഹൈവേ നിർമാണം വരെയുള്ള പ്രവൃത്തികളിൽ കേരളം തനതു ശൈലി സ്വീകരിച്ചു വിജയം വരിച്ചത് മറ്റു സംസ്ഥാനങ്ങളും രാഷ്ട്രീയ പ്രതിയോഗികളും നിരീക്ഷകരും ശ്രദ്ധിച്ചിട്ടുണ്ട്. പിണറായി വിജയന്റെ ജനകീയതയും ഭരണപാടവവും ലോകത്തിനു വെളിപ്പെടുത്തുന്ന സന്ദർഭങ്ങൾ ഓഖിയായും നിപയായും പ്രളയമായും കൊവിഡായും വന്നുചേരുകയും ചെയ്തു.

പശ്ചിമ ബംഗാളിലും ത്രിപുരയിലും ഇടതുപക്ഷത്തിനു ലഭിച്ച തിരിച്ചടി കേരളത്തിൽ ഉണ്ടായിക്കൂടാ എന്ന നിഷ്കർഷ യുവാക്കളെ കൈപിടിച്ചുയർത്തുന്ന ഈ തീരുമാനത്തിൽ കാണാൻ കഴിയും. സിപിഎമ്മും സിപിഐയും ഇക്കാര്യത്തിൽ യോജിച്ച നയം സ്വീകരിച്ചതും കേവലം യാദൃച്ഛികമല്ല. സ്ഥാനാർഥി നിർണയത്തിലെ മാനദണ്ഡം മുതൽ വ്യക്തമായ ലക്ഷ്യം ഇരുകൂട്ടർക്കും ഉണ്ടായിരുന്നു. ശക്തമായ യുവനിരയെ വളർത്തിയെടുത്തില്ല എന്നതായിരുന്നു ബംഗാളിൽ സംഭവിച്ച പിഴവുകളിലൊന്ന്. പാർട്ടിയും ഭരണവും യുവാക്കൾ ഏറ്റെടുത്തു നടത്തുന്നതിന് പല പ്രയോജനങ്ങളുണ്ട്. മാമൂലുകളുടെ ചരടുകളില്ലാതെ ധീരമായും ജനഹിതമറിഞ്ഞും തീരുമാനങ്ങൾ കൈക്കൊള്ളാൻ യുവമന്ത്രിമാർക്ക് സാധിക്കുമെന്നതാണ് പ്രധാനം. പുതിയ കാലത്തിെ സ്പന്ദനങ്ങൾ എളുപ്പത്തിൽ ഉൾക്കൊള്ളാനും തുറന്ന മനസ്സോടെ പ്രശ്നങ്ങളെ സമീപിക്കാനും അവർക്കു സാധിക്കും. നിയുക്ത മന്ത്രിമാരിൽ പലരും പൊതുമണ്ഡലത്തിൽ പ്രവർത്തന പരിചയമുള്ളവരാണ്. മുഖ്യമന്ത്രിയെ കൂടാതെ കെ. രാധാകൃഷ്ണൻ, കെ. കൃഷ്ണൻകുട്ടി, എ.കെ. ശശീന്ദ്രൻ എന്നിവർ മാത്രമാണ് മുൻപ് മന്ത്രിമാരായിരുന്നത്. മറ്റുള്ളവരെല്ലാം വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരാണ്.

ഈ നിർണായക തീരുമാനത്തോടെ മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാനത്തിന്റെ രാഷ്ട്രീയ മുഖച്ഛായ തന്നെ മാറ്റുകയാണ്. യുവാക്കൾക്ക് മുൻതൂക്കമുള്ള മന്ത്രിസഭ മറ്റു രാഷ്ട്രീയ പാർട്ടികളെയും മാറി ചിന്തിക്കാൻ പ്രേരിപ്പിക്കും. നിലവിൽ എൻഡിഎയിലെ കക്ഷികൾക്കു മാത്രമാണ് യുവനേതൃത്വമുള്ളത്. മൂന്നു വനിതകളെ മന്ത്രിമാരാക്കുന്നു എന്നതാണ് മറ്റൊരു സവിശേഷത. കേരളത്തിൽ ഇന്നേവരെ ലഭിച്ചിട്ടില്ല ഇത്തരമൊരു പ്രാതിനിധ്യം. കഴിഞ്ഞ മന്ത്രിസഭയിൽ രണ്ട് വനിതകളാണുണ്ടായിരുന്നത്. സിപിഐ കൂടി വനിതയെ മന്ത്രിയാക്കിയപ്പോൾ സ്ത്രീപക്ഷ നിലപാടുകൾക്ക് കൂടുതൽ ശക്തി ലഭിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. ആരോഗ്യ മന്ത്രി കെ.കെ. ശൈലജ തുടരുമെന്നാണ് കരുതപ്പെട്ടിരുന്നത്. നിപ, കൊവിഡ് പ്രതിരോധ നടപടികളിലൂടെ കേരളത്തിന്റെയാകെ ആദരം നേടിയെടുത്ത ശൈലജയുടെ അർപ്പണബോധവും കർമധീരതയും സംസ്ഥാനത്തിന് മറക്കാൻ സാധിക്കുന്നതല്ല. ആ ശൈലി പുതിയ വനിതാ മന്ത്രിമാരിൽ നിന്ന് കേരളം പ്രതീക്ഷിക്കുന്നുണ്ട്.

പാർട്ടിയുടെയും മുന്നണിയുടെയും ജനങ്ങളുടെയും ക്യാപ്റ്റനായ മുഖ്യമന്ത്രി പിണറായി വിജയൻ ഈ തുടർഭരണത്തിൽ മുന്നോട്ടുവയ്ക്കുന്ന കർമ പദ്ധതികളുടെ ഊന്നൽ മന്ത്രിസഭാ രൂപവത്കരണത്തോടെ വ്യക്തമായിരിക്കുന്നു. നിയമസഭയിൽ സർക്കാരിന്റെ കാര്യങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എം.ബി. രാജേഷിന്റെ സാന്നിധ്യവും സഹായിക്കും. ചടുലമായ മാറ്റത്തിലേക്കു നീങ്ങുമ്പോൾ അത് വെറും എടുത്തുചാട്ടമായിരുന്നില്ലെന്ന് തെളിയിക്കാൻ മുഖ്യമന്ത്രിക്കും ടീമിനും സാധിക്കട്ടെ.

# സഭാനാഥനായി പാലക്കാടിന്റെ എം.ബി.ആർ

**സച്ചിൻ വള്ളിക്കാട്**

പാലക്കാട്: പതിനഞ്ചാമത് നിയമസഭയുടെ 23 മത് സ്പീക്കറായി സിപിഎമ്മിന്റെ യുവനേതാവ് എം.ബി. രാജേഷെത്തും. തൃത്താലയിൽ നിന്ന് അട്ടിമറി ജയത്തോടെയാണ് രാജേഷ് നിയമസഭയിലെത്തുന്നത്.

സിപിഎം സംസ്ഥാന കമ്മിറ്റിയംഗമായ രാജേഷ് ഒറ്റപ്പാലം എൻഎസ്എസ് കോളെജിൽ എസ്എഫ്ഐ യൂണിറ്റ് സെക്രട്ടറിയായാണ് സംഘടനാ പ്രവർത്തനം തുടങ്ങിയത്. സാമ്പത്തികശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും തിരുവനന്തപുരം ലോ അക്കാഡമിയിൽനിന്ന് നിയമബിരുദവും. എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി, ഡിവൈഎഫ്ഐ സംസ്ഥാന പ്രസിഡന്റ്, അഖിലേന്ത്യാ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. 2009ലും 2014ലും പാലക്കാട് നിന്ന് പാർലമെന്റ് അംഗമായി.

പാർലമെന്റിൽ പാലക്കാടിന്റെ ശബ്ദം മാത്രമല്ല, കേരളത്തിന്റെ ആകെ ശബ്ദമായി മാറാൻ കഴിഞ്ഞു. സമരസംഘടനാ പ്രവർത്തനം കരുത്താക്കി വളർന്നുവന്ന നേതാവ്, എസ്എഫ്ഐ സംസ്ഥാന സെക്രട്ടറിയായിരിക്കെ പൊലീസിന്റെ ക്രൂരമർദനത്തിനിരായായി. മുത്തങ്ങയിൽ ആദിവാസികൾക്കുനേരെ എ.കെ. ആന്റണിയുടെ പൊലീസ് നടത്തിയ അക്രമത്തിൽ പ്രതിഷേധിച്ച് നടത്തിയ വിദ്യാർഥി സമരത്തിലും പൊലീസ് മർദനത്തിനിരയായി.

പാർലമെന്റിൽ ആയിരത്തോളം ചോദ്യം ചോദിച്ച് റെക്കോഡ് തീർത്ത രാജേഷ് ഇനി നിയമസഭയിൽ അംഗങ്ങളോട് ചേദ്യം ചോദിക്കാൻ ആവശ്യപ്പെടും. മികച്ച പാർലമെന്റേറിയൻ കൂടിയായ രാജേഷ് ബ്രിട്ടീഷ് വിദേശകാര്യവകുപ്പ് തെരഞ്ഞെടുത്ത ഏഴ് പാർലമെന്റംഗങ്ങളിൽ ഒരാളായിരുന്നു.

## ശ്രീരാമകൃഷ്ണന്റെ പിൻഗാമി

സ്ഥാനമൊഴിയുന്ന സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ സഞ്ചരിച്ച അതേ വഴികളിലൂടെയാണ് എം.ബി. രാജേഷും സഞ്ചരിച്ചത് എന്നത് കാലം കാത്തുവച്ച കൗതുകം. ഒറ്റപ്പാലം എൻഎസ്എസ് കോളെജിൽ എസ്എഫ്ഐ നേതാവായിരുന്ന പി.ശ്രീരാമകൃഷ്ണന്റെ പിൻഗാമിയായിട്ടാണ് എം.ബി രാജേഷ് വിദ്യാർഥി രാഷ്ട്രീയ നേതൃത്വം ഏറ്റെടുക്കുന്നത്.

ശ്രീരാമകൃഷ്ണൻ പാലക്കാട് എസ്എഫ്ഐ പ്രസിഡന്റ് സ്ഥാനത്തെത്തിയപ്പോൾ എം.ബി രാജേഷ് ജില്ലാകമ്മറ്റിയംഗം. .ശ്രീരാമകൃഷ്ണൻ സംസ്ഥാന നേതൃത്വത്തിലേക്ക് എത്തിയപ്പോൾ രാജേഷ് എസ്എഫ്ഐ ജില്ലാ പ്രസിഡന്റായി. ഡിവൈഎഫ്ഐ നേതൃസ്ഥാനങ്ങളിലും ഇരുവരും ഒന്നിച്ച് പ്രവർത്തിച്ചു. ഡിവൈഎഫ്ഐ ദേശീയ പ്രസിഡന്റ് ആയി ശ്രീരാമകൃഷ്ണന് ശേഷം എം.ബി രാജേഷ് ആയിരുന്നു എത്തിയത്. ഒടുവിൽ സംസ്ഥാന നിയമസഭയിലെ സ്പീക്കർ സ്ഥാനത്തും എം.ബി രാജേഷ് പി. ശ്രീരാമകൃഷ്ണന്റെ പിൻഗാമിയായി.

## ചിഞ്ചുറാണിയിലൂടെ ചരിത്രം തിരുത്തി സിപിഐ

**അദ്വൈത് ഹരിപ്പാട്**

ഹരിപ്പാട്: ചടയമംഗലത്തു നിന്നു തെരഞ്ഞെടുക്കപ്പെട്ട സിപിഐ ദേശീയ കൗൺസിൽ അംഗം കൂടിയായ ജെ. ചിഞ്ചുറാണിയെ മന്ത്രിസഭയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചതോടെ അറുപത് വർഷത്തെ ഇടവേളയ്ക്കു ശേഷം ഒരിക്കൽക്കൂടി ഒരു വനിത മന്ത്രിയെ കൂടി കേരളത്തിനു ലഭിച്ചു.

വിദ്യാർഥി-യുവജന സംഘടനാ പ്രവർത്തകയായിരിക്കെ നിരവധി പ്രക്ഷോഭ സമരങ്ങൾക്ക് നേതൃത്വം നൽകിയ ചിഞ്ചുറാണി 92ൽ എഐവൈഎഫ് നേതൃത്വത്തിൽ കാസർകോട് നിന്നു തിരുവനന്തപുരത്തേക്ക് നടത്തിയ വനിതാ മാർച്ചിന്റെ മുഖ്യസംഘാടക എന്ന നിലയിലാണ് സംസ്ഥാന നേതൃനിരയിലേക്ക് വന്നത്.

1957ൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് മന്ത്രിസഭയിൽ ചേർത്തലയിൽ നിന്ന് നെൽക്കതിർ അരിവാൾ അടയാളത്തിൽ വിജയിച്ച കെ.ആർ. ഗൗരിയമ്മയെ സിപിഐ റവന്യൂ വകുപ്പ് മന്ത്രിയാക്കി. ഇതേ ചിഹ്നത്തിൽ മത്സരിച്ചു വിജയിച്ച ചിഞ്ചുറാണിയെ ഇപ്പോൾ മന്ത്രിയാക്കിയതിലൂടെ പാർട്ടി പുതുചരിത്രം സൃഷ്ടിച്ചിരിക്കുന്നു.

1957ലെ സർക്കാരിൽ മുസ്‌ലിം വനിതയെ ഡെപ്യൂട്ടി സ്പീക്കറായി തീരുമാനിച്ച് പിളർപ്പിനു മുൻപു തന്നെ സിപിഐ ചരിത്രത്തിലിടം നേടി. കായംകുളത്തു നിന്നും വിജയിച്ച കെ.ഒ. അയിഷാ ബായിയാണ് അന്ന് ഡെപ്യൂട്ടി സ്പീക്കറായത്. അയിഷാ ബായിക്കു ശേഷം ഒരു പിന്നാക്ക സമുദായാംഗത്തെ ഡെപ്യൂട്ടി സ്പീക്കറാക്കിയതും, സംസ്ഥാനത്തു നിന്ന് ആദ്യമായി ഒരു പിന്നാക്ക സമുദായംഗമായ വനിതയെ പാർലമെന്റിലേക്ക് അയച്ചതും സിപിഐയാണ്. പാർട്ടിയുടെ പ്രമുഖ മഹിളാ നേതാവായിരുന്ന ഭാർഗവി തങ്കപ്പനാണ് ഈ അപൂർവ നേട്ടത്തിനുടമ. സംസ്ഥാനത്ത് നടന്ന ആദ്യ ഉപതെരഞ്ഞെടുപ്പിൽ പീരുമേട്ടിൽ നിന്നു റോസമ്മ പുന്നൂസിനെ മത്സരിപ്പിച്ച് വിജയിപ്പിച്ചും സിപിഐ ചരിത്രത്താളുകളിൽ ഇടംനേടി.





*ഗൗരിയമ്മ, അയിഷാ ബായ്, ചിഞ്ചുറാണി*

# ടീച്ചർ പിൻബെഞ്ചിലേക്കു പോയതിനു കാരണങ്ങളേറെ

**ദീപു മറ്റപ്പള്ളി**

കണ്ണൂർ: മട്ടന്നൂരിൽ നിന്ന് ഒന്നാം റാങ്കോടെ നിയമസഭയിലെത്തിയ കെ.കെ. ശൈലജയെ തഴഞ്ഞത് വിശ്വസിക്കാൻ കഴിയാതെ നിൽക്കുകയാണ് മട്ടന്നൂരിലെ പാർട്ടി അണികളും പ്രവർത്തകരും. സോഷ്യൽ മീഡിയകളിലും ശൈലജയ്ക്കു വേണ്ടി അണികളുടെ മുറവിളിയാണ്. ഇ.പി. ജയരാജനു ശേഷം പിണറായി മന്ത്രിസഭയിൽ നിന്നു തഴയപ്പെടുന്ന കണ്ണൂരിലെ രണ്ടാമത്തെ പ്രമുഖ നേതാവായി ശൈലജ മാറി.

ഇന്നലെ സംസ്ഥാന കമ്മറ്റി ചേരുന്നതിന് മുൻപ് വരെ ശൈലജ മന്ത്രിയായി തുടരുമെന്നായിരുന്നു വാർത്തകൾ. എന്നാൽ, സിപിഎം സംസ്ഥാന സെക്രട്ടറി എ. വിജയരാഘവന്റെ ഭാര്യ കൂടിയായ പ്രൊഫ. ആർ. ബിന്ദു, വീണ ജോർജ് എന്നിവരെയാണു വനിതകളിൽ നിന്നു മന്ത്രിമാരാക്കിയത്. ശൈലജയെപ്പോലെ പ്രവർത്തന പരിചയവും ജനപിന്തുണയുമുള്ള ആളെ മാറ്റിനിർത്തിയതിലെ ലോജിക് പാർട്ടി പ്രവർത്തകരിൽ പലർക്കും ദഹിക്കുന്നില്ല.

സിപിഎമ്മിലെ മറ്റു മന്ത്രിമാരെക്കുറിച്ചൊന്നും ആർക്കും കാര്യമായ എതിർപ്പില്ല. എന്നാൽ, ശൈലജയെ പുറത്തിരുത്താനുണ്ടായ തീരുമാനത്തിന് പാർട്ടി കനത്ത വില നൽകേണ്ടിവരുമെന്നാണ് രാഷ്ട്രീയ നിരീക്ഷകരുടെ വിലയിരുത്തൽ. ഈ തീരുമാനത്തിനെതിരെ സിപിഎം ദേശീയ നേതാക്കളും രംഗത്തെത്തിയിട്ടുണ്ട്.

പാർട്ടി നേതാക്കളുടെ രണ്ടു ബന്ധുക്കളാണ് ഇത്തവണ മന്ത്രിസഭയിലുള്ളത്. മുഖ്യമന്ത്രിയുടെ മകളുടെ ഭർത്താവ് മുഹമ്മദ് റിയാസും എൽഡിഎഫ് കൺവീനറും സിപിഎം ആക്റ്റിങ് സെക്രട്ടറിയുമായ എ. വിജയരാഘവന്റെ ഭാര്യ ബിന്ദുവും. ബന്ധുക്കൾ എന്നതിനെക്കാൾ ഇരുവരും പാർട്ടി നേതാക്കൾ എന്ന നിലയിൽ തന്നെയാണ് അറിയപ്പെടുന്നതും പ്രവർത്തിക്കുന്നതും. എന്നാൽ, താഴേത്തട്ടിലുള്ള അണികളെയും അനുഭാവികളെയും അക്കാര്യം ബോധ്യപ്പെടുത്താൻ പാർട്ടിക്കു പാടുപെടേണ്ടിവരും.

മട്ടന്നൂരിൽ നിന്ന് മുഖ്യമന്ത്രിയെക്കാൾ മികച്ച ഭൂരിപക്ഷത്തിലാണ് ശൈലജ ജയിച്ചത്. നേരത്തെ ശൈലജയ്ക്കു സീറ്റ് നിഷേധിക്കാനോ തിരുവനന്തപുരത്തെ ഏതെങ്കിലും മണ്ഡലത്തിലേക്കു മാറ്റാനോ നീക്കം നടന്നിരുന്നുവെങ്കിലും കണ്ണൂരിലെ പാർട്ടിയിലുണ്ടായ ഭിന്നത കാരണമാണ് അതു നടക്കാതെ പോയത്. കണ്ണൂർ മണ്ഡലത്തിൽ നിന്ന് രാമചന്ദ്രൻ കടന്നപ്പള്ളിക്ക് പകരം മത്സരിപ്പിക്കാനും ആലോചനകൾ നടന്നിരുന്നു.

സ്വർണക്കടത്ത് ഉൾപ്പെടെയുള്ള ആരോപണങ്ങൾ മുഖ്യമന്ത്രിയെ വരിഞ്ഞുമുറുക്കിയപ്പോൾ കെ.കെ. ശൈലജയുടെ പേരാണ് പാർട്ടി ദേശീയ നേതൃത്വത്തിൽ പോലും പകരക്കാരിയായി പറഞ്ഞുകേട്ടിരുന്നത്.

പി.കെ. ശ്രീമതിക്കു ശേഷമാണ് സിപിഎം കേന്ദ്ര കമ്മിറ്റിയംഗമായ കെ.കെ. ശൈലജ എൽഡിഎഫ് മന്ത്രിസഭയിൽ ആരോഗ്യമന്ത്രിയായി ചുമതലയേൽക്കുന്നത്. കെ.ആർ. ഗൗരിയമ്മയ്ക്കും സുശീല ഗോപാലനും ശേഷം സിപിഎമ്മിലെ ഏറ്റവും മികച്ച വനിതാ നേതാവെന്നു വിശേഷിപ്പിക്കപ്പെട്ട ശൈലജ, ഭാവി മുഖ്യമന്ത്രിയായിപ്പോലും വിലയിരുത്തപ്പെട്ടിരുന്നു.

## വൈകാരികമായി എടുക്കേണ്ട: കെ.കെ. ശൈലജ

തിരുവനന്തപുരം: മന്ത്രിസഭയിൽ പുതിയ തലമുറ വരുന്നത് സ്വാഗതാർഹമാണെന്നു കെ.കെ.ശൈലജ. പാർട്ടിയുടെ തീരുമാനത്തിൽ സന്തോഷമുണ്ട്. തന്നെ എംഎൽഎയാക്കിയതും മന്ത്രിയാക്കിയതും പാർട്ടിയാണ്. പുതിയ തലമുറയ്ക്ക് അവസരം കിട്ടുമ്പോൾ അവർ നന്നായി പ്രവർത്തിക്കും. സ്വതന്ത്രരായി പ്രവർത്തിക്കാൻ കഴിയുന്നവരാണ് നിയുക്ത മന്ത്രിമാരെന്നും ശൈലജ പറഞ്ഞു.

കഴിഞ്ഞ മന്ത്രിസഭയിലുണ്ടായിരുന്ന ആരും പുതിയ മന്ത്രിസഭയിലില്ല. കൊവിഡ് പ്രവർത്തനം താൻ മാത്രം നടത്തിയതല്ല. സർക്കാരിന്റെ ടീം വർക്കായിരുന്നു. ഒരുപാട് ആരോഗ്യപ്രവർത്തകരും ഉദ്യോഗസ്ഥരും ചേർന്നാണ് കൊവിഡ് പ്രതിരോധ പ്രവർത്തനം നടത്തിയത്. മന്ത്രിസഭയിൽ താൻ മാത്രമല്ല മികച്ച പ്രവർത്തനം നടത്തിയത്, മന്ത്രിസഭയാകെ നല്ല പ്രവർത്തനം നടത്തിയിട്ടുണ്ട്. അതിൽ ആരോഗ്യമന്ത്രിയെന്ന നിലയിൽ പങ്കുവഹിച്ചു.

മന്ത്രിസഭയിൽ ഉൾപ്പെടുത്താത്തതിനെ ആരും വൈകാരികമായെടുക്കേണ്ടെന്ന് കെ.കെ. ശൈലജ പറഞ്ഞു. പാർട്ടി തീരുമാനിച്ചതുകൊണ്ടാണ് മന്ത്രിയായത്. ചെയ്ത കാര്യങ്ങളിൽ പൂർണതൃപ്തിയുണ്ട്. പാർട്ടി കാര്യങ്ങളിൽ ഇത് സാധാരണമാണ്. വ്യക്തിയല്ല, സംവിധാനമാണ് പ്രവർത്തിക്കുന്നത്. അതിന് നേതൃത്വം നൽകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും കെ.കെ. ശൈലജ കൂട്ടിച്ചേർത്തു.

**പുതിയ തലമുറയിൽ വിശ്വാസം, അവർ നന്നായി പ്രവർത്തിക്കും**



സംഘർഷഭരിതമായ അഞ്ച് വർഷമായിരുന്നു കടന്നുപോയത്. മന്ത്രിയെന്ന നിലയിൽ കഴിവിന്റ പരമാവധി പരിശ്രമിച്ചു. ജനങ്ങളുടെ പിന്തുണയുണ്ടായി. വ്യക്തിക്കല്ല മന്ത്രിസഭയ്ക്കാണ് പിന്തുണ ലഭിച്ചത്. മന്ത്രിസ്ഥാനത്തുനിന്നും ഒഴിവാക്കിയതിൽ സമൂഹമാധ്യമങ്ങളിൽ പലരും സങ്കടം പങ്കുവയ്ക്കുന്നകാര്യം മാധ്യമങ്ങൾ ചൂണ്ടിക്കാട്ടിയപ്പോൾ അതിന്റെ ആവശ്യമില്ലെന്നും, ഏതു പ്രശ്നമായാലും അഭിപ്രായ പ്രകടനം വരുന്നത് സ്വാഭാവികമാണെന്നും അവർ പറഞ്ഞു.

ജനങ്ങൾക്കു സ്നേഹം ഉണ്ടെന്നത് സന്തോഷകരമാണ്. എന്നാൽ, പാർട്ടി മന്ത്രിയാക്കിയതുകൊണ്ടാണ് തനിക്കു പ്രവർത്തിക്കാൻ കഴിഞ്ഞത്. മന്ത്രിമാരോടെല്ലാം സ്നേഹം ഉള്ളതുകൊണ്ടാണ് സർക്കാർ അധികാരത്തിൽ വന്നുതെന്നും കെ.കെ. ശൈലജ പറഞ്ഞു.

# താളം തെറ്റിയ കൊവിഡ് കരുതലും മുൻകരുതലും

ഇന്ത്യയിലാദ്യമായി കൊവിഡ് റിപ്പോർട്ട് ചെയ്തത് ചൈനയിലെ വുഹാനിൽ നിന്ന് കേരളത്തിലെത്തിയ ഒരു വിദ്യാർഥിനിയിലായിരുന്നു, 2020 ജനുവരി 30ന്. അതിനു മുമ്പുതന്നെ കേരളം കൊവിഡ് പ്രതിരോധ തയാറെടുപ്പും ആരംഭിച്ചിരുന്നു. കേരളത്തിലെ ആരോഗ്യ രംഗത്തെ മികവും, നിപ്പ രോഗബാധയെ കൈകാര്യം ചെയ്തതിലൂടെ ലഭിച്ച പരിചയസമ്പത്തും കേരളത്തെ ഏറെ സഹായിച്ചു.

കൊറോണ വൈറസ് ഇന്ത്യയിൽ പടർന്ന് തുടങ്ങിയ 2020 ജനുവരിയിൽ തന്നെ നമ്മുടെ ആരോഗ്യ രംഗം അതീവ ജാഗ്രതാ നിർദേശം നൽകുകയുണ്ടായി. ഇന്ത്യയിലെ ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന ഇന്ത്യൻ പബ്ലിക്ക് ഹെൽത്ത് അസോസിയേഷൻ, ഇന്ത്യൻ അസോസിയഷൻ ഓഫ് പ്രിവന്റീവ് ആൻഡ് സോഷ്യൽ മെഡിസിൻ, ഇന്ത്യൻ അസോസിയഷൻ ഓഫ് എപ്പിഡമോളജിസ്റ്റ് എന്നിവർ സംയുക്തമായി 2020 മെയിൽ ഇന്ത്യയിൽ സാമൂഹ്യവ്യാപനം ഉണ്ടതായി സർക്കാരിനെ അറിയിച്ചു. പക്ഷെ സർക്കാർ ഈ രംഗത്തെ വിദഗ്ധരുടെ റിപ്പോർട്ട് തള്ളുകയും സാമൂഹ്യവ്യാപനമില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ലോക്ക് ഡൗണല്ല, പകരം ക്ലസ്റ്ററുകളായി കർശന നിയന്ത്രണമായിരുന്നു വേണ്ടിയിരുന്നത്. ഇതിനു ചെവികൊടുക്കാതെ ഒടുവിൽ പ്രഖ്യാപിക്കേണ്ട ലോക്ക് ഡൗൺ ആദ്യമേ പ്രഖ്യാപിച്ചു. അതോടെ ഇന്ത്യയുടെ സാമ്പത്തിക രംഗം തകർന്നു.

മാർച്ച് 24നു മാത്രമാണ് ഇന്ത്യയിലേയ്ക്കുള്ള വിമാനങ്ങൾ വിദേശത്തു നിന്ന് പറന്നിറങ്ങുന്നത് വിലക്കിയത്. ഇതിനകം എട്ടുലക്ഷത്തിലധികം ആളുകൾ ഒരു നിയന്ത്രണവുമില്ലാതെ ഇന്ത്യയിൽ എത്തിക്കഴിഞ്ഞിരുന്നു. ലോക്ക് ഡൗണിൽ ഭരണകർത്താക്കൾ നൽകുന്ന ഇളവുകളാണ് മറ്റൊന്ന്. അത് ഇപ്പോഴും തുടരുന്നു എന്നതാണത്ഭുതം. സുപ്രീം കോടതി 2021 മെയ് എട്ടിന് കൊവിഡ് പ്രതിരോധിക്കാൻ ഐസിഎംആറിലെ പന്ത്രണ്ട് പേരുടെ നാഷ്ണൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. എല്ലാ രാജ്യങ്ങളിലും സാംക്രമിക രോഗ വിദഗ്ധരാണ് കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത്. ലോകത്തെ ഏറ്റവും മികച്ച പതിനഞ്ച് സാംക്രമിക രോഗ വിദഗ്ധരെ എടുത്താൽ അതിൽ പത്ത് പേർ ഇന്ത്യക്കാരാണ്. പക്ഷെ ഇന്ത്യയുടെ ടാസ്ക് ഫോഴ്സിൽ ഒരു സാംക്രമിക രോഗ വിദഗ്ധൻ പോലുമില്ല. ഫുട്ബോൾ മത്സരത്തിൽ ക്രിക്കറ്റ് ടീമിനോട് രാജ്യത്തിന് വേണ്ടി കളിക്കാൻ പറഞ്ഞതുപോലെയായി..!

കൊവിഡിന്റെ വാക്സിനുകൾ രാജ്യത്തെ ജനങ്ങൾക്ക് എത്തിക്കുന്നതിനൊപ്പം കയറ്റുമതിയിലും കേന്ദ്ര സർക്കാർ അനുമതി നൽകിയത് വലിയ വീഴ്ച്ചയായിരുന്നു. ജനങ്ങൾ വാക്സിൻ ലഭിക്കാതെ അലഞ്ഞു. വാക്സിൻ സ്വീകരിക്കാത്തവർ കൊവിഡിന്റെ രണ്ടാം തരംഗത്തിൽ മരിച്ചു വീണു. മൂന്നാം തരംഗത്തിന് മുൻപായി രാജ്യത്തെ പകുതിയിലേറെ ജനങ്ങൾക്ക് വാക്സിൻ നൽകുകയാണെങ്കിൽ വലിയ ഒരു അപകടത്തിൽ നിന്ന് രാജ്യം രക്ഷപെടും. പോളിയോയെ തുരത്താൻ അടക്കമുള്ള വാക്സിനുകൾ സൗജന്യമായി നൽകിയ രാജ്യമാണ് ഇന്ത്യ. അവിടെ ഇപ്പോൾ ജനങ്ങൾ കൊവിഡിന്റെ വാക്സിൻ പണം കൊടുത്ത് വാങ്ങേണ്ട ഗതികേടിലാണ്.




17
**സുധീർ നാഥ്**



സാംക്രമികരോഗ വിദഗ്ധർ കൊവിഡ് പ്രതിരോധ പ്രവർത്തനത്തിൽ.

# തൃശൂരിന് വീണ്ടും മൂന്ന് മന്ത്രിമാർ

**സച്ചിൻ വള്ളിക്കാട്**

തൃശൂർ: രണ്ടാം പിണറായി വിജയൻ മന്ത്രിസഭയിലും ജില്ലയിൽ നിന്ന് മൂന്ന് മന്ത്രിമാർ. മുൻ മന്ത്രിയും സിപിഎം കേന്ദ്ര കമ്മിറ്റിയംഗവുമായ കെ. രാധാകൃഷ്ണൻ, കോർപ്പറേഷൻ മുൻ മേയറും മഹിളാ അസോസിയേഷൻ നേതാവുമായ ആർ. ബിന്ദു, സിപിഐ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയംഗവും നിലവിലെ ഗവ. ചീഫ് വിപ്പുമായ കെ. രാജൻ, എന്നിവരാണ് ജില്ലയിൽ നിന്നുള്ള പുതിയ മന്ത്രിമാർ. 2016 മന്ത്രിസഭയിൽ മൂന്ന് മന്ത്രിമാരും ചീഫ് വിപ്പുമുൾപ്പെടെ നാല് കാബിനറ്റ് റാങ്കുകളാണ് ജില്ലയിലുണ്ടായിരുന്നത്.

ലാളിത്യവും പരിചയ സമ്പന്നതയുമാണ് കെ രാധാകൃഷ്ണൻ എന്ന കമ്മ്യൂണിസ്റ്റിന്റെ മുഖമുദ്ര. മന്ത്രിയായും സ്പീക്കർ ആയും തിളങ്ങിയ കെ രാധാകൃഷ്ണൻ ഒരിക്കൽ കൂടി ഭരണ രംഗത്ത് എത്തുമ്പോൾ അത് അർഹതക്കുള്ള അംഗീകരം തന്നെയാണ്.

കോർപ്പറേഷന്റെ ആദ്യ വനിതാ മേയർ പദവിയിൽ നിന്നാണ് ആർ ബിന്ദു മന്ത്രിപദത്തിലേക്കെത്തുന്നത്. ഇതോടൊപ്പം ജില്ലയിൽ നിന്നുള്ള പുതിയ മന്ത്രിമാർ ശ്രീ കേരളവർമ കോളെജിൽ നിന്നുള്ള വരാണെന്നതാണ് മറ്റൊരു പ്രത്യേകത.

തുടർച്ചയായി രണ്ടു തവണ ആരെയും വാഴിച്ച ചരിത്രമില്ലാത്ത ഒല്ലൂരിൽ ആ ചരിത്രം തിരുത്തിയാണ് കെ രാജൻ മന്ത്രി പദവിയിലെത്തുന്നത്. നിയമസഭയിലെ അനുഭവസമ്പത്തും യുവജന പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനത്ത് പ്രവർത്തിച്ച പരിചയവുമെല്ലാം കെ രാജന്റ മന്ത്രിസ്ഥാനത്തിനും മുതൽക്കൂട്ടാകും.

2016 ന് സമാനമായി ഇക്കുറിയും ചരിത്രവിജയമാണ് ജില്ലയിൽ എൽഡിഎഫ് കൈവരിച്ചത്. വി എസ് സുനിൽകുമാർ (കൃഷി), സി രവീന്ദ്രനാഥ് (വിദ്യാഭ്യാസം), എ സി മൊയ്തീൻ (തദ്ദേശം) എന്നിവരുടെ നേതൃത്വത്തിൽ മികവുറ്റ പ്രവർത്തനങ്ങളാണ് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്തൊട്ടാകെ നടന്നത്. കേരളത്തിന്റെ രാഷ്ട്രീയ വികസന ചരിത്രത്തിൽ വേറിട്ടു നിന്നതായിരുന്നു ഇവർ കൈകാര്യം ചെയ്ത വകുപ്പുകൾ.

## ചേലക്കരയുടെ രാധേട്ടൻ ഇനി മന്ത്രി

**സി.പി. ഷനോജ്**



ചേലക്കര : ചേലക്കരയുടെ നിയുക്ത എംഎൽഎ കെ.രാധാകൃഷ്ണൻ രണ്ടാം പിണറായി സർക്കാരിൽ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യും. ചേലക്കരയിൽ നിന്നും അഞ്ചാം തവണയും വിജയിച്ചു കയറിയ രാധേട്ടൻ മന്ത്രിയാവുമെന്നതിൽ ചേലക്കരക്കാർക്ക് സംശയമുണ്ടായിരുന്നില്ല. 39400 വോട്ടിന്റെ ചരിത്ര ഭൂരിപക്ഷമാണ് കെ.രാധകൃഷ്ണൻ ലഭിച്ചത്.

പരേതനായ എം.സി. കൊച്ചുണ്ണിയുടെയും ചിന്നമ്മയുടെയും 1964 മാർച്ച് 24-ന് ഇടുക്കി ജില്ലയിലെ പുള്ളിക്കാനത്ത് ജനിച്ചു. ഇദ്ദേഹത്തിന്റെ അച്ഛൻ ഒരു തോട്ടം തൊഴിലാളിയായിരുന്നു. തോന്നൂർക്കര എയുപി സ്കൂളിലാണ് പ്രാധമിക വിദ്യാഭ്യാസം നടത്തിയത്. ചേലക്കര എസ്.എം.ടി.ജി.എച്ച്.എസിലാണ് ഇദ്ദേഹം ഹൈസ്കൂൾ പഠനം നടത്തിയത്. വടക്കാഞ്ചേരി ശ്രീവ്യാസ കോളെജിലും ശ്രീ കേരള വർമ കോളെജിലും ഉന്നത വിദ്യാഭ്യാസം നേടി. വിദ്യാർഥി ജീവിതത്തിനിടെത്തന്നെ ഇദ്ദേഹം രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചിരുന്നു.

പഠനക്കാലത്ത് എസ്.എഫ്.ഐ.യുടെ സജീവ പ്രവർത്തകനായിരുന്നു. കേരള വർമ കോളെജിൽ യുണിറ്റ് സെക്രട്ടറി, ചേലക്കര ഏരിയ സെക്രടറി, തൃശൂർ ജില്ല സെക്രട്ടറിയറ്റ് അംഗം എന്നീ സ്ഥാനങ്ങൾ ഇദ്ദേഹം എസ്.എഫ്.ഐയിൽ വഹിച്ചിട്ടുണ്ട്. ഡി.വൈ.എഫ്.ഐ. ചേലക്കര ബ്ലോക്ക് കമ്മിറ്റി സെക്രട്ടറി, സംസ്ഥാന കമ്മിറ്റി അംഗം എന്നീ നിലകളിലും ഇദ്ദേഹം പ്രവർത്തിച്ചിരുന്നു.

സിപിഎം തൃശൂർ ജില്ല സെക്രട്ടറിയായി പ്രവർത്തിച്ചു. ഇപ്പോൾ സിപിഎം കേന്ദ്ര കമ്മിറ്റി അംഗവും സംസ്ഥാന കമ്മിറ്റി അംഗമാണ്. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, ഗ്രന്ഥ ശാലാ സംഘം, സമ്പൂർണ സാക്ഷരതാ യജ്ഞം എന്നിവയിൽ പങ്കാളിയായിട്ടുണ്ട്. പാർലമെന്ററി രംഗത്ത് 1991-ൽ ഇദ്ദേഹം വള്ളത്തോൾ നഗർ ഡിവിഷനിൽ നിന്നും തൃശൂർ ജില്ലാ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസിന്റെ ഉരുക്ക് കോട്ടയായിരുന്ന ചേലക്കരയിൽ നിന്ന് 1996-ൽ ആദ്യമായി ചേലക്കര നിയോജകമണ്ഡലത്തിൽനിന്നും നിയമസഭാ സാമാജികനായി.

1996 -2001 ൽ ഇ.കെ. നായനാർ മന്ത്രിസഭയിൽ പട്ടികജാതി- പട്ടികവർഗ്ഗ ക്ഷേമം, യുവജന കാര്യം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിയായിരുന്നു. 2001-ൽ ഇദ്ദേഹം വീണ്ടും തെരഞ്ഞെടുക്കപ്പെടുകയും പ്രതിപക്ഷ ചീഫ് വിപ്പാവുകയും ചെയ്തു. 2006-ൽ തെരഞ്ഞെടുക്കപ്പെടുകയും വി.എസ്.അച്ചുതാനന്ദന്റെപന്ത്രണ്ടാം നിയമസഭയിൽ സ്പീക്കറാവുകയും ചെയ്തു. കെ.രാധാകൃഷ്ണന് രണ്ടാം പിണറായി സർക്കാരിന്റെ മന്ത്രിസഭയിൽ പ്രധാന വകുപ്പ് തന്നെ ലഭിച്ച് വരുമെന്ന പ്രതിക്ഷയിലാണ് ചേലക്കരക്കാർ.

## യുവജന പോരാളി രാജൻ മന്ത്രി പദത്തിലേക്ക്

**റാഫി ചാലിശേരി**

ഒല്ലൂർ: ഒല്ലൂർ മണ്ഡലത്തിന്റെ ചരിത്രം തിരുത്തിക്കുറിച്ചാണ് കെ.രാജൻ മന്ത്രിയാകുന്നത്. ഇതുവരെ രണ്ടു തവണ ആരെയും വാഴിച്ചിട്ടില്ലാത്ത ഒല്ലൂർ നിയോജക മണ്ഡലത്തിൽ ആദ്യമായാണ് രണ്ടാം കുറി കെ.രാജൻ വിജയിച്ചത്.15ാം നിയമസഭയിൽ കെ. രാജൻ മന്ത്രിയാകുമ്പോൾ ഒല്ലൂരുകാർക്കിത് ഇരട്ടി മധുരം.



വിപ്ലവ സ്മരണകളിരമ്പുന്ന അന്തിക്കാടിന്റെ മണ്ണിൽ ജനിച്ച കെ.രാജൻ വിദ്യാർഥി യുവജന പ്രസ്ഥാനത്തിന്റെ കനൽവഴികളിലൂടെ കടന്നു വന്ന യുവജന പോരാളിയാണ്. ഒല്ലൂരിന്റെ വികസനത്തിൽ രാജശിൽപ്പിയായി മാറി കെ. രാജൻ ഇനി കേരളത്തിന്റെ മന്ത്രിസഭയിലേക്ക്. ഒല്ലൂർ മണ്ഡലത്തിന്റെ ചരിത്രം തിരുത്തിക്കുറിച്ച് രണ്ടാം തവണയും നിയമസഭയിലെത്തിയ രാജൻ ഇത് ചരിത്രനിയോഗം.

കഴിഞ്ഞ ടേമിൽ എംഎൽഎയും ചീഫ് വിപ്പുമെന്ന നിലയിൽ ലോകോത്തര പുത്തൂർ സുവോളജിക്കൽ പാർക്കുൾപ്പടെ ഒല്ലൂരിന്റെ മണ്ണിൽ ആയിരംകോടിയുടെ വികസനമാണ് യാാഥാർഥ്യമാക്കിയത്. മഹാപ്രളയം വന്നപ്പോഴും മഹമാരി വന്നപ്പോഴും മണ്ഡലത്തിന്റെ എല്ലാ മുക്കിലും മൂലയിലും നിറഞ്ഞുനിന്നു. ഗവ. ചീഫ് വിപ്പ് എന്ന നിലയിൽ ജില്ലയിലെ വികസനപ്രവർത്തനങ്ങളിലും കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും കർമനിരതനായി. ആ സമർപ്പണ ജിവിതത്തിനുള്ള അർഹിക്കുന്ന അംഗീകാരമാണ് മന്ത്രിസ്ഥാനം.

നിലവിൽ സിപിഐ സംസ്ഥാന എക്സി.അംഗവും, എഐവൈഎഫ് ദേശീയ സെക്രട്ടറിയുമാണ്. കാലിക്കറ്റ് സർവകലാശാല യൂണിയൻ വൈസ് ചെയർമാൻ, സംസ്ഥാന യുവജന ക്ഷേമ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. അന്തിക്കാട് ഗവ. എൽ പി സ്കൂളിലും ഹൈസകൂളിലും പ്രാഥമിക പഠനം,തൃശൂർ കേരളവർമ കോളെജിലും ശക്തൻ തമ്പുരാൻ കോളെജിലുമായി ബിരുദ പഠനം പൂർത്തിയാക്കി. ഈ കാലഘട്ടത്തിലാണ് എഐഎസ്എഫിലൂടെ വിദ്യാർഥി രാഷ്ട്രീയ രംഗത്ത് സജീവ പ്രവർത്തകനാകുന്നത്. തിരുവനന്തപുരം ലോ അക്കാദമിയിൽ നിന്നും നിയമത്തിലും ബിരുദം നേടി. ശേഷം തൃശൂർ കോടതിയിൽ അഭിഭാഷകവൃത്തി ആരംഭിച്ചെങ്കിലും, പിന്നീട് മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായി.

## ആർ. ബിന്ദു ജില്ലയുടെ ആദ്യ വനിതമന്ത്രി

**ഹരി ഇരിങ്ങാലക്കുട**



ഇരിങ്ങാലക്കുട: രണ്ടാം പിണറായി സർക്കാരിൽ സിപിഎമ്മിൽ നിന്ന് രണ്ടു വനിതകൾ മന്ത്രിസഭയിലെത്തുമ്പോൾ ഇരിങ്ങാലക്കുടക്കും അഭിമാനിക്കാനേറെ. ഇരിങ്ങാലക്കുടയുടെ പ്രഥമ വനിതാ എംഎൽഎ പ്രൊഫ.ആർ. ബിന്ദു ഇനി തൃശൂർ ജില്ലയിൽ നിന്നുള്ള ആദ്യ വനിതാ മന്ത്രിയുമായി ചരിത്രത്തിലിടം നേടും. തൃശൂർ ജില്ലക്കാരായ വനിതകൾ മുമ്പും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിലും മന്ത്രിയാകാനുള്ള യോഗം അവരിലൊരാൾക്കുമുണ്ടായില്ല. സിപിഐ. ദേശീയ കൗൺസിൽ അംഗമായ മീനാക്ഷി തമ്പാൻ 1996 ൽ കൊടുങ്ങല്ലൂരിൽ നിന്നും മുൻ എംപിയും കോൺഗ്രസ് നേതാവുമായ സാവിത്രി ലക്ഷ്മണൻ രണ്ടു തവണ ചാലക്കുടിയിൽ നിന്നും ഗീതാഗോപി രണ്ടു തവണ നാട്ടികയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടും മന്ത്രിയാകാൻ അവസരം ലഭിച്ചില്ല.

ഇത്തവണ ഇരിങ്ങാലക്കുടയിൽ സ്ഥാനാർഥിയായി ബിന്ദുയെത്തിയ പ്പോൾ തന്നെ എൽഡിഎഫ്. അധികാരത്തിൽ വന്നാൽ മന്ത്രിയാകുമെന്ന് കേട്ടിരുന്നു. തെരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ 'ജയിച്ചാൽ വെറും എംഎൽഎ മാത്രമല്ല നമുക്ക് മന്ത്രിയെ കൂടി കിട്ടു' മെന്ന് പ്രവർത്തകരിൽ ചിലർ വോട്ടർമാരോട് പറഞ്ഞതും ശരിയായി.

ഹൈസ്കൂൾ അധ്യാപകനായിരുന്ന ഇരിങ്ങാലക്കുട നമ്പ്യാരുവീട്ടിൽ രാധാകൃഷ്ണന്റേയും ഹൈസ്ക്കൂൾ പ്രഥമ അധ്യാപികയായിരുന്ന ശാന്തകുമാരിയുടേയും മകളായ ബിന്ദു ചെറുപ്പം മുതലേ സാഹിത്യ വിഷയങ്ങളിൽ അഭിരുചി പുലർത്തിയിരുന്നു.1980 ൽ ഒമ്പതാം ക്ലാസിൽ പഠിക്കുമ്പോൾ സ്റ്റഡി സർക്കിൾ ജില്ലാ കലോത്സവത്തിൽ പ്രസംഗത്തിനും കഥക്കും ഒന്നാം സമ്മാനം ബിന്ദുവിനായിരുന്നു. ഇരിങ്ങാലക്കുട ഗവ. ഗേൾസ് ഹൈസ്കൂളിലും സെന്റ് കോളെജിലുമായിരുന്നു പഠനം. സെന്റ് ജോസഫ്സ് കോളെജിൽ നിന്നുള്ള യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറായിരുന്നു. ഇക്കാലത്താണ് ബിന്ദുവിന്റെ രാഷ്ട്രീയത്തിലേക്കുള്ള രംഗ പ്രവേശം. കാലിക്കറ്റ് യൂണിവാഴ്സിറ്റി സെനറ്റംഗം, സിന്റിക്കേറ്റ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചു. യൂണിവാഴ്സിറ്റിയിൽ വെച്ചാണ് എസ്.എഫ്.ഐ.നേതാവായ എ.വിജയരാഘവനുമായി അടുപ്പത്തിലായതും പിന്നീട് ഇരുവരും വിവാഹിതരായതും. ദെൽഹി ജവഹർ ലാൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇന്റഗ്രേറ്റഡ് എം.എഫിലിന് ചേർന്നു ഡോക്ടറേറ്റ് പൂർത്തിയാക്കും മുമ്പ് തൃശൂർ കേരളവർമ കോളെജിൽ ലക്ചററായി ജോലിയിൽ പ്രവേശിച്ചു. പിന്നീട് ഗവേഷണം പൂർത്തിയാക്കി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ബിന്ദു കേരളവർമയിൽ പ്രൊഫസറും വൈസ് പ്രിൻസിപ്പലുമായി. അധ്യാപന രംഗത്തുള്ളപ്പോൾ തന്നെ ജനാധിപത്യ മഹിളാ അസോസിയേഷനിലും രാഷ്ട്രീയത്തിലും സജീവമായി. 2005 ൽ തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയിച്ച് തൃശൂർ കോർപ്പറേഷന്റെ പ്രഥമ വനിതാ മേയറായി.

നിയമസഭയിലേക്കുള്ള കന്നിയങ്കത്തിൽ മുൻ എംഎൽഎ അഡ്വ. തോമസ് ഉണ്ണിയാടനെയാണ് 5949 വോട്ടിന് ബിന്ദു പരാജയപ്പെടുത്തിയത്. മണ്ഡലത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിലെല്ലാം ബിന്ദുവിന് മേൽ കൈ നേടാൻ കഴിഞ്ഞു. ജനിച്ചു വളർന്ന നാട്ടിൽ മത്സരിക്കാനായതിൽ തുടക്കം മുതലേ ബിന്ദുവിന് ശുഭാപ്തി വിശ്വാസമുണ്ടയിരുന്നു. തുടർ ഭരണം ഉറപ്പിച്ച് പിണറായി സർക്കാർ വീണ്ടും അധികാരത്തിലേറുമ്പോൾ മന്ത്രിയാകാനുള്ള അവസരം കൈവന്നതിലൂടെ നാടിനോടും നാട്ടുകാരോടും കൂടുതൽ കടപ്പെട്ടിരിക്കുകയാണ് ബിന്ദു.

### അച്ചുതമേനോനും നമ്പാടനും ശേഷം ഇരിങ്ങാലക്കുടയുടെ സ്വന്തം മന്ത്രി

ഐക്യകേരള സംസ്ഥാനം രൂപീകരിക്കപ്പെട്ട ശേഷം നടന്ന തെരഞ്ഞെടുപ്പിൽ ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള കമ്യൂണിസ്റ്റ് മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലേറിയത് 1957 ഏപ്രിൽ 5 ന് ആണ്. കേരളത്തിലെ ആദ്യ മന്ത്രിസഭയിൽ ധനകാര്യം കൃഷി വകുപ്പുകളുടെ ചുമതലയുള്ള

മന്ത്രിയായ സി.അച്ചുതമേനോൻ ഇരിങ്ങാലക്കുടയിൽ നിന്നാണ് തെരഞ്ഞെടുക്കപ്പെട്ടത്. 1967 ലും 1970ലും ഇടതുപക്ഷ എംഎൽഎമാർ തെരഞ്ഞെടുക്കപ്പെട്ടിരുന്നുവെങ്കിലും അവരാരും മന്ത്രിയായില്ല. 1982,1987, 1991, 1996 വർഷങ്ങളിൽ ലോനപ്പൻ നമ്പാടൻ സോഷ്യലിസ്റ്റ് കേരള കോൺഗ്രസ് സ്ഥാനാർഥിയായി ഇവിടെ നിന്ന് വിജയിച്ചു. 1987 ൽ നായനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ മന്ത്രിസഭയിൽ ഭവന നിർമാണ വകുപ്പ് മന്ത്രിയായത് ലോനപ്പൻ നമ്പാടനായിരുന്നു. 2011 ലെ ഉമ്മൻ ചാണ്ടി മന്ത്രിസഭയുടെ അവസാന കാലത്ത് അഡ്വ.തോമസ് ഉണ്ണിയാടൻ ഗവ.ചീഫ് വിപ്പായിയെങ്കിലും യുഡിഎഫ് മന്ത്രിസഭകളിൽ ഇരിങ്ങാലക്കുടയിൽ നിന്ന് ഒരാൾ പോലും മന്ത്രിയായിട്ടില്ല.

## ചിമ്മിനി അണക്കെട്ടിലെ ജലം ചെറിയ തോതിൽ തുറന്നു വിടും

തൃശൂർ: ചിമ്മിനി അണക്കെട്ടിന്റെ സ്പിൽവേ ഷട്ടറുകൾ തുറന്ന് റൂൾ ലെവൽ പാലിക്കുന്നതിനായി ജലം ചെറിയ തോതിൽ പുറത്തേക്ക് ഒഴുക്കിവിടാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ചുമതല വഹിക്കുന്ന ജില്ലാ കലക്റ്റർ എസ് ഷാനവാസ് അനുമതി നൽകി ഉത്തരവിറക്കി. ഇന്ന് പകൽ 11 മണിക്ക് ശേഷമായിരിക്കും ചിമ്മിണി ഡാമിൽ നിന്നും അധിക ജലം പുറത്തേക്ക് ഒഴുക്കിവിടുക. ഡാമിലെ ജലം ഇപ്പോഴത്തെ അനുവദനീയ സംഭരണ ജലവിതാനമായ 60.31 മീറ്ററിന് അടുത്തെത്തിയതിനെ തുടർന്നാണ് നടപടി. തുടർച്ചയായ ദിവസങ്ങളിൽ കനത്ത മഴ ലഭിച്ചതിന്റെ ഫലമായി നീരൊഴുക്ക് തുടരുന്നതിനാൽ മുൻകരുതലായാണ് ജലം ചെറിയ തോതിൽ തുറന്നു വിടുന്നത്.

ചിമ്മിനി അണക്കെട്ടിൽ നിന്നും അധിക ജലം പുറത്തേക്ക് ഒഴുക്കി വിടുന്നത് മൂലം കുറുമാലിപ്പുഴയിലെയും കരുവന്നൂർ പുഴയിലെയും ജലനിരപ്പ് ഉയരുവാനും വെള്ളം കലങ്ങുവാനും സാധ്യതയുള്ളതിനാൽ പുഴകളുടെ ഇരുകരകളിലുമുള്ള ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി. ജനങ്ങൾ പുഴയിൽ ഇറങ്ങുന്നതിനും മത്സ്യബന്ധനം നടത്തുന്നതിനും കന്നുകാലികളെ കുളിപ്പിക്കുന്നതും നിയന്ത്രണം ഏർപ്പെടുത്തിയതായും ജില്ലാ കലക്റ്റർ അറിയിച്ചു.

## റേഷൻകടയിലേക്ക് വന്ന ലോറി കുഴിയിൽ താഴ്ന്നു

പുത്തൻപീടിക: അമൃതം കുടിവെള്ള പദ്ധതിക്ക് വേണ്ടി പുത്തൻപീടിക സെന്ററിൽ പൊളിച്ച റോഡിൽ ലോറി താഴ്ന്നു. റേഷൻകടയിലേക്കുള്ള അരി ചാക്കുകൾ ആണ് ലോറിയിൽ ഉണ്ടായിരുന്നത്. ചൊവാഴ്ച്ച ഉച്ചതിരിഞ്ഞ് 5 മണിക്കാണ് സംഭവം നടന്നത്. ലോറിയിലെ അരി ചാക്കുകൾ മറ്റൊരു വണ്ടിയിൽ മാറ്റി കയറ്റിയാണ് ലോറി ഉയർത്തിയത്. അമൃതം കുടിവെള്ള പദ്ധതിക്ക് വേണ്ടി മാസങ്ങളോളമായി റോഡ് പൊളിച്ചിട്ടിട്ട്. കഴിഞ്ഞ ദിവസം പെയ്ത മഴയിൽ റോഡിൽ വെള്ളം കെട്ടി നിന്നാണ് കുഴികൾ രൂപപ്പെട്ടത്. ചെറിയ വാഹനങ്ങൾ ഒരു സൈഡ് പിടിച്ചാണ് പോകുന്നത്. ലോക് ഡൗൺ കാരണം റോഡിൽ കൂടി വാഹനങ്ങൾ കുറവായത് കൊണ്ട് ഗതാഗതം തടസപ്പെട്ടില്ല. മാസങ്ങളോളമായി പൊളിച്ചിട്ട റോഡ് നന്നാക്കാൻ അധികൃതർ ഇടപെടണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

## റേഷൻ കടകളിൽ തിരക്ക് നിയന്ത്രിക്കാൻ മാർഗ നിർദേശങ്ങൾ പുറത്തിറക്കി

തൃശൂർ: ലോക്ഡൗൺ സാഹചര്യത്തിൽ റേഷൻ കടകളിലെ തിരക്ക് നിയന്ത്രിക്കാൻ ജില്ലാ ഭരണകൂടം മാർഗ നിർദേശങ്ങൾ പുറത്തിറക്കി. സാധനങ്ങൾ നേരിട്ടു വാങ്ങുന്നതിന് കാർഡുകളുടെ നമ്പരുകളുടെ അടിസ്ഥാനത്തിലാണ് ക്രമീകരണം ഏർപ്പെടുത്തിയിരിക്കുന്നത്. 1,2,3 എന്നീ നമ്പരുകളിൽ അവസാനിക്കുന്ന റേഷൻ കാർഡ് ഉടമകൾക്ക് തിങ്കൾ,ചൊവ ദിവസങ്ങളിൽ സാധനങ്ങൾ നേരിട്ട് വാങ്ങാം. 4,5,6 അക്കങ്ങളിൽ അവസാനിക്കുന്ന കാർഡ് ഉടമകൾക്ക് ബുധൻ, വ്യാഴം ദിവസങ്ങളിലും 7,8,9,0 എന്നീ അക്കങ്ങളിൽ അവസാനിക്കുന്ന കാർഡ് ഉടമകൾക്ക് വെള്ളി, ശനി ദിവസങ്ങളിലും സാധനങ്ങൾ നേരിട്ട് വാങ്ങാവുന്നതാണ്. എന്നാൽ ഒരേ സമയം മൂന്നിലധികം ആളുകൾ നിൽക്കാൻ പാടുള്ളതല്ല. 65 വയസ് കഴിഞ്ഞവർ, നിരീക്ഷണത്തിൽ കഴിയുന്നവർ, കിടപ്പു രോഗികൾ, മറ്റ് പല കാരണങ്ങളാൽ നേരിട്ടെത്താൻ നിർവാഹമില്ലാത്തവർ എന്നിവർക്ക് ആവശ്യമായ സാധനങ്ങൾ പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും ആർ.ആർ.ടി മുഖേന എത്തിച്ചു നൽകാനുമാണ് തീരുമാനം.

## കുറ്റിച്ചിറ- ചായ്പൻകുഴി റോഡ് ഗതാഗതയോഗ്യമാക്കണമെന്ന്

ചാലക്കുടി: കോടശേരി പഞ്ചായത്തിലെ പ്രധാന റോഡായ കുറ്റിച്ചിറ- ചായ്പൻകുഴി റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കണമെന്ന നാട്ടുകാരുടെ ദീർഘകാല ആവശ്യം ഇന്നും അംഗീകാരം കിട്ടാതെ കിടക്കുകയാണ്. റോഡിനെ ചൊല്ലിയുള്ള തർക്കമാണ് പ്രധാന പ്രശ്നം. ജില്ല പഞ്ചായത്തിന്റെ കീഴിലുള്ള റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറണമെന്ന് നാട്ടുകാരും പഞ്ചായത്തും വിവിധ സന്നദ്ധ സംഘടനകളും ഏറെ നാളുകളായി ആവശ്യപെടുന്നതാണ്. എന്നാൽ ജില്ലാ പഞ്ചായത്ത് തങ്ങളുടെ കൈവശമുള്ള റോഡ് കൈമാറുവാൻ തയ്യാറാവുന്നില്ല. ഇതിന് പകരമായി ജില്ല പഞ്ചായത്തിന് കിഴക്കേ കുറ്റിച്ചിറ പീലാർമുഴി വെട്ടിക്കുഴി റോഡ് ജില്ല പഞ്ചായത്തിന് കൈമാറമെന്ന് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു.കുറ്റിച്ചിറ വരെയും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ് റോഡ്. ചായ്പൻകുഴി മുതൽ വെറ്റിലപ്പാറ വരെ മലയോര ഹൈവേ യിൽപ്പെടുന്നു.ഇടക്കുള്ള കുറ്റിച്ചിറ ചായ്പൻകുഴി റോഡിൽ കൂടി കെ.എസ്ആർ.ട്ടി.സി ഉൾപ്പടെ നിരവധി വാഹനങ്ങൾ ദിനംപ്രതി സർവീസ് നടത്തുന്നുണ്ട്. ടൂറിസ്റ്റ്കൾക്ക് അതിരപ്പള്ളി യിലേക്കും മലക്കപ്പാറയിലേക്കും തൃശൂർ ഭാഗത്ത് നിന്നും എളുപ്പമാർഗമാണ്. റോഡിന്റെ വികസനവും പ്രാധാന്യവും പരിഗണിച്ച്റോഡ് കൈമാറുവാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്തിനും പൊതുമരാമത്ത് വകുപ്പിനും. കത്ത് നൽകുവാൻ പ്രസിഡന്റ് ഡെന്നി വർഗീസിന്റെ അദ്ധ്യക്ഷത യിൽ ചേർന്ന പഞ്ചായത്ത് യോഗം തീരുമാനിച്ചു.ഇത് സംബന്ധിച്ച് പീലാർമുഴി വാർഡ് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് കെ.എം.ജോസ് ചാലക്കുടി എംഎൽഎ സനീഷ് കുമാർ ജോസഫിന് നിവേദനം നൽകി.

## തെരുവ് നായ്കൾക്ക് ആശ്രയമായി ആശ



*തെരുവ് നായ്ക്കൾക്ക് ഭക്ഷണം കൊടുക്കുന്ന ആശ*

കുന്നംകുളം: ലോക്ഡൗൺ കാലത്ത് തെരുവ് നായ്ക്കൾക്ക് ആശ്രയമായി ആശ. കുന്നംകുളം കാണിയാമ്പാൽ സ്വദേശിയായ ആശ കഴിഞ്ഞ ആറ് മാസത്തിലേറെയായി തെരുവിലെ ശ്വാനൻമാർക്ക് ഭക്ഷണമെത്തിക്കുന്നത് തുടരുകയാണ്. പുഴയ്ക്കലിലുള്ള സ്വകാര്യ വാഹന വിൽപ്പന സ്ഥാപനത്തിലെ ജീവനക്കാരിയാണ് ആശ. കഴിഞ്ഞ ലോക്ഡൗൺ കാലഘട്ടത്തിലെ ബസ് യാത്രക്കിടെയാണ് തെരുവുകളിൽ വയറൊട്ടി, തലയുയർത്താൻ പോലും കഴിയാതെ കിടക്കുന്ന നായക്കൂട്ടം ആശയുടെ ശ്രദ്ധയിൽപ്പെടുന്നത്.

ഹോട്ടലുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ തുറക്കാത്തതാണ് ദയനീയമായ ഈ കിടപ്പിന് കാരണമെന്ന് ആശ തിരിച്ചറിയുകയായിരുന്നു. പിന്നീട് വീട്ടിൽ നിന്ന് പൊതിച്ചോർ തയ്യാറാക്കി കൊണ്ടു പോകാനും നായ്ക്കൾക്ക് കൊടുക്കാനും ആരംഭിച്ചു. എന്നാൽ യാത്ര ബസിലായതിനാൽ പെത്രിച്ചോറ് നൽകുന്നതിന് പരിമിതി ഉണ്ടായിരുന്നു. തുടർന്നാണ് യാത്ര സ്കൂട്ടറിലാക്കിയതും, കൂടുതൽ നായ്ക്കൾക്ക് ഭക്ഷണം കൊടുക്കാനും ആരംഭിച്ചത്. ദിവസവും ജോലി കഴിഞ്ഞ് എത്തിയ ശേഷമാണ് നായകൾക്കുള്ള ഭക്ഷണവുമായി ആശ യാത്ര തിരിക്കുക. ചോറിനൊപ്പം, ചിക്കൻ, മത്സ്യം എന്നിവ കൂട്ടിയുള്ള വിഭവ സമൃദ്ധമായ ഭക്ഷണമാണ് നൽകി വരുന്നത്. ദിവസവും ഇരുപത് പൊതി ഭക്ഷണമാണ് കൈയിൽ കരുതാറുള്ളതെന്ന് ആശ പറഞ്ഞു.

കൂടുതൽ നായ്ക്കൾ ഉണ്ടെങ്കിൽ കൈയിൽ കരുതുന്ന ബിസ്ക്കറ്റ് നൽകുമെന്നും ആശ കൂട്ടി ചേർത്തു. കുന്നംകുളം മുതൽ കേച്ചേരി വരെയുള്ള യാത്രക്കിടെ വഴിയരികിൽ കാണുന്ന എല്ലാ ശ്വാനൻമാർക്കും ആശ ഭക്ഷണം നൽകി വരുന്നുണ്ട്. പ്രായാധ്യകത്തെ തുടർന്ന് ഉടമസ്ഥർ വഴിയിൽ തള്ളിയ ജർമ്മൻ ഷെപ്പേഡ് ഇനത്തിൽ പ്പെട്ട പട്ടിയ്ക്കും ആശ തന്നെയാണ് അത്താണി. ദിവസവും അഞ്ചര കഴിഞ്ഞാൽ കേച്ചേരി സെന്ററിൽ ആശയുടെ വരവും പ്രതീക്ഷിച്ച് ഈ പട്ടി നിലയുറപ്പിക്കുന്നത് നിത്യ കാഴ്ച്ചയാണ്. വിശപ്പും, ദാഹവും മനുഷ്യർക്ക് മാത്രമല്ല, ഭൂമിയിലെ സർവ പക്ഷിമൃഗാദികൾക്കുമുണ്ടെന്ന തിരിച്ചറിവാണ് ആശയെ, തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകുന്നതിന് പ്രേരിപ്പിച്ചത്. ആകാശത്തിലെ പറവകളെ നോക്കൂ അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപുരയിൽ കൂട്ടി വെയ്ക്കുന്നില്ല എന്ന തിരുവെഴുത്തുകൾ പോലും തിരുത്തിക്കുറിക്കുന്ന ഈ മഹാമാരിക്കാലത്ത്, തന്റെ പ്രവർത്തിയിലൂടെ ആശ മുന്നോട്ട് വെയ്ക്കുന്ന മാനവികതയുടെ മഹനീയ മാതൃകയാണ്.

## ജില്ലയിൽ 2312 പേർക്കുകൂടി കൊവിഡ്, രോഗമുക്തർ 4898

തൃശൂർ: ജില്ലയിൽ ഇന്നലെ 2312 പേർക്ക് കൂടി കൊവിഡ്-19 സ്ഥിരീകരിച്ചു. 4898 പേർ രോഗമുക്തരായി. ജില്ലയിൽ രോഗബാധിതരായി ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 38,614 ആണ്. തൃശൂർ സ്വദേശികളായ 81 പേർ മറ്റു ജില്ലകളിൽ ചികിത്സയിൽ കഴിയുന്നു. ജില്ലയിൽ ഇതുവരെ കൊവിഡ് സ്ഥിരീകരിച്ചവരുടെ എണ്ണം 2,09,284 ആണ്. 1,70,510 പേരെയാണ് ആകെ രോഗമുക്തരായി ഡിസ്ചാർജ്ജ് ചെയ്തത്. ഇന്നലത്തെ ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് 23.88% ആണ്.

ജില്ലയിൽ ചൊവാഴ്ച്ച സമ്പർക്കം വഴി 2294 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. കൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്ന് എത്തിയ 02 പേർക്കും, 10 ആരോഗ്യ പ്രവർത്തകർക്കും, ഉറവിടം അറിയാത്ത 06 പേർക്കും രോഗബാധ ഉണ്ടായിട്ടുണ്ട്.



*ജില്ലയിൽ കൊവിഡ് വ്യാപനം രൂക്ഷമായതിനാൽ ട്രിപ്പിൾ ലോക്ഡൗണിനെ തുടർന്ന് തൃശൂർ സ്വരാജ് റൗണ്ടിൽ പൊലീസ് പരിശോധന കർശനമാക്കിയപ്പോൾ. കെ.കെ. നജീബ്*

## കേച്ചേരി പാലത്തിന്റെ നിർമാണം വീണ്ടും നിലച്ചു

കുന്നംകുളം: കേച്ചേരി പാലത്തിന്റെ നിർമാണം വീണ്ടും നിലച്ചു. അപ്രതിക്ഷിതമായുണ്ടായ ന്യൂന മർദത്തെ തുടർന്നുണ്ടായ ശക്തമായ മഴയിൽ പുഴയിലെ ജലനിരപ്പ് ഉയർന്നതാണ് പാലത്തിന്റെ നിർമാണം വീണ്ടും നിലയ്ക്കുന്നതിലേക്ക് നയിച്ചത്. രണ്ട് വർഷം മുൻപാണ് കേച്ചേരിയിൽ പുതിയ പാലത്തിന്റെ നിർമാണം ആരംഭിച്ചത്. മഴുവഞ്ചേരി മുതൽ കേച്ചേരി വരെയുള്ള റോഡിന്റെ വികസനത്തിന്റെ ഭാഗമായാണ് കേച്ചേരിയിൽ പുതിയ പാലം നിർമിക്കാൻ ആരംഭിച്ചത്. എന്നാൽ രണ്ട് വർഷങ്ങളിലുണ്ടായ പ്രളയവും, പിന്നിടുണ്ടായ കൊവിഡ് മഹാമാരി തീർത്ത പ്രതിസന്ധിയും പാലം നിർമാണത്തിന് പലപ്പോഴും വിഘാതമായി. ഒന്നാം പ്രളയത്തിന് ശേഷം പാലത്തിന്റെ മൂന്ന് തൂണുകളിൽ മദ്ധ്യത്തിലുള്ളതിന്റെ നിർമാണം ആരംഭിച്ചിരുന്നു.

കേച്ചേരി പുഴയിൽ വെള്ളം ഉയർന്നതിനെ തുടർന്ന് പ്രവർത്തി അവസാനിപ്പിക്കേണ്ടി വരികയായിരുന്നു. പിന്നീട് രണ്ടാം പ്രളയവും ഇപ്പോൾ കൊവിഡ് മഹാമാരിയും തൂണുകളുടെ നിർമാണത്തിന് വിലങ്ങുതടിയായി മാറി. കഴിഞ്ഞ ഫെബ്രുവരിയിൽ പ്രതിസന്ധിക്കൾക്കിടയിലും ആരംഭിച്ച പാലത്തിന്റെ നിർമാണമാണ് ഇപ്പോൾ വീണ്ടും നിലച്ചത്. പുഴയിൽ ചിറ കെട്ടി വെള്ളം തടഞ്ഞ് നിറുത്തിയ ശേഷമാണ് പാലത്തിന്റെ മൂന്ന് തൂണുകളുടെ നിർമാണം പൂർത്തിയാക്കുന്നതിനുള്ള ജോലികൾ അതിവേഗത്തിൽ പുരോഗമിച്ചിരുന്നത്. ന്യൂനമർദത്തെ തുടർന്ന് കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത മഴയിൽ പുഴയിൽ വെള്ളം ഉയർന്നതാണ് നിർമാണം നിലക്കുന്നതിന് കാരണമായത്.

റോഡ് വികസത്തിനായി ചൂണ്ടലിലുള്ള പാലത്തിന്റെ നിർമാണം പൂർത്തിയായതിന് ശേഷമാണ്, കേച്ചേരി പാലത്തിന്റെ നിർമാണത്തിന് തുടക്കം കുറിച്ചതെങ്കിലും രണ്ട് വർഷത്തിനിടെ നിർമാണ പ്രവർത്തികൾ നടന്നത് ചുരുക്കം ദിവസങ്ങൾ മാത്രമാണ്. കാലവർഷത്തിന് മുൻപ് പുഴയിലെ വെള്ളമിറങ്ങി, മൂന്ന് തൂണുകളുടെയും നിർമാണം പൂർത്തീകരിക്കാൻ കഴിയുമോ എന്നതിന് യാതൊരു നിശ്ചയവുമില്ല. കാലവർഷത്തിന് മുൻപ് തൂണുകളുടെ പ്രവർത്തി അവസാനിപ്പിച്ചില്ലെങ്കിൽ പാലം നിർമാണം ഈ വർഷവും പൂർത്തിയാക്കാനാകുമോയെന്ന ആശങ്കയിലാണ് നാട്ടുകാർ.

## സ്വന്തം വയറിനേക്കാൾ അയൽക്കാരന്റെ വിശപ്പിന് പരിഗണന നൽകി മോഹനൻ

മാള: സ്വന്തം വയറിനേക്കാൾ അയൽക്കാരന്റെ വിശപ്പ് പരിഗണിക്കുന്ന ഒരാൾ വ്യത്യസ്ഥ സേവകനായി മാറുന്നു. കുഴൂർ പഞ്ചായത്ത് കുണ്ടൂർ മൈത്രിനഗറിലെ മോഹനനാണ് ആരും അറിയാതെ സേവനം നടത്തി വരുന്നത്. സ്വന്തമായി ചെയ്ത കപ്പ കൃഷി വിളവെടുത്ത് ലോക് ഡൗണിൽ വിഷമിക്കുന്ന വീട്ടുകാർക്ക് നൽകുകയാണ് ഇദേഹം. വീട്ടുകാർ അറിയാതെ വീടിനു മുൻപിൽ ഭക്ഷ്യ വസ്തുക്കൾ കൊണ്ടു വക്കുന്ന ശീലവും ഇയാൾക്കുണ്ട്. കടുത്ത ശ്രീനാരായണ ഭക്തനാണ്. വലം കൈ കൊണ്ട് നൽകുന്നത് ഇടം കൈ അറിയരുത് എന്ന നയമാണുള്ളത്. വിശേഷ ദിവസങ്ങളിൽ അരിയാണ് വീടുകളിൽ എത്തിക്കുക. രോഗ ചികിത്സ, വിദ്യാഭ്യാസ, ഭവന നിർമാണ സഹായങ്ങളൊക്കെ മോഹനൻ നൽകി വരുന്നുണ്ട്. അതേസമയം വലിയ സഹായം ആവശ്യമുള്ളവരെ അധികൃതരുമായി ബന്ധപെടുത്തി നൽകുന്നുമുണ്ട്. മോഹനന്റെ സേവനങ്ങൾ അറിയുന്ന പരിസരവാസികൾ പഞ്ചായത്ത് അംഗമായി മത്സരിക്കണമെന്നാവശ്യ പെട്ടിരുന്നു. മെമ്പറായി പ്രവർത്തിക്കാനൊന്നും ഇദേഹം തയാറല്ല. കഴിയുന്ന കാലം വരെ സേവകനായി തുടരാനാണ് ശ്രമം.

കൂലിപണിക്കാരനാണ് മോഹനൻ. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നും സ്വരൂപിക്കുന്ന സംഖ്യയാണ് സേവനങ്ങൾക്കായി മാറ്റിവയ്ക്കുന്നത്.

## പൾസ് ഓക്സിമീറ്ററുകൾ നൽകി

മാള: പുത്തൻചിറയിലെ കരുണ ഹ്യൂമൺ വെൽഫെയർ സൊസൈറ്റി പൾസ് ഓക്സി മീറ്ററുകളും പിപി കിറ്റുകളും ജില്ലാ പഞ്ചായത്തിന് നൽകി. 40പൾസ് ഓക്സിമീറ്ററുകളും 25 പിപി ഇ കിറ്റുകളും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാഷ് കരുണ ചെയർമാൻ സാലി സജീറിൽ നിന്നും ഏറ്റുവാങ്ങി. ജില്ലാ പഞ്ചായത്ത് കാര്യാലയത്തിൽ വച്ച് നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീന പറയങ്ങാട്ടിൽ, സ്ഥിരം സമിതി അധ്യക്ഷരായ പി എം. അഹമ്മദ്, എ വി വല്ലഭൻ എന്നിവർ പങ്കെടുത്തു.കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാസ്ക്കുകൾ, പി പി ഇ കിറ്റുകൾ, ഗ്ളൗസുകൾ, നിർധനർക്ക് ഭക്ഷ്യ കിറ്റുകൾ, എന്നിവയും കരുണ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.

**വടക്കാഞ്ചേരി:** അധ്യാപക സംഘടനയായ കെഎസ്ടിഎ വടക്കാഞ്ചേരി ഉപജില്ലാ കമ്മിറ്റി, കൊവിഡ് ഹെൽപ്പ് ഡെസ്കിന്റെ നേതൃത്വത്തിൽ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി 10 ഓക്സി മീറ്ററുകൾ സംഭാവന നൽകി. കെഎസ്ടിഎ മച്ചാട് കൊവിഡ് ഹെല്പ് ഡെസ്ക് , പഞ്ചായത്തിന്റെ സാമൂഹ്യ അടുക്കളയിലേക്ക് മൂന്ന് ചാക്ക് അരിയും നൽകി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി വി സുനിൽകുമാർ ഏറ്റുവാങ്ങി. വൈസ് പ്രസിഡന്റ് ഉമാ ലക്ഷ്മി സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി സി സജീന്ദ്രൻ , പി ആർ രാധാകൃഷ്ണൻ സെക്രട്ടറി അരുൺ ജോൺ സന്നിഹിതരായിരുന്നു. കെ എസ് ടി എ ജില്ലാ വൈസ് പ്രസിഡന്റ് കെ പ്രമോദ് , ജില്ലാ നിർവാഹക സമിതി അംഗം ബിബിൻ പി ജോസഫ് സംബന്ധിച്ചു.



**ഗോപാലൻ**

കോതമംഗലം: കൊച്ചി ധനുഷ്കോടി ദേശീയ പാതയിൽ കുത്തുകുഴി വായനശാലപ്പടിയിൽ തിങ്കളാഴ്ച രാവിലെ കാറിടിച്ചു പരുക്കേറ്റ വഴിയാത്രക്കാരൻ മരിച്ചു. അപ്പയ്ക്കപ്പടി വാഴപ്പിള്ളിൽ ഗോപാലൻ (74) ആണു മരിച്ചത്. സംസ്കാരം നടത്തി. ലോട്ടറി വിൽപനക്കാരനായിരുന്നു. ഭാര്യ: രുക്മിണി. മക്കൾ: രാജൻ, സതി, പരേതനായ രാജേഷ്.




**അനീഷ്**

മുഹമ്മ: കലവൂർ ജംക്ഷനു തെക്ക് അനീഷ് സദനത്തിൽ ഷാജിയുടെ മകൻ അനീഷ് (32) അന്തരിച്ചു. ഭാര്യ: നീതു. മകൾ: രോഹിണി. അമ്മ: അംബിക. സഹോദരങ്ങൾ: അജീഷ്, അജേഷ്.




**ചിന്നമ്മ**

വടക്കാഞ്ചേരി: ഭർത്താവ് മരിച്ച് ആറാം നാൾ ഭാര്യയും മരിച്ചു. പറമ്പായി കൊച്ചു തോട്ടുങ്കൽ ചിന്നമ്മ (68) ആണ് മരിച്ചത്. ഭർത്താവ് തങ്കച്ചൻ കഴിഞ്ഞ 12 നാണ് മരിച്ചത്. സംസ്കാരം നടത്തി. മക്കൾ: ആശ, തോമസ്, അജി. മരുമക്കൾ: ബിജു, ജെസ്മിൻ, സനൽ .



**കുഞ്ഞി മാധവി അമ്മ**

പേരാമ്പ്ര : കല്ലോട് കൊളങ്ങര മീത്തൽ പരേതനായ രാരപ്പൻ നായരുടെ ഭാര്യ കുഞ്ഞി മാധവി അമ്മ (98 ) അന്തരിച്ചു. മക്കൾ: പരേതരായ, രാഘവൻ, രാധ, കല്യാണി. മരുമക്കൾ: കമല (പുതുപ്പണം), കുഞ്ഞികൃഷ്ണൻ നായർ (കൂത്താളി). സഞ്ചയനം ശനിയാഴ്ച.



**ലെന**

ചൊവ്വന്നൂർ: മുരിങ്ങാത്തേരി ഡിറ്റോ മകൾ ലെന (13) അന്തരിച്ചു. മാതാവ്: ലൈജി. സഹോദരങ്ങൾ : റ്റിജോ, ടെൽജോ, ലിയോണ. സംസ്കാരം ചൊവ്വന്നൂർ സെന്റ് തോമസ് കത്തോലിക്കാ ദേവാലയത്തിന്റെ സെമിത്തേരിയിൽ നടന്നു.



**പൊടിയൻ. എൻ**

മാവേലിക്കര: കല്ലുമല ഉമ്പർനാട് നാരായണ ഭവനത്തിൽ പൊടിയൻ. എൻ (78) അന്തരിച്ചു. ഭാര്യ: ചന്ദ്രമണി. മക്കൾ: ചന്ദ്രലേഖ, ചന്ദ്രഭാനു, ചന്ദ്രമോഹൻ. മരുമക്കൾ: ദിലീപ് കുമാർ, താര, രമ്യ.

**ശശിധരൻ പിള്ള**

ചവറ: കൊറ്റൻ കുളങ്ങര കെകെ നിവാസിൽ ശശിധരൻ പിള്ള (79) അന്തരിച്ചു. ഭാര്യ: രാജേശ്വരിയമ്മ.



**ജയാകരൻ**

കോട്ടൂളി: ചെറോട്ട്പറമ്പ് ഊപ്പാത്ത് നാരാപറമ്പത്ത് ജയാകരൻ (88- ചിന്നൻ) അന്തരിച്ചു. ഭാര്യ: പരേതയായ ഗീത. മക്കൾ: സച്ചു, സിത്താര. മരുമകൻ: ഉണ്ണിക്കൃഷ്ണൻ വി.എം. സഹോദരി: ബേബി കമലം.



**കെ.പി. ജോൺ**

കാഞ്ഞിരമറ്റം: കീച്ചേരി കുരുവിണ്ണിമ്യാലിൽ കെ.പി. ജോൺ (കൊച്ചാപ്പച്ചൻ- 95) അന്തരിച്ചു. ഭാര്യ: മേരി ജോൺ കുറിച്ചിയിൽ. മക്കൾ: കെ ജെ പോൾ (എയർ ഇന്ത്യ മുൻ ഉദ്യോഗസ്ഥൻ), വത്സമ്മ ജോസ്, കെ ജെ ജോയ് (സൗദി അറേബ്യ), മേഴ്സി ബേബി, ലിസമ്മ തോമസ്, ജാൻസി മാത്യു, റെജിസൺ (കീച്ചേരി സർവീസ് സഹകരണ ബാങ്ക് സെക്രട്ടറി). മരുമക്കൾ: സോമാപോൾ, ജോസ് ജോൺ, റീനാമ്മ ജോയ്, ബേബി അബ്രഹാം, തോമസ് വർഗ്ഗീസ്, മാത്യു ജോസഫ്, നിഷ റെജിസൺ. സംസ്കാരം കീച്ചേരി തിരുകുടുംബ ദേവാലയത്തിൽ നടന്നു.



**നാരായണൻ**

വടക്കാഞ്ചേരി: മാരാത്തകുന്ന് പാറപ്പറമ്പിൽ പരേതനായ കുഞ്ഞുണ്ണി മകൻ മൃഗസംരക്ഷണ വകുപ്പ് ജീവനക്കാരനായിരുന്ന നാരായണൻ (70) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഷൈലജ. മക്കൾ: അനീഷ, മോനിഷ. മരുമക്കൾ: മുകുന്ദൻ, രജീഷ്.



**ജാനകി**

നെല്ലിക്കോട് :കെ.റ്റി. താഴം ജാനകി കരിപ്പാൽ കുഴിമീത്തൽ താമസിക്കും പരേതനായ പുന്നക്കോട്ട് ബാലകൃഷ്ണൻ വൈദ്യരുടെ ഭാര്യ ജാനകി (79)അന്തരിച്ചു. മക്കൾ: ബേബി, ബാബുരാജൻ. മരുമക്കൾ: മനയത്ത് സുരേശൻ, പ്രഭാവതി.



**പുരുഷോത്തമൻ**

മുഹമ്മ: മാരാരിക്കുളം തെക്ക് പഞ്ചായത്ത് എട്ടാം വാർഡ് തൈപ്പറമ്പിൽ പുരുഷോത്തമൻ (82) അന്തരിച്ചു. ഭാര്യ: മേരി. മക്കൾ: റ്റി. പി. ഷാജി (മാരാരിക്കുളം തെക്ക്പഞ്ചായത്തംഗം ,സുപ്രഭാതം ദിനപ്പത്രം പ്രാദേശിക ലേഖകൻ), അമ്പിളി. മരുമക്കൾ ബൈജു, സരിത.എൽ .ഡി ക്ലാർക്ക് ആലപ്പുഴ നഗരസഭ).



**ഗോപാലകൃഷ്ണനാചാരി**

തിരുവല്ല: കാവുംഭാഗം മുക്കാട്ട് വടക്കേതിൽ ഗോപാലകൃഷ്ണനാചാരി (65) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10.30 ന് വീട്ടുവളപ്പിൽ. ഭാര്യ: രാധമ്മാൾ.



**ഇമ്മാനുവേൽ**

മുഹമ്മ: മാരാരിക്കുളം വടക്ക് പഞ്ചായത്ത് 14-ാം വാർഡിൽ ആറാട്ടുകുളം ഇമ്മാനുവേൽ (88) അന്തരിച്ചു. ഭാര്യ: സെറാഫിൻ. മക്കൾ: റോസമ്മ, സുനിമോൾ, ജസീന്ത, ലിൻസി. മരുമക്കൾ: ഷാജി, ഷിബി, വില്യംസ്, അഗസ്റ്റിൻ.



**ജാനു**

മൂർക്കനാട്: വേലപ്പറമ്പിൽ ശങ്കുട്ടൻ മകൾ ജാനു (78) അന്തരിച്ചു. സംസ്കാരം ഏലൂർ ശ്മശാനത്തിൽ നടത്തി. മരുമകൻ: കൃഷ്ണൻകുട്ടി (ഫാക്റ്റ് ഏലൂർ). സഹോദരങ്ങൾ: പരേതരായ കൊച്ചുപെണ്ണ്, വാസും, തങ്കം, ബാലൻ, കുട്ടൻ. ഭർത്താവ് പരേതനായ കേശവദാസ്.



**കൃഷ്ണൻ നായർ**

വടക്കാഞ്ചേരി: ചിറ്റണ്ട കാഞ്ഞൂര് കൃഷ്ണൻ നായർ (87) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: പരേതയായ ചന്ദ്രിക. മക്കൾ: ഗീത (മുംബൈ), സുധ (ഓസ്ട്രേലിയ), സുനിൽ (അമെരിക്ക). മരുമക്കൾ: ശശികുമാർ (മുംബൈ), രവികുമാർ (ഓസ്ട്രേലിയ), സ്മിത (അമെരിക്ക)



**എം ജയപ്രകാശ്**

അമ്പലപ്പുഴ: അമ്പലപ്പുഴയിലെ പ്രമുഖ ആധാരം എഴുത്ത്കാരനും ആധാരം എഴുത്ത് അസോസിയേഷൻ മുൻ ജില്ലാ പ്രസിഡണ്ടുമായ അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് മൂന്നാം വാർഡ് കോമന കട്ടക്കുഴിയിൽ കളപറമ്പിൽ എം ജയപ്രകാശ് (72) അന്തരിച്ചു. ആധാരം എഴുത്ത് അസോസിയേഷൻ ജില്ലാ സെക്രട്ടറിയാണ്. കട്ടക്കുഴി കോമന എസ്എൻഡിപി ശാഖാ യോഗം പ്രസിഡണ്ട്, സെക്രട്ടറി, കട്ടക്കുഴി എസ്എൻഎൽപി സ്കൂൾ മാനേജർ, എസ്എൻഡിപി കുട്ടനാട് യൂണിയൻ കൗൺസിലർ, എസ്എൻഡിപി യൂത്ത് മൂവ്മെന്റ് സംസ്ഥാന വൈസ് പ്രസിഡന്റ്, എസ്ആർവൈഎഫ് സംസ്ഥാന സെക്രട്ടറി, എസ് ആർ പി ആലപ്പുഴ ജില്ലാ സെക്രട്ടറി, ജേണൽ ചീഫ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ: ശശികല.

**സുമതി**

ചേർത്തല: ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് ഒമ്പതാംവാർഡിൽ കളരിക്കൽവെളി സുമതി (86)അന്തരിച്ചു. മക്കൾ: ഉണ്ണി, രവീന്ദ്രൻ, സതീശൻ, ഓമന. മരുമക്കൾ: ബീന, പുഷ്പ, ഗീത, ഷാജി.



**ദാക്ഷായണി**

കണ്ടശ്ശാംകടവ്: മാമ്പുള്ളി ലൈനിൽ കല്ലയിൽ വേലായുധൻ ഭാര്യ ദാക്ഷായണി (79) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: പ്രദീപ്, പ്രഹ്സൻ. മരുമക്കൾ: ബിന്ദു, സുമി.



**എസ്. സുനിതി റാവു**

അത്താന്നിക്കൽ: പരേതനായ എസ്. സുരേന്ദ്ര റാവുവിന്റെ (ദാസ് നായ്ക് കോമ്പൗണ്ട്, കല്ലായിറോഡ്) ഭാര്യ എസ്. സുനിതി റാവു (88) അത്താണിക്കൽ പുന്നശേരിക്കാവിനു സമീപം സുന്ദരം വീട്ടിൽ അന്തരിച്ചു. മക്കൾ: എസ്. നിത്യാനന്ദൻ (റിട്ട. കോർപ്പറേഷൻ ബാങ്ക്, കോഴിക്കോട്), എസ്. അശോക് (റിട്ട. സിന്റിക്കേറ്റ് ബാങ്ക്, ട്രെയിനിങ് സെന്റർ, എറണാകുളം). മരുമക്കൾ: പി. ശൈലജ, പരേതയായ പ്രഭ. കൊങ്കിണി ഭാഷാ പ്രചാരസഭ- സാസകൃഷ്ണപൈ പുരസ്കാരം, എൻ.എം. സരസ്വതി ഭായി സാഹിത്യ പുരസ്കാരം, കേരള കൊങ്കിണി അക്കാദമി പണ്ഡരീനാഥ ഭുവനേന്ദ്ര പുരസ്കാരം, വൈഷ്ണവരന്ത കൊങ്കിണി ലിറ്ററി അവാർഡ് തുടങ്ങി കൊങ്കിണി ഭാഷയിൽ നിരവധി പുരസ്കാര ജേതാവാണ്. കൊങ്കിണി ഭാഷയിൽ നിരവധി കഥകൾ കവിതകൾ, നാടകങ്ങൾ എന്നിവ രചിച്ചിട്ടുണ്ട്. മറാത്തി ഭാഷയിൽ നിന്നും നിരവധി പുസ്തകങ്ങൾ കൊങ്കിണി ഭാഷയിലേക്ക് വിവർത്തനം നിർവഹിച്ചിട്ടുണ്ട്.



**നടേശൻ**

മുഹമ്മ: മുഹമ്മ കായിപ്പുറം തോട്ടുങ്കൽ നടേശൻ (68) അന്തരിച്ചു. ഭാര്യ: പരേതയായ ശോഭന. മക്കൾ: ഹരീഷ്, ഹരിത. മരുമക്കൾ: അനിമോൾ, അജയൻ.

**പാത്തുമ്മു**

ചെമ്മാട്: എലുമ്പാട്ടി റോഡിൽ പരേതനായ ചക്കിപ്പറമ്പത്ത് മുഹമ്മദ് ബാവയുടെ ഭാര്യ മുഖംവീടൻ പാത്തുമ്മു (83) അന്തരിച്ചു. മക്കൾ: ഫാത്തിമ, അബൂബക്കർ, ഹംസ, അബ്ദുൽ ലത്തീഫ്, അബ്ദുൽ റഷീദ്, ( റിയാദ്)മൊയ്തീൻ കോയ (റിയാദ്). മരുമക്കൾ: ചെമ്മാട് ന്യൂസ്പേപ്പർ ഏജന്റായിരുന്ന പരേതനായ സി.പി ഹംസ, സുലൈഖ, റംല, സഫിയ, സാജിദ, ജുവൈരിയ. സഹോദരങ്ങൾ: ഖദീജ പരേതരായ മുഹമ്മദ് മാനു, മരക്കാർ ഹാജി. ചെമ്മാട് ജുമുഅത്ത് പള്ളി ഖബർസ്ഥാനിൽ ഖബറടക്കം നടത്തി.



**മാത്യു ചിറപ്പാട്ട്**

ചേവായൂർ: മാത്യു ചിറപ്പാട്ട് (76) അന്തരിച്ചു. ഭാര്യ: കാതറിൻ. മക്കൾ: ടോജോ, ഡിജോ. മരുമക്കൾ: നീന, ജിസ്ന.



**ഡാർളി**

കുന്നംകുളം: തൃശൂർ റോഡ് ബഥനി സ്കൂളിന് സമീപം കിടങ്ങൻ വീട്ടിൽ പരേതനായ ബേബി ഭാര്യ ഡാർളി (84) അന്തരിച്ചു. മക്കൾ: വർഗീസ്, ബിജോയ്, ബീന. മരുമക്കൾ: ജോസ്, ആശ, സുജ.

**കെ. ശിവരാമൻ**

കൊല്ലം: ഇരവിപുരം തിരുമുക്കിൽ കൊട്ടിലിൽ വീട്ടിൽ കെ. ശിവരാമൻ (76) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ ലളിതാഭായി. മക്കൾ: ലേഖ, മിനി, ഹരി (ശില ഡ്രൈവിങ് സ്കൂൾ, തിരുമുക്ക്), മായ.



**അരവിന്ദാക്ഷൻ നായർ**

കാഞ്ഞിരമറ്റം: കാഞ്ഞിരമറ്റം പരിപ്പിൽ സുരേഷ് മന്ദിരത്തിൽ അരവിന്ദാക്ഷൻ നായർ (83) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: രാധാമണിയമ്മ, തൊടുപുഴ, കുമാരമംഗലം, മുണ്ടക്കൽ കുടുംബാഗം. മക്കൾ: അംബിക, സുരേഷ്, ശ്രീദേവി. മരുമക്കൾ: ആർ.എൽ.വി. രാജു, പ്രിയ, രാധാകൃഷ്ണൻ.



**വി. ഇന്ദിരാദേവി**

ചേർത്തല: തെക്ക് പഞ്ചായത്ത് ആറാം വാർഡിൽ കുറുപ്പൻ കുളങ്ങര മാടപ്പള്ളിച്ചിറ ശിവകൃപയിൽ പരേതനായ പി.കെ. പ്രഭാകരക്കുറുപ്പിന്റെ ഭാര്യ വി. ഇന്ദിരാദേവി (89) അന്തരിച്ചു. മകൾ: ശ്രീദേവി, മരുമകൻ: ജി. മോഹനൻ കുട്ടി (റിട്ട. ഡിറ്റിഒ, കെഎസ്ആർടിസി).



**ബാലൻ**

വടക്കാഞ്ചേരി: മംഗലം കിഴക്കേതിൽ പരേതനായ അയ്യപ്പൻ എഴുത്തച്ഛന്റേയും അമ്മിണിയുടേയും മകൻ ബാലൻ (51) അന്തരിച്ചു. ഭാര്യ: സരിത. മക്കൾ: അശ്വതി, അക്ഷയ്.




**ബാബു വർഗ്ഗീസ്**

ചേർത്തല: എറണാകുളം ഡിവിഷൻ വാട്ടർ അതോറിറ്റി റിട്ട: ഉദ്യോഗസ്ഥൻ പട്ടണക്കാട് പഞ്ചായത്ത് പതിനാറാം വാർഡ് ആരാശുപുരം മംഗനാശ്ശേരി വീട്ടിൽ ബാബു വർഗ്ഗീസ് (58) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഗീതാകുമാരി. മക്കൾ: അനൂപ്, അനിൽ, അശ്വിൻ.



**ഗോപിനാഥൻ ചെട്ടിയാർ**

ചേർത്തല: മുഹമ്മ പഞ്ചായത്ത് 11-ാം വാർഡ് കരിക്കട്ടു വെളിയിൽ ഗോപിനാഥൻ ചെട്ടിയാർ (65) (റിട്ട: പിഎ ടു സെക്രട്ടറി കൊച്ചിൻ കോർപ്പറേഷൻ) ഖത്തറിൽ അന്തരിച്ചു. സംസ്കാരം ഖത്തറിൽ തന്നെ. ഭാര്യ: ഓമന. മക്കൾ: ദൃശ്യ, ദിവ്യ (ഖത്തർ), ദീപ. മരുമക്കൾ: സജിത്ത് (ഹെൽത്ത്), സുജീഷ് (ഖത്തർ), സെന്തിൽ (സോഫ്റ്റ്‌വെയർ എൻജിനീയറിങ്).



**രവീന്ദ്രനാഥ് കെ.ആർ**

തിരുവല്ല: കുറ്റൂർ എസ്. ആർ.ഭവനിൽ രവീന്ദ്രനാഥ് കെ.ആർ (54) അന്തരിച്ചു. സംസ്കാരം നടത്തി. തലവടി കൊപ്പാറയിൽ കുടുംബാംഗമാണ്. ഭാര്യ: ഐക്കരപറമ്പിൽ കുടുംബാംഗം ശ്രീകുമാരി.
മക്കൾ: ശ്രീനാഥ്, ശ്രേയ.



**അയ്യപ്പൻകുട്ടി**

ചോറ്റാനിക്കര: വള്ളികുന്നത്ത് അയ്യപ്പൻകുട്ടി (89) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: അമ്മിണി. മക്കൾ: അംബിക, ആശ, അനിൽകുമാർ. മരുമക്കൾ: സോമൻ, ബാബു, സുനി.



**കെ. ലീല**

തൃപ്പൂണിത്തുറ: കണ്ണൻകുളങ്ങര മംഗള മഠത്തിൽ ( ഉപാസന) കെ ലീല (82) അന്തരിച്ചു. സംസ്കാരം നടത്തി. തൃപ്പൂണിത്തുറ ഗവ.ഗേൾസ് ഹൈസ്കൂളിലെ റിട്ട. സംഗീതാദ്ധ്യാപികയാണ്. ഭർത്താവ്: ബാലരാമവർമ്മ (ചേർത്തല, ചെങ്ങണ്ട പുത്തൻകോവിലകം കുടുംബാംഗം). മക്കൾ: സന്തോഷ് വർമ്മ (ഗാനരചയിതാവ് ), സൗമ്യാ വർമ്മ. മരുമക്കൾ: പ്രവിത സന്തോഷ് വർമ്മ ,രജീഷ് വർമ്മ.



**അരുൺദാസ്**

വടക്കാഞ്ചേരി: പുതുരുത്തി അംഗതട്ട് മനവഴി റോഡിൽ കുളക്കാട്ടിൽ പരേതനായ അരുൺദാസ് (52) അന്തരിച്ചു. ഇറിഗേഷൻവകുപ്പ് പമ്പ് ഓപ്പറേറ്റർ ആണ്. സംസ്ക്കാരം നടത്തി. അമ്മ: ശാരദ.



**മുഹമ്മദ് കുട്ടി ഹാജി**

തിരൂരങ്ങാടി: പാലത്തിങ്ങൽ അങ്ങാടിയിലെ പഴയകാല പലചരക്ക്യാപാരിയും മതസാമൂഹ്യ രംഗങ്ങളിൽ നിറസാന്നിധ്യവുമായിരുന്ന തൃക്കുളം പള്ളിപ്പടിയിലെ മൂഴിക്കൽ മുഹമ്മദ്കുട്ടി ഹാജി (89) അന്തരിച്ചു. ഭാര്യ: പരേതമായ ബീഫാത്തിമ ഹജ്ജുമ്മ. മക്കൾ: അബ്ദുൽ കരീം ഹാജി, അബ്ദുൽ ഗഫൂർ, ഖദീജ, സുഹറാബി, റംല, ഹഫ്സത്ത്, ബഷീർ, ഫെമിന. മരുമക്കൾ: ഖദീജ, മൈമൂന, മൊയ്തീൻകുട്ടി വലിയപീടിയേക്കൽ (പന്താരങ്ങാടി), ഹുസൈൻ ഹാജി നെല്ലിയാളി (പാലത്തിങ്ങൽ), അബ്ദുസമദ് കോളങ്ങത്ത്(മോര്യ), സി.സി. അഷ്റഫ് (മണ്ണൂർ). പി.കെ. അബ്ദുറഹ്മാൻ ആരിഫ് (കൂരിയാട്), ഹനീഫ കോളങ്ങത്ത് (മോര്യ).



**വിൻസെന്റ്**

പുത്തൻപീടിക: പള്ളി ഗ്രൗണ്ടിന് സമീപം ചാലയ്ക്കൽ വിൻസെന്റ് (69) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: റോസിലി. മക്കൾ: സൗമ്യ, നിമ്മി.



**ടി.എൽ. സുരേഷ്**

വൈപ്പിൻ: ഓച്ചന്തുരുത്ത് തൈക്കൂട്ടത്തിൽ ടി. എൽ. സുരേഷ് (64) അന്തരിച്ചു.

## കൊവിഡ് മരണങ്ങൾ

### ഔസേഫ്



അങ്കമാലി: കൊവിഡ് ബാധിച്ച് ചികിത്സയിലായിരുന്ന കോറ്റമം കളമ്പാട്ടു പുരം തേനൻ പരേതനായ പത്രോസിന്റെ മകൻ ഓസേഫ് (76) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: മേരി. മക്കൾ: ഫാ പീറ്റർ തേനൻ (അമെരിക്ക), അജി, മാർട്ടിൻ. മരുമക്കൾ: സാബു, ആനി.

### തടവുകാരൻ മരിച്ചു

തിരുവനന്തപുരം: സെൻട്രൽ ജയിലിലെ തടവുകാരൻ കോവിഡ് ബാധിച്ച് മരിച്ചു. ആലപ്പുഴ സ്വദേശി വിനയചന്ദ്രനാണ് തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സയിലിരിക്കെ കോവിഡ് ബാധിതനായി ഇന്നലെ മരിച്ചത്. 2014 മുതൽ പ്രതിയായി ജയിലിൽ കഴിയുകയായിരുന്നു. സെൻട്രൽ ജയിലിലെ ജീവപര്യന്തം ശിക്ഷാ തടവുകാരനാണ്. കഴിഞ്ഞ മൂന്ന് വർഷത്തോളമായി കാൻസർ ചികിത്സയിലായിരുന്നു. ക്യാൻസർ ചികിത്സയ്ക്ക് വേണ്ടി മെയ് ആദ്യമാണ് ആശുപത്രിയിൽ എത്തിച്ചത്. ഏപ്രിൽ 20ന് നടത്തിയ പരിശോധനയിലും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തപ്പോഴത്തെ പരിശോധനയിലും കോവിഡ് രോഗബാധയുണ്ടായിരുന്നില്ല. മെഡിക്കൽ കോളജിൽ മെയ് 14 ന് നടത്തിയ പരിശോധനയിൽ ഇയാൾ കോവിഡ് പോസിറ്റീവാകുകയും കൊവിഡ് ഐസിയുവിലേക്ക് മാറ്റുകയും ചെയ്തു. ഇന്നലെ രാവിലെയോടെയായിരുന്നു മരണം.

### സിറാജ്



നെയ്യാറ്റിൻകര: മുസ്ലിം ലീഗ് പാറശ്ശാല നിയോജക മണ്ഡലം മുൻ പ്രസിഡന്റും വെള്ളറട ഗ്രാമപഞ്ചായത്ത് മെമ്പറും എസ് റ്റി യു മോട്ടോർ തൊഴിലാളി യൂണിയൻ ജില്ലാ ജനറൽ സെക്രട്ടറിയും ആയ പനച്ചമുട് കിടങ്ങുവിള വീട്ടിൽ സിറാജ് (59)കൊവിഡ് ബാധിച്ച് മരിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ ഇന്നലെയായിരുന്നു മരണം. ഭാര്യ: ജുനുബ. മക്കൾ: ഷിജിന, സജ്ന, അജ്ന, ഷെഹന. മരുമക്കൾ: സലിം, പിരുമുഹമ്മദ്, സുധീർ, റിയാസ്.

### ഏലിക്കുട്ടി



വടക്കഞ്ചേരി: മംഗലംഡാം ഒടുകൂർ ചെറുചാൽ ആയാങ്കുടിയിൽ പരേതനായ ജോസഫ് ഭാര്യ ഏലിക്കുട്ടി (92) കൊവിഡ് ബാധിച്ച് മരിച്ചു. ഒരാഴ്ചയായി ആശുപത്രിയിൽ ചികിത്സയിലായിരുന്നു. സംസ്കാരം മംഗലഗിരി മർത്തമറിയം പള്ളി സിമിത്തേരിയിൽ നടത്തി. മക്കൾ: ഫിലിപ്പ്, തോമസ് , ചാക്കോ , ജോസ് , ലില്ലി. മരുമക്കൾ: വൽസ, ലൈല, പരേതയായ മേരി, ഗ്രേസി, ചാക്കോ.

### സുമതി



വടക്കാഞ്ചേരി: എരുമപ്പെട്ടി തെക്കുംമുറി അയ്യപ്പക്ഷേത്രത്തിനടുത്ത് സുമതി (80) കൊവിഡ് ബാധിച്ച് ചികിത്സയിലിരിക്കെ മുളങ്കുന്നത്തുകാവ് ഗവ:മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെച്ച് മരിച്ചു. സംസ്ക്കാരം നടത്തി. ഭർത്താവ്: പരേതനായ വാസു. മക്കൾ: വിശ്വനാഥൻ, ഉത്തമൻ, അശോകൻ, ഗിരിജ, സൗമിനി. മരുമക്കൾ: സുജാത, ലത, ധന്യ, രാജൻ, പരേതനായ വിജയൻ.

### ശോഭന



വടക്കാഞ്ചേരി: കൊവിഡ് ബാധിച്ച് വീട്ടമ്മ മരിച്ചു. വിരുപ്പാക്ക കിഴക്കേതിൽ ശോഭന (58) ആണ് മരിച്ചത്. സംസ്ക്കാരം നടത്തി. ഭർത്താവ്: സുകുമാരൻ. മക്കൾ: സ്വപ്ന, സജന, ശരണ്യ. മരുമക്കൾ: ഷാജി, സജീഷ്, ഗിരീഷ്.

### മീനാക്ഷി അമ്മ



വടക്കാഞ്ചേരി: മുണ്ടത്തി കോട് കരുമത്തിൽ പാറുക്കുട്ടി അമ്മ മകൾ മീനാക്ഷി അമ്മ (91) കൊവിഡ് ബാധിച്ച് മരിച്ചു. അവിവാഹിതയാണ്. സംസ്ക്കാരം നടത്തി.

### എം. ദിലീഷ്



കുന്ദമംഗലം: കാരന്തൂർ തിരുത്തി പള്ളി മീത്തൽ എം.ദിലീഷ് (50) കോവിഡ് ബാധിച്ച് മരണപെട്ടു. പിതാവ്: മാടക്കുനി അപ്പു മാതാവ്: സീമന്തിനി ഭാര്യ: ബിജി. മക്കൾ: പ്രണവ് ,സൗരവ്, സഹോദരങ്ങൾ: അനീഷ്, സുധീഷ് (ദേശാഭിമാനി, തിരുവനന്തപുരം ), ജോ തിഷ്കുമാർ.

### കൃഷ്ണൻ കുട്ടി പണിക്കർ

ഇരിങ്ങാലക്കുട: കാറളം പഞ്ചായത്ത് മുൻ വൈസ് പ്രസിഡണ്ടും കാറളം സർവ്വീസ് സഹകരണ ബാങ്ക് മുൻ പ്രസിഡന്റുമായ പോട്ടയിൽ കൃഷ്ണൻ കുട്ടി പണിക്കർ (ദാസൻ മാസ്റ്റർ) കോവിഡ് ബാധിച്ച് മരിച്ചു.

## കാണാതായയാളിന്റെ മൃതദേഹം അച്ചൻകോവിലാറ്റിൽ കണ്ടെത്തി

*കെ. ഒ. ജോർജ്*

മാവേലിക്കര: കാണാതായ ആളിന്റെ മൃതദേഹം അച്ചൻകോവിലാറ്റിൽ കാണപ്പെട്ടു. കല്ലിമേൽ കളയ്ക്കാട്ട് പരേതരായ ഉണ്ണുണ്ണിയുടെയും പെണ്ണമ്മയുടെയും മകൻ കെ.ഒ. ജോർജിനെ (ബെന്നി-57) ആണു അച്ചൻകോവിലാറ്റിൽ മരിച്ച നിലയിൽ കാണപ്പെട്ടത്. കൊല്ലകടവ് പാലത്തിനു പടിഞ്ഞാറ് പുത്തൻപാലത്തു കടവിനു സമീപം ചൊവ്വാഴ്ച രാവിലെയാണു മൃതദേഹം കണ്ടത്. ജോർജിന്റെ കൈ ഒടിഞ്ഞ നിലയിലും ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ മുറിവുകളും ഉണ്ടായിരുന്നതായി നാട്ടുകാർ പറയുന്നു.ശനിയാഴ്ച വൈകിട്ട് ഇവിടെ നിയന്ത്രണം വിട്ട വാൻ അച്ചൻകോവിലാറ്റിലേക്കു മറിഞ്ഞിരുന്നു. ഓടിയെത്തിയ നാട്ടുകാരാണു വാൻ ഓടിച്ചിരുന്ന യുവാവിനെ രക്ഷിച്ച് ആശുപത്രിയിലെത്തിച്ചത്. യുവാവ് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. നിയന്ത്രണം വിട്ട വാൻ റോഡിലൂടെ നടന്നു പോകുകയായിരുന്ന ജോർജിനെ ഇടിച്ചു തെറിപ്പിച്ചതാണോയെന്നു സംശയിക്കുന്നുണ്ട്. കൊവിഡ് പരിശോധന ഫലം ലഭിച്ചു മൃതദേഹം പോസ്റ്റ്മോർട്ടം നടത്തിയാൽ മാത്രമേ സത്യാവസ്ഥ മനസിലാക്കാൻ സാധിക്കൂവെന്നു പൊലിസ് പറഞ്ഞു. ജോർജിന്റെ ഭാര്യ മോളമ്മ. മക്കൾ: ബെറ്റി ജോർജ്, ബിറ്റു ജോർജ്.

## ക്ഷേത്ര ജീവനക്കാരനെ വെള്ളക്കെട്ടിൽ മരിച്ച നിലയിൽ കണ്ടെത്തി

*രമേശ്*

തിരുവല്ല: ക്ഷേത്ര ജീവനക്കാരനെ വെള്ളക്കെട്ടിൽ മരിച്ച നിലയിൽ കണ്ടെത്തി. കല്ലൂപ്പാറ ശാസ്താങ്കൽ വെട്ടിനായത്തിൽ ക്ഷേത്രത്തിലെ ജീവനക്കാരനായ കവിയൂർ മോഹന വിലാസത്തിൽ രമേശ് (55) നെയാണ് കോട്ടൂർ തുരുത്തേൽ പുഞ്ച റോഡിലെ വെള്ളക്കെട്ടിൽ നിന്നാണ് ഇന്നലെ ഉച്ചക്ക് ഒന്നരയോടെ അഗ്നിശമന സേനയും, നാട്ടുകാരും നടത്തിയ തിരച്ചലിൽ മരിച്ച നിലയിൽ കണ്ടത്. ഇന്നലെ പുലർച്ചെ 6 മണിയോടെ ക്ഷേത്രത്തിലേക്ക് വീട്ടിൽ നിന്നും യാത്ര തിരിച്ച രമേശ് ക്ഷേത്രത്തിൽ എത്താതിരുന്നതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് രമേശിന്റെ ജഡം കണ്ടത്.കോവിഡ് ടെസ്റ്റ് പരിശോധനയ്ക്ക് ശേഷം മൃതദേഹം തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കയാണ്. പോസ്റ്റ്മോർട്ടത്തിനു ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടു നൽകും. മന്നംകരചിറ തുക്കാലേട്ട് കുടുംബാംഗമായ രമേശിന്റെ ഭാര്യ ജ്യോതിയും, മക്കൾ വിഷ്ണു, വിദ്യ എന്നിവരുമാണ്.

**ധർമ്മരാജൻ**

തുറവൂർ: പഞ്ചായത്ത് ഒൻപതാം വാർഡ് മാതോടത്ത് ധർമ്മരാജൻ (49) അന്തരിച്ചു. ഭാര്യ:ലത (ആരോഗ്യ വകുപ്പ് ,തിരുവനന്തപുരം) മക്കൾ: ഹരിപ്രിയ, ദേവപ്രിയ. സംസ്കാരം നടത്തി.

**ആർ. മണി**

വടക്കഞ്ചേരി: വണ്ടാഴി പുല്ലമ്പാടം സരോജ്ഭവനിൽ ആർ. മണി (രങ്കസ്വാമി പിളെള - 87) അന്തരിച്ചു. ഭാര്യ: സരോജിനി. മക്കൾ: ശശി, രഘുനാഥ്, മധുസൂധനൻ. മരുമക്കൾ: മഞ്ജുള, നാഗസൂര്യ.

**സിദ്ദീഖ്**

വടക്കഞ്ചേരി: പുതുക്കോട് കീഴ മുതയംകോട്ടിൽ സിദ്ദീഖ് (74) അന്തരിച്ചു. ഭാര്യ: സഫിയ മക്കൾ: ഷാജഹാൻ, യൂനിസ്, ഇസ്മയിൽ, സൈനബ, ഷമീന മരുമക്കൾ: നസീറ, സൈനബ, ബുഷറ, ഷാഹുൽഹമീദ്.

**സെലിൻ**

വൈപ്പിൻ: മുളവുകാട് പൊന്നാരിമംഗലം പനങ്ങാട് സെബാസ്റ്റിയന്റെ ഭാര്യ സെലിൻ (71) അന്തരിച്ചു. മക്കൾ: ആന്റണി, ക്രിസ്റ്റീന. മരുമക്കൾ: ഷൈമോൾ, ആന്റണി.

**ഇട്ടൂപ്പ് ജി മാമ്പിള്ളി**

വൈപ്പിൻ: റിട്ട. റോ ഓഫീസർ ഞാറക്കൽ പെരുമ്പിള്ളി ഇട്ടൂപ്പ് ജി. മാമ്പിള്ളി (83)അന്തരിച്ചു. ഭാര്യ : ട്രീസ(റിട്ട.അധ്യാപിക). മകൾ : ടെസ് മരിയ ഇട്ടൂപ്പ് (അധ്യാപിക, തൃക്കാക്കര).

**രാമൻകുട്ടി നായർ**

വടക്കഞ്ചേരി: പുതുക്കോട് അയ്യപ്പൻകുന്ന് വടക്കഞ്ചേരി കുളമ്പ് തെക്കില്ലത്ത് കളത്തിൽ തേക്കിൻകാട് രാമൻകുട്ടി നായർ (80) അന്തരിച്ചു. (റിട്ട. എയർഫോഴ്സ്). ഭാര്യ: വാസന്തിക. മക്കൾ: സ്മിത, വൃന്ദ മരുമക്കൾ: മഹേഷ്, അനിൽ സഹോദരങ്ങൾ: ഗോപിനാഥൻ, പാറുക്കുട്ടി (തങ്കം).






# അപൂർവ അനുഭവം പങ്കുവച്ച് സെലീന ജെയ്റ്റ്‌ലി

രണ്ട് പ്രസവത്തിലും ഇരട്ടക്കുട്ടികൾ ജനിച്ച അനുഭവത്തെ കുറിച്ച് പറഞ്ഞിരിക്കുകയാണ് നടി സെലീന ജയ്റ്റ്‌ലി.ഇരട്ട കുട്ടികൾ ജനിക്കുന്ന എന്റെ സ്വതസിദ്ധമായ ഗർഭാവസ്ഥകൾ ഏറ്റവും അനുഗ്രഹിക്കപ്പെട്ടതാണ്. എന്നാൽ തുടർച്ചയായി രണ്ട് തവണയും ഇരട്ടക്കുട്ടികൾ ഉണ്ടാവുകയായിരുന്നു. എന്റെ ഗർഭാവസ്ഥയിൽ അപൂർവ്വം കേസുകളിൽ ഒന്നായിട്ടാണ് രണ്ടാമതും ഇരട്ടക്കുട്ടികൾ ജനിക്കുന്നതെന്ന് ഡോക്ടർ പറഞ്ഞപ്പോൾ എന്റെ ഭർത്താവ് പീറ്ററിന്റെ മുഖത്തുണ്ടായ ഭാവം ഞാനിപ്പോഴും ഓർമ്മിക്കുന്നുണ്ട്.

ഞാൻ ഗർഭിണിയായിരുന്ന രണ്ട് കാലഘട്ടത്തിലെ ചിത്രങ്ങളാണിത്. ആദ്യം വിൻസ്റ്റൻ ജാഗും വീരാജ് ജാഗും ജനിച്ചു. രണ്ടാമത് അർതുർ ജാഗും ഷംഷാറുമായിരുന്നു. രണ്ട് തവണയും എനിക്ക് ഇരട്ടക്കുട്ടികൾ ജനിക്കുന്ന ഹോർമോൺ വ്യത്യാസത്തിനൊപ്പം എനിക്ക് പ്രമോഹവും കണ്ടെത്തി. അതുകൊണ്ട് തന്നെ രണ്ട് ഗർഭകാലത്തും ഭക്ഷണം കഴിക്കുന്നത് കർശന നിയന്ത്രണങ്ങളിലൂടെയായിരുന്നു കടന്ന് പോയത്.രണ്ടാമതും ഗർഭിണിയായിരിക്കുന്ന സമയത്താണ് പിതാവിന്റെ വേർപാട്. ആ സമയത്തുണ്ടായ ഷോക്ക് കാരണം എനിക്ക് നടക്കാൻ സാധിച്ചിരുന്നില്ല. ഭർത്താവ് പീറ്ററാണ് എന്നെ വീൽചെയറിലിരുത്തി കൊണ്ട് പോയത്. ചെറുതായിരുന്നതിനാൽ എന്റെ അസ്ഥികളെ അത് ബാധിച്ചു. കുഞ്ഞുങ്ങൾ ഹൃദയത്തിൽ അമർത്തി പിടിച്ചതോടെ ശ്വാസിക്കാനും ബുദ്ധിമുട്ടി.ഹൈപ്പോ പ്ലാസ്റ്റിക് ഹൃദയം കാരണം മകൻ ഷംഷറിനെ നഷ്ടപ്പെട്ടു. ആർദർ മൂന്ന് മാസത്തോളം ഇൻകുബേറ്ററിൽ ആയിരുന്നു. ഒരുവിധം അമ്മമാരും ഇതെല്ലാം പിന്തുടർന്ന് അനുഭവിക്കുന്നവർ ആണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നിങ്ങെനയാണ് സെലീന കുറിച്ചിരുന്നത്.



# വാക്സിൻ എടുത്ത് രജിനികാന്ത്

തമിഴകത്തിന്റെ സ്റ്റൈൽ മന്നൻ രജിനികാന്ത് കൊവിഡ് വാക്സിൻ എടുത്തിരിക്കുകയാണ്.രജനികാന്ത് കൊവിഡ് വാക്സിൻ എടുത്ത കാര്യം മകൾ സൗന്ദര്യയാണ് വെളിപ്പെടുത്തിയത്. രജനികാന്ത് വാക്സിൻ എടുക്കുന്നതിന്റെ ഫോട്ടോയും സൗന്ദര്യ പങ്കുവെച്ചിട്ടുണ്ട്. നമ്മുടെ തലൈവർ വാക്സിനെടുത്തുവെന്ന് സൗന്ദര്യ എഴുതിയിട്ടുണ്ട്.നമുക്ക് കൊവിഡ് വൈറസിനെതിരെ പോരാടി ജയിക്കാം എന്നും സൗന്ദര്യ എഴുതുന്നു. രജനികാന്തിന്റെ സുഹൃത്തും നടനുമായ കമൽഹാസനും അടുത്തിടെ കൊവിഡ് വാക്സിൻ സ്വീകരിച്ചിരുന്നു.




# മമ്മൂക്ക ദിനേശനായി സൂരി

ബിഗ് ബോസ് തമിഴ് സീസൺ 3 ഫെയിം മുഗൻ റാവു നായകനാകുന്ന 'വേലൻ' എന്ന സിനിമയുടെ പുതിയ പോസ്റ്റർ പുറത്തിറങ്ങി. നവാഗതനായ കെവിൻ ആണ് ചിത്രം സംവിധാനം ചെയ്യുന്നത്. തമിഴ് ഹാസ്യ താരം സൂരി മമ്മൂട്ടിയുടെ കടുത്ത ആരാധകനായ മമ്മൂക്ക ദിനേശൻ എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്നു എന്നതാണ് ഈ ചിത്രത്തിലെ ഏറ്റവും വലിയ പ്രത്യേകത. സിനിമയുടെ ഷൂട്ടിംഗ് പൂർത്തിയാക്കി ഇപ്പോൾ പോസ്റ്റ് പ്രൊഡക്ഷനിലാണ്. സ്കൈമാൻ ഫിലിംസിന്റെ ബാനറിൽ കലൈമകൻ മുബാറക് നിർമ്മിക്കുന്ന ചിത്രത്തിൽ കോയമ്പത്തൂരിൽ നിന്നുള്ള മമ്മൂട്ടി ആരാധകനായാണ് സൂരി എത്തുന്നത്. പ്രഭു, തമ്പി രാമയ്യ, ഹരീഷ് പേരടി, ശ്രീ രഞ്ജനി, സുജാത തുടങ്ങി നിരവധി താരങ്ങളാണ് ചിത്രത്തിലുള്ളത്.മീനാക്ഷിയാണ് നായികയായെത്തുന്നത്. തിളൈയാർ പളനിസാമി എന്ന കഥാപാത്രമായാണ് പ്രഭു അവതരിപ്പിക്കുന്നത്. പാലക്കാട്ടുകാരനായ 'ആനന്ദക്കുട്ടനെ' തമ്പി രാമയ്യയും ആർകെവി എംഎൽഎ ആയി ഹരീഷ് പേരടിയും എത്തുന്നു. ചിത്രത്തിന്റെ മറ്റ് ക്യാരക്റ്റർ പോസ്റ്ററുകൾ പുറത്തിറങ്ങിയിട്ടുമുണ്ട്.ഗോപി സുന്ദർ ആണ് സംഗീതം. ഛായാഗ്രഹണം ഗോപി ജഗദീശ്വരൻ. എഡിറ്റിംഗ് കെ ശരത്കുമാർ, കലാസംവിധാനം ടി ബാലസുബ്രഹ്മണ്യം, സംഘട്ടനം മഹേഷ് മാത്യു, നൃത്ത സംവിധാനം ദിനേശ് എന്നിവരാണ്.



# മമ്മൂട്ടി എടുത്ത ചിത്രം

ക്യാമറയോടുള്ള മമ്മൂട്ടിയുടെ ക്രേസ് പണ്ടുമുതലേയുള്ളതാണ്. അത്തരത്തിലുള്ളൊരു സംഭവത്തെക്കുറിച്ചാണ് മനോജ് കെ ജയൻ കുറിച്ചിട്ടുള്ളത്. മനോജ് കെ ജയനും മണിയൻപിള്ള രാജുവും ശ്വേത മേനോനും ഒരുമിച്ചുള്ള ചിത്രം പകർത്തുന്ന മമ്മൂട്ടിയുടെ ഫോട്ടോയും അദ്ദേഹം പോസ്റ്റ് ചെയ്തിട്ടുണ്ട്.മമ്മൂക്കയ്ക്ക് ഫോട്ടോഗ്രാഫി ഒരു ക്രെയ്സ് ആണ്. പല തവണ അദ്ദേഹത്തിന്റെ ക്യാമറയ്ക്ക് മുന്നിൽ ഞാൻ പെട്ടിട്ടുണ്ട്. അത് വലിയ സന്തോഷമാണ്, ഭാഗ്യമാണ്. കാരണം, അത് എന്നെന്നും സൂക്ഷിച്ചു വയ്ക്കാവുന്നതായിരിക്കും. ദുബായിൽ അമ്മ ഷോയുടെ റിഹേഴ്സലിന്റെ ഇടയിൽ ഫോട്ടോഗ്രാഫർ ജെ.പി. യുടെ ക്യാമറയിൽ മമ്മുക്കയുടെ ക്ലിക്ക്. കൂടെ, ശ്വേതയും, മണിയൻപിള്ള രാജുവേട്ടനും, ഹാപ്പി മൊമൻസ് എന്നായിരുന്നു മനോജ് കെ ജയൻ കുറിച്ചത്. ദുൽഖർ സൽമാനുൾപ്പടെ നിരവധി പേരാണ് ഫോട്ടോലൈക്ക് ചെയ്തിട്ടുള്ളത്.




# മകൾ ജനിച്ച സന്തോഷം പങ്കുവച്ച് സിജു വിത്സൺ

യുവനടന്മാരിൽ ശ്രദ്ധേയനായ നടനാണ് സിജു വിത്സൺ. തനിക്കും ഭാര്യ ഭാര്യ ശ്രുതി വിജയനും ഒരു മകൾ ജനിച്ച സന്തോഷം പങ്കുവച്ചിരിക്കുകയാണ് താരമിപ്പോൾ. കഴിഞ്ഞ ദിവസമാണ് സിജുവിനും ശ്രുതിയ്ക്കും ഒരു മകൾ പിറന്നത്. ഭാര്യയ്ക്കൊപ്പമുള്ള ചിത്രം പങ്കുവച്ചു കൊണ്ടാണ് കഴിഞ്ഞ ദിവസം മകൾ ജനിച്ച സന്തോഷം സിജു സോഷ്യൽ മീഡിയയിൽ പങ്കുവച്ചിരിക്കുന്നത്. മുംബൈയിൽ വച്ചാണ് ഭാര്യ ശ്രുതി വിജയൻ മകൾക്ക് ജന്മം നൽകിയത്.

"ഞങ്ങളുടെ സ്വീറ്റ് ഡാർലിംഗ് ബേബി ഗേൾ മെയ് 17ന് രാത്രി എത്തിയ സന്തോഷം അറിയിക്കുന്നു. ഞങ്ങൾക്ക് ഇന്നലെ മെയ് 17ന് കാറ്റും പേമാരിയുടെയും കൂടെ മുംബൈയിൽ വച്ചു ഒരു പെൺകുഞ്ഞു ജനിച്ചു. പ്രകൃതിക്കു നന്ദി" എന്നാണ് സിജു കുറിച്ചിരിക്കുന്നത്. 2017ൽ ആയിരുന്നു ശ്രുതിയും സിജുവും വിവാഹിതരായത്.

അതേസമയം, വിനയൻ ഒരുക്കുന്ന പത്തൊമ്പതാം നൂറ്റാണ്ട് ആണ് സിജു വിത്സന്റേതായി ഒരുങ്ങുന്ന ഏറ്റവും പുതിയ ചിത്രം. ആറാട്ടുപുഴ വേലായുധ പണിക്കർ എന്ന ചരിത്ര കഥാപാത്രത്തെയാണ് സിജു വിത്സൻ അവരിപ്പിക്കുന്നത്.

വരയൻ, ഉപചാരപൂർവ്വം ഗുണ്ട ജയൻ, വാർത്തകൾ ഇതുവരെ, മാരിചൻ എന്നിവയാണ് താരത്തിന്റേതായി ഒരുങ്ങുന്ന മറ്റ് ചിത്രങ്ങൾ. ഇത്തവണ മികച്ച ചിത്രത്തിനുള്ള സംസ്ഥാന പുരസ്കാരം ലഭിച്ച വാസന്തി സിനിമയുടെ നിർമ്മാതാവ് സിജു വിത്സൻ ആണ്. ചിത്രത്തിൽ പ്രധാനപ്പെട്ട കഥാപാത്രത്തെയും സിജു അവതരിപ്പിച്ചു.



# ദേവ് മോഹൻ, ജിജു അശോകൻ ഒന്നിക്കുന്ന 'പുള്ളി'

'സൂഫിയും സുജാതയും' ഫെയിം ദേവ് മോഹൻ,മീനാക്ഷി ദിനേശ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ' ഉറുമ്പുകൾ ഉറങ്ങാറില്ല ' എന്ന ഹിറ്റ് സിനിമയുടെ സംവിധായകൻ ജിജു അശോകൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് 'പുള്ളി '. ശെന്തിൽ കൃഷ്ണ,ഇന്ദ്രൻസ്,ശ്രീജിത്ത് രവി,കലാഭവൻ ഷാജോൺ,സുധി കോപ്പ,വിജയകുമാർ,ബാലാജി ശർമ്മ,വെട്ടുക്കിളി പ്രകാശ്,രാജേഷ് ശർമ്മ,അബിൻ ബിനോ,ബിനോയ്,മുഹമ്മദ് ഇരവട്ടൂർ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.കമലം ഫിലിംസിന്റെ ബാനറിൽ ടി ബി രഘുനാഥൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സതീഷ് കുറുപ്പ് നിർവ്വഹിക്കുന്നു.

ബി കെ ഹരിനാരായണൻ എഴുതിയ വരികൾക്ക് മനുഷ്യർ(മ്യൂസിക് ബാന്റ് )സംഗീതം പകരുന്നു.എഡിറ്റർ-ദീപു ജോസഫ്.

ലൈൻ പ്രൊഡ്യൂസർ-

കെ ജി രമേശ്,കോ പ്രൊഡ്യൂസർ-ലേഖ ഭാട്ടിയ,പ്രൊഡക്ഷൻ കൺട്രോളർ-ബിജു തോമസ്സ്,കല-പ്രശാന്ത് മാധവ്,മേക്കപ്പ്-അമൽ ചന്ദ്രൻ,വസ്ത്രാലങ്കാരം-അരുൺ മനോഹർ,സ്റ്റിൽസ്-ഭവിനീഷ് ഭരതൻ,

പരസ്യക്കല-സിറോ ക്ലോക്ക്,ചീഫ് അസോസിയേറ്റ് ഡയറക്ടർ- അബ്രു സൈമൺ,വിവിൻ രാധാകൃഷ്ണൻ,അസോസിയേറ്റ് ഡയറക്ടർ-ആതിര കൃഷ്ണൻ എ ആർ,അസിസ്റ്റന്റ് ഡയറക്ടർ-ഗൗതം ഗോരോചനം,മുഹമ്മദ് യാസിൻ,സൗണ്ട്-ഗണേശ് മാരാർ,ആക്ഷൻ-സുപ്രീം സുന്ദർ,ഫിനാൻസ് കൺട്രോളർ-ശ്രീക്കുട്ടൻ ധനേശൻ,പ്രൊജക്റ്റ് കോ ഓർഡിനേറ്റർ-അമൽ പോൾസൺ,പ്രൊഡക്ഷൻ മാനേജർ-അമൽ പോൾസൺ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്-വിനോദ് ശേഖർ,വിനോദ് വേണുഗോപാൽ, വാർത്ത പ്രചരണം-എ എസ് ദിനേശ്.



# സന്ദേശവുമായി ഭൂമിക ചൗള

മോഹൻലാൽ നായകനായ ഭ്രമണം എന്ന ചിത്രത്തിലൂടെ മലയാളികൾക്കും ഏറെ പരിചിതയായ നടിയാണ് ഭൂമിക ചൗള . ഇപ്പോഴിതാ താരം ഈ ഒരു സാഹചര്യത്തിൽ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണം എന്ന സന്ദേശവുമായി എത്തിയത്.

എല്ലാ എപ്പോഴും പണത്തെ കുറിച്ച് മാത്രമുള്ളതല്ല. ഈ ഒരു സമയം നമ്മളെല്ലാവരും ഒറ്റക്കെട്ടായി നിൽക്കണം. മറ്റൊരാളെ സഹായിക്കാൻ എന്താണ് ചെയ്യാൻ കഴിയുക എന്നാൽ അത് ചെയ്യണം. മറ്റൊരാൾക്ക് എന്തെങ്കിലും ചെയ്തു കൊടുക്കാൻ തനിയ്ക്ക് എന്ത് ചെയ്യാൻ പറ്റും എന്ന് എല്ലാവരും സ്വയം ചിന്തിച്ചു നോക്കുക.ചില ബ്രാന്റുകളെയും ചെറിയ ബിസിനസ്സുകാരെയും സഹായിക്കാൻ ശ്രമിക്കാം. പക്ഷെ എല്ലാം പണത്തിന് വേണ്ടിയല്ല. അവർക്ക് വേണ്ടി പ്രമോഷൻ നൽകുന്നത് ഫ്രീയായിട്ട് ആയിക്കോട്ടെ. പ്രമോട്ട് ചെയ്തുകൊണ്ട് പ്രോത്സാഹിപ്പിക്കുമ്പോൾ, ആ പ്രമോട്ട് ചെയ്യുന്ന കാര്യത്തിൽ അയാൾക്ക് വിശ്വാസം ഉണ്ടായിരിക്കണം. ഇത് ഈ സമയത്ത് നൽകാൻ കഴിയുന്ന സ്നേഹത്തെയും പരിഗണനെയെയും കുറിച്ചാണ്. എല്ലാവരും സുക്ഷിതരായി ഇരിക്കുക. അനുഗ്രഹീതരായിയ്ക്കട്ടെ " എന്നാണ് ഭൂമികയുടെ ഇൻസ്റ്റഗ്രാം പോസ്റ്റ്.ഗോപി ചന്ദും തമന്നയും കേന്ദ്ര കഥാപാത്രങ്ങളായി എത്തുന്ന സേട്ടിമർ എന്ന ചിത്രത്തിലാണ് ഭൂമിക ഇപ്പോൾ അഭിനയിച്ചുകൊണ്ടിരിക്കുന്നത്

# ശ്രദ്ധേയമായി ആന്റണിയുടെ ഹിമാലയൻ യാത്രാ വിവരണം

മലയാളത്തിന്റെ യുവതാരം ആന്റണി വർഗ്ഗീസും കൂട്ടരും നടത്തിയ ഹിമാചൽ യാത്രാ വിവരണവുമായി എത്തിയ 'വാബി - സാബി' ആദ്യ എപ്പിസോഡ് പുറത്തിറങ്ങി. ക്രിയേറ്റീവ് ഡിസൈനർ ആയ സാനി യാസ് എഴുതി, സംവിധാനം ചെയ്ത മലയാളത്തിലെ ഈ വേറിട്ട യാത്രവിവരണം അവതരണം കൊണ്ട് മനോഹരമാണ്.

പത്തു ദിവസത്തോളം നീണ്ട യാത്രയിലെടുത്ത നുറുങ്ങു വീഡിയോകൾ ഒരു യാത്രാ വിവരണം പോലെ എഡിറ്റ് ചെയ്ത് തയ്യാറാക്കിയ പന്ത്രണ്ടു മിനിട്ടോളം ദൈർഘ്യമുള്ളതാണ് ഈ വീഡിയോ. രണ്ടു എപ്പിസോഡുകളായി പുറത്തിറക്കുന്ന വാബി സബിയിലെ ആദ്യത്തെ എപ്പിസോഡിൽ ഹിമാചൽ പ്രദേശിലെ കൽഗയെ കേന്ദ്രീകരിച്ചാണ് വിവരിക്കുന്നത് .. കൽഗയുടെ താഴ്‌വരകളും മഞ്ഞുമലയും കുന്നിൻ ചെരിവിലെ ഗ്രാമങ്ങളിൽ താമസിക്കുന്ന ദേശവാസികളിലൂടെയും നാടോടികളിലൂടെയുമൊക്കെ ഒരു യാത്രയിലെന്ന പോലെ പ്രേക്ഷകരെ കൊണ്ട് പോകുന്നിടത്താണ് വാബി സബി മനോഹരമാകുന്നത്.

ഏതോരു യാത്രയിലും ഉണ്ടാവുന്ന പോലെയുള്ള ബുദ്ധിമുട്ടുകളും ഒരുപാട് നല്ല അനുഭവങ്ങളും, കാഴ്ചകളും, ഒരു കഥയിലെ കഥാപാത്രങ്ങൾ എന്ന പോലെ കണ്ട് മുട്ടിയ ബാബ, മാതാജി, ചാർളി തുടങ്ങിയ വ്യത്യസ്ഥരായ ആളുകളും അവരുടെ ജീവിതങ്ങളും വ്യത്യസ്തമായി അവതരിപ്പിക്കുന്നതിലൂടെയാണ് മറ്റുള്ള ട്രാവലോഗുകളിൽ നിന്നും വാബി സബി വേറിട്ട് നിൽക്കുന്നത്.

കൽഗയിൽ നിന്നും തുടങ്ങി മണാലിയിലേക്കുള്ള യാത്ര തുടങ്ങുന്നിടത്ത് ആദ്യ എപ്പിസോഡ് അവസാനിക്കുമ്പോൾ രണ്ടാം എപ്പിസോഡ് ഒരുക്കി വെച്ചിരിക്കുന്നത് മുഴുവൻ മലയാളികളെല്ലാം സ്വന്തം നാടുപോലെ പറഞ്ഞു കേൾക്കുന്ന മണാലിയാണ്. മലയാള ചലച്ചിത്ര ലോകത്തെ നിരവധിപേർ ചേർന്നാണ് സംഭവബഹുലമായ അനുഭവങ്ങൾ കോർത്തിണക്കിയ ആദ്യ എപ്പിസോഡ് പ്രേക്ഷകരിലേക്കെത്തിച്ചത്.

വൈശാഖ് സി. വടക്കേവീട്, സഫ സാനി എന്നിവർ ചേർന്ന് നിർമിച്ചിരിക്കുന്ന യാത്രാവിവരണത്തിന്റെ സംഗീതം സുമേഷ് സോമസുന്ദർ ആണ്. വരികൾ എഴുതിയിരിക്കുന്നത് സോനു കുര്യൻ. റിയാസ് മുഹമ്മദ് ആണ് എഡിറ്റിംഗ് നിർവ്വഹിച്ചിരിക്കുന്നത്. ഛായാഗ്രഹണം- രാഹുൽ ഓസ്. ഡ്രോൺ- സൽമാൻ യാസ് . വിവരണം- ഷഹനീർ ബാബു. വാർത്ത പ്രചരണം- പി.ശിവ പ്രസാദ്.



## ഇന്ത്യക്കെതിരേ ഖത്തർ ടീം പ്രഖ്യാപിച്ചു

ദോഹ: ഇന്ത്യക്ക് എതിരെയുൾപ്പെടെ ലോകകപ്പ് യോഗ്യത ഗ്രൂപ്പിലെ അവസാന മത്സരങ്ങൾക്കായുള്ള സ്ക്വാഡ് ഖത്തർ പ്രഖ്യാപിച്ചു. 27 അംഗ സ്ക്വാഡാണ് ഖത്തർ പരിശീലകൻ ഫെലിക്സ് സാഞ്ചെസ് പ്രഖ്യാപിച്ചത്. ഇന്ത്യയെയും ഒമാനെയും ആണ് ജൂണിൽ ഖത്തറ് നേരിടുന്നത്. ഇപ്പോൾ ഗ്രൂപ്പിൽ 16 പോയിന്റുമായി ഒന്നാം സ്ഥാനത്ത് നിൽക്കുകയാണ് ഖത്തർ. ഗ്രൂപ്പ് ഘട്ടത്തിൽ ആകെ ഇന്ത്യയോട് മാത്രമാണ് ഖത്തറിന് വിജയിക്കാൻ കഴിയാതിരുന്നത്. ഇന്ത്യയെ അന്ന് നേരിട്ടപ്പോൾ ടീമിൽ ഇല്ലാതിരുന്ന അഫീഫ് ഇത്തവണ സ്ക്വാഡിൽ ഉണ്ട്.-

### സുശീൽ കുമാറിനെക്കുറിച്ച് വിവരം നൽകുന്നവർക്ക് ഒരു ലക്ഷം !

## മുൻകൂർ ജാമ്യാപേക്ഷ

# കോടതി തള്ളി



ന്യൂഡൽഹി: ഒളിമ്പിക്സ് മെഡൽ ജേതാവ് സുശീൽ കുമാറിനെക്കുറിച്ച് വിവരം നൽകുന്നവർക്ക് ഒരു ലക്ഷം രൂപ ഇനാം പ്രഖ്യാപിച്ചതിന് പിന്നാലെ താരം മുൻകൂർ ജാമ്യം തേടി ഹൈക്കോടതിയെ സമീപിച്ചു. മുൻ ദേശീയ ഗുസ്തി ചാമ്പ്യൻ സാഗർ റാണ ഛത്രസാൽ സ്റ്റേഡിയത്തിൽ മർദ്ദനമേറ്റു മരിച്ചതിനുശേഷം സുശീൽ കുമാർ ഒളിവിലാണ്. കൊലപാതക കുറ്റം ചുമത്തിയാണ് പോലീസ് സുശീലനെ തിരയുന്നത്.സുശീൽ കുമാർ നൽകിയ മുൻകൂർ ജാമ്യാപേക്ഷയിൽ രോഹിണി കോടതി ചൊവ്വാഴ്ച വാദം കേൾക്കും. കൊലപാതകക്കുറ്റം കൂടാതെ തട്ടിക്കൊണ്ടുപോകൽ, ക്രിമിനൽ ഗൂഢാലോചന എന്നീ കുറ്റം കൂടി സുശീലിനെതിരെ ചുമത്തിയിട്ടുണ്ട്. സുശീൽ ഉണ്ടെന്ന് സംശയിക്കുന്നയിടങ്ങളിലെല്ലാം പോലീസ് പരിശോധന നടത്തിയിരുന്നെങ്കിലും നിരാശയായിരുന്നു ഫലം.

സമീപ സംസ്ഥാനങ്ങളിലേക്ക് സുശീൽ കടന്നുകളഞ്ഞതായാണ് സംശയിക്കുന്നത്. സുശീലിന്റെ സഹായിയായ അജയ് കുമാറിനായും പോലീസ് തിരച്ചിൽ ഊർജിതമാക്കിയിട്ടുണ്ട്. 50 ലക്ഷം രൂപ അജയ് കുമാറിനെ കണ്ടെത്തുന്നവർക്കായി പ്രതിഫലം പ്രഖ്യാപിക്കുകയും ചെയ്തു.ഗുസ്തിയിൽ ജൂനിയർ തലത്തിൽ ദേശീയ ചാമ്പ്യനായ 23കാരൻ സാഗർ റാണ കൊല്ലപ്പെട്ട കേസിലാണ് സുശീൽ കുമാർ ഒളിവിൽ പോയത്. ഒളിംപിക്സ് ഗുസ്തിയിൽ രണ്ട് തവണ മെഡൽ നേടിയിട്ടുള്ള സുശീൽ കുമാർ ഹരിദ്വാറിലെ യോഗാ ആശ്രമത്തിൽ ഒളിവിൽ കഴിയുന്നതായി റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. മേയ് നാലിന് ഛത്രസാൽ സ്റ്റേഡിയത്തിലെ പാർക്കിംഗിൽ വെച്ചുണ്ടായ അടിപിടിക്കിടെയാണ് സാഗർ കൊല്ലപ്പെടുന്നത്.

സുശീൽ വാടകയ്ക്ക് നൽകിയിരുന്ന ഫ്ളാറ്റുകളിലൊന്ന് ഒഴിയുന്നതുമായി ബന്ധപ്പെട്ട തർക്കമാണ് പ്രകോപനമെന്നും പൊലീസ് പറയുന്നു. കൊലപാതകം, ഗൂഢാലോചന എന്നീ കുറ്റങ്ങളാണ് സുശീൽ കുമാറിനെതിരെ ചുമത്തിയിരിക്കുന്നത്.എന്നാൽ എഫ്ഐആർ ചുമത്തി ദിവസങ്ങൾ പിന്നിട്ടിട്ടും സുശീൽ കുമാറിനെ കുറിച്ച് തുമ്പുകളൊന്നും ഡൽഹി പൊലീസിന് കിട്ടിയില്ല. സംഭവത്തിന് പിന്നാലെ ഒളിവിൽ പോയ സുശീലിനായി ഡൽഹി ഉത്തരാഖണ്ഡ്, ഹരിയാന സംസ്ഥാനങ്ങളിൽ പൊലീസ് റെയ്ഡ് നടത്തിയിരുന്നു.

ഇന്ത്യൻ ഗുസ്തിയെ നാണക്കേടിലാക്കുന്നതാണ് ഇപ്പോഴത്തെ സംഭവം. ഒരിക്കൽ രാജ്യത്തിന്റെ ഹീറോയായി മാറിയ താരമാണ് സുശീൽ. ഒളിമ്പിക്സിൽ തലനാരിഴയ്ക്ക് സ്വർണം നഷ്ടപ്പെട്ട സുശീലിന് ശേഷമാണ് ഇന്ത്യൻ ഗുസ്തിയിൽ നിന്നും ലോകമറിയുന്ന താരങ്ങൾ ഉയർന്നുവന്നത്.

2008ലെ ബെയ്ജിങ് ഒളിമ്പിക്സിൽ വെള്ളിയും 2012ലെ ഒളിമ്പിക്സിൽ വെങ്കലവും സുശീൽ നേടി. 2010ൽ ലോക ഗുസ്തിയിൽ ചാമ്പ്യനായി ചരിത്രമെഴുതിയ വ്യക്തി കൂടിയാണ് സുശീൽ.സുശീലിനെ നേരത്തെ തന്നെ റസ്ലിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ തള്ളിക്കളഞ്ഞിരുന്നു. ഇന്ത്യൻ ഗുസ്തിക്ക് കളങ്കമുണ്ടാക്കുന്നതാണ് സുശീലിന്റെ പ്രവർത്തിയെന്നാണ് സംഘടന പ്രതികരിച്ചത്. സുശീൽ കുമാറിനെ റസ്ലിങ് ഫെഡറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും പുറത്താക്കുന്നതിനെക്കുറിച്ചും ആലോചിച്ചുവരികയാണ്.

## ഞങ്ങളാരും പന്ത് ചുരണ്ടിയില്ല: ഓസീസ് ബൗളർമാർ



സിഡ്നി: ഓസ്ട്രേലിയൻ ക്രിക്കറ്റിൽ വീണ്ടും പന്ത് ചുരണ്ടൽ വിവാദം പുകയുകയാണ്. അതിനിടെ തങ്ങൾക്കു നേരെ ഓസീസ് ബൗളർ ബാൻക്രോഫ്റ്റ് ആരോപണമുന്നയിച്ചതോടെ അന്നത്തെ ടെസ്റ്റിൽ കളിച്ച ഓസീസ് ബൗളർമാർ സംയുക്ത പ്രസ്താവന പുറത്തിറക്കിയിരിക്കുകയാണ്. 2018ൽ ദക്ഷിണാഫ്രിക്കയ്ക്കെതിരേ കേപ്ടൗണിൽ നടന്ന വിവാദ ടെസ്റ്റിൽ പാറ്റ് കമ്മിൻസ്, ജോഷ് ഹേസൽവുഡ്, മിച്ചെൽ സ്റ്റാർക്ക്, നതാൻ ലിയോൺ എന്നിവരായിരുന്നു ടീമിലെ ബൗളിങിനു ചുക്കാൻ പിടിച്ചത്. ബാൻക്രോഫ്റ്റിന്റെ ആരോപണങ്ങൾക്കു നേരെ ഉയർന്നതോടെയാണ് നിരപരാധിത്വം ചൂണ്ടിക്കാട്ടി ഇവർ രംഗത്തു വന്നിരിക്കുന്നത്. സ്വന്തം സത്യസന്ധതയിൽ അഭിമാനം കൊള്ളുന്നരാണ് ഞങ്ങൾ. ഞങ്ങളാരും പന്തുചുണ്ടിയിട്ടില്ല. ചില മാധ്യമപ്രവർത്തകരും മുൻ താരങ്ങളും കഴിഞ്ഞ കുറച്ചു ദിവസങ്ങളായി 2018ലെ കേപ്ടൗൺ ടെസ്റ്റുമായി ബന്ധപ്പെട്ട് ഞങ്ങളെ ചോദ്യം ചെയ്തു രംഗത്തുവന്നതിൽ നിരാശയുണ്ടെന്നു പ്രസ്താവനയിൽ പറയുന്നു. പ്രധാനപ്പെട്ട വസ്തുതകൾ വീണ്ടും രേഖപ്പെടുത്താൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്.

അന്നു കളിക്കിടെ ബോളിൽ കൃത്രിമം കാണിക്കുന്നതിനു വേണ്ടി നിരോധിക്കപ്പെട്ട ഒരു വസ്തു ഗ്രൗണ്ടിലേക്കു കൊണ്ടുവന്നതിനെക്കുറിച്ച് ഞങ്ങൾ അറിഞ്ഞിരുന്നില്ല. സ്റ്റേഡിയത്തിലെ വലിയ സ്ക്രീനിൽ ഇതു കാണിച്ച ശേഷമായിരുന്നു ഞങ്ങൾ ഇതേക്കുറിച്ച് അറിഞ്ഞതെന്നും ബൗളർമാർ വിശദീകരിക്കുന്നു. ഈ ടെസ്റ്റ് മൽസരത്തിനിടെ ടെലിവിഷനിൽ ദൃശ്യങ്ങൾ വന്നതോടെ അംപയർമാരായ നൈജൽ ലോങ്, റിച്ചാർഡ് ഇല്ലിങ്വർത്ത് എന്നിവർ ബോൾ വിശദമായി പരിശോധിച്ചിരുന്നു. വളരെയധികം ബഹുമാനിക്കപ്പെടുന്ന, അനുഭവസമ്പത്തുള്ള അംപയർമാരാണ് രണ്ടു പേരും. പക്ഷെ ബോളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം സംഭവിച്ചതായി ഇവർക്കു കണ്ടെത്താൻ കഴിഞ്ഞിരുന്നില്ലെന്നും പ്രസ്താവനയിൽ ബൗളർമാർ ചൂണ്ടിക്കാട്ടി.

അന്നു ഗ്രൗണ്ടിൽ സംഭവിച്ച കാര്യങ്ങൾക്കു ഇവയൊന്നും ഒഴികഴിവല്ല. സംഭവിച്ചത് തെറ്റ് തന്നെയായിരുന്നു, ഒരിക്കലും നടക്കാൻ പാടില്ലാത്തതുമായിരുന്നു. അതിൽ നിന്നും വിലപ്പെട്ട പാഠങ്ങളാണ് ഞങ്ങൾ പഠിച്ചത്. അപവാദങ്ങൾ പറഞ്ഞ് പരത്തുന്നതും കുത്തുവാക്കുകൾ പറയുന്നതും അവസാനിപ്പിക്കണമെന്ന് എല്ലാവരോടും അഭ്യർഥിക്കുകയാണ്. അവയെല്ലാം വളരെ മുമ്പ് നടന്ന കാര്യങ്ങളാണ്, ഇത് മുന്നോട്ട് ചിന്തിക്കാനുള്ള സമയമാണെന്നും പ്രസ്താവയിൽ വിശദീകരിക്കുന്നു.സംഭവത്തിൽ നേരത്തേ ശിക്ഷയനുഭവിച്ചിട്ടുള്ള ഓസീസ് ഓപ്പണർ കാമറോൺ ബാൻക്രോഫ്റ്റിന്റെ ചില വെളിപ്പെടുത്തലുകളാണ് നിലവിലെ വിവാദത്തിനു വഴിയൊരുക്കിയത്. തന്നോടൊപ്പം സ്റ്റീവ് സ്മിത്ത്, ഡേവിഡ് വാർണർ എന്നിവർക്കു മാത്രമല്ല അന്ന് ഓസീസ് ടീമിലെ ബൗളർമാരുൾപ്പെടെ ചിലർക്കും പന്ത് ചുരണ്ടലിനെക്കുറിച്ച് അറിയാമായിരുന്നുവെന്നുമായിരുന്നു ബാൻക്രോഫ്റ്റ് തുറന്നടിച്ചത്. ഇതോടെ സംഭവത്തെക്കുറിച്ച് വീണ്ടും അന്വേഷിക്കുകയാണ് ക്രിക്കറ്റ് ഓസ്ട്രേലിയ.



### എബി ഡിവില്ല്യേഴ്സ് വിരമിച്ചതു തന്നെ

# നിരാശ!

### ഇനി ദേശീയ ടീമിലേക്കില്ലെന്ന് ഡിവില്ല്യേഴ്സ്

കേപ്ടൗൺ: വിരമിക്കൽ പിൻവലിച്ച് ദക്ഷിണാഫ്രിക്കൻ കുപ്പായതിൽ വീണ്ടും ഇതിഹാസ താരം എബി ഡിവില്ലിയേഴ്സിനെ കാണാൻ കാത്തിരുന്ന ക്രിക്കറ്റ് പ്രേമികൾക്കു നിരാശരാവേണ്ടി വരും. ദേശീയ ടീമിലേക്കു മടങ്ങിവരാൻ ആഗ്രഹിക്കുന്നില്ലെന്നും വിരമിക്കൽ പിൻവലിക്കില്ലെന്നും എബിഡി തങ്ങളെ അറിയിച്ചതായി ക്രിക്കറ്റ് സൗത്ത് ആഫ്രിക്ക പ്രസ്താവനയിലൂടെ അറിയിച്ചു. ഈ വർഷം നടക്കാനിരിക്കുന്ന ഐസിസിയുടെ ടി20 ലോകകപ്പിലൂടെ എബിഡി മടങ്ങിയെത്തുമെന്നായിരുന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നത്. വീണ്ടും ദക്ഷിണാഫ്രിക്കയ്ക്കു വേണ്ടി കളിക്കാൻ താൻ ആഗ്രഹിക്കുന്നതായി അദ്ദേഹം തുറന്നു പറയുകയും ചെയ്തിരുന്നു.

എന്നാൽ ഇപ്പോൾ എബിഡി ഈ ആഗ്രഹത്തിൽ നിന്നും പിന്നോട്ടു പോയിരിക്കുകയാണ്. മടങ്ങിവരവുമായി ബന്ധപ്പെട്ട് ക്രിക്കറ്റ് സൗത്താഫ്രിക്ക എബിഡിയുമായി ചർച്ച നടത്തിയിരുന്നു. ഇതിലാണ് തനിക്കു മടങ്ങിവരാൻ ആഗ്രഹമില്ലെന്ന നിലപാട് അദ്ദേഹം വ്യക്തമാക്കിയതെന്നു ക്രിക്കറ്റ് സൗത്താഫ്രിക്ക വിശദമാക്കി.

2018ലായിരുന്നു കരിയറിലെ മികച്ച ഫോമിൽ നിൽക്കെ ക്രിക്കറ്റ് ലോകത്തെ സ്തബ്ധരാക്കി താൻ വിരമിക്കുന്നതായി മിസ്റ്റർ 360 പ്രഖ്യാപിക്കുന്നത്. എന്നാൽ കഴിഞ്ഞ വർഷം ഏപ്രിലിൽ താൻ ടി20 ലോകകപ്പിൽ കളിക്കാൻ ആഗ്രഹിക്കുന്നതായി എബിഡി വെളിപ്പെടുത്തിയിരുന്നു. പക്ഷെ മഹാമാരിയെ തുടർന്നു 2020ൽ ടി20 ലോകകപ്പ് നടന്നില്ല. ടൂർണമെന്റ് ഈ വർഷത്തേക്കു ഐസിസി മാറ്റി വയ്ക്കുകയായിരുന്നു.

ദേശീയ ടീമിലേക്കു തിരിച്ചുവരുന്നതിനെക്കുറിച്ച് ഐപിഎല്ലിനിടെ തന്നെ ക്രിക്കറ്റ് സൗത്ത് ആഫ്രിക്കയുമായി താൻ ചില കാര്യങ്ങൾ സംസാരിച്ചിരുന്നതായി എബിഡി വെളിപ്പെടുത്തുകയും ചെയ്തിരുന്നു.

ഇതോടെ വലിയ പ്രതീക്ഷയിലായിരുന്നു ലോകമെമ്പാടമുള്ള ക്രിക്കറ്റ് പ്രേമികളും ദക്ഷിണാഫ്രിക്കൻ ടീമും. എന്നാൽ ഇപ്പോൾ നേരത്തേയെടുത്ത വിരമിക്കൽ തീരുമാനം തുടരാൻ അദ്ദേഹം തീരുമാനിച്ചത് എല്ലാവരെയും അമ്പരപ്പിച്ചിരിക്കുകയാണ്. എന്തു കൊണ്ടായിരിക്കാം അദ്ദേഹം നേരത്തേയെടുത്ത തീരുമാനത്തിൽ നിന്നും പിൻമാറിയതെന്നു വ്യക്തമല്ല.

അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്നും വിരമിച്ചെങ്കിലും ഐപിഎല്ലിൽ റോയൽ ചാലഞ്ചേഴ്സിനോടൊപ്പം എബിഡി ഇപ്പോഴും ക്രിക്കറ്റ് പ്രേമികളെ ഹരം കൊള്ളിക്കുകയാണ്. ഇപ്പോൾ നിർത്തിവച്ചിരിക്കുന്ന 14ാം സീസണിലും ചില മാച്ച് വിന്നിങ് ഇന്നിങ്സുകൾ താരം കളിക്കുകയും ചെയ്തിരുന്നു. ഏഴു മൽസരങ്ങളിൽ നിന്നും 51.75 ശരാശരിയിൽ 164.28 ശരാശരിയോടെ 207 റൺസായിരുന്നു എബിഡിയുടെ സമ്പാദ്യം.



## ഒരേ ഒരു അലിസൺ

വെസ്റ്റ് ബ്രോം: ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ വെസ്റ്റ് ബ്രോമിനെതിരെ ഗോൾ നേടിയതോടെ ലിവർപൂൾ ഗോളി അലിസൺ ബെക്കർ സ്വന്തമാക്കിയത് അപൂർവ നേട്ടങ്ങൾ. അലിസണിന്റെ ഗോളിലായിരുന്നു മത്സരത്തിൽ ലിവർപൂൾ വിജയിച്ചത്.ലിവർപൂൾ സമനിലയുറപ്പിച്ച മത്സരത്തിൽ ലോംഗ് വിസിലിന് തൊട്ടുമുൻപാണ് അലിസൺ ബെക്കർ ചെമ്പടയുടെ രക്ഷകനായത്.

1892ൽ സ്ഥാപിതമായ ലിവർപൂളിന് വേണ്ടി ഗോൾ നേടുന്ന ആദ്യ ഗോൾകീപ്പറെന്ന ആർക്കും തകർക്കാനാവാത്ത റെക്കോർഡ് ഇനി ബ്രസീലിയൻ താരത്തിന് സ്വന്തം. പ്രീമിയർ ലീഗിൽ ഗോൾ നേടുന്ന ആറാമത്തെ ഗോൾകീപ്പറെന്ന നേട്ടവും, ലീഗിൽ ഹെഡറിലൂടെ ഗോൾ നേടുന്ന ആദ്യ ഗോൾകീപ്പറെന്ന നേട്ടവും അലിസൺ സ്വന്തമാക്കി. മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ ഇതിഹാസ ഗോൾകീപ്പർ പീറ്റർ ഷ്മൈക്കേലാണ് പ്രീമിയർ ലീഗിൽ ഗോൾ നേടിയ ആദ്യ ഗോൾകീപ്പർ. 2001ൽ എവർട്ടണെതിരെയായിരുന്നു ഷ്മൈക്കേലിന്റെ നേട്ടം.

പിന്നീട് ബ്രാഡ് ഫ്രീഡൽ, പോൾ റോബിൻസൺ, ടിം ഹൊവാർഡ്, അസ്മിർ ബെഗോവിച്ച് എന്നിവരും എതിർഗോൾവലയിൽ പന്തെത്തിച്ചു. ഇഞ്ചുറി ടൈം ഗോളിൽ ജയിച്ചതോടെ ലിവർപൂൾ ചാമ്പ്യൻസ് ലീഗ് യോഗ്യതയ്ക്കുള്ള പ്രതീക്ഷ നിലനിർത്തി. 36 കളിയിൽ 63 പോയിന്റുമായി ലീഗിൽ അഞ്ചാം സ്ഥാനത്താണിപ്പോൾ ലിവർപൂൾ.

## ഹാരി കെയ്ൻ ടോട്ടനം വിടുന്നു

ലണ്ടൻ: ഈ സീസണോടെ ടോട്ടനം ഹോട്സ്പർ വിടാൻ ഇംഗ്ലീഷ് സ്ട്രൈക്കർ ഹാരി കെയ്ൻ തെരുമാനിച്ചു. ടീമിന് കിരീടങ്ങൾ ഒന്നും നേടാൻ കഴിയാത്തതാണ് 27കാരനയ താരം ക്ലബ് വിടാൻ കാരണം.

യൂറോ കപ്പ് ആരംഭിക്കും മുമ്പ് തന്റെ ട്രാൻസ്ഫർ നടപടികൾ പൂർത്തിയാക്കണം എന്ന് സ്പർസിനോട് ആവശ്യപ്പെട്ടിർക്കുകയാണ് കെയ്ൻ. ടോട്ടനം ഒരു കിരീടം പോലും നേടാത്തതും ഈ സീസണിൽ ക്ലബ് പിന്നോട്ട് പോയതും മെല്ലാമാണ് കെയ്നിനെ ക്ലബിൽ നിന്ന് അകറ്റുന്നത്.അവസാന കുറച്ചു വർഷങ്ങളായി ടോട്ടനം ടീമിന്റെ ഏറ്റവും പ്രധാനപ്പെട്ട താരമാണ് കെയ്ൻ. പന്ത്രണ്ടു വർഷത്തോളമായി കെയ്ൻ സ്പർസിനൊപ്പം ഉണ്ട്. 334 മത്സരങ്ങൾ സ്പർസ് ജേഴ്സിയിൽ കളിച്ച കെയ്ൻ 220 ഗോളുകൾ ഇതുവരെ ക്ലബിനായി സ്കോർ ചെയ്തു.

ഈ സീസണിൽ തന്നെ 32 ഗോളുകൾ താരം അടിച്ചിട്ടുണ്ട്. താരം ക്ലബ് വിടുകയാണെങ്കിൽ വാങ്ങാനായി വമ്പൻ ക്ലബുകൾ വരെ ഒരുക്കമാണ്. സ്പർസ് വിട്ടാലും ഇംഗ്ലണ്ടിൽ തന്നെ തുടരാനാണ് കെയ്ൻ ആഗ്രഹിക്കുന്നത്. മാഞ്ചസ്റ്റർ സിറ്റി, മാഞ്ചസ്റ്റർ യുണൈറ്റഡ്, ചെൽസി, ലിവർപൂൾ എന്നിവരൊക്കെ കെയ്നിനെ സ്വന്തമാക്കാൻ ആഗ്രഹമുള്ള ക്ലബുകളാണ്.-



## ഇന്ത്യക്കെതിരേ കളിക്കുന്നത് ആവേശം: വില്യംസൺ

ലണ്ടൻ: ഇന്ത്യക്കെതിരേ കളിക്കുകയെന്നത് എപ്പോഴും വലിയ ആവേശം നൽകുന്ന കാര്യമാണെന്ന് ന്യൂസിലൻഡ് നായകൻ കെയ്ൻ വില്യംസൺ. 'ഞങ്ങൾ ഇന്ത്യക്കെതിരേ കളിച്ചപ്പോഴെല്ലാം അതെല്ലാം മനോഹരമായ വെല്ലുവിളികളായിരുന്നു. അതിനാൽത്തന്നെ ഇന്ത്യക്കെതിരേ കളിക്കുക മനോഹരമായ കാര്യമാണ്. ഫൈനലിനായി വളരെ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. വിജയിക്കുകയെന്നതാണ് പ്രധാന ലക്ഷ്യം'-വില്യംസൺ പറഞ്ഞു.

അവസാനമായി ഇരു ടീമും ടെസ്റ്റിൽ ഏറ്റുമുട്ടിയപ്പോൾ ഇന്ത്യയെ നാണം കെടുത്താൻ ന്യൂസീലൻഡിനായിരുന്നു. കിവീസ് ആതിഥേയരായ ടൂർണമെന്റിൽ 2-0നാണ് ന്യൂസീലൻഡ് പരമ്പര നേടിയത്. ഇതിന് പകരം വീട്ടാനുള്ള അവസരമാണ് ഇന്ത്യക്ക് മുന്നിലുള്ളത്. എന്നാൽ ന്യൂസീലൻഡിന്റെ ടീം കരുത്തും ഇംഗ്ലണ്ടിലെ സാഹചര്യവും പരിഗണിക്കുമ്പോൾ അത് എളുപ്പമുള്ള കാര്യമല്ല. നിലവിൽ ന്യൂസിലൻഡ് ടീം ഇംഗ്ലണ്ട് പരമ്പരയ്ക്കായി ഇംഗ്ലണ്ടിലെത്തിയിട്ടുണ്ട്.

ടെസ്റ്റ് ചാമ്പ്യൻഷിപ്പിന് മുന്നോടിയായി ഇംഗ്ലണ്ടിൽത്തന്നെ കളിച്ച് ഫോം കണ്ടെത്താനുള്ള അവസരം ന്യൂസീലൻഡിന് മുന്നിലുണ്ട്. കൂടാതെ ഇംഗ്ലണ്ടിലെ സാഹചര്യം ഇന്ത്യയെക്കാളും അനുകൂലം ന്യൂസീലൻഡിനാണ്. അതിവേഗ പേസിനെ തുണയ്ക്കുന്ന പിച്ചിൽ ഇന്ത്യയുടെ പ്രകടനം കണ്ടറിയണം. എന്നാൽ സമീപകാലത്തെ ഇന്ത്യയുടെ എവേ മത്സരങ്ങളിലെല്ലാം എതിരാളികളെ വിറപ്പിക്കാൻ കോഹ്‌ലിപ്പടയ്ക്ക് സാധിച്ചിട്ടുണ്ട്. മികച്ച പേസ് ബൗളർ ഇത്തവണ ഇന്ത്യക്കൊപ്പമുണ്ട്. പരിക്ക് ഭേദമായി എല്ലാവരും ഫോമിലാണ്.

മുഹമ്മദ് ഷമി,ഇഷാന്ത് ശർമ,ജസ്പ്രീത് ബുംറ,ഉമേഷ് യാദവ് എന്നിവരെല്ലാം ഇംഗ്ലണ്ടിൽ കളിച്ച് പരിചയസമ്പത്തുള്ളവരാണ്. ഇവരോടൊപ്പം മുഹമ്മദ് സിറാജും പേസ് നിരയിലുണ്ട്. ആർ അശ്വിൻ,രവീന്ദ്ര ജഡേജ,അക്ഷർ പട്ടേൽ എന്നീ സ്പിൻ ഓൾറൗണ്ടർമാരും ഇന്ത്യൻ നിരയിലുണ്ട്.

'ഇന്ത്യക്ക് പ്രതിഭാശാലികളായ നിരവധി പേസ് ബൗളർമാരുണ്ട്.വ്യത്യസ്ത സാഹചര്യങ്ങളിൽ മികച്ച പ്രകടനം നടത്തി ഇവർ മികവ് കാട്ടിയിട്ടുണ്ട്. വെയിലുള്ളപ്പോൾ പിച്ചിൽ നല്ല സ്വിങ് ലഭിക്കുമെങ്കിലും സൂര്യാസ്തമയത്തിന് ശേഷം പിച്ച് ഫ്ളാറ്റാകും. പിച്ചിന്റെ സ്വഭാവം ഇടയ്ക്കിടെ മാറാൻ സാധ്യതയുണ്ട്. അതിനാൽ തന്നെ ബൗളിങ്ങിൽ മാറ്റം വരുത്തണം'-നെയ്ൽ വാഗ്നർ പറഞ്ഞു.

ഇന്ത്യയും കിവീസും തമ്മിനുള്ള ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ ജൂൺ 18ന് തുടങ്ങും. ഐസിസി കിരീടമായതിനാൽ നായകന്മാരായ കെയ്ൻ വില്യംസണും വിരാട് കോഹ്‌ലിക്കും ഒരുപോലെ പ്രധാനപ്പെട്ടതാണ് ടെസ്റ്റ് ചാമ്പ്യൻഷിപ്പ്. ഇന്ത്യയെ സംബന്ധിച്ച് അതിജീവിക്കാൻ വെല്ലുവിളികളേറെയാണ് മുന്നിലുള്ളത്. ഇംഗ്ലണ്ടിലാണ് മത്സരമെന്നത് ന്യൂസീലൻഡിനെ സംബന്ധിച്ച് അനുകൂല ഘടകമാണ്.

## ശിവ്സുന്ദർ ദാസ് വനിതാ ടീമിന്റെ ബാറ്റിങ് പരിശീലകൻ

മുംബൈ: മുൻ ഇന്ത്യൻ താരം ശിവ് സുന്ദർ ദാസിനെ ഇന്ത്യൻ വനിത ക്രിക്കറ്റ് ടീമിന്റെ ബാറ്റിംഗ് കോച്ചായി നിയമിച്ചു. ഇന്ത്യൻ ക്രിക്കറ്റ് തലവൻ രാഹുൽ ദ്രാവിഡ് ആണ് താരത്തിന്റെ പേര് ശുപാർശ ചെയ്തതെന്നാണ് അറിയുന്നത്. ഒരു ടെസ്റ്റും മൂന്ന് ഏകദിനങ്ങളും അത്രയും തന്നെ ടി20 മത്സരത്തിലുമാണ് ഇന്ത്യ ഇംഗ്ലണ്ടിൽ കളിക്കുന്നത്.ശിവ് സുന്ദർ ദാസ് നാഷണൽ ക്രിക്കറ്റ് അക്കാഡമിയുമായി സഹകരിച്ച് വരികയാണ്. ഇന്ത്യ വനിത എ ടീമിന്റെ മുഖ്യ കോച്ചായി പ്രവർത്തിച്ചിട്ടുള്ള ആളാണ് മുൻ ഇന്ത്യൻ ഓപ്പണർ ശിവ് സുന്ദർ ദാസ്. മറ്റ് സപ്പോർട്ട് സ്റ്റാഫിനെ രമേശ് പവാർ ആണ് തിരഞ്ഞെടുത്തതെന്നാണ് അറിയുന്നത്.ഫീൽഡിംഗ് കോച്ചായി അഭയ് ശർമ്മയെയും മാനേജരായി ഗീത ഗെയ്ക്വാദിനെയുമാണ് ബിസിസിഐ തിരഞ്ഞെടുത്തു

## ഓസീസ് ടീമായി

സിഡ്നി: ജൂലൈയിൽ വെസ്റ്റ് ഇൻഡീസിനെതിരെ നടക്കുന്ന ഏകദിന- ടി20 മത്സരങ്ങൾക്കുള്ള ഓസ്ട്രേലിയൻ ടീമിനെ പ്രഖ്യാപിച്ചു. അഞ്ച് ടി20 മത്സരങ്ങളും മൂന്ന് ഏകദിന മത്സരങ്ങളുമാണ് ഓസീസ് വിൻഡീസിൽ കളിക്കുക. 23 അംഗ ടീമിനെയാണ് ഓസീസ് പ്രഖ്യാപിച്ചത്.

മാർച്ചിൽ ന്യൂസിലൻഡിനെതിരായ ടി20 പരമ്പരയിൽ ഇല്ലാതിരുന്ന എട്ട് താരങ്ങൾ ടീമിൽ തിരിച്ചെത്തി. ആരോൺ ഫിഞ്ച് തന്നെയാണ് ടീമിനെ നയിക്കുക.

സ്റ്റീവ് സ്മിത്ത്, ഡേവിഡ് വാർണർ, പാറ്റ് കമ്മിൻസ്, മിച്ചൽ സ്റ്റാർക്ക്, ജോഷ് ഹേസൽവുഡ്, മോയിസസ് ഹെന്റിക്വസ്, അലക്സ് ക്യാരി, മിച്ചൽ സ്വെപ്സൺ എന്നിവരാണ് ടീമിൽ തിരിച്ചെത്തിയത്. ദക്ഷിണാഫ്രിക്കയ്ക്കെതിരായ ടെസ്റ്റ് പരമ്പരയ്ക്കുള്ള ഉൾപ്പെട്ടതിനെ തുടർന്നാണ് ഇവരെ ടീമിൽ എടുക്കാതിരുന്നത്. എന്നാൽ കൊവിഡ് ഭീതിയെ തുടർന്ന് ഓസ്ട്രേലിയ പരമ്പരയിൽ നിന്ന് പിന്മാറി.

**ഓസ്ട്രേലിയൻ ടീം:**
ആരോൺ ഫിഞ്ച്, ഡേവിഡ് വാർണർ, ഡാർസി ഷോർട്ട്, സ്റ്റീവൻ സ്മിത്ത്, മാത്യൂ വെയ്ഡ്, മാർകസ് സ്റ്റോയിനിസ്, ഗ്ലെൻ മാക്സ്വെൽ, ജോഷ് ഫിലിപ്പ്, അലക്സ് കാരി, ആഷ്ടൺ അഗർ, മോയിസസ് ഹെന്റികസ്, തൻവീർ സംഗ, ജേസൺ ബെഹ്റൻഡോർഫ്, പാറ്റ് കമ്മിൻസ്, ജോഷ് ഹേസൽവുഡ്, മിച്ചൽ മാർഷ്, റിലെ മെറിഡിത്ത്, ജൈ റിച്ചാർഡ്സൺ, കെയ്ൻ റിച്ചാർഡ്സൺ, മിച്ചൽ സ്റ്റാർക്ക്, മിച്ചൽ സ്വെപ്സൺ, ആൻഡ്രൂ ടൈ, ആദം സാംപ.



SENSEX: 50,193.33 (+612.60)

NIFTY: 15,108.10 (+184.95)

### വിനിമയ നിരക്ക്

| | |
|---|---|
| ഡോളർ | 73.10 |
| യൂറോ | 89.25 |
| പൗണ്ട് | 103.71 |
| സ്വിസ്ഫ്രാങ്ക് | 81.42 |
| സിംഗപ്പൂർ ഡോളർ | 54.97 |
| ഓസ്ട്രേലിയൻ | 57.00 |
| കനേഡിയൻ | 60.73 |
| ബഹറിൻ ദിനാർ | 193.55 |
| കുവൈറ്റ് ദിനാർ | 242.48 |
| ഒമാനി റിയാൽ | 189.95 |
| സൗദി റിയാൽ | 19.47 |
| യു എ ഇ ദിർഹം | 19.88 |
| ഖത്തർ | 19.81 |

## വിപണിയിൽ നേട്ടം

മുംബൈ: ഓഹരി വിപണിയിൽ ചൊവാഴ്ച്ച വ്യാപാരം അവസാനിപ്പിച്ചത് മികച്ച നേട്ടത്തോടെ. സെൻസെക്സ് 50,200നടുത്തെത്തി. നിഫ്റ്റിയാകട്ടെ 15,100 കടന്നു. 612.60 പോയിന്റാണ് സെൻസെക്സിലെ നേട്ടം. 50,193.33ലാണ് വ്യാപാരം അവസാനിപ്പിച്ചത്. നിഫ്റ്റി 184.95 പോയിന്റ് ഉയർന്ന് 15,108.10ലുമെത്തി.

# വീണ്ടും തിളങ്ങി ക്രിപ്റ്റോ കറൻസികൾ



കൊച്ചി: കൊവിഡിന്റെ രണ്ടാം തരംഗത്തിലും മൂല്യമേറി ക്രിപ്റ്റോ കറൻസികൾ. സ്വർണത്തേക്കാൾ നിക്ഷേപകർ ക്രിപ്റ്റോ കറൻസികളുടെ പിന്നാലെ പായുകയാണ്. ലോകമെമ്പാടും ക്രിപ്റ്റോ എക്സ്ചേഞ്ചുകൾക്ക് ഡിമാൻഡ് ഏറുകയാണ്. കണ്ണു തുറക്കും മുമ്പ് ക്രിപ്റ്റോ കറൻസികളുടെ മൂല്യം കുത്തനെ ഇടിയുന്നതൊന്നും ആർക്കും വിഷയമേ അല്ല.

ക്രിപ്റ്റോ കറൻസികളിൽ ഏറ്റവും തിളക്കം ബിറ്റ്കോയിന് തന്നെയാണ്. എന്നാൽ എലൻ മസ്കിന്റെ ബിറ്റ്കോയിനുമായി ബന്ധപ്പെട്ട പ്രസ്താവനകൾ ഇപ്പോൾ മൂല്യം കുറച്ചിട്ടുണ്ട്. മൂന്ന് മാസത്തെ കുറഞ്ഞ നിരക്കിലാണ് ബിറ്റ്കോയിൻ വ്യാപാരം. 32.8 ലക്ഷം രൂപയാണ് ഇപ്പോൾ ഒരു ബിറ്റ്കോയിന്റെ മൂല്യം. 2009ൽ രൂപീകരിച്ചെന്ന് കരുതുന്ന ബിറ്റ്കോയിൻ തന്നെയാണ് ലോകത്തിലെ ഏറ്റവും വലിയ ക്രിപ്റ്റോകറൻസി. മൂല്യത്ത്യൽ അനിശ്ചിതത്വം പ്രകടമാണെങ്കിലം ഇപ്പോഴും ലോകത്തിലെ ഏറ്റവും ശക്തമായ ക്രിപ്റ്റോ കറൻസിയായി നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നത് ബിറ്റ്കോയിനെ തന്നെയാണ്.

ബിറ്റ്കോയിൻ കഴിഞ്ഞാൽ പിന്നെ ഇതേറിയമാണ് താരം. ലോകത്തിലെ രണ്ടാമത്തെ വലിയ ക്രിപ്റ്റോ കറൻസിയായാണ് ഇതേറിയം അറിയപ്പെടുന്നത്. 2.5 ലക്ഷം രൂപയിലേറെയാണ് ഒരു ഇതേറിയത്തിന്റെ മൂല്യം. ബിറ്റ്കോയിന് സമാനമായി ഇതേറിയത്തിന്റെ മൂല്യത്തിലും കഴിഞ്ഞ ദിവസങ്ങളിൽ ഇടിവുണ്ട്. എങ്കിലും മൊത്തം ഇടപാടുകൾ 8.51 ശതമാനം വർധിച്ചിട്ടുണ്ട്. ലോകമെമ്പാടുമുള്ള ഏറ്റവും വലിയ ക്രിപ്റ്റോ എക്സ്ചേഞ്ചുകളിലൊന്നാണ് ബിനാൻസ്. ക്രിപ്റ്റോ കറൻസിയായ ബിനാൻസ് നാണയത്തിന്റെ നിലവിലെ വില 511.44 യുഎസ് ഡോളറാണ്, കഴിഞ്ഞ രണ്ടു ദിവസമായി മൂല്യം 11.51 കുറഞ്ഞിട്ടുണ്ടെങ്കിലും 25.63 ശതമാനത്തോളമാണ് വർധന. ബ്ലോക്ക് ചെയിൻ നാണയങ്ങളിലെ മറ്റൊരു പുതുമുറക്കാരനാണ് കാർഡനോ. മൂല്യം വളരെ കുറവായതിനാൽ ഈ ക്രിപ്റ്റോ കറൻസിക്ക് പ്രിയം കൂടുതലാണ്.

കഴിഞ്ഞ ഏതാനും ആഴ്ചകളായി മൂല്യം ഏറിക്കൊണ്ടിരിക്കുന്ന താരമാണ് ഡോഷ് കോയിൻ. കാർഡനോ പോലെ തന്നെ ഇതിനും മൂല്യം കുറവാണ് എന്നത് ധാരാളം പേരെ ഇത്തരം ക്രിപ്റ്റോ കറൻസികളിലേക്ക് ആകർഷിക്കുന്നു. ഒരു ഡോളറിലും താഴെയാണ് ഒരു ഡോഷ്കോയിന്റെ മൂല്യം. ഇത്തരം ക്രിപ്റ്റോകളിലും ട്രേഡിങ് വ്യാപകമാവുകയാണ്.



## സ്വർണ വിലയിൽ വീണ്ടും വർധന

ഗ്രാമിന് 4545 രൂപ

പവന് 36,360 രൂപ

കൊച്ചി: സംസ്ഥാനത്ത് വീണ്ടും സ്വർണ വിലയിൽ വർധന. ഗ്രാമിന് 30 രൂപയും പവന് 240 രൂപയുമാണ് ചൊവ്വാഴ്ച വർധിച്ചത്. ഇതോടെ ഗ്രാമിന് 4545 രൂപയും പവന് 36,360 രൂപയുമാണ് ഇന്നലത്തെ വില. ഗ്രാമിന് 4515 രൂപയും പവന് 36,120 രൂപയിലുമായിരുന്നു കഴിഞ്ഞ ദിവസം വ്യാപാരം നടന്നത്. ഇതോടെ അഞ്ച് ദിവസം കൊണ്ട് പവന് 760 രൂപയാണ് കൂടിയത്.

മാർച്ച് മാസം ഏറ്റവും ഉയർന്ന വിലയായി രേഖപ്പെടുത്തിയത് 34,440 രൂപയും, ഏപ്രിൽ മാസം ഏറ്റവും ഉയർന്ന വിലയായി രേഖപ്പെടുത്തിയത് 36,080 രൂപയുമായിരുന്നു. ഇന്നലത്തെ വിലയാണ് നിലവിൽ മെയ് മാസത്തെ കൂടിയ വില. ഈ മാസം സ്വർണത്തിന് ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തിയത് മെയ് 1, 2 തിയതികളിലായിരുന്നു. പവന് 35,040 എന്ന നിരക്കായിരുന്നു. ബോണ്ട് യീൽഡിന്റെയും, മിഡിൽ ഈസ്റ്റിലെ യുദ്ധസമാന സാഹചര്യങ്ങളുടെയും പിൻബലത്തിൽ സ്വർണം അന്താരാഷ്ട്ര വിപണിയിൽ ഇന്നലെ വീണ്ടും മുന്നേറ്റം തുടർന്നു. അതാണ് ആഭ്യന്തരവിലയിലെ കുതിപ്പിന് കാരണം.

# ഫെഡറൽ ബാങ്കിന് 477.81 കോടി രൂപ അറ്റാദായം

കൊച്ചി: മാർച്ച് 31ന് അവസാനിച്ച 2020-21 സാമ്പത്തിക വർഷം നാലാം പാദത്തിൽ ഫെഡറൽ ബാങ്ക് 477.81 കോടി രൂപയുടെ അറ്റാദായം നേടി. ബാങ്കിന്റെ എക്കാലത്തേയും ഉയർന്ന പാദവാർഷിക ലാഭമാണിത്. മുൻ വർഷം ഇതേ പാദത്തിൽ 301.23 കോടി രൂപയായിരുന്ന അറ്റാദായം 58.62 ശതമാനമാണ് വർധിച്ചത്. 10.91 ശതമാനം വളർച്ച രേഖപ്പെടുത്തിയ മൊത്തം ബിസിനസ് മൂന്ന് ലക്ഷം കോടി രൂപയെന്ന നാഴികക്കല്ല് പിന്നിട്ട് 3,04,523.08 കോടി രൂപയിലെത്തി.

അറ്റ പലിശ വരുമാനം മുൻവർഷത്തെ അപേക്ഷിച്ച് 17 ശതമാനം വർധിച്ച് 1,420 കോടി രൂപയിലുമെത്തി. സ്വർണ വായ്പകളിൽ 70.05 ശതമാനമെന്ന ഏറ്റവും ഉയർന്ന വളർച്ച കൈവരിച്ച് 9,301 കോടി രൂപയിൽ നിന്നും 15,816 കോടി രൂപയിലെത്തി. പ്രവാസി ഇന്ത്യക്കാരുടെ നിക്ഷേപവും 11.77 ശതമാനം വർധിച്ചു. മുൻ വർഷം ഈ കാലയളവിൽ 57,223.13 കോടി രൂപയായിരുന്ന പ്രവാസി നിക്ഷേപം ഇത്തവണ 63,958.84 കോടി രൂപയിലെത്തി. തീർത്തും വെല്ലുവിളികൾ നിറഞ്ഞ അന്തരീക്ഷത്തിൽ ഏറ്റവും ഉയർന്ന പാദവാർഷിക അറ്റാദായം നേടാൻ ബാങ്കിന് സാധിച്ചു. പ്രവചനാതീതമായ സാഹചര്യങ്ങളും മോശം കാലാവസ്ഥയും കൂടി സൃഷ്ടിച്ച പ്രതിസന്ധികൾ മറികടന്ന് എല്ലാ കളിക്കാരും ചേർന്നു നന്നായി കളിച്ചു നേടിയ ഒരു ടെസ്റ്റ് ക്രിക്കറ്റ് വിജയം പോലെയാണിത്. ഇക്കാലയളവിൽ ലഭിച്ച നിരവധി അംഗീകാരങ്ങളും പുരസ്കാരങ്ങളുമാണ് ഞങ്ങളെ ഈ ഉയരത്തിലെത്താൻ പ്രചോദിപ്പിച്ചതെന്ന് ഫെഡറൽ ബാങ്ക് മാനെജിങ് ഡയറക്റ്ററും സിഇഒയുമായ ശ്യാം ശ്രീനിവാസൻ പറഞ്ഞു.

സ്വർണ വായ്പ, കറന്റ് അക്കൗണ്ട് ആൻഡ് സേവിങ്സ് അക്കൗണ്ട് വിഭാഗങ്ങളിൽ തിളക്കമാർന്ന വളർച്ച തുടരുകയാണ്. അറ്റ നിഷ്ക്രിയ ആസ്തി 1.19 ശതമാനത്തിൽ പിടിച്ചു നിർത്തി ആസ്തി മൂല്യം മെച്ചപ്പെടുത്തിയത് ഈ രംഗത്ത് ഫെഡറൽ ബാങ്കിനെ ഏറ്റവും മികച്ച നിലയിലെത്തിക്കാൻ സഹായിച്ചു. ഏറ്റവും മികച്ച ബാങ്ക്, ഏറ്റവും വേഗത്തിൽ വളരുന്ന ബാങ്ക്, മികച്ച തൊഴിലിടം, മികച്ച ഡിജിറ്റൽ സേവനങ്ങൾ തുടങ്ങി കഴിഞ്ഞ സാമ്പത്തിക വർഷം ഫെഡറൽ ബാങ്ക് ഒട്ടേറെ പുരസ്കാരങ്ങളും സ്വന്തമാക്കി. വൈകാതെ ഉപഭോക്താക്കൾക്കായി ക്രെഡിറ്റ് കാർഡ് സേവനവും ആരംഭിക്കുമെന്നും അറിയിച്ചു.

മൊത്തം വായ്പകൾ 8.64 ശതമാനം വർധിച്ച് 1,34,876.71 കോടി രൂപയിലെത്തി. റീട്ടെയ്ൽ വായ്പകൾ 18.57 ശതമാനം വർധിച്ച് 44,910.14 കോടി രൂപയിലെത്തി. ബിസിനസ് ബാങ്കിങ് വായ്പകൾ 12.93 ശതമാനം വർധിച്ച് 11,890.05 കോടി രൂപയിലുമെത്തി. മൊത്തം നിക്ഷേപം 13.37 ശതമാനം വർധിച്ച് 1,72,644.48 കോടി രൂപയായി. ബാങ്കിന്റെ വാർഷിക പ്രവർത്തന ലാഭം 3,786.90 കോടി രൂപയാണ്. 18.17 ശതമാനമാണ് വർധിച്ചത്. വാർഷിക അറ്റാദായം കഴിഞ്ഞ വർഷത്തെ 1,542.78 കോടി രൂപയിൽ നിന്ന് വർധിച്ച് ഇത്തവണ 1,590.30 കോടി രൂപയിലെത്തി. വാർഷിക അറ്റ പലിശ വരുമാനം 19.03 ശതമാനം വർധിച്ച് 5,533.70 കോടി രൂപയായി. 2021 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം ബാങ്കിന്റെ ആകെ നിഷ്ക്രിയ ആസ്തി 4,602.39 കോടി രൂപയാണ്. മൊത്തം വായ്പകളെ അപേക്ഷിച്ച് 3.41 ശതമാനമാണിത്. അറ്റ നിഷ്ക്രിയ ആസ്തി 1,569.28 കോടി രൂപയാണ്. 1.19 ശതമാനമെന്ന മെച്ചപ്പെട്ട നിലയിലാണിത്. നീക്കിയിരുപ്പ് അനുപാതം 65.14 ശതമാനമാണ്. ബാങ്കിന്റെ മൂലധന പര്യാപ്തതാ അനുപാതം 14.62 ശതമാനവുമാണ്. ബാങ്കിന്റെ അറ്റ മൂല്യം 16,123.61 കോടി രൂപ വരും.



## സ്വർണം 36,360

| | | | |
|---|---|---|---|
| വെളിച്ചെണ്ണ : മില്ലിങ് | 18,200 | മുതിര | 3700 |
| വെളിച്ചെണ്ണ | 17,600 | എള്ള് | 13,000- 14,000 |
| കൊപ്ര | 11,450-11,850 | മല്ലി | 7500-19,000 |
| പിണ്ണാക്ക് എക്സ്പെല്ലർ | 3000 | പച്ചരി നമ്പർ 2 | 2600-3400 |
| പിണ്ണാക്ക് റോട്ടറി | 3400 | പുഴുക്കലരി (ജയ) | 3400- 3500 |
| കുരുമുളക് അൺഗാർബിൾഡ് | 37,000 | ജാതിക്ക തൊണ്ടൻ (കിലോ) | 240-260 |
| പുതിയ കുരുമുളക് | 36,000 | ജാതിക്ക തൊണ്ടില്ലാത്തത് (കിലോ) | 525-550 |
| കുരുമുളക് ഗാർബിൾഡ് | 39,000 | | |
| ചുക്ക് മീഡിയം | 17,000 | ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ) | 1200-1300 |
| ചുക്ക് ബെസ്റ്റ് | 19,000 | | |
| മഞ്ഞൾ നാടൻ | ഇല്ല | ഗ്രാമ്പൂ (കിലോ) | 525-650 |
| സേലം - ഈറോഡ് | 7200-7700 | | |
| കാഞ്ഞിരക്കുരു | 1850 | റബർആർ എസ് എസ് 5 ഗ്രേഡ് | 16,400 -17,000 |
| അടയ്ക്ക ന്യൂ | 30,000- 31,000 | | |
| അടയ്ക്ക ഓൾഡ് | 34,000- 35,000 | റബർആർ എസ് എസ് 4 ഗ്രേഡ് | 17,200 |
| പഞ്ചസാര | 3600 | ഒട്ടുപാൽ | 11,200 |
| മുളക് | 15,000-16,200 | ലാറ്റക്സ് | 11,500 |
| ഉഴുന്ന് | 10,500-12,000 | | |
| ചെറുപയർ | 10,000-11,000 | സ്വർണം | 36,360 |
| കടല | 5400-6500 | പാം ഓയിൽ | 13,700 |

# ഇന്ധന വിലയിൽ ഇന്നും വർധന



കൊച്ചി: രാജ്യത്ത് പെട്രോൾ, ഡീസൽ വില ഇന്നലെയും വർധിപ്പിച്ചു. ഒരു ദിവസത്തെ ഇടവേളയ്ക്ക് ശേഷമാണ് എണ്ണക്കമ്പനികൾ ഇന്ധന വില വീണ്ടും കൂട്ടിയത്. വിവിധ നഗരങ്ങളിൽ പെട്രോളിന് 27 പൈസയും ഡീസലിന് 30 പൈസയുമാണ് ഉയർത്തിയത്. ഈ മാസം ഇത് പത്താമത്തെ തവണയാണ് ഇന്ധന വില കൂട്ടുന്നത്. പത്ത് ദിവസം കൊണ്ട് പെട്രോളിന് രണ്ട് രൂപ 67 പൈസയും ഡീസലിന് മൂന്ന് രൂപ 4 പൈസയുമാണ് വർധിച്ചത്.

തിരുവനന്തപുരത്ത് ഇന്നലെ ഒരു ലിറ്റർ പെട്രോളിന് 94.83 രൂപയാണ് വില. ഡീസലിന് 89.77 രൂപയും. കൊച്ചിയിൽ പെട്രോൾ ലിറ്ററിന് 92.78 രൂപയാണ് വില. ഡീസലിന് 87.78 രൂപയും. കോഴിക്കോട് പെട്രോളിന് 93.17 രൂപയും ഡീസലിന് 88.19 രൂപയുമാണ് ഇന്നലത്തെ വില. മെട്രൊ നഗരമായ ഡൽഹിയിൽ ഒരു ലിറ്റർ പെട്രോളിന് 92.85 രൂപയാണ് വില. ഡീസലിന് 83.51 രൂപയും. കൊവിഡ് രൂക്ഷമായ മുംബൈയിൽ ഇന്ധന വില റെക്കോഡ് തകർത്ത് കുതിച്ചുയരുകയാണ്. നഗരത്തിൽ പെട്രോൾ വില 100 കടന്നേക്കുമെന്നാണ് വിലയിരുത്തൽ. ഇന്നലെ ഒരു ലിറ്റർ പെട്രോളിന് മുംബൈയിൽ 99.14 രൂപയാണ് വില. ഡീസലിന് 90.71 രൂപയും.

പകർച്ചവ്യാധിക്കിടെ ദുരിതമനുഭവിക്കുന്ന ഇരുട്ടടിയായി മെയ് നാല് മുതലാണ് ഇന്ധന വില കൂട്ടാൻ തുടങ്ങിയത്. കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങളിലെല്ലാം തന്നെ ഇന്ധന വില സർവകാല റെക്കോഡിലാണ്. കൂടാതെ ചില്ലറ ഇന്ധന വില ഇപ്പോൾ 2018 ഒക്റ്റോബറിന് ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കിലുമാണ്. പെട്രോളിന് അന്ന് 85 രൂപ 99 പൈസ ആയിരുന്നു. ഈ സർവകാല റെക്കോഡാണ് നിലവിലെ ഇന്ധന വില മറികടന്നിരിക്കുന്നത്. കൊവിഡ് പ്രതിസന്ധിക്കിടയിലും രാജ്യത്തെ പൊതുമേഖലാ എണ്ണക്കമ്പനികൾ ഇന്ധന വില കുത്തനെ ഉയർത്തുന്നതിനെതിരെ രൂക്ഷവിമർശനമാണ് ഉയരുന്നത്. കൊവിഡ് കേസുകൾ വർധിക്കുന്നതിനെ തുടർന്ന് രാജ്യാന്തര വിപണിയിൽ ക്രൂഡ് ഓയിൽ വില ഉയർന്നിരുന്നു. ഇതാണ് ഒരിടവേളയ്ക്ക് ശേഷം എണ്ണക്കമ്പനികൾ ഇന്ധന വില ഉയർത്താൻ കാരണം.

ആഗോള വിപണിയിലെ ക്രൂഡ് ഓയിൽ വിലയും ഡോളർ രൂപ വിനിമയവും കണക്കാക്കിയാണ് രാജ്യത്തെ ഇന്ധന വില നിർണയിക്കുന്നത്.

അന്താരാഷ്ട്ര വിപണിയിൽ ആഗോള ക്രൂഡ് ഓയിൽ വില വർധിച്ചു. ഒരു ബാരൽ അസംസ്കൃത എണ്ണയ്ക്ക് (ക്രൂഡ് ഓയിൽ) ഇന്ന് 69.65 ഡോളറാണ് വില. അതേസമയം ഡോളർ വിനിമയ നിരക്ക് ഇടിഞ്ഞു. 73.22 രൂപയിലാണ് ഡോളർ വിനിമയം നടക്കുന്നത്.

## ട്രിപ്പിൾ ലോക്ഡൗൺ കാലയളവിലും ഔഷധി പ്രവർത്തിക്കുന്നു

കൊച്ചി: കൊവിഡ് രോഗവ്യാപനത്തെ പ്രതിരോധിക്കാനായി ട്രിപ്പിൾ ലോക്ഡൗൺ ജില്ലയിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അവശ്യസർവീസ് എന്ന നിലയിൽ സംസ്ഥാന സർക്കാരിന് കീഴിലുള്ള, കുട്ടനെല്ലൂരിലെ പൊതുമേഖല സ്ഥാപനമായ ഔഷധി തുറന്നു പ്രവർത്തിക്കുകയാണെന്ന് മാനെജിങ് ഡയറക്റ്റർ അറിയിച്ചു. (G.O.(MS) No.13/2020/DMD, dated 26.03.2020 ഉത്തരവ് പ്രകാരം ഔഷധി പോലുള്ള ആയുർവേദ മരുന്ന് നിർമാണശാലകൾക്ക് പ്രവർത്തിക്കുന്നതിനായി ലോക്ഡൗൺ നിയന്ത്രണങ്ങളിൽ നിന്ന് ഇളവ് ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ലോക്ഡൗൺ കാലയളവിലും ഔഷധി തുറന്നു പ്രവർത്തിച്ചിരുന്നു.

സർക്കാർ പ്രഖ്യാപിച്ച ബ്രേക്ക് ദി ചെയിൻ പ്രതിരോധ പ്രവർത്തനങ്ങൾ ഔഷധിയിൽ നടപ്പിലാക്കിയിട്ടുള്ളതും ജീവനക്കാർക്ക് ഐഡന്റിഫിക്കേഷൻ രേഖകൾ നൽകിയിട്ടുള്ളതുമാണ്. ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നും കൊവിഡ് പ്രതിരോധത്തിന് സഹായിക്കുന്ന മരുന്നുകൾക്കുള്ള ഓർഡറുകൾ സമയബന്ധിതമായി നിർമിച്ച് വിതരണം പൂർത്തിയാക്കാനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചു കഴിഞ്ഞു. ജില്ലയിലെ പൊതുഗതാഗതം തടസപ്പെട്ട മേഖലകളിൽ നിന്നുള്ള ജീവനക്കാരെ പ്രത്യേക വാഹനങ്ങൾ ഏർപ്പെടുത്തി കുട്ടനെല്ലൂർ ഫാക്റ്ററിയിൽ എത്തിക്കാൻ സംവിധാനം ചെയ്തിട്ടുണ്ട്. പകൽ, രാത്രി ഷിഫ്റ്റുകളിലായി ഫാക്റ്ററിയിൽ മരുന്ന് നിർമാണം നടന്നുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൊവിഡ് രോഗപ്രതിരോധത്തിന് സഹായിക്കുന്ന മരുന്നുകൾക്കുള്ള ഫണ്ട് അനുസരിച്ച് ഓർഡർ നൽകിയിട്ടുള്ള സർക്കാർ ആയുർവേദ ആശുപത്രികൾക്കും സംസ്ഥാനത്ത് തൊള്ളായിരത്തോളം വരുന്ന ഔഷധി ഡീലർമാർക്കും മരുന്ന് നിർമിച്ച് വിതരണം ചെയ്യുന്ന നടപടി പൂർത്തീകരിച്ചു വരുകയാണ്. തൃശൂരിലെ ഔഷധി പഞ്ചകർമ ആശുപത്രി ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കൊല്ലം ജില്ലയിലെ പത്തനാപുരം, കണ്ണൂർ ജില്ലയിലെ പരിയാരം എന്നിവിടങ്ങളിലെ ഔഷധി സബ്സെന്ററുകൾ തിരുവനന്തപുരത്തെ മുട്ടത്തറയിലെ ഔഷധി പ്രൊഡക്ഷൻ യൂണിറ്റ് എന്നിവയും കൊവിഡ് ലോക്ഡൗണിനിടയിൽ തുറന്നു പ്രവർത്തിച്ചുവരുന്നതായി മാനെജിങ് ഡയറക്റ്റർ വെളിപ്പെടുത്തി.



*മലബാർ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ കൊവിഡ് രോഗികൾക്കുള്ള അവശ്യ സാധനങ്ങളുടെ വിതരണം ഡെപ്യൂട്ടി മേയർ സി.പി. മുസാഫിർ അഹമ്മദിന് നൽകിക്കൊണ്ട് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് കോഴിക്കോട് ഷോറൂം ഹെഡ് ജാവേദ് മിയാൻ നിർവഹിക്കുന്നു. മലബാർ ഗ്രൂപ്പ് ചാരിറ്റബിൾ ട്രസ്റ്റ് സീനിയർ മാനെജർ ഹസൻ കോയ സമീപം.*

# കൊവിഡ് രോഗികൾക്ക് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ സഹായം

കോഴിക്കോട്: മലബാർ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യ പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ കൊവിഡ് രോഗികൾക്ക് അവശ്യ സാധനങ്ങൾ വിതരണം ചെയ്തു. കൊവിഡ് മഹാമാരിക്കാലത്ത് ഇതിനകം ആയിരക്കണക്കിന് കോവിഡ് രോഗികൾക്കാണ് മലബാർ ഗ്രൂപ്പ് ഭക്ഷണവും മരുന്നും ഉൾപ്പെടെ വിവിധ സഹായങ്ങൾ നൽകിയത്. കോഴിക്കോട് കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ സി.പി. മുസാഫിർ അഹമ്മദ് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് കോഴിക്കോട് ഷോറൂം ഹെഡ് ഹെഡ് ജാവേദ് മിയാനിൽ നിന്ന് അവശ്യ സാധനങ്ങൾ ഏറ്റുവാങ്ങി. മലബാർ ഗ്രൂപ്പ് ചാരിറ്റബിൾ ട്രസ്റ്റ് സീനിയർ മാനെജർ ഹസൻ കോയ പങ്കെടുത്തു.

കൊവിഡിനെ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുന്നതിനും സാധ്യമായ രീതിയിലുള്ള എല്ലാ പിന്തുണയും നൽകുന്നതിനും മലബാർ ഗ്രൂപ്പിന് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊവിഡ് കാലത്ത് പാവപ്പെട്ടവർക്കായി നാല് കോടിയിലധികം രൂപയുടെ ഭക്ഷ്യ കിറ്റുകളും അവശ്യ സാധനങ്ങളും മരുന്നുകളും വിതരണം ചെയ്തു. ഗ്രൂപ്പിന്റെ കീഴിൽ ഫറോക്കിൽ 50,000 ചതുരശ്ര അടിയിൽ ആധുനിക രീതിയിൽ നിർമ്മിച്ച മറീന കൺവെൻഷൻ സെന്റർ കൊവിഡ് രോഗികൾക്ക് ചികിത്സാ സംവിധാനം ഒരുക്കുന്നതിനായി സർക്കാരിന് നേരത്തെ വിട്ടു നൽകിയിരുന്നു. മലബാർ ഗ്രൂപ്പിന്റെ ലാഭത്തിന്റെ അഞ്ച് ശതമാനം സാമൂഹ്യ പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായി വിവിധ ജനക്ഷേമ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ചിട്ടുണ്ട്. 34 കോടിയിലേറെ രൂപയുടെ മരുന്നുകളും 17000ത്തിലേറെ പേർക്ക് വീട് നിർമാണത്തിന് 54 കോടിയിലധികം രൂപയുടെ സാമ്പത്തിക സഹായവും 31,000ത്തിലേറെ പെൺകുട്ടികൾക്ക് ഒമ്പത് കോടിയിലധികം രൂപയുടെ വിദ്യാഭ്യാസ സ്കോളർഷിപ്പും പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹത്തിന് നാല് കോടിയിലധികം രൂപയുടെ സ്വർണാഭരണങ്ങൾ ഉൾപ്പെടെ രാജ്യത്ത് 133 കോടിയിലേറെ രൂപയുടെ സഹായങ്ങൾ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്.

## 550 കോടി രൂപയുടെ ഐപിഒയുമായി പെന്ന സിമന്റ്

ചെന്നൈ: ദക്ഷിണേന്ത്യയിലെ പ്രമുഖ സിമന്റ് നിർമാതാക്കളായ സിമന്റ് നിർമാതാക്കളായ പെന്ന സിമന്റ് ഇൻഡസ്ട്രീസ് ഇനീഷ്യൽ പബ്ലിക് ഓഫറിലൂടെ 1550 കോടി സമാഹരിക്കാനൊരുങ്ങുന്നു. ഇക്വിറ്റി ഷെയറുകളുടെ പുതിയ ഇഷ്യു വഴി 1300 കോടി രൂപയും പ്രമോട്ടർ വിൽക്കുന്ന ഷെയർ ഹോൾഡേഴ്സ് വഴി 250 കോടി രൂപ വരെയുമാണ് സമാഹരിക്കുന്നത്.

സമാഹരിക്കുന്ന മൊത്തം തുകയിൽ നിന്ന് 550 കോടി രൂപ കമ്പനി എടുത്ത വായ്പ തിരിച്ചടയ്ക്കുന്നതിന് / മുൻകൂർ അടച്ചു നീർക്കുന്നതിനാണ് ഉപയോഗിക്കുന്നത്. കെപി ലൈൻ 2 പ്രൊജക്റ്റിനായി മൂലധനച്ചെലവ് ആവശ്യങ്ങൾക്കായി 105 കോടി രൂപയും തലാറി ചെരുവിലെ റോഗ്രൈൻഡിങ് സിമന്റ് മില്ലുകൾ നവീകരിക്കുന്നതിന് 80 കോടി രൂപയും ചെലവഴിക്കും. തലാറി ചെരുവിലും തണ്ടൂരിലും വേസ്റ്റ് ഹീറ്റ് റിക്കവറി പ്ലാന്റ് സ്ഥാപിക്കുന്നതിനും പൊതു കോർപ്പറേറ്റ് ആവശ്യങ്ങൾക്കും യഥാക്രമം 110 കോടി രൂപയും 130 കോടി രൂപയും വകയിരുത്തും. ഹൈദരാബാദ് ആസ്ഥാനമായി 1991 സ്ഥാപിക്കുകയും 1994ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത പിസിഐഎൽ സാധാരണ പോർട്ട്ലാൻഡ് സിമന്റ്, പോർട്ട്ലാൻഡ് പോസോളാന സിമന്റ്, പോർട്ട്ലാൻഡ് സ്ലാഗ് സിമന്റ് എന്നിവയുൾപ്പെടെയുള്ള സിമന്റിന്റെ പ്രധാന വകഭേദങ്ങൾ വിപണിയിലെത്തിക്കുന്നുണ്ട്. ഇന്ന് ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ സിമന്റ് കമ്പനികളിലൊന്നാണ് പിസിഐഎൽ. 2021 മാർച്ച് 31 വരെ മൊത്തം 10 എംഎംടിപിഎ ഉത്പാദന ശേഷിയുള്ള 4 ഐഎസ്ഒ സർട്ടിഫൈഡ് ഇൻറഗ്രേറ്റഡ് മാനുഫാക്ച്ചറിങ് സൗകര്യങ്ങളും രണ്ട് ഗ്രൈൻഡിങ് യൂണിറ്റുകളും ആന്ധ്രാപ്രദേശ്, തെലങ്കാന, മഹാരാഷ്ട്ര എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു.

തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള വിതരണ തന്ത്രങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി കൊളംബോയിൽ ഒരു പായ്ക്കിങ് ടെർമിനൽ നടത്തുന്ന ശ്രീലങ്കൻ സിമന്റ് കമ്പനിയായ സിംഗ സിമന്റ്സിനെ 2019 മെയിൽ കമ്പനി ഏറ്റെടുക്കുകയുണ്ടായി. കൂടാതെ, കൃഷ്ണപട്ടണത്ത് ഇന്ത്യയിലെ ഏറ്റവും വലിയ തുറമുഖ അധിഷ്ഠിത സിമന്റ് ടെർമിനലുകളിൽ ഒന്ന് ഓട്ടൊമേറ്റഡ് ഷിപ്പ് ലോഡിങ് സൗകര്യത്തോടെ പ്രവർത്തനമാരംഭിച്ചു. കൊച്ചി, ഗോപാൽപൂർ, കാരക്കൽ തുറമുഖങ്ങളിൽ പായ്ക്കുങ് ടെർമിനലുകളും സ്ഥാപിച്ചിട്ടുണ്ട്. 2021 സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ വരുമാനം, ഇബിറ്റിടിഎ, ലാഭം എന്നിവ യഥാക്രമം 2,476.39 കോടി, 479.84 കോടി, 152.07 കോടി രൂപ എന്നിങ്ങനെയായിരുന്നു. എഡൽവെയ്സ് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, യെസ് സെക്യൂരിറ്റീസ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയാണ് ഇഷ്യുവിനായി നിയമിക്കപ്പെട്ട ഇൻവെസ്റ്റ്മെന്റ് ബാങ്കർമാർ.

## കയറ്റുമതിയിൽ നേട്ടവുമായി ടിവിഎസ്

ചെന്നൈ: കയറ്റുമതിയിൽ പുതിയ റെക്കോഡുമായി ടിവിഎസ് മോട്ടോഴ്സ് ലിമിറ്റഡ്. എൻടോർക്ക് 125 സ്കൂട്ടറുകളുടെ കയറ്റുമതിയിലാണ് ഇപ്പോൾ ടിവിഎസ് നിർണായക നേട്ടം കൈവരിച്ചിരിക്കുന്നത്. മോഡലിന്റെ കയറ്റുമതി ഒരുലക്ഷം യൂണിറ്റുകൾ കവിഞ്ഞുവെന്നാണ് കമ്പനി വാർത്താക്കുറിപ്പിൽ അറിയിച്ചത്. ഒരു ഇന്ത്യൻ ഇരുചക്രവാഹന കമ്പനിയെ സംബന്ധിച്ച് മികച്ച നേട്ടം തന്നെയാണിത്.

ഇന്ത്യയിൽ നിർമിക്കുന്ന ഈ സ്കൂട്ടർ ഇന്ന് 19 രാജ്യങ്ങളിൽ സാന്നിധ്യമറിയിച്ചിട്ടുണ്ട്. ദക്ഷിണേന്ത്യൻ രാജ്യങ്ങൾ, ലാറ്റിൻ അമെരിക്കൻ രാജ്യങ്ങൾ, പശ്ചിമേഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലും ആസിയാൻ രാജ്യങ്ങളിലും ടിവിഎസ് എൻടോർക്ക് 125ന് വലിയ ഡിമാൻഡ് ആണുള്ളത്. ടിവിഎസിന്റെ ഇരുചക്ര വാഹനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ മികച്ച പ്രതികരണമാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷം മാർച്ചിൽ തന്നെ കയറ്റുമതി ചെയ്ത മോട്ടോർ സൈക്കിളുകളുടേയും സ്കൂട്ടുകളുടേയും എണ്ണം ഒരു ലക്ഷം കവിഞ്ഞിരുന്നു. ഇതും ഒരു റെക്കോഡാണ്.

## ഇരുചക്ര വാഹനങ്ങളുടെ വാറന്റിയും സർവീസ് കാലാവധിയും നീട്ടി ഹോണ്ട

കൊച്ചി: ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, വാഹന വാറന്റിയുടെയും സൗജന്യ സർവീസ് സേവനങ്ങളുടെയും കാലാവധി 2021 ജൂലൈ 31 വരെ നീട്ടി. കൊവിഡ് മഹാമാരി സാഹചര്യത്തിൽ, ഉപഭോക്താക്കളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും മുൻഗണന നൽകുക എന്ന ലക്ഷ്യത്തോടെയാണിതെന്ന് കമ്പനി വാർത്താക്കുറിപ്പിൽ അറിയിച്ചു. സൗജന്യ സർവീസ്, വാറന്റി, വിപുലീകൃത വാറന്റി എന്നിവ 2021 ഏപ്രിൽ ഒന്നിനും 2021 മെയ് 31നും ഇടയിൽ അവസാനിക്കുന്ന എല്ലാ ഹോണ്ട ടൂവീലർ ഉപഭോക്താക്കൾക്കും ദീർഘിപ്പിച്ച കാലാവധി ആനുകൂല്യം ലഭിക്കും.

ഇന്ത്യയിലെ എല്ലാ ഹോണ്ട ഗ്രൂപ്പ് കമ്പനികളുടെയും കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സിഎസ്ആർ) വിഭാഗമായ ഹോണ്ട ഇന്ത്യ ഫൗണ്ടേഷൻ, കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള പിന്തുണയും ദുരിതാശ്വാസ നടപടികളും പ്രഖ്യാപിച്ചിട്ടുണ്ട്. ഹരിയാന, രാജസ്ഥാൻ, കർണാടക, യുപി, ഗുജറാത്ത് എന്നീ അഞ്ച് സംസ്ഥാനങ്ങളിൽ കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ പിന്തുണയ്ക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുമായി 65 ദശലക്ഷം രൂപ നീക്കിവച്ചു. രാജസ്ഥാനിലെ തപൂകര, മനേസർ എന്നിവിടങ്ങളിലെ 100 കിടക്കകളുള്ള ആശുപത്രി സൗകര്യവും ഇതിലുൾപ്പെടും.

# കോഴിക്കോട് 2474 പേർക്ക് കൊവിഡ്

കോഴിക്കോട്: ജില്ലയിൽ ഇന്നലെ 2474 കൊവിഡ് പോസിറ്റീവ് കേസുകൾ കൂടി റിപ്പോർട്ട് ചെയ്തതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. വിദേശത്ത് നിന്ന് എത്തിയ മൂന്നാൾക്കും ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിയവരിൽ നാലുപേർക്കു പോസിറ്റീവായി. 50 പേരുടെ ഉറവിടം വ്യക്തമല്ല.

സമ്പർക്കം വഴി 2417പേർക്കാണ് രോഗം ബാധിച്ചത്. 12867 പേരെ പരിശോധനക്ക് വിധേയരാക്കി. ജില്ലയിലെ കൊവിഡ് ആശുപത്രികൾ, എഫ്എൽടിസികൾ എന്നിവിടങ്ങളിൽ ചികിത്സയിലായിരുന്ന 4169 പേർ കൂടി രോഗമുക്തി നേടി ആശുപത്രി വിട്ടു.20.04 ശതമാനമാണ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്. രോഗം സ്ഥിരീകരിച്ച്

36646 കോഴിക്കോട് സ്വദേശികളാണ് ചികിത്സയിലുള്ളത്.

ജില്ലയിൽ കൊവിഡ് നിയന്ത്രണങ്ങൾ ലംഘിച്ചതിന് 645 കേസുകൾ രജിസ്റ്റർ ചെയ്തു. സാമൂഹിക അകലം പാലിക്കാത്തതിനും പൊതുസ്ഥലങ്ങളിൽ കൂട്ടംകൂടി നിന്നതിനും കടകൾ കൃത്യസമയത്ത് അടയ്ക്കാത്തതിനും നഗര പരിധിയിൽ 42 കേസുകളും ഗ്രാമപ്രദേശത്ത് 82 കേസുകളുമാണെടുത്തത്. മാസ്ക് ധരിക്കാത്തതിന് നഗര പരിധിയിൽ 258 കേസുകളും ഗ്രാമപ്രദേശത്ത് 263 കേസുകളുമെടുത്തു.

ജില്ലയിൽ കൊവിഡ് രോഗികളെ പ്രവേശിപ്പിക്കുന്നതിന് സജ്ജമാക്കിയ 61 കൊവിഡ് ആശുപത്രികളിലായി 3,421 കിടക്കകളിൽ 1,472 എണ്ണം ഒഴിവുണ്ട്. 73 ഐസിയു കിടക്കകളും 30 വെന്റിലേറ്ററുകളും ഓക്സിജൻ ലഭ്യതയുള്ള 595 കിടക്കകളും ഒഴിവുണ്ട്. 15 സർക്കാർ കൊവിഡ് ആശുപത്രികളിലായി 523 കിടക്കകൾ, 29 ഐ.സി.യു, 27 വെന്റിലേറ്റർ, 431 ഓക്സിജൻ കിടക്കകളും ബാക്കിയുണ്ട്.

12 സി.എഫ്.എൽ.ടി.സികളിലായി ആകെയുള്ള 1,505 കിടക്കകളിൽ 1,107 എണ്ണവും നാല് സിഎസ്എൽ ടിസികളിലായി ആകെയുള്ള 630 കിടക്കകളിൽ 300 എണ്ണവും 86 ഡോമിസിലറി കെയർ സെന്ററുകളിൽ ആകെയുള്ള 2,401 കിടക്കകളിൽ 1,683 എണ്ണവും ഒഴിവുണ്ട്

പാലിയേറ്റീവ് രോഗികൾക്കുള്ള കോവിഡ് വാക്സിനേഷൻ വിതരണത്തിന് കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ തുടക്കമായി. ആരോഗ്യ വകുപ്പും കൊടിയത്തൂർ ഗ്രാമ പഞ്ചായത്തും കൊടിയത്തൂർ പെയിൻ & പാലിയേറ്റീവ് കെയറും സംയുക്തമായാണ് പഞ്ചായത്തിലെ മുഴുവൻ കിടപ്പു രോഗികൾക്കും സുരക്ഷയൊരുക്കുന്ന പദ്ധതി നടപ്പാക്കുന്നത്. ഇതിനായി പ്രത്യേക മെഡിക്കൽ യൂണിറ്റിന് രൂപം നൽകി.

പാലിയേറ്റീവ് വളണ്ടിയർമാരുടെ സേവനവും ലഭ്യമാണ്. 118 പേരടങ്ങിയ പട്ടികയാണ് തയ്യാറാക്കിയത്.വാർഡ് അടിസ്ഥാനത്തിലാണ് വാക്സിനേഷൻ. പ്രതിദിനം 25 പേർക്ക് വാക്സിനേഷൻ നടത്താനാണ് ലക്ഷ്യമിടുന്നത്.

ഇതുവരെ 7,34,760 പേർ കൊവിഡ് പ്രതിരോധ വാക്സിനെടുത്തു. ഇതിൽ 5,62,475 ആളുകൾ ആദ്യ ഡോസും 1,72,285പേർ രണ്ട് ഡോസും സ്വീകരിച്ചു.



**അന്നം മുട്ടാതിരിക്കാൻ...**

*കൊവിഡ് അടച്ചിടലിന്റെ ഭാഗമായി മീൻപിടിത്തമൊക്കെ നിർത്തിവച്ചരിക്കുകയാണ്. ഹാർബറുകൾ അടച്ചതിനാൽ നിർത്തിയിട്ട ബോട്ടിന് പെയിന്റടിക്കുന്ന തൊഴിലാളി. കോഴിക്കോട് കോതി അഴിമുഖത്ത് നിന്ന്.*

വിമിത്ത് ഷാൽ



*മഞ്ചേരി ഗവ. ബോയ്സ് ഹയർ സെക്കഡറി സ്കൂൾ സ്റ്റുഡന്റ് പൊലീസ് കേഡറ്റ് മെഡിക്കൽ കോളെജിലേക്ക് പൾസ് ഓക്സിമീറ്ററുകൾ നൽകിയപ്പോൾ.*

# കർഷകർക്ക് ഹെൽപ് ഡെസ്ക്ക്

കോഴിക്കോട്:ലോക്ക് ഡൗൺ, കാലവർഷം എന്നിവയുടെ പശ്ചാത്തലത്തിൽ ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്രം കർഷകർക്കായി ഹെൽപ് ഡെസ്ക്കുകൾ ഒരുക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ ലഭ്യത അറിയുന്നതിനും അതത് നമ്പറുകളിൽ ബന്ധപ്പെടാമെന്ന് അഗ്രിക്കൾച്ചർ അസി. ഡയറക്റ്റർ അറിയിച്ചു.

എല്ലാ ദിവസവും രാവിലെ 8 മണി മുതൽ വൈകിട്ട് ആറ് വരെ സേവനം ലഭിക്കും. വിഷയം, ശാസ്ത്രജ്ഞർ, ഫോൺ നമ്പർ എന്ന ക്രമത്തിൽ : തെങ്ങു കൃഷിരീതികളും കാലാവസ്ഥയും രതീഷ് പി കെ, അസിസ്റ്റന്റ് പ്രൊഫസർ 9447704019, കശുമാവ്, പച്ചക്കറി കൃഷിരീതികൾ ഡോ. മീര മഞ്ജുഷ എ വി, അസിസ്റ്റന്റ് പ്രൊഫസർ 9895514994, നെല്ല് കൃഷി രീതികൾ സിനീഷ് എം. എസ്, അസിസ്റ്റന്റ് പ്രൊഫസർ 9447923417.

വിവിധ വിളകളുടെ സസ്യ സംരക്ഷണം രോഗങ്ങൾ സഞ്ജു ബാലൻ, അസിസ്റ്റന്റ് പ്രൊഫസർ 9400108537, കീടങ്ങൾ ലീന എം. കെ, അസിസ്റ്റന്റ് പ്രൊഫസർ 8943225922,

മൃഗസംരക്ഷണം ഡോ. അനി എസ്. ദാസ്, അസോസിയേറ്റ് പ്രൊഫസർ 9447242240, വിത്ത്/ നടീൽ വസ്തുക്കൾ അനുപമ. എസ്., അസിസ്റ്റന്റ് പ്രൊഫസർ

9846334758. മെയ് 27 രാത്രി 8 മണി മുതൽ 9 മണി വരെ കേന്ദ്രത്തിനന്റെ ഫേസ്ബുക്ക് പേജിൽ ശാസ്ത്രജ്ഞർ നേരിട്ട് കർഷകരോട് സംവദിക്കും.

## പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് പൾസ് ഓക്സിമീറ്റർ

തിരൂരങ്ങാടി: കൊവിഡ് രോഗം പടർന്ന് പിടിച്ച ഈ അവസരത്തിൽ റിട്ടയേർഡ് റവന്യൂ കൂട്ടായ്മ മലപ്പുറം ജില്ലകമ്മിറ്റി ജില്ലയിലെ പാലിയേറ്റീവ് സെന്ററുകളിൽ പൾസ് ഓക്സി മീറ്ററുകൾ വിതരണം ചെയ്തു. തിരൂരങ്ങാടി താലൂക്ക് തല ഉദ്ഘാടനം തിരുരങ്ങാടി നഗരസഭ കൗൺസിലർ അഹമ്മദ് കുട്ടി കക്കടവത്ത് പാലിയേറ്റീവ് സോണൽ സെക്രട്ടറി മോഹൻദാസിനു 10 ഓക്സിമീറ്ററുകൾകൈമാറി നിർവ്വഹിച്ചു. ചടങ്ങിൽ റവന്യൂ കൂട്ടായ്മ താലൂക്ക് സെക്രട്ടറി എം. അബൂബക്കർ സ്വാഗതം പറഞ്ഞു. നഗരസഭ കൗൺസിലർ കെ.പി. സതൈലവി, പാലിയേറ്റിവ് കമ്മിറ്റി ചെയർമാൻചെമ്പൻ അബ്ദുറഹ്മാൻ എന്നിവർ പ്രസംഗിച്ചു. ചെമ്പൻ അയ്യൂബ്, ചപ്പങ്ങത്തിൽ യൂസുഫ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

## സൗജന്യ കാലിത്തീറ്റ വിതരണം

കോഴിക്കോട്:കൊവിഡ് രോഗബാധ അനുബന്ധ ക്വാറന്റൈൻ, കാലവർഷക്കെടുതി എന്നിവ മൂലം കന്നുകാലികൾക്ക് തീറ്റ നൽകുന്നതിന് പ്രയാസം നേരിടുന്ന ക്ഷീര കർഷകർക്ക് കൈത്താങ്ങായി മൃഗസംരക്ഷണ വകുപ്പ് ഒരു പശുവിന് പ്രതിദിനം 70 രൂപയുടെ കാലിത്തീറ്റ സൗജന്യമായി നൽകുന്നു. ഇത്തരത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നു ക്ഷീര കർഷകർക്ക് ഫോൺ മുഖേന തൊട്ടടുത്തുള്ള മൃഗാശുപത്രിയിൽ അറിയിക്കാം. വാർഡ് മെമ്പർ, ആർആർടി ടീം എന്നിവർ സാക്ഷ്യപ്പെടുത്തിയ അപേക്ഷ പിന്നീട് സമർപ്പിക്കണം. കുടുംബാംഗങ്ങൾ കൊവിഡ് പോസിറ്റീവ് ആയിരിക്കുന്ന ക്ഷീര കർഷക കുടുംബങ്ങൾക്ക് അനുകൂല്യം ലഭ്യമാക്കും. പ്രളയത്തിൽ പ്രയാസം നേരിട്ട കർഷകർക്ക് പശു ഒന്നിന് ഒരു ചാക്ക് വീതവും കോവിഡ് അനുബന്ധ ക്വാറന്റീൻ മൂലം പ്രയാസപ്പെടുന്ന കർഷകർക്ക് പശു ഒന്നിന് രണ്ടു ചാക്ക് വീതവും കാലിത്തീറ്റ സൗജന്യമായി നൽകുമെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

## വെറ്ററിനറി കൺട്രോൾ റൂം

കോഴിക്കോട്:കാലവർഷക്കെടുതിയിൽ പ്രളയ ഘട്ടത്തിലും മൃഗസമ്പത്തിലുള്ള നാശ നഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും കൊവിഡ് ബാധിച്ച കർഷകർക്ക് തങ്ങളുടെ കാലികളുടെ എണ്ണം രജിസ്റ്റർ ചെയ്യുന്നതിനും മറ്റുമായി കോഴിക്കോട് ജില്ല ചീഫ് വെറ്ററിനറി ഓഫീസറുടെ കീഴിൽ കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു. കൺട്രോൾ റൂം നമ്പർ : 0495 2762050.

# കൊവിഡ് മഹാമാരിക്കെതിരെ ഓക്സി മീറ്റർ ചലഞ്ചുമായി കുട്ടിപൊലീസ്

മഞ്ചേരി: കൊവിഡ്കാല സന്നദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി മഞ്ചേരി ഗവ ബോയ്സ് ഹയർ സെക്കഡറി സ്കൂൾ സ്റ്റുഡന്റ് പൊലീസ് കേഡറ്റ്, സ്റ്റുഡന്റ് വളന്റിയർ കോപ്സ് എന്നിവയുടെ സംയുക്ത സേവന ദൗത്യമായി മഞ്ചേരി മെഡിക്കൽ കോളെജിലേക്ക് 25 പൾസ് ഓക്സി മീറ്ററുകൾ നൽകി.

കേഡറ്റുകൾ 'ഓക്സി മീറ്റർ ചലഞ്ച്' നടത്തിയാണ് ഒരു ദിവസം കൊണ്ട് ഇതിനുള്ള തുക കണ്ടെത്തിയത്.വിതരണോദ്ഘാടനം മഞ്ചേരി പൊലീസ് ഇൻസ്പെക്ടർ കെ പി അഭിലാഷ് മഞ്ചേരി മെഡിക്കൽ കോളെജ് സൂപ്രണ്ട് ഡോ. കെ വി നന്ദകുമാറിന് നൽകിക്കൊണ്ട് നിർവ്വഹിച്ചു.

ചടങ്ങിൽ പൗലോസ് കുട്ടമ്പുഴ (എസ്പിസി , എഡിഎൻഒ, മലപ്പുറം), ബിശ്വജിത്ത് സി.വി. (ജൂനിയർ എച്ച് ഐ, മെഡിക്കൽ കോളേജ്, മഞ്ചേരി), ദിനേഷ് കെ (എസ് പി സി ഡി.ഐ, മഞ്ചേരി), ശ്രീഹരി എം. (എസ്വിസി, മഞ്ചേരി), അഷിത പി (എസ്വിസി, മഞ്ചേരി) പങ്കെടുത്തു. കൊവിഡിനെതിരെയുള്ള പ്രതിരോധപ്രവർത്തനങ്ങൾക്ക് സ്കൂൾ ഹെഡ്മാസ്റ്റർ എം പ്രേമദാസൻ, എസ്പിസി സിപിഒ ഷമീൻ കെ കെ, എസിപിഒ നിഷ പിജെ നേതൃത്വം നൽകി.



*കോഴിക്കോട് സൗത്ത് ബീച്ചിലെ സൈക്കിൾ ട്രാക്കിൽ കടൽക്ഷോഭത്തിൽ അടിഞ്ഞു കൂടിയ മാലിന്യങ്ങൾ വൃത്തിയാക്കുന്ന ഡിവൈഎഫ്ഐ പ്രവർത്തകർ*

# ഓക്സിജൻ ടാങ്ക് കമ്മീഷൻ ചെയ്തു

കോഴിക്കോട്: മെഡിക്കൽ കോളെജ് പിഎംഎസ്‌വൈ കൊവിഡ് ആശുപത്രിയിൽ പുതുതായി സ്ഥാപിച്ച 13 കിലോ ലിറ്റർ ഓക്സിജൻ ടാങ്ക് കമ്മീഷൻ ചെയ്തു. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായാണ് ടാങ്ക് സ്ഥാപിച്ചത്.

ജില്ലാ കലക്റ്റർ സാംബശിവ റാവുവിന്റെ നേതൃത്വത്തിലാണ് ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയത്.യുദ്ധകാലാടിസ്ഥാനത്തിൽ ഏഴ് ദിവസം കൊണ്ടാണ് 13,000 ലിറ്റർ സംഭരണ ശേഷിയുള്ള ഓക്സിജൻ ടാങ്ക് സജ്ജീകരിച്ചത്. ഇതു വഴി ആശുപത്രിയിലെ 400 ബെഡുകളിലേക്ക് ഓക്സിജൻ ലഭ്യമാവും.

കൊവിഡ് കേസുകളുടെ വർദ്ധനവ് കണക്കിലെടുത്ത് പുതുതായി തയ്യാറാക്കിയ പിഎംഎസ്എസ്‌വൈ ബ്ളോക്കിൽ ഓക്സിജൻ മതിയാവാതെ വരുന്ന സാഹചര്യം ഉണ്ടായേക്കാം എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ടാങ്ക് സ്ഥാപിച്ചത്.



*കോഴിക്കോട് മെഡിക്കൽ കോളെജിൽ പിഎംഎസ്എസ് വൈ ബ്ലോക്കിൽ പുതുതായി നിർമിച്ച പതിമൂവായിരം കിലോലിറ്ററിന്റെ ഓക്സിജൻ പ്ലാന്റിൽ ലിക്വിഡ് ഓക്സിജൻ നിറക്കുന്നു.*

പണയ സ്വർണ്ണം
വിൽക്കാൻ
മേഘ ഗോൾഡ്
9895251871

## നെൽവിത്ത് വിതരണം

കോഴിക്കോട്:സാധാരണ നെൽകൃഷിക്ക് ഉതകുന്ന ജൈവ, ഏഴോം 2, ഞവര, രക്തശാലി, ചെമ്പാവ്, വാലൻകുഞ്ഞി എന്നിവയുടെ വിത്ത് ആവശ്യമുള്ള കർഷകർ അതത് കൃഷിഭവനിൽ അറിയിച്ചാൽ വിത്ത് നേരിട്ട് എത്തിച്ചു തരും.

## കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന് വൃന്ദാവനം സ്കൂളും

പേരാമ്പ്ര: കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മെഡിക്കൽ ഉപകരണങ്ങളും മറ്റും വാങ്ങാൻ വൃന്ദാവനം എയുപി സ്കൂളിന്റെ കൈത്താങ്ങ്. വൃന്ദാവനം സ്കൂൾ അധ്യാപകരും മാനേജ്മെന്റും ചേർന്ന് നാല്പതിനായിരം രൂപയുടെ ചെക്ക് സ്കൂൾ പ്രധാനാധ്യാപിക എ.കെ. ശോഭന പേരാമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് വി.കെ. പ്രമോദിന് കൈമാറി. പഞ്ചായത്ത് സെക്രട്ടറി, ഒ. മനോജ്, അധ്യാപകരായ വി.കെ. രവീന്ദ്രൻ, കെ. സജീഷ്, വി.കെ. അനീഷ് എന്നിവർ പങ്കെടുത്തു. കൊവിഡ് രോഗത്തെ അതിജീവിക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വൃന്ദാവനം എയുപി സ്കൂൾ ഹെൽപ്പ് ഡെസ്കും ആരംഭിച്ചു.

രോഗികൾക്കും മറ്റുള്ളവർക്കും ആവശ്യമായ മരുന്ന് വിതരണം, ഭക്ഷ്യവസ്തുക്കളുടെ വിതരണം, കൊവിഡ് വാക്സിൻ രജിസ്ട്രേഷൻ, വിദ്യാർഥികൾക്കുള്ള മാനസിക പിന്തുണ, കൊവിഡ് രോഗികൾക്ക് ആവശ്യമായ വാഹനങ്ങൾ തയ്യാറാക്കൽ എന്നിവ ഹെൽപ്പ് ഡസ്കിന്റെ ഭാഗമായി ചെയ്യുന്നതാണ്.

## പഞ്ചായത്തിന് പൾസ് ഓക്സി മീറ്റർ നൽകി

പൂവമ്പായി: എ.എം. ഹയർസെക്കണ്ടറി സ്കൂൾ പനങ്ങാട് പഞ്ചായത്തിലെ 20 വാർഡുകളിലേക്ക് വേണ്ട പൾസ് ഓക്സി മീറ്റർ കൈമാറുന്ന ചടങ്ങ് പഞ്ചായത്ത് പ്രസിഡന്റ് വി.എം. കുട്ടികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് കബീർ കുന്നോത്ത് അധ്യക്ഷത വഹിച്ചു.

കൊവിഡ് രൂക്ഷമായ സാഹചര്യത്തിൽ പൂവമ്പായി ഹയർ സെക്കന്ററി സ്കൂളിന്റെ ഈ പ്രവർത്തനം മാതൃകപരവും അഭിനന്ദനീയവുമാണെന്ന് പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.കോവിഡ് പ്രതിരോധ പദ്ധതിയുടെ ഭാഗമായി വിവിധ സേവന പ്രവർത്തനങ്ങളാണ് അധ്യാപകരുടെ കൂട്ടായ്മയിലൂടെ പ്രദേശത്ത് നടപ്പിലാക്കുന്നത്.പ്രിൻസിപ്പാൾ കെ ഷരീഫ ടീച്ചർ, ഹെഡ് മാസ്റ്റർ എം മുരളീലാൽ മാസ്റ്റർ എന്നിവർ പഞ്ചായത്ത് പ്രസിഡന്റിന് ഓക്സി മീറ്റർ കൈമാറി.

## കൊവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റുകളിൽ പാസ്പോർട്ട് നമ്പർ കൂടി ഉൾപ്പെടുത്തണമെന്ന്

മലപ്പുറം: കൊവിഡ് വാക്സി നേഷൻ വെരിഫിക്കേഷന് സമർപ്പിക്കുന്ന രേഖകളിൽ ആധാറിനോടൊപ്പം പ്രവാസി കൾക്ക് അവരുടെ പാസ്സ്പോർട്ട് നമ്പറുകൂടി ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കണമെന്ന് കേരള പ്രവാസി ലീഗ് സംസ്ഥാന പ്രസിഡണ്ട് ഹനീഫ മൂന്നിയൂർ ആവശ്യപ്പെട്ടു.

കൊവിഡ് വാക്സിൻ രജിസ്ടേഷൻ സമയ ത്ത് വിവിധ തിരിച്ചറിയരേഖകൾ സ്വീകരിക്കുന്നുണ്ടെങ്കിലും അവയുടെ വെരിഫിക്കേഷൻ സമയത്ത് ആധാർ നമ്പർ മാത്ര മാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റുരേഖകൾ സമർപ്പിച്ച അപേക്ഷകൾ നിരസിക്കുകയാണ് ചെയ്യുന്നത്. എന്നാൽ വിദേശ രാജ്യങ്ങളിൽ വാക്സിനേഷൻ സർട്ടിഫിക്കറ്റിൽ പാസ്പോർട്ട് നമ്പർ ഉണ്ടെങ്കിൽ മാത്രമെ അവരുടെ ആപ്പുകളിൽ രേഖപ്പെടുത്തുവാൻ കഴിയുന്നുള്ളു.അത് കൊണ്ട് തന്നെ വാക്സിനേഷൻ ചെയ്തതിനുള്ള തെളിവ് സമർപ്പിക്കാനാവുന്നില്ല .

ഇതിനെ തുടർന്ന് പ്രവാസികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയത് കൊണ്ട് വാക്സിനേഷൻ രജിസ്രേഷൻ സെന്ററുകൾ ആവശ്യമുള്ളവർക്ക് പാസ്പോർട്ട് വിവരം കുടി ഉൾപ്പെത്തുന്ന രീതിയിൽ പരിഷ്കരിക്കണമെന്നും ഹനീഫ മൂന്നിയൂർ ആവശ്യപെട്ടു. ഇതു സംബന്ധിച്ച് മുഖ്യമന്ത്രിക്കും ആരോഗ്യ മന്ത്രിക്കും പ്രവാസി ലീഗ് കത്തയച്ചു.

## മൽസ്യത്തൊഴിലാളികൾക്ക് ജാഗ്രത നിർദേശം

കോഴിക്കോട്: അറബിക്കടലിൽ ടൗട്ടെ ചുഴലിക്കാറ്റ് രൂപപ്പെട്ടതിനാൽ ഏർപ്പെടുത്തിയ മൽസ്യബന്ധന നിരോധനം തുടരുന്നു. ഇനിയൊരു അറിയിപ്പുണ്ടാകുന്നത് വരെ കേരള തീരത്ത് നിന്ന് യാതൊരു കാരണവശാലും കടലിൽ പോകാൻ പാടുള്ളതല്ല. ചുഴലിക്കാറ്റിന്റെ പ്രഭാവവുമായി ബന്ധപ്പെട്ട് കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ തീരദേശ വാസികൾ അതീവ ജാഗ്രത തുടരണമെന്നും ജില്ലാ ഭരണകൂടം അറിയിച്ചു

# ലീഗിന്റെ കപ്പ ചാലഞ്ച് കർഷകനായ സുബ്രഹ്മണ്യന് ആശ്വാസമായി

തേഞ്ഞിപ്പലം : പെരുവള്ളൂരിൽ ലീഗിന്റെ കപ്പ ചാലഞ്ച് കർഷകനായ സുബ്രഹ്മണ്യന് ഏറെ ആ ശ്വാസമായി. പെരുവള്ളൂർ കെ.കെ. പടി സ്വദേശി അയ്യപ്പൻ ചാലിൽ സുബ്രമണ്യന്റെ അര ഏക്കിൽ അധികം വരുന്ന വിതരണത്തിനായി കപ്പ വിലക്ക് പഞ്ചായത്ത് മുസ്ലിം ലീഗ് വാങ്ങിയത്.

വൈറ്റ് ഗാർഡ് വളണ്ടിയർമാരും യൂത്ത് ലീഗ് പ്രവർത്തകരും പറിച്ചെടുക്കുകയും പഞ്ചായത്ത് മുസ്ലിം ലീഗ് വില കൊടുത്ത് വാങ്ങി കടലോര മേഖലയിലെ വിവിധ ഭാഗങ്ങളിൽ സൗജന്യമായി വിതരണം നടത്തി. അപ്രതീക്ഷ മായ കാലവർഷത്തിൽ കപ്പ പറിച്ച് വിൽക്കാനാ വതെ വിഷമിച്ചിരിക്കുന്ന ഘട്ടത്തിലാണ് പഞ്ചായത്ത് മുസ്ലിം ലീഗ് കമ്മറ്റി കപ്പ ചാലഞ്ചായി മൊത്തമായി വാങ്ങി വിതരണം നടത്തിയത്.

കടപ്പുറം നിവാസികൾക്ക് കപ്പ സൗജന്യമായ് ലഭിച്ചത് വലിയ ആശ്വാസമായി . പെരുവള്ളൂരിൽ നിന്ന് മാത്രം 4 ടൺ കപ്പയാണ് ഇന്നലെ കടപ്പുറത്ത് വിതരണം ചെയ്തത്.

# കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൈതാങ്ങുമായി ദിയ ഗോൾഡ്

പേരാമ്പ്ര: കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ മുന്നണി പോരാളികളായ ഗ്രാമപഞ്ചായത്തിനും പൊലീസിനും കൈതാങ്ങുമായി പേരാമ്പ്രയിലെ പ്രമുഖ ജ്വല്ലറി ഗ്രൂപ്പായ ദിയ ഗോൾഡ് ആന്റ് ഡയമണ്ട്സ്.

കഴിഞ്ഞ 25 വർഷക്കാലമായി പേരാമ്പ്രയിലെ സ്വർണ്ണ വ്യാപാര രംഗത്തെന്ന പോലെ ജീവകാരുണ്യ പ്രവർത്തന രംഗത്തും നിറ സാന്നിധ്യമായ ദിയ ഗോൾഡ് ആന്റ് ഡയമണ്ട്സ് പേരാമ്പ്ര ഗ്രാമപഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകർ, പേരാമ്പ്ര പൊലീസ് സ്റ്റേഷനിലെ പൊലീസ് എന്നിവർക്കാവശ്യമായ പ്രതിരോധ കിറ്റുകൾ, ഓക്സി മീറ്ററുകൾ, ഗ്ലൗസുകൾ, മാസ്ക്കുകൾ എന്നിവ നൽകി.

കഴിഞ്ഞ വർഷത്തെ പ്രളയത്തിലും മഹാമാരിയിലും എംഡി ഷഫീഖ് പൈങ്ങാറയുടെ നേതൃത്വത്തിൽ 1500 ഓളം കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റുകളും മരുന്നുകളും നൽകി സാന്ത്വനവുമായി കൂടെ നിന്ന ദിയ, കോവിഡ് പ്രതിരോധത്തിലും നാടിനൊപ്പം സഹായ ഹസ്തവുമായി മുൻനിരയിലുണ്ട്.

പേരാമ്പ്ര പൊലീസ് സ്റ്റേഷനിൽ സബ്ബ് ഇൻസ്പക്റ്റർമാരായ എ. ഹബീബുള്ള, കെ.കെ. സോബിൻ എന്നിവരും ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റ് വി.കെ. പ്രമോദും ദിയ ഡയറക്റ്റർ എം.സി. ജലീലിൽ നിന്നും കിറ്റുകൾ ഏറ്റുവാങ്ങി. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എം. റീന, അംഗങ്ങളായ വിനോദ് തിരുവോത്ത്, എം.കെ. ഷനൈി, പി. ജോന, ദിയ പ്രതിനിധികളായ ജഫ്സീർ കുന്നത്ത്, വിനീത് കൊട്ടപ്പുറത്ത് എന്നിവർ സംബന്ധിച്ചു

# പ്രായപൂർത്തിയാകാത്ത കുട്ടിയെ അയൽവാസിയുടെ വാഹനത്തിൽ സാധനം വാങ്ങാൻ വിട്ട മാതാവിനെതിരെ കേസ്

തിരൂരങ്ങാടി: പ്രായപൂർത്തിയാവാത്ത മകനെ അയൽവാസിയുടെ വാഹനവുമായി വീട്ടു സാധനങ്ങൾ വാങ്ങാൻ വിട്ട മാതാവിനെതിരെ കേസ്. ട്രിപ്പിൾ ലോക്ക്ഡൗൺ ചുമതലയുമായി ബന്ധപ്പെട്ട് ചെമ്മാട് പരപ്പനങ്ങാടി റോഡിൽ തൃക്കുളം ക്ഷേത്രത്തിനു സമീപം കഴിഞ്ഞ ദിവസം വൈകുന്നേരം 5.30 ഓടെ തിരൂരങ്ങാടി എസ്ഐ പി.എം. രതീഷിന്റെ നേതൃത്വത്തിൽ പൊലീസ് സംഘം വാഹന പരിശോധന നടത്തുന്നതിനിടെ അതിവേഗതയിൽ വന്ന ഇരുചക്ര വാഹനം തടഞ്ഞു നിർത്തുകയായിരുന്നു.

വാഹനം ഓടിച്ചിരുന്നത് പ്രായപൂർത്തിയാകാത്ത കുട്ടിയായിരുന്നു. ഹെൽമറ്റ് ധരിച്ചിട്ടില്ല, പ്രായപൂർത്തിയായിട്ടില്ല എന്ന നിഗമനത്തിൽ അന്വേഷിച്ചപ്പോൾ 16 വയസുള്ള കുട്ടിയാണെന്നും വീട്ടു സാധനങ്ങൾ വാങ്ങാൻ മാതാവ് പറഞ്ഞു വിട്ടതാണെന്നും വാഹനം അയൽവാസിയുടേതുമാണെന്നും കുട്ടി പറഞ്ഞു.

ട്രിപ്പിൾ ലോക്ക്ഡൗൺ ആയതിനാൽ കടകൾ രണ്ട് മണിക്ക് അടച്ചതറിയാതെ പയ്യൻ കടയന്വേഷിച്ച് പലയിടത്തും കറങ്ങുകയാണെന്നു മനസിലായി. തുടർന്ന് കുട്ടിയുമായി വീട്ടിലെത്തി കാര്യം പറഞ്ഞപ്പോൾ മാതാവിന് നിസ്സംഗഭാവം. കുട്ടിയുടെ പിതാവ് വിദേശത്താണ് .

തുടർന്ന് വാഹനം കസ്റ്റഡിയിലെടുക്കുകയും ചെമ്മാട് സ്വദേശിനിയായ മാതാവിനെതിരെ മോട്ടോർ വാഹന വകുപ്പിലെ പുതിയ ഭേദഗതി പ്രകാരമുള്ള വകുപ്പു പ്രകാരം കേസെടുക്കുകയും ചെയ്തു. മൂന്നു വർഷം തടവും 25000 രൂപ പിഴയും ലഭിക്കാവുന്ന വകുപ്പാണ് ചുമത്തിയിരിക്കുന്നത്.

ട്രിപ്പിൾ ലോക്ക് ഡൗൺ സമയത്ത് മാതാപിതാക്കൾ ഇത്തരത്തിൽ അലംഭാവം കാട്ടുന്നത് നിരാശാജനകമാണ് തിരൂരങ്ങാടി എസ്ഐ പി.എം. രതീഷ് പറഞ്ഞു.

ട്രിപ്പിൾ ലോക് ഡൗൺ നിലനിൽക്കുന്നതിനാൽ മീൻ പിടിക്കാൻ വേണ്ടി പുറത്തിറങ്ങുന്നവർക്കെതിരെ കർശന നടപടിയെടുക്കുമെന്നും കുട്ടികൾ പുറത്തിറങ്ങുന്നത് ഒഴിവാക്കാൻ രക്ഷിതാക്കൾ ജാഗ്രത പുലർത്തണമെന്നും അദ്ദേഹം പറഞ്ഞു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 14, Issue No.134 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com